
ശ്രീരാമവർമ്മഗ്രന്ഥാവലി

ചാണക്യസൂത്രം

കിളിപ്പാട്ട്.



കൊച്ചിമലയാളഭാഷാപരിഷ്കരണക്കമ്മിററിയിൽനിന്നു
മൂലം ലഘുവ്യാഖ്യാനത്തോടും പ്രസ്താവനയോടുംകൂടി
പ്രസിദ്ധപ്പെടുത്തുന്നത്.



ശ്രീരാമവർമ്മഗ്രന്ഥാവലി

ചാണക്യസൂത്രം

കിളിപ്പാട്ട്.

കൊച്ചിമലയാളഭാഷാപരിഷ്കരണക്കമ്മിററിയിൽനിന്ന
ഒരു ലഘുവ്യാഖ്യാനത്തോടും പ്രസ്താവനയോടുംകൂടി
പ്രസിദ്ധപ്പെടുത്തുന്നതു്.

കോപ്പി — 500.

Printed at
THE RAMANUJA PRINTING HOUSE LTD., TRICHUR.

വില അണ ൧൨.

പ്രസ്താവന

ജനങ്ങളുടെ നിത്യപാരായണത്തിനുപയുക്തങ്ങളായ വിഷയങ്ങളാണു പുരാണഗ്രന്ഥങ്ങൾ. പണ്ഡിതപാമരസാധാരണമായ ലോകത്തിനു പൊതുവെ രസപ്രദമായ ഒരു കലയാണു സംഗീതം. ഈ രണ്ടുസംഗതികളുംകൂടി ആലോചിച്ചിട്ടായിരിക്കാം ബുദ്ധിമാനായ എഴുത്തച്ഛൻ പുരാണഗ്രന്ഥങ്ങളെ കിളിപ്പാട്ടാക്കുവാൻ നിശ്ചയിച്ചതു്. താളമേളങ്ങളൊന്നും കൂടാതെ അല്പം സംഗീതഭംഗിയോടുകൂടി വായിപ്പാൻ വളരെ പാകത്തിലുള്ള കിളിപ്പാട്ടുരീതി വായനക്കാരെയും ശ്രോതാക്കളേയും രസിപ്പിക്കയും ലയിപ്പിക്കയും ചെയ്യുന്നതാണല്ലൊ.

മനുഷ്യർ കിളി (തത്ത)കളെ പിടിച്ചിണക്കി സംസാരിപ്പാൻ പഠിപ്പിച്ചാൽ അവ പഠിപ്പിച്ചപോലെ സംസാരിക്കും; എന്നാൽ അതു്, അവ കേൾക്കുന്ന ശബ്ദംപോലെയല്ലാതെ മനുഷ്യർ സംസാരിക്കുന്നപോലെ വർണ്ണവ്യക്തിയോടുകൂടിയായിരിക്കയില്ല; മനുഷ്യർ തങ്ങളുടെ ഉള്ളിലുദിക്കുന്ന വിചാരങ്ങളെ വിവക്ഷാനുസാരമായി അന്യന്മാരെ ഗ്രഹിപ്പിപ്പാൻ ഈശ്വരദത്തമായ ഭാഷയും അതിനില്ല: എന്നാൽ അതിനെ പഠിപ്പിച്ചപോലെയുള്ള ചില സംഗതികളെ അതു ശബ്ദിക്കുമ്പോൾ, ശിശുക്കളുടെ 'അവ്യക്തവർണ്ണരമണീയ'ങ്ങളായ 'വചഃപ്രവൃത്തി'കളെ കേൾക്കുമ്പോൾ അവരുടെ അച്ഛനമ്മമാർ 'അച്ഛ, അമ്മ, കാക്ക, പൂച്ച' എന്നൊക്കെയാണു് ആ ശിശുക്കൾ പറയുന്നതു് എന്നു തങ്ങളുടെ ഇഷ്ടാധീനമായി സങ്കല്പിച്ചു രസിക്കുന്നതു

പോലെ കിളികളുടെ ശബ്ദങ്ങളിലും മനുഷ്യർ സങ്കല്പശക്തികൊണ്ടു രസിക്കുന്നു. അതുപോലെ പൂർവ്വകവികളായ വാല്മീകി, വ്യാസൻ മുതലായവർ അവരുടെ ഭാഷയിൽ (സംസ്കൃതത്തിൽ) ഉണ്ടാക്കിയിട്ടുള്ള പുരാണങ്ങളെ ഒരു മലയാളിയായ താൻ തന്റെ ഭാഷയിൽ പാടുന്നു. ഇക്കാര്യത്തിൽ തനിക്കുള്ള ചുമതല ഒരു തത്തക്കുള്ളതുപോലെ മാത്രമേയുള്ളു. ശ്രോതാക്കൾക്കാകട്ടെ തത്ത സംസാരിക്കുന്നതു കേൾക്കുമ്പോൾ എന്നപോലെ തന്റെ ഈ നൂതനപ്രയോഗത്തിലും, അപൂർവ്വത എന്ന ഗുണം നിമിത്തം ഒരു കൌതുകമുണ്ടാവാനവകാശമുണ്ടല്ലോ. ഈ യുക്തിയോടുകൂടിയായിരിക്കാം ബുദ്ധിമാനും വിദ്വാനും സരസനുമായ ആ മഹാകവി പുരാണകഥകളെ കിളിപ്പാട്ടാക്കിയതു്.

അല്ലെങ്കിൽ, ആദികവിയായ ശ്രീവാല്മീകിമഹർഷി തന്റെ ആദികാവ്യമായ രാമായണത്തെ സ്വശിഷ്യന്മാരായ കുശലവന്മാരെക്കൊണ്ടു ശ്രീരാമന്റെ അശ്വമേധയാഗത്തിൽ കൂടിയിരുന്ന മഹാന്മാരുടെ സദസ്സിൽ മനോഹരമായി ഗാനം ചെയ്യിച്ചുകൊണ്ടാണു ലോകത്തിൽ പ്രകാശിപ്പിച്ചതു് എന്നു രാമായണത്തിൽത്തന്നെ പ്രസ്താവിച്ചിട്ടുണ്ടല്ലോ. അതുകൊണ്ടു തന്റെ ആദ്യകൃതിയായ 'അധ്യാത്മരാമായണ'ത്തെയും ഗാനരീതിയിൽത്തന്നെ പ്രകാശിപ്പിക്കുന്നതു് ഉചിതമായിരിക്കും എന്നു കല്പിച്ചു് അങ്ങനെ ചെയ്തു. അതിനെ ജനങ്ങൾ അത്യാദരപൂർവ്വം സ്വീകരിച്ചു പാടി നടപ്പാക്കിയതിനാൽ കൃതാർത്ഥനായ കവി, ഭാരതം, ഭാഗവതം എന്ന ഇതിഹാസപുരാണഗ്രന്ഥങ്ങളെ രാമായണത്തെക്കാൾ അധികം ഗാനരീതിവൈചിത്ര്യത്തോടുകൂടി നാട്ടുകാരുടെ പാട്ടിലാക്കിത്തീർത്തു എന്നും വിചാരിക്കാം. അതു് എങ്ങനെയെങ്കിലും ഇരിക്കട്ടെ.

'എഴുത്തച്ഛൻപാട്ടു' നടപ്പിൽ വന്നതിനുശേഷം ഏതു കഥയും കിളിപ്പാട്ടുരീതിയിലാക്കുവാൻ കേരളീയകവികൾക്കു്

ങ്കരൗത്സുക്യം വൎദ്ധിച്ചു. ആ ഔത്സുക്യത്തിന്റെ ഫലമായിട്ട് ആ ഘനത്തിൽ അനേകം സന്തതികളുണ്ടായിട്ടുണ്ടെങ്കിലും, അതിലൊന്നിനും ആ അച്ഛന്റെ അച്ചിന്റെ ഗുണം കാണുന്നില്ല. ഇത്തരത്തിലൊന്നാണ് 'ചാണക്യസൂത്രം' കിളിപ്പാട്ട്. ഇക്കഥയിൽ, സ്ത്രീലോകത്തിന്റെ പ്രവേശമെന്നല്ല പ്രസംഗംപോലുമില്ലാത്തതിനാൽ, വിദ്യാൎത്ഥികൾക്കു വിരുദ്ധമായ ശൃംഗാരരസത്തിന്റെ സ്പൎശംതന്നെയില്ല; ഇതു നിമിത്തം ഈ ഗ്രന്ഥത്തിന്റെ പല ഭാഗങ്ങൾക്കും പാഠ്യപുസ്തകങ്ങളിൽ പലപ്പോഴും ധാരാളം സ്ഥാനം കിട്ടാറുള്ളതുകൊണ്ട് ഇതിനു നല്ല പ്രസിദ്ധിയും പ്രചാരവുമുണ്ടായിട്ടുണ്ട്.

'പഞ്ചതന്ത്രം' കിളിപ്പാട്ടും ഏകദേശം ഇതുപോലെ തന്നെയുള്ള മറെറാരു ഗ്രന്ഥമാണ്. ചാണക്യസൂത്രത്തിലെയും, പഞ്ചതന്ത്രത്തിലെയും പ്രമേയം നീതിശാസ്ത്ര (അൎത്ഥശാസ്ത്ര) സിദ്ധാന്തങ്ങളെ പ്രയോഗംകൊണ്ട് അനുഭവപ്പെടുത്തുക എന്ന ഒന്നുതന്നെയാണ്. എങ്കിലും അവയ്ക്കു തമ്മിൽ അല്പം വ്യത്യാസമുണ്ട്. ചാണക്യസൂത്രത്തിലെ കഥ വാസ്തവവും മറേറതു കവികല്പിതവുമാണ്. ഒന്നാമത്തേതിൽ അൎത്ഥശാസ്ത്രപണ്ഡിതനായ ചാണക്യൻ എന്ന ബ്രാഹ്മണൻ, രാജോജസൽഗുണസമ്പന്നന്മാരും അധൎമ്മിഷ്ഠന്മാരുമായ കുസുമപുരത്തിലെ ക്ഷത്രിയരാജാക്കന്മാരെ നീതിതന്ത്രനൈപുണ്യംകൊണ്ടും ബുദ്ധിപ്രഭാവംകൊണ്ടും കൂട്ടത്തോടെ മുടിച്ച്, ആ സ്ഥാനത്തു ബുദ്ധിമാനും സൽഗുണയുക്തനുമായ ഒരു ശൂദ്രനെ വാഴിച്ചു രാജ്യത്തെ നിഷ്കണ്ടകമാക്കി പ്രകൃതികളെയും രാജാവിനെയും രഞ്ജിപ്പിച്ചു എന്നുള്ള കഥയാണു വിഷയം. രണ്ടാമത്തേതിൽ സോമശൎമ്മാവെന്ന ഒരു 'ശാസ്ത്രിബ്രാഹ്മണൻ' പാടലീപുത്രത്തിലെ സുദൎശനരാജാവിന്റെ പുത്രന്മാരെ ആറുമാസംകൊണ്ടു 'സൽകഥാകഥനമെന്നുള്ളൊരു മാൎഗ്ഗത്തൂടെ' നീതിശാസ്ത്രങ്ങളെല്ലാം

പഠിപ്പിച്ച പ്രകാരത്തെയാണ് വിഷയീകരിച്ചിട്ടുള്ള
ത്. ചാണക്യസൂത്രത്തിലെ കഥാപാത്രങ്ങളെല്ലാം വാസ്തവ
മനുഷ്യർതന്നെയാണ്. അവർ നീതിശാസ്ത്രോക്തങ്ങളാ
യ സാമാദ്യുപായങ്ങളെയും സന്ധ്യാദിനയങ്ങളെയും പ്രയോ
ഗിച്ച കാൎയ്യം നിൎവ്വഹിക്കുന്നു; പഞ്ചതന്ത്രത്തിൽ സിംഹവ്യ
ഘ്രാദികളും കാകോലൂകാദികളുമായ തിൎയ്യഗ്ജന്തുക്കളിൽ മ
നുഷ്യധൎമ്മം ആരോപിച്ചു ഫലസിദ്ധി വരുത്തുന്നു. ചാണ
ക്യസൂത്രം വായിക്കുമ്പോൾ, നീതിതന്ത്രനിഷ്ണാതനായ ചാ
ണക്യന്റെ ബുദ്ധികൌശലവും, സചിവായത്തസിദ്ധിയും,
ധീരശാന്തനായ ചന്ദ്രഗുപ്തന്റെ ധൈൎയ്യഗാംഭീൎയ്യാദി
സ്വാമിഗുണങ്ങളും, യന്ത്രമന്ത്രൗഷധാദികപടതന്ത്രങ്ങളു
ണ്ടെങ്കിലും, ദീൎഘദൎശിത്വം, യുദ്ധവൈദഗ്ദ്ധ്യം, മിത്രസ്നേഹം,
സ്ഥിരോത്സാഹം, സൎവ്വാതിശായിയായ സ്വാമിഭക്തി മുത
ലായ അമാത്യരാക്ഷസന്റെ മന്ത്രിഗുണങ്ങളും, പരാൎത്ഥ
ലോഭം നിമിത്തം ദുഷ്കാൎയ്യം പ്രവൎത്തിച്ച് ഒടുവിൽ അതു
കൊണ്ടുതന്നെ ആത്മനാശം അനുഭവിച്ച പൎവ്വതരാജാക്ക
ന്മാരുടെ ബുദ്ധിഹീനതയും, പ്രതിയോഗിയുടെ ശക്തിയറി
യാതെ ദുൎബ്ബലനായ മലയകേതുവിനു സഹായിപ്പാൻ പു
റപ്പെട്ട് ആപത്തിലകപ്പെട്ട ചിത്രവൎമ്മാദി പഞ്ചരാജാക്ക
ന്മാരുടെ അസമഞ്ജസ്യകാരിത്വവും, തന്റെ സൎവ്വസ്വവും
പ്രാണനും നശിച്ചാലും വിശ്വാസ്യതയ്ക്കും മിത്രധൎമ്മത്തിനും
ഭംഗം വരുത്തുന്നതല്ലെന്നുള്ള സ്ഥിരനിശ്ചയത്തിൽ നിന്നി
ളകാത്ത ശ്രേഷ്ഠിപ്രവരനായ ചന്ദനദാസന്റെ ധീരോദാ
ത്തതയും മഹാമനസ്കതയും, ശത്രുപക്ഷത്തിൽ ചെന്നുചേ
ന്നു സൎവ്വക്ലേശങ്ങളും സഹിച്ച് അവൎക്കു വിശ്വാസം ജനി
പ്പിച്ച് അവരുടെ ഹൃദയം കവൎന്ന് അവസരംനോക്കി ചാ
ണക്യന്റെ ഉപദേശങ്ങളെ പ്രയോഗിച്ചു ശത്രുക്കളെ തമ്മി
ൽ ഭേദിപ്പിച്ച് അവരുടെ ബലം ക്ഷയിപ്പിച്ചു കാൎയ്യം സാ
ധിപ്പാൻയത്നിച്ച ഭാഗുരായണൻ, സിദ്ധാൎത്ഥകൻ, നിപുണ
കൻ,ഉന്ദുരകൻ മുതലായ ചാണക്യചാരന്മാരുടെ ബുദ്ധിവി

ലാസവും, ചാണക്യന്റെ വിജയത്തിന് ആദ്യംമുതൽ അവസാനംവരെ സഹായിച്ച ചാണക്യസുഹൃത്തും ക്ഷപണകവേഷധാരിയുമായ ഇന്ദുശർമ്മാവെന്ന ബ്രാഹ്മണന്റെ കുടിലതന്ത്രങ്ങളും, അതാതവസരത്തിൽ പ്രത്യക്ഷമായി കാണുന്നതുപോലെ നമുക്കനുഭവം വരുന്നു.

എന്നാൽ പഞ്ചതന്ത്രത്തിൽനിന്നാകട്ടെ, കഥാപാത്രങ്ങളുടെ സ്വഭാവം കവിയുടെ കല്പനാശക്തിയാകുന്ന കണ്ണാടിയിൽ പ്രതിഫലിച്ചിട്ട് അതിൽനിന്ന് ഒരു ഛായാഗ്രാഹിയന്ത്രംകൊണ്ടു ഛായയെടുത്തു കാണിക്കുന്നതുപോലെയോ അല്ലെങ്കിൽ അതിൽനിന്ന് ഒരു മറികൂടി 'മറിഞ്ഞ ബെയ്സ്കോപ്പുകളിലെപോലെയോ ആണു നമുക്കനുഭവം വരുന്നത്.

ചാണക്യസൂത്രത്തിലെ കഥാവസ്തുവിനെ ശ്രീമദ്ഭാഗവതം ദ്വാദശസ്കന്ധം ഒന്നാമധ്യായത്തിൽ കലിയുഗത്തിലെ രാജാക്കന്മാരെ കുറിച്ചു പറയുന്ന ഭാഗത്തു സൂചിപ്പിക്കയും വിഷ്ണുപുരാണത്തിൽ സാമാന്യം വിവരിക്കയും, ഏകദേശം അതുപോലെതന്നെ മത്സ്യം, വായവ്യം, ബ്രഹ്മാണ്ഡം ഈ പുരാണങ്ങളിൽ പ്രസ്താവിക്കയും ചെയ്തിട്ടുണ്ട്. സോമദേവഭട്ടവിരചിതമായ 'കഥാസരിത്സാഗരം' എന്ന ഗ്രന്ഥത്തിൽ കഥാപീഠലംബകം നാലാംതരംഗത്തിൽ ൧൦൮ മുതൽ ൧൨൪ വരെയുള്ള ശ്ലോകങ്ങളെക്കൊണ്ട് ഈ കഥ സംഗ്രഹിക്കപ്പെട്ടിരിക്കുന്നു. വിശാഖ(ദത്ത)ദേവകവിയുടെ കൃതിയായ "മുദ്രാരാക്ഷസം" എന്ന സംസ്കൃതനാടകവും ഈ കഥയെ വിഷയീകരിച്ചുള്ളതാണ്. എന്നാൽ 'ചാണക്യസൂത്രം' കിളിപ്പാട്ടിന്റെ നാലാംപാദം മുതൽക്കുള്ള കഥമാത്രമേ ആ നാടകത്തിലുള്ളൂ. നന്ദമൗര്യന്മാരുടെ ഉത്ഭവവും അവർ തമ്മിലുണ്ടായ വിരോധവും, നന്ദന്മാർ മൗര്യന്മാരെ ചതിയായി കല്ലറയിലടച്ചു കൊന്നതും, അച്ഛന്റെയും സോദരന്മാരുടെയും ശപഥപ്രകാരം ചന്ദ്ര

ഗുപ്തൻ നന്ദന്മാരോടു പ്രതികാരം ചെയ്വാൻ ശപഥം ചെയ്തു ജീവിച്ചിരുന്നതും, ചന്ദ്രഗുപ്തനു ചാണക്യസംഗമം ലഭിച്ചതും, നന്ദന്മാരാൽ അവമാനിതനായ ചാണക്യൻ നന്ദവംശവിനാശം ചെയ്തു തൽസ്ഥാനത്തു ചന്ദ്രഗുപ്തനെ അഭിഷേകം ചെയ്യുമെന്നുള്ള പ്രതിജ്ഞ ചെയ്തതും, ക്ഷപണകാദി ചാരന്മാരെയും പൎവ്വതകാദി ബലവാന്മാരായ ബന്ധുക്കളുടെയും സഹായം സമ്പാദിച്ച സന്ധിവിഗ്രഹാദിനയങ്ങളും സാമദാനാദ്യുപായങ്ങളും പ്രയോഗിച്ചു നന്ദവംശവിനാശം ചെയ്തു ചാണക്യചന്ദ്രഗുപ്തന്മാർ തീൎണ്ണപ്രതിജ്ഞാൎണ്ണവന്മാരായതും, ചാണക്യസൂത്രത്തിന്റെ ആദ്യത്തെ മൂന്നു പാദങ്ങളിലടങ്ങിയ കഥകളാണ്. അതൊന്നും നാടകത്തിലില്ല. നന്ദന്മാരുടെ പൂൎവ്വമന്ത്രിയും നീതിശാസ്ത്രവിശാരദനുമായ രാക്ഷസാമാത്യൻ നന്ദശത്രുക്കന്മാരുടെ യുദ്ധത്തിൽ മരിക്കാതെ ശേഷിച്ചിരുന്നു; അയാൾ കൌടില്യന്റെ നീതിതന്ത്രങ്ങളാൽ സുരക്ഷിതനായ ചന്ദ്രഗുപ്തനെ വധിച്ചു പകവീളുവാൻ തരംനോക്കി പ്രയത്നം തുടങ്ങി. ബുദ്ധിമാനും ഗുണജ്ഞനുമായ വിഷ്ണുഗുപ്തനാകട്ടെ ഇതു സ്വാമിഭക്തനും നയകോവിദനുമായ ഇയ്യാളെത്തന്നെ ഒററാനായ കാട്ടാനയെപ്പോലെ കെട്ടതട്ടാതെ പിടിച്ചിണക്കി മന്ത്രിസ്ഥാനത്തു കയററിയെഴുന്നള്ളിച്ചാലേ ചന്ദ്രഗുപ്തൻ ലബ്ധപ്രതിഷ്ഠനാകയുള്ളൂ എന്നു നിശ്ചയിച്ച് അതിനുള്ള കളികളും തയാറാക്കി; ഒടുവിൽ കൌടില്യവിപ്രൻ രാക്ഷസാമാത്യന്റെ സൎവ്വതന്ത്രങ്ങളേയും നിശ്ശേഷം നശിപ്പിച്ച് അടിയററു തന്റെ വശംവദനാക്കി അനുഗ്രഹത്തെക്കൊണ്ട്, അതുവരെ താൻ വഹിച്ചിരുന്ന ചന്ദ്രഗുപ്തന്റെ മന്ത്രിപദമുദ്രയായ വാളേല്പിച്ച് അന്യോന്യമുണ്ടായിരുന്ന വൈരകാലുഷ്യകളങ്കമെല്ലാം കളഞ്ഞു ഒക്കെ കഴുകുകയും ചെയ്തു. ഇതാണു മുദ്രാരാക്ഷസനാടകത്തിലെ കഥാവസ്തു.

ചാണക്യസൂത്രം കിളിപ്പാട്ടിന്റെ മൂലം മുദ്രാരാക്ഷസനാടകമാണെന്നു നിൎണ്ണയിപ്പാൻ വേറെയും ലക്ഷ്യങ്ങളുണ്ട്.

"ആസ്വാദിതദ്വിരദശോണിതശോണശോഭാം
സന്ധ്യാരുണാമിവകലാം ശശലാഞ്ഛനസ്യ
ജൃംഭാവിദാരിതമുഖസ്യമുഖാൽസ്ഫുരന്തീം
കോഹർത്തുമിച്ഛതിഹരേഃ പരിഭൂയദംഷ്ട്രാം"

എന്നിത്യാദിയായി ഒരു നാടകത്തിലുള്ള പല ശ്ലോകങ്ങളുടെയും നേർതൎജ്ജമ.

"ചിരമപരതദ്വിരകണ്ഠനിസ്സൃതശോണമായാൽ
തെളിവിനൊടു സന്ധ്യക്കരുണമായ്ത്തീർന്ന
ശിശിരകരമഹിതകലയെന്നപോലെയൊത്ത
സിംഹവദനത്തിലുള്ളൊരുദംഷ്ട്രയെ
പരിചൊടുപറിച്ചുകൊണ്ടങ്ങുപോന്നീടുവാൻ
പാരതിലേവൻനിനയ്ക്കുന്നതോർക്കനീ"

ഇങ്ങനെ കിളിപ്പാട്ടിൽ കാണുന്നുണ്ടു്. അതു മുഴുവനാക്കിച്ചാൽ ഈ പ്രസ്താവന ഗദ്യപദ്യങ്ങളും കിളിപ്പാട്ടും കൂടിക്കലൎന്ന ഒരു മിശ്രനാടകമായിത്തീരും.

'ചാണക്യസൂത്രം' എന്നു് ഈ ഗ്രന്ഥത്തിനു പേരു കല്പിച്ചതാരാണെന്നും എന്തു നിമിത്തമാണെന്നും തീൎച്ചപ്പെടുത്തുവാൻ വഴി കാണുന്നില്ല. ഗ്രന്ഥകാരൻ ഓരോ പാദങ്ങളുടെ അവസാനത്തിലും "ഇതി മുദ്രാരാക്ഷസേ—നവനന്ദാഭിഷേക- നവനന്ദവധ- രാക്ഷസമലയകേതുസംവാദ-രാക്ഷസവഞ്ചന—നാമഗാനവിശേഷസ്സമാപ്തഃ" എന്നാണു പേർ കൊടുത്തു കാണുന്നതു്. 'സൂത്രം' എന്ന പദത്തിനു 'കൌശലം' എന്നു നാട്ടുഭാഷയിൽ പ്രസിദ്ധമായ അൎത്ഥത്തെ പുരസ്കരിച്ചുകൊണ്ടു് അൎവ്വാചീനന്മാരായ ഗ്രന്ഥമെഴുത്തുകാരോ അച്ചടിക്കാരോ തട്ടിവിട്ടതായിരിക്കാം ഈ പേരു.

അല്ലെങ്കിൽ ജ്യോതിഷം, വ്യാകരണം മുതലായ ശാസ്ത്രങ്ങൾക്കു 'ജൈമിനി,' 'പാണിനി' മുതലായവരുടെ സൂത്രഗ്രന്ഥങ്ങളുള്ളതുപോലെ, പ്രസിദ്ധമായ ചാണക്യന്റെ അൎത്ഥശാസ്ത്രത്തെ നീതിസൂത്രം എന്നു ചില

പണ്ഡിതന്മാർ വ്യവഹരിച്ചുവരാറുള്ളതുകൊണ്ട്, പക്ഷേ ആ ഗ്രന്ഥം ഇതാണെന്നു ഭ്രമിച്ചു വേറെ ചിലർ ചാണക്യസൂത്രം എന്നു പേർ പറഞ്ഞു തുടങ്ങിയതോ എന്നും ശങ്കിപ്പാൻ അവകാശമില്ലായ്കയില്ല. "അല്പാക്ഷരമസന്ദിഗ്ദ്ധം സാരവദ്വിശ്വതോമുഖം, അസ്തോഭമനവദ്യം ച സൂത്രം സൂത്രവിദോ വിദുഃ" എന്ന അഭിധാനപ്രകാരമുള്ള ലക്ഷണങ്ങളെക്കൊണ്ടു ചാണക്യന്റെ അർത്ഥശാസ്ത്രത്തിനു 'നീതിസൂത്രം' എന്നു പേർ കൊടുക്കുന്നതിൽ ഒട്ടും അസാംഗത്യമില്ലെങ്കിലും, നമ്മുടെ പ്രകൃതഗ്രന്ഥത്തിനു 'മുദ്രാരാക്ഷസം' എന്നു കവി കല്പിച്ചിട്ടുള്ള പേർതന്നെയാണു യുക്തമായി തോന്നുന്നത്. പുസ്തകപ്രചാരത്തിനു വൈഷമ്യം നേരിട്ടെങ്കിലോ എന്നു ശങ്കിച്ച്, തൽക്കാലം പഴയ പേരിനു യാതൊരു മാററവും ചെയ്യുന്നില്ല.

ചാണക്യചന്ദ്രഗുപ്തന്മാരുടെ കാലത്തെപ്പററി നമ്മുടെ പ്രമാണഗ്രന്ഥങ്ങളിൽ സ്പഷ്ടമായിട്ടൊന്നും പറഞ്ഞു കാണുന്നില്ല. എന്നാൽ വരാഹമിഹിരന്റെ 'ബൃഹജ്ജാതകം' എന്ന ഹോരാശാസ്ത്രത്തിൽ ആയുർദ്ദായാദ്ധ്യായത്തിൽ 'ആയുർദ്ദായം വിഷ്ണുഗുപ്തോഽപി ചൈവം ദേവസ്വാമീ സിദ്ധസേനശ്ച ചക്രേ' എന്ന പദ്യംകൊണ്ടു വിഷ്ണുഗുപ്തൻ (ചാണക്യൻ) ജ്യോതിഷതന്ത്രത്തിൽ ഒരു പൂർവ്വാചാര്യനായിരുന്നുവെന്നു പറയപ്പെട്ടിരിക്കുന്നതിനാൽ, വിഷ്ണുഗുപ്തൻ വരാഹമിഹിരനേക്കാൾ പ്രാചീനനാണെന്നു സ്പഷ്ടമാണല്ലോ. ഇനിയൊരു രണ്ടാംതരം തെളിവുകൂടിയുണ്ട്.

"അളകാമതിവാഹ്യൈവ വസതിം വസുസമ്പദാം
സ്വർഗ്ഗാ"ഭിഷ്യന്ദവമനം" കൃത്വേ"വോപനിവേശിതം."

(കുമാരസംഭവം സർഗ്ഗം 6. ശ്ലോകം 37)

മേലെഴുതിയ ശ്ലോകത്തിൽ ഉദ്ധരണചിഹ്നമിട്ടു കാണിച്ചിരിക്കുന്ന പദങ്ങൾ കൌടില്യന്റെ നീതിശാസ്ത്രത്തിൽ

ക്ഷതപൂർവ്വാക്ഷതപൂർവ്വം വാജിനാപദം പരോക്ഷാപവാദേന സ്വാമിദ്രോഹിഷ്യന്ദവമന്നേന വാ നിവേശയേൽ.” എന്ന സൂത്രത്തിലും കാണുന്നു. ഇവിടെ ശാസ്ത്രകാരവചനത്തെ കവി സംഗ്രഹിച്ചതോ കവിപ്രയോഗത്തെ ശാസ്ത്രകാരൻ അനുവദിച്ചതോ എന്ന് 'ബീജാങ്കുരന്യായേന' ഒരു വാദത്തിനവസരമുണ്ടെങ്കിലും ശാസ്ത്രപ്രസിദ്ധമായ സാങ്കേതികപദത്തെ കവി പ്രയോഗിച്ചതാണെന്നു വിധിപ്പാനാണ് അധികം ന്യായം കാണുന്നതു്. അങ്ങനെയാണെങ്കിൽ, കൌടില്യൻ കാളിദാസനേക്കാൾ പ്രാചീനനാണെന്നു സിദ്ധമാകുന്നു.

കാളിദാസനെയും വരാഹമിഹിരനെയും “ധന്വന്തരിക്ഷപണക”ഇത്യാദി പദ്യംകൊണ്ടു വിക്രമാദിത്യസദസ്യന്മാരായി ഗണിച്ചിട്ടുള്ളതു ശരിയാണെങ്കിലുമല്ലെങ്കിലും, ചാണക്യന് ഇവരിലെല്ലാറ്റിലും കാരണവസ്ഥാനമുണ്ടെന്നു തെളിയിക്കാൻ മേലെഴുതിയ ഹോരാകുമാരസംഭവശ്ലോകങ്ങൾ, മതിയാകുമെന്നു തോന്നുന്നു. പോരെങ്കിൽ പ്രാചീനചരിത്രാന്വേഷണം ചെയ്യുന്ന പണ്ഡിതന്മാരുടെ നഷ്ടജാതകനിർമ്മാണക്രിയയെത്തന്നെ ശരണം പ്രാപിക്കണമെന്നുവരും.

ഇനി ചാണക്യസൂത്രം കിളിപ്പാട്ടിന്റെ കർത്താവിനെക്കുറിച്ചാണ് ആലോചിക്കേണ്ടതു്. ഭാഷാചരിത്രത്തിൽ ചാണക്യസൂത്രവും, പഞ്ചതന്ത്രവും, കുഞ്ചൻനമ്പ്യാരുടെ പേരിൽ രജിസ്റ്റർചെയ്യുകയും, ഗതാനുഗതികന്മാരായ പലരും അതിനെ കണ്ണടച്ചു വിശ്വസിക്കയും ചെയ്തിട്ടുണ്ട്. എന്നാൽ നമ്പ്യാരുടെ പഞ്ചതന്ത്രം, നളചരിതം മുതലായ കിളിപ്പാട്ടുകളും ചാണക്യസൂത്രവും തമ്മിൽ താരതമ്യപ്പെടുത്തേണമെന്നുള്ള വിചാരത്തോടുകൂടി അവയുടെ രചനാഗുണങ്ങളെയും, കവിയുടെ മനോധർമ്മപ്രകടനങ്ങളെയും, സൂക്ഷ്മം പരിശോധിക്കുന്ന ഒരു ഭാഷാസാഹിത്യരസികന് ചാണക്യസൂത്രവും പഞ്ചതന്ത്രവും സഹോദരങ്ങളാണെന്നു പറവാൻ ധൈര്യമുണ്ടാകുമെന്നു തോന്നുന്നില്ല. ചാണ

ഗ്രന്ഥങ്ങളുടെയും ആരംഭം, 'പാടലീപുത്ര'മെന്ന പുരത്തെ കുറിച്ചുള്ള പ്രസ്താവനയിൽനിന്നു തന്നെയാണ്. പഞ്ചതന്ത്രത്തിൽ 'പാടലാധരിമാർക്കു കേളിസങ്കേതസ്ഥാനം' എന്നു ഇങ്ങിനെയുള്ള പതിന്നാലു വരികൾകൊണ്ടു ചിത്രമെഴുതി വായനക്കാരെ കാണിച്ചിരിക്കുന്ന പാടലീപുത്രത്തെത്തന്നെ ചാണക്യസൂത്രത്തിൽ "എങ്കിലൊരു മന്ദാകിനിതന്നുടെതീരത്തുങ്കൽ ഉത്തമമായൊരുപുരം പാടലീപുത്രമെന്നു" രണ്ടു വരികൊണ്ടു ചുരുക്കിക്കാണിക്കുന്നതിൽനിന്നു, കവിയുടെ വർണ്ണനാശക്തിയിലുള്ള ദാരിദ്ര്യം എത്രത്തോളമെന്നു പടിക്കൽ ചെല്ലുമ്പോൾത്തന്നെ വിളിച്ചു പറയുന്നതുപോലെ തോന്നും. അകത്തേക്കു കടന്നാലും അങ്ങിനെ തന്നെ. ഓരോ പാത്രങ്ങളുടെ വിചാരം, വാക്കു, പ്രവൃത്തി, ഇവയിലുള്ള തന്മയത്വംകൊണ്ടു പഞ്ചതന്ത്രകാരൻ കാള, സിംഹം, കാക്ക, കൂർമ്മൻ മുതലായ തിര്യക്ജന്തുക്കളെ ലോകധർമ്മമർമ്മവേദികളും സഹൃദയാഗ്രഗണ്യന്മാരുമായ മനുഷ്യർപോലും കാംക്ഷിക്കത്തക്ക ഒരു സ്ഥാനത്തിന്നവകാശികളാക്കിത്തീർത്തിരിക്കുന്നു. നേരെമറിച്ച്, ചാണക്യസൂത്രകാരൻ, അതിമാനുഷന്മാരായ കഥാപാത്രങ്ങളെക്കൊണ്ട് ഓരോ കാര്യങ്ങളെ നിർവ്വഹിപ്പിക്കുന്നതു, സർക്കസ്സുകളിക്കാരനോ പാവകളിക്കാരനോ അവരുടെ മൃഗങ്ങളും, പാവകളും മുതലായ ഉപകരണങ്ങളെക്കൊണ്ടു ചില അത്ഭുതപ്രയോഗങ്ങൾ ചെയ്യിക്കുന്നതിനേക്കാൾ വിശേഷമായിത്തോന്നുന്നതല്ല.

ഇനി രണ്ടു കൃതികളുടെയും പാട്ടിന്റെ രീതി നോക്കിയാലും വലിയ അന്തരം കാണാം. ഒന്ന് സരസവും, മധുരവും, ധാരാവാഹിയുമാണ്; മറ്റേതു ശുഷ്കവും പരുഷവും ക്ലിഷ്ടവുമാകുന്നു. പഞ്ചതന്ത്രത്തിലെ പ്രാസാനുപ്രാസാദി ശബ്ദചമൽക്കാരങ്ങളുടെയും നിർഝരീസഹചാരിയായ രചനാചാതുരിയുടെയും ഛായപോലും ചാണക്യസൂത്രത്തിൽ മരുന്നിന്നു കാണാനില്ല. സാധാരണ ഭാഷാകവികളുടെ അയൊട്ടു, വിരൊട്ടു, പതിരൊട്ടു മുതലായ പദങ്ങളെ പാര

പൂരണത്തിന്നും പ്രാസത്തിന്നും വേണ്ടി പ്രയോഗിക്കാറുള്ള ഇപ്പോലെ ചാണക്യസൂത്രകാരൻ 'കനിവോട്' എന്ന പദത്തെ കനിവില്ലാതെ അസ്ഥാനത്തു പ്രയോഗിച്ചിരിക്കുന്നതിന്നു കണക്കില്ല. പഞ്ചതന്ത്രം കിളിപ്പാട്ടിൽ നമ്പ്യാരുടെ തുള്ളലുകളിലുള്ളപോലെതന്നെ ഫലിതപ്രയോഗങ്ങളും അവിടവിടെ കാണ്മാനുണ്ട്. ചാക്യാർക്കൂത്തിൽ പുരുഷാർത്ഥം പറയുന്ന ഘട്ടത്തിൽ പ്രയോഗിക്കാറുള്ള രാജസേവകന്മാരുടെ കപടതന്ത്രങ്ങൾ മിക്കതും നമ്പ്യാർ അദ്ദേഹത്തിന്റെ പഞ്ചതന്ത്രത്തിൽ പലേടത്തും സന്ദർഭത്തിന്നു തക്കവണ്ണം പ്രയോഗിച്ചിട്ടുണ്ട്. നമ്പ്യാർക്കു സഹജമായ ഈ വക ലോകാനുകരണങ്ങളൊന്നും ചാണക്യസൂത്രത്തിൽ കാണ്മാൻപോലുമില്ല. നമ്പ്യാരുടെ കൃതികളിലെല്ലാം സാമാന്യമായും, പഞ്ചതന്ത്രത്തിൽ സവിശേഷമായും കാണുന്ന 'ചെണ്ടകൊട്ടിക്ക' 'കമ്പളിക്ക' 'ഉത്ഥാപമാക്കുക' മുതലായ ശൈലികളും 'വരത്തില്ല' 'ഗോഷ്ടകൾ' 'കള്ളപ്പനിതാക്കുവാ' 'വാളൂതും' ഇത്യാദി ദേശ്യഭാഷാപ്രയോഗങ്ങളും ചാണക്യസൂത്രത്തിലില്ല. എന്നാൽ ഭണ്ഡാരപ്പെട്ടിക്കു ഭണ്ഡാരം 'മഞ്ച' എന്നു ഒന്നിലധികം സ്ഥലങ്ങളിൽ പ്രയോഗം കാണ്മാനുണ്ട്. പെട്ടിക്കു 'മഞ്ച' എന്നുള്ള വ്യവഹാരം തൃശ്ശിവപേരൂർ മുതൽ വടക്കോട്ടുള്ള മദ്ധ്യകേരളപ്രദേശങ്ങളിലെ നടപ്പുള്ളവെന്നു തോന്നുന്നു. ഇതുപോലെ വേറെയും ഉണ്ടെന്നു തെളിവുകിട്ടുന്ന സന്ദേഹമായ ഈ ഒരൊററതെളിവുകൊണ്ടു മാത്രം കവിയുടെ ദേശം നിർണ്ണയിച്ചു തീർച്ചപ്പെടുത്തുന്നതു അത്ര ഉചിതമായിരിക്കുന്നതല്ല. എന്തായാലും കുഞ്ചൻനമ്പ്യാരുടെ കൃതിയായിട്ടുള്ള ചാണക്യസൂത്രം കിളിപ്പാട്ടുണ്ടാക്കിയ ആൾ ഇതല്ലെന്നു തീർച്ചയാക്കുവാൻ മുൻപറഞ്ഞ ന്യായങ്ങളും തെളിവുകളും പര്യാപ്തങ്ങളായിരിക്കുമെന്നു ഞാൻ വിചാരിക്കുന്നു.

ഇപ്പോൾ കിട്ടുന്ന ചാണക്യസൂത്രം കിളിപ്പാട്ടിന്റെ

പ്രതികൾ പല അച്ചുകൂടങ്ങളിൽ അച്ചടിച്ചവയാകയാൽ അവയുടെ ലിപിവിന്യാസത്തിൽ അന്യോന്യം ചില ഭേദങ്ങളുണ്ട്. ചില വാക്യങ്ങൾക്ക് അർത്ഥം മനസ്സിലാവാൻ വൈഷമ്യം വരത്തക്കവണ്ണമുള്ള പാഠഭേദങ്ങൾതന്നെ ഇല്ലെന്നില്ല. ഈ വ്യാഖ്യാനമെഴുതുവാൻ എനിക്കു കിട്ടിയ പുസ്തകത്തിൽ ഇതുപോലെ ചില സംശയങ്ങൾ സംഭവിച്ചപ്പോൾ വേറെ അച്ചുകൂടങ്ങളിലടിച്ച ചില പുസ്തകങ്ങളെസ്സമ്പാദിച്ച് ഒത്തുനോക്കിയപ്പോളാണ് ഈ വ്യത്യാസം വെളിപ്പെട്ടത്. അതിനാൽ അച്ചിൽ പിഴയാണെന്നുറപ്പാവുന്ന ചില സ്ഖലിതങ്ങളെ ഞാൻ തീർത്തിട്ടുണ്ട്. ഇതിലധികം ശുദ്ധമാവണമെങ്കിൽ ശുദ്ധിയും പഴക്കവുമുള്ള ചില കയ്യെഴുത്തുഗ്രന്ഥങ്ങൾ കിട്ടണം. അതിനു തരമില്ലാത്തതുകൊണ്ടു ഒരു ഭാഗം നിർത്തിവെക്കേണ്ടിവന്നു.

ഈ വ്യാഖ്യാനം വിദ്യാർത്ഥികൾക്കുകൂടി ഉപയുക്തമായിരിക്കണമെന്നുദ്ദേശിച്ച്, അന്വയിപ്പാൻ പ്രയാസമുള്ള വാക്യങ്ങളുടെ അന്വയക്രമവും, സമസ്തപദങ്ങളുടെ വിഗ്രഹവും സമാസവും ചില പദങ്ങൾക്ക് പര്യായങ്ങളും അഭിധാനങ്ങളും കൊടുത്തിട്ടുണ്ട്. നീതിശാസ്ത്രപ്രയോഗങ്ങൾ കാണിക്കേണ്ടുന്ന ഘട്ടങ്ങളിൽ അവയും കാണിച്ചിട്ടുണ്ട്. വൃത്താലങ്കാരങ്ങളും വിട്ടുകളഞ്ഞിട്ടില്ല.

ശുഭമസ്തു.

കൊച്ചി ഭാഷാപരിഷ്കരണക്കമ്മിററി ആപ്പീസ്, തൃശ്ശിവപേരൂർ, 1100 മീനം 22-ാംനു.

കമ്മിററി പണ്ഡിതർ,
കെ. പരമേശ്വരമേനോൻ.



ചാണക്യസൂത്രം.

കിളിപ്പാട്ട്.

ഒന്നാം പാദം.

പാലൊത്തമൊഴിശുകശാരികത്തരുണിനീ
ചാലെതന്നീടുംമധുസേവിച്ചാലസ്യംതീൎത്തു 1
കാലെത്തുമനമതിൽമോദത്തെവളൎത്തുവാൻ
കാലമെന്തകളയാതെചൊല്ലുകവിശേഷങ്ങൾ 2
മേളത്തുനിന്നുപറന്നിങ്ങുപോയനേരം
ചാരത്തുകണ്ടവിശേഷങ്ങൾനീപറയേണം 3
മോദേനതാനന്നേരംനല്ലപൈങ്കിളിപ്പെണ്ണും
ഖേദങ്ങൾകളഞ്ഞുചൊല്ലീടിനാൾതെളിവോടെ:— 4
ബുദ്ധിസാമൎത്ഥ്യമില്ലചൊല്ലുവാന്നിക്കേതും
ബുദ്ധിയുണ്ടെന്നാകിലേവാക്കുകൾഫലിച്ചീട്ടു 5
ശക്തിയാകുന്നതെല്ലാംബുദ്ധിയെന്നറിഞ്ഞാലും
ബുദ്ധിതാനൊന്നുതന്നെസൎവ്വവുംജയിക്കുന്നു 6
ബുദ്ധിയുള്ളവർകൾക്കസാദ്ധ്യമല്ലാതെയൊന്നും
ഇത്രിലോകത്തിങ്കലില്ലെന്നുനിൎണ്ണയമല്ലൊ. 7
ഉത്തമനായുള്ളൊരുചാണക്യമഹീസുരൻ
ബുദ്ധിയാകുന്നശക്തികൊണ്ടുചെയ്തവസ്ഥകൾ 8
ഓൎത്തുകാണുമ്പോൾചണകാത്മജപ്രയോഗങ്ങൾ
എത്രയുംചിത്രമത്രെയെന്നതെപറയാവൂ. 9
ഇങ്ങിനെകിളിമകൾചൊന്നതുകേട്ടനേരം
തിങ്ങിനമോദത്തോടെചൊല്ലിനാരെല്ലാവരും 10
എങ്കിലോൎത്തുകകലമൊഴികേപറകെടോ!
മംഗലനായുള്ളൊരുചാണക്യൻതന്റെകഥ. 11
എന്നതുകേട്ടുകിളിപ്പൈതലുംകനിവോടെ
വന്ദിച്ചുഗണനാഥൻതന്നെയുംവാണിയെയും 12

തന്നുടെഗുരുനാഥന്മാരെയുംവന്ദിച്ചഥ
ധന്യശീലയാമവൾമെല്ലവെചൊല്ലീടിനാൾ:— 13
ഇക്കഥതന്നിലുള്ളനീതികൾകേൾക്കുന്നേരം
ചൊൽക്കൊണ്ടനയജ്ഞന്മാരേറ്റവുമാനന്ദിക്കും 14
ആദരവോടുപറഞ്ഞിട്ടവനെങ്കിൽകഥ
മോദമാർന്നെല്ലാവരുംകേട്ടുകൊൾകയുംവേണം:— 15
എങ്കിലോമന്ദാകിനിതന്നുടെതീരത്തിങ്കൽ
തുംഗമായൊരുപുരംപാടലീപുത്രമെന്നു 16
ചൊൽപ്പൊങ്ങുംനൃപതികൾക്കിരിപ്പാനായുണ്ടായി
തൽപുരംപുഷ്പപുരമെന്നുചൊല്ലുന്നുജനം 17
ചെങ്കതിരവനെന്നപോലെയപ്പുരത്തിങ്കൽ
തിങ്കൾതൻകുലജാതനാകിയനന്ദനൃപൻ 18
സങ്കടഹീനമധിവസിച്ചുമഹീതലം
മംഗലകീർത്ത്യാപരിപാലിച്ചുവാണീടിനാൻ 19
സർവ്വാർത്ഥസിദ്ധിയെന്നുമുണ്ടവനൊരുനാമം
സർവ്വാർത്ഥസിദ്ധിപ്രദനെത്രയുംമഹാവീരൻ 20
രാക്ഷസനെന്നുപേരായുണ്ടവനൊരുമന്ത്രി
രാക്ഷസനല്ലുറവുംരക്ഷതാപെരുതല്ലാ 21
നന്ദനാംമഹീപതിതന്നുടെപത്നികളായ്
സുന്ദരാംഗികളായിരണ്ടുപേരുണ്ടിങ്ങുന്നു 22
പേരതിലൊരുത്തിക്കുചൊല്ലീടുംസുനന്ദയെ-
ന്നാദരാൽമറ്റേവൾക്കുപേരുമുരയെന്നും 23
ഭദ്രയാംസുനന്ദതാൻക്ഷത്രിയപുത്രിതന്നെ
ശൂദ്രവംശത്തിലുള്ളസുന്ദരിമുരയല്ലോ 24
നന്ദനന്മാരൊൻപതാകിലെന്നുനിരൂപിച്ചാ-
നന്ദസുനന്ദയിലുളവായിപതിനികളിൽ 25
എത്രനാളകഴിഞ്ഞുസന്തതിയുണ്ടാവാനെ-
ന്നോരോചിന്തിച്ചുമറിതയോടിരിക്കുമ്പോൾ 26
എത്രയുംതപോബലമുള്ളൊരുമഹാമുനി
തത്രവന്നിതുനൃപതിതന്നെക്കാണ്മാൻ 27

അഗ്നിസമനായവിപ്രനെക്കണ്ടുനൃപൻ
അർഘ്യപാദ്യാദികളെക്കൊണ്ടുപൂജിച്ചീടിനാൻ 28
ആമുനിപാദംകഴുകിച്ചുനീർകോരിത്തന്റെ
ഭാമിനിമാരെത്തളിച്ചീടിനാൻഭക്തിയോടേ 29
അന്നേരമൊരുതുള്ളിവെള്ളംപോയ്ത്തെറിച്ചിതു
കന്നൽനേർമിഴിമുത്തന്നുടെദേഹത്തിന്മേൽ 30
ഒമ്പതുതുള്ളിസുനന്ദാഖ്യതൻമേലുംവീണു
കമ്പിതശരീരയായ്‌വന്നിതന്നേരമവൾ 31
ഭക്തികൈക്കൊണ്ടുധരിച്ചീടിനാൾമൂത്തോളും
ഭക്തിയെന്നിയേധരിച്ചീടിനാൾമറ്റവളും 32
ഭൂമിപാലകൻതന്റെഭാര്യമാരുടെഭാവം
ആമുനികണ്ടറിഞ്ഞുള്ളത്തിലന്നേരം 33
ജ്യേഷ്ഠയാംമൂത്തതന്നിലെത്രയുംമോദംപൂണ്ടാൻ
കനിഷ്ഠയാംമറ്റവളിൽക്രോധവുംതേടീടിനാൻ 34
പിന്നെയത്തപോനിധിവന്നകാര്യത്താലുടൻ
മന്നവൻതന്നെക്കണ്ടുപറഞ്ഞുപോയീടിനാൻ 35
അക്കാലംതന്നിലംഗിയായുള്ളരാജ്ഞിമാർതന്നിൽ
ഉൾക്കാമ്പിൽതെളിവോടുഗർഭവുമുണ്ടായ്‌വന്നു 36
പത്തുമാസവുംതികഞ്ഞുത്തമാംഗിയാമവൾ
ഉത്തമനായുള്ളൊരാത്മപുത്രനെപ്പെറ്റാളല്ലോ 37
വീര്യവാനായുള്ളൊരാത്മപുത്രനമഹീപതി
ധൈര്യനെന്നൊരുപേരിട്ടിതുസന്തോഷത്താൽ 38
പുത്രനുവേണ്ടുംകർമ്മമൊക്കവെകഴിച്ചുടൻ
അസ്ത്രശസ്ത്രാദികളഭ്യസിപ്പിച്ചീടിനാൻ 39
വീര്യവുംവിനയവുംനയവുംചേർന്നുവന്ന
വീരനാമവനന്വിതനെന്നറിഞ്ഞാലും 40
ശൂരനായേവരുമൊന്നായധൈര്യനെക്കണ്ടുനൃപൻ
ഏറിനമോദംപൂണ്ടങ്ങിരിക്കുംകാലത്തിങ്കൽ 41
നാരിമാർകാരണമാകിയസ്പർദ്ധയും
ഏറിനമോദത്തോടുവർദ്ധിച്ചുവന്നായല്ലോ 42

പ്രേമമോടുംകൊണ്ടു ചിലരക്ഷകൾ ചെയ്തീടിനാൻ
മേദിനീപതിയുടെ പത്നിക്കു നിരന്തരം 43
മാസവും പത്തുതികഞ്ഞീടിനോരനന്തരം
മാംസപിണ്ഡത്തെ പ്രസവിച്ചിതു സുനന്ദയും 44
മന്നവനതുകണ്ടു ദുഃഖമുണ്ടായനേരം
തിണ്ണമൊരശരീരിവാക്കതു കേൾക്കായ്വന്നു 45
"ഭൂപതികുലമണിദീപമേ! മനക്കാമ്പിൽ
താപമുണ്ടായീടരുതൊമ്പതു സുതരുണ്ടാം" 46
വാക്കതുകേട്ട നേരത്തിങ്കലും നൃപന്നുള്ളിൽ
ദുഃഖമുണ്ടായതേതും പോയതുമില്ലതാനും 47
രൂക്ഷമാനസനായ രാക്ഷസനതുനേരം
കാൽക്ഷണം നിരൂപിച്ചിട്ടിങ്ങിനെ തോന്നി ബലാൽ 48
ഒമ്പതു ഖണ്ഡിച്ചുടൻ മാംസപിണ്ഡത്തെ തൈല-
കുംഭങ്ങളുടെയകത്താക്കി രക്ഷിച്ചീടിനാൻ 49
കാലവും കുറഞ്ഞൊന്നു ചെന്നപ്പോളൊരിക്കലേ
തൈലകുംഭങ്ങളിലുണ്ടായി കുമാരന്മാർ 50
ജാതകർമ്മാദികളും ചെയ്തിതു നരപതി
ജാതകൌതുകം വളർന്നീടിനാരവർകളും 51
ശസ്ത്രശാസ്ത്രാദികളും ശിക്ഷിച്ചു പഠിച്ചവർ
ശത്രുസംഹാരത്തിന്നു ശക്തരായ്ത്തീർന്നീടിനാർ 52
യൌവനം വന്നു പരിപൂർണ്ണരായ് ചമഞ്ഞതി-
ഗർവ്വിതന്മാരായുള്ള പുത്രരെക്കണ്ടു നൃപൻ 53
മന്ത്രികളെയും നിജപുത്രന്മാരെയും വിളി-
ച്ചന്തികേ വരുത്തിക്കൊണ്ടീവണ്ണമുരചെയ്താൻ 54
"ഒമ്പതു തനയന്മാരുണ്ടല്ലോ പുനരിനി-
ക്കൊമ്പതിലൊരുവനെ ഭൂപതിയാക്കിവെച്ചു 55
കാനനം പുക്കു തപം ചെയ്തുകൊണ്ടെന്നാലിനി
ഊനമെന്നിയേ ഗതിവരുത്തീടുകവേണം 56
ഒമ്പതുപേരിലാരെവേണ്ടുവെന്നുള്ളതിനി
കമ്പമെന്നിയേ നിരൂപിച്ചു ചൊല്ലേണം നിങ്ങൾ 57

മൌര്യനെസ്സേനാപതിയാക്കിവെക്കണംതാനും
ശൌര്യമുണ്ടവനതുമേറ്റിപ്പാൻപാത്രമല്ലോ" 58
നന്ദഭൂപതിതന്റെവാക്കതുകേട്ടനേരം
അന്തരാനിരൂപിച്ചുമൌര്യനാംപലതരം 59
എന്തൊരുകഷ്ടംതാതൻദാസ്യകർമ്മത്തിന്നൊരു
ചിന്തചെയ്യാതെകല്പിച്ചീടുവാൻമൂലമെന്നോ 60
സ്നേഹമില്ലായ്കതന്നേകേവലംനിരൂപിച്ചാൽ
മോഹമിന്നധികമായില്ലെനിക്കൊന്നുകൊണ്ടും 61
ശ്രേഷ്ഠത്വമിനിക്കില്ലെന്നാകിലുംനിരൂപിച്ചാൽ
ജ്യേഷ്ഠനായുള്ള പുത്രൻഞാനെന്നുവരുമല്ലോ 62
ദാസ്യമായുള്ള കർമ്മമേറ്റുകാണുന്നനേരം
ഹാസ്യമായ്വരുമതിനില്ലസംശയമേതും 63
രാജത്വംകിട്ടീടുവാനാഗ്രഹമിനിക്കില്ല
നീചത്വംമമജാതിക്കുണ്ടെന്നുസിദ്ധമല്ലോ 64
ദാസത്വമനുഭവിച്ചീടുവാനൊരുനാളും
ദോഷത്വമില്ലനൃപബീജത്വമുണ്ടാകയാൽ 65
നാട്ടിലെങ്ങാനുമൊരുദേശമെങ്കിലുംമമ
പാട്ടിലാക്കേണമെന്നുതാതനുതോന്നീലല്ലോ 66
ഇന്നിതുനിരൂപിച്ചാലൊന്നുതോന്നുന്നുതാനും
മന്നവൻതനിക്കിതുതോന്നിയതല്ലനൂനം 67
പുത്രരാമന്ത്രികളോചൊന്നിതുചൊല്ലീടിനാർ
ധാത്രീപാലകൻതന്നോടില്ലസംശയമേതും 68
ഇക്കുസൃതിക്കുപുനരൊന്നുഞാൻചെയ്തീടുവൻ
ഇക്കുമാരന്മാർതമ്മിൽപിണക്കമുണ്ടാക്കുവൻ 69
ഈവണ്ണംനിരൂപിച്ചുകല്പിച്ചിട്ടവൻതാനും
ഭൂപതിവീരൻതന്നോടിങ്ങിനെചൊല്ലീടിനാൻ 70
"എന്തിനുപലതരംചിന്തചെയ്യുന്നുതാതൻ
അന്തരംകൂടാതെകണ്ടൊമ്പതിലൊരുവനെ 71
ചന്തമോടരചനായ്വാഴിച്ചുമററുള്ളോരെ
സന്തതമവനുടെഭൃത്യരാക്കിവച്ചീടണം" 72

മന്നവനതുകേട്ടു ചൊല്ലിനാനവനോടു
"ചൊന്നതുനന്നല്ലനീ വൈഷമ്യമുണ്ടായ്‌വരും" 73
ശക്രനാസാദ്ധ്യനാകും മന്ത്രിതാനതുനേരം
ശുക്രതുല്യനവൻ മന്നവനോടു ചൊന്നാൻ 74
"നന്ദരാജ്യത്തെപകുത്തൊമ്പതായ്‌വിഭാഗിച്ചു
നന്ദനന്മാൎക്കുകൊടുത്തീടുക മഹീപതേ!" 75
അപ്പോഴുതുരചെയ്താൻ മൌൎയ്യൻ "എന്നാലിപ്പോൾ
ഇപ്പുരം സപത്ന്യതുല്യാപുത്രരിലാൎക്കുവേണ്ടു?" 76
ഇത്തരം മൌരാസുതൻവാക്കുകൾ കേട്ടനേരം
ചിത്തതാരിങ്കലിതം ചിന്തിച്ചു രാക്ഷസനും 77
എന്തൊരു കഷ്ടം വൃഷലീസുതനാകുമിവൻ
അന്തരമിതുകൊണ്ടു രാജപുത്രന്മാർതമ്മിൽ 78
ദ്വേഷമുണ്ടാക്കുമതിനില്ല സംശയമേതും
ദോഷമോ സാപത്ന്യത്തെപ്പോലെ മറ്റൊന്നുമില്ല 79
ഞാനിഹ ജീവിച്ചിരുന്നീടിന കാലത്തിങ്കൽ
ഊനമിദ്ദാസീപുത്രനായീടുമിവനുടെ 80
ശാഠ്യങ്ങൾ ഫലിക്കയില്ലെന്നു കല്പിച്ചിട്ടതി
അഷ്ടനായകമാരന്മാരോടു ചൊന്നാനേവം:— 81
"നല്ലതു ചൊല്ലീടുവൻ നിങ്ങളോടിന്നൊന്നും
വല്ലതുമച്ഛൻ പറഞ്ഞാലതു കേട്ടീടണം 82
ചൊല്ലെഴും പുഷ്പപുരമാകുമിപ്പുരത്തിനു
തുല്യമായെട്ടുപുരം തീൎപ്പിച്ചു തരുവൻ ഞാൻ 83
മറ്റുള്ള പദാൎത്ഥങ്ങളൊക്കവേ വിഭാഗിച്ചു
കുറ്റമെന്നിയേ തരും ഭ്രാതാക്കൾക്കെല്ലാം 84
ഓരോരോ വ്യവസ്ഥകൾ വരുത്തീടേണ്ടതിന്നിനി
പാരാതെ പരീക്ഷകൾ ചെയ്തുകൊള്ളുകയുമാം 85
ഈശ്വരപരീക്ഷകൾ ചെയ്തതിൽ വരും വണ്ണം
ഈശ്വരഭാവമനുഭവിക്കെന്നാതേയുള്ളൂ." 86
ഇത്തരം മന്ത്രീന്ദ്രനാം രാക്ഷസൻ പറഞ്ഞപ്പോൾ
ഉത്തരം മന്ദസ്മിതം ചെയ്തു ചൊല്ലിനാൻ മൌൎയ്യൻ 87

"ഇപ്പുരംപോലെചമച്ചീടുവാനൊരുത്തർക്കും
ചിത്തത്തിൽനിരൂപിച്ചാലാവതുമില്ലയല്ലോ 88
പാകശാസനൻതന്റെരാജധാനിയുമിതി-
ന്നേകദേശവുമില്ലപാർത്തുകാണുന്നനേരം 89
ഇന്നിതുപോലെചമച്ചീടുവാൻതോന്നുന്നതി-
നൊന്നുമേപറയാവതല്ലല്ലോനിരൂപിച്ചാൽ." 90
അപ്പൊഴുതതുകേട്ടുചൊല്ലിനാർകുമാരന്മാർ
"ഇപ്പുരമിനിക്കില്ലെന്നാകിൽഞാൻവനംപുക്കു 91
കല്ലോടുതപംചെയ്തുകാനനത്തിന്നുതന്നെ
ശില്പമായ്ഗതിവരുത്തീടുവനെന്നാരവർ" 92
"എങ്കിലോരാജ്യത്തിങ്കൽപുത്രന്മാരെല്ലാരെയും
സങ്കടംവരാതെവാഴിക്കെന്നാൻമുരാസുതൻ" 93
അന്നേരമുരചെയ്തുനഭ്രപതിതാനും
"അന്യോന്യമപേക്ഷയുണ്ടായ്തമതുചെയ്താൽ 94
മന്നിടമിതുബഹുനായകമാകുന്നേരം
എന്നുമിപ്രജകൾക്കുസൗഖ്യവുമുണ്ടായ്വരാ 95
ഓരോരോസംവത്സരമോരോരോതനയന്മാർ
പാരാതെരാജ്യംരക്ഷിച്ചീടുകനല്ലുനൂനം 96
അല്ലായ്കിൽകലഹമുണ്ടായ്വരുംതമ്മിൽപ്പിന്നെ
വല്ലതുംചൊല്ലിമൂഢരെന്നതോദൃഢമല്ലോ" 97
മാനവവീരൻതന്റെവാക്കതുകേട്ടനേരം
മാനസംതെളിഞ്ഞിതുമക്കൾക്കെല്ലാവർക്കും 98
"മുമ്പിനാൽനാടുരക്ഷിച്ചീടുവാൻതുടങ്ങുന്ന-
തൊമ്പതുപേരിലാരുവേണ്ടതെ"ന്നപ്പോൾമൈത്ര്യൻ 99
രാജപുത്രന്മാരപ്പോൾചൊല്ലിനാരൊരുപോലെ
"രാജത്വംമുമ്പിലിനിക്കില്ലെങ്കിൽപോയീടുവൻ" 100
ഇങ്ങിനെമൈത്ര്യൻതന്റെവാക്കുകേട്ടവർകളും
തിങ്ങിനലോഭംകൊണ്ടുപേപറയുന്നനേരം 101
എത്രയുംകഷ്ടമിതെന്നോർത്തുതിന്നയത്തോടെ
ശക്തനാംരാക്ഷസനവരോടുരചെയ്താൻ 102

"അന്ധനാമിവൻപറയുന്നതുകേട്ടനിങ്ങൾ
അന്ധകാരങ്ങളൊന്നും ചിന്തചെയ്യാതെകണ്ടു 103
ബന്ധുവായുള്ള ജനം ചൊന്നതുകേട്ടതന്നെ
സന്തതം പരിപാലിച്ചീടുകരാജ്യമിപ്പോൾ 104
അച്ഛനെന്തിനിമതമായതെന്നറിഞ്ഞുകൊ-
ണ്ടിച്ഛയോടതുതന്നെ ചെയ്കിലേമതിവരൂ" 105
രാക്ഷസനായമന്ത്രിസത്തമൻപലതരം
ശിക്ഷിച്ചീവണ്ണം പറഞ്ഞീടിനോരനന്തരം 106
മന്ദമാനസന്മാരായേറ്റുവീട്ടന്നൊരുനവ-
നന്ദനന്മാരുമന്നവരിച്ചാർപണിപ്പെട്ട് 107
നന്ദഭൂപതിതാനും പ്രീതിപൂണ്ടനന്തരം
നന്ദനന്മാരെയഭിഷേകവും ചെയ്യിപ്പിച്ചു 108
ഭൂചക്രമെല്ലാം നവനായകമാക്കിവെച്ചു
രാജതപം തനയന്മാർക്കാക്കിനാൻകനിവോടെ 109
ചേണാർന്നപടനയിച്ചീടുവാനായിക്കൊണ്ടു
സേനാധിപതിയാക്കിവെച്ചിതുമൌര്യൻതന്നെ 110
നന്ദനന്മാരെത്തമ്മിൽഭേദിപ്പിച്ചീടുമെന്നു
നന്ദഭൂപതിമുരാപുത്രനെശ്ശങ്കിക്കയാൽ 111
മന്ത്രികളായീടുന്നരാക്ഷസാദികളെയും
മന്ത്രനിശ്ചയത്തിങ്കലാക്കിനാൻവഴിപോലെ 112
രാജ്യഭാരമന്നപുത്രന്മാരിലങ്ങാക്കിക്കൊണ്ടു
പ്രാജ്യകീർത്തിയാം നൃപൻകാനനത്തിന്നുപോവാൻ 113
കല്പിച്ചുപുറപ്പെട്ടനേരത്തുപൌരജനം
അർത്ഥിച്ചമൂലമിരുന്നീടിനാൻപുരത്തിങ്കൽ 114
നാടതുപാർത്താൽബഹുനായകമെന്നാകിലും
കേടതിന്നുണ്ടായില്ലമന്ത്രികൾവൈഭവത്താൽ 115
മൌര്യനുമക്കാലംപുത്രന്മാരൊത്തപോലെ
വീര്യവാന്മാരായൊരുനൂറുപേരുണ്ടായ്വന്നു 116
പുത്രന്മാരെല്ലാവർക്കും പ്രീതിപൂണ്ടവൻതാനും
അസ്ത്രശസ്ത്രാദികളും ശിക്ഷിച്ചുപഠിപ്പിച്ചാൻ 117

ചൊല്ലേറുംമുരാസുതൻതന്നുടെപുത്രന്മാരിൽ
ഉള്ളതിലഗ്രജനചന്ദ്രഗുപ്തനെന്നല്ലോ 118
നാമമാകുന്നഗ്ഗുണനാൽക്കഷ്ടമോർക്കുന്നനേരം
ത്തുമയോടെല്ലാവർക്കുംജ്യേഷ്ഠനാസ്സുതനല്ലോ 119
നാട്ടിലുള്ളവർകളോടേററവുംചേർന്നുകൊണ്ടു
പാട്ടിലാക്കിനാനവൻഭൂമിയെയനുദിനം 120
ഓരോരോസംവത്സരംകഴിയുംനേരത്തിങ്കൽ
പാരാളുംരാജത്വത്തിന്നന്തരംവരികയാൽ 121
ഭൂമിയെരക്ഷിപ്പതിനൊട്ടുമേനിരൂപിച്ചാൽ
ഭൂമിപാലകന്മാർക്കശക്തിയുമില്ലാതയായ് 122
സേനാധിപത്യത്തിന്നനിത്യത്വമുണ്ടാകയാൽ
മാനാളിഗ്ഗുണമുള്ളപുത്രസംഘത്തെക്കൊണ്ടും 123
കൌശലംനീതികളിലേറെയുള്ളതുകൊണ്ടും
ആശ്രയത്തിന്നനല്ലഗ്ഗുഢിയുണ്ടാകകൊണ്ടും 124
ഒക്കവേനന്ദരാജ്യമൊത്തുകാണുന്നനേരം
മിക്കതുംമൌര്യൻതന്റെവശത്തായ്ചമഞ്ഞിതേ 125
അക്കാലംദ്രപന്മാർക്കുംരാക്ഷസാദികൾക്കുമ–
ങ്ങുൾക്കാമ്പിലതുകണ്ടുസഹിയാഞ്ഞതുമൂലം 126
ഗാഢമത്സരംകൊണ്ടുമോഹിതന്മാരാമവർ
ഗൂഢമായ്തമ്മിൽനിരൂപിച്ചിതുപലതരം 127
“ഏതൊരുകഷ്ടംനിരൂപിച്ചുകാണുന്നനേരം
സന്തതംനമുക്കന്നമേകിപ്പോന്നുള്ളഭൂമി 128
ജാരനവശയാകുംവാരനാരിയെപ്പോലെ
മൌര്യന്നവശയായതെത്രയുംലജ്ജാകരം 129
പാർത്ഥിവരായുംചിലർമന്ത്രികളായുംചിലർ
പൃത്ഥിയെപ്പരിപാലിച്ചിരിക്കുംകാലത്തിങ്കൽ 130
ഭൃത്യന്നവശമായിവന്നിതുരാജ്യമെന്ന–
തെത്രയുംനാണക്കേടാമെന്നതേപറയാവൂ 131
പണ്ടിവൻവിദ്വേഷത്തെസ്സൂചിപ്പിച്ചതുനേരം
ക്ഷുദ്രന്മാരായനമുക്കെത്രമേതറിഞ്ഞില 132

ശത്രുവാസ്സത്യമിവൻനമുക്കനിരൂപിച്ചാൽ
പുത്രപൌത്രാദികളുംവധിച്ചിതവനിപ്പോൾ 133
ഇന്നിവൻതന്നെക്കല ചെയ്തീലെന്നാകിൽപ്പിന്നെ
നിൎണ്ണയംനമ്മെക്കൊല ചെയ്യുമെന്നറിഞ്ഞാലും 134
ലോകരഞ്ജനവന്നമൌൎയ്യനോടേല്ക്കുന്നേരം
ആകവേനശിക്കുംനാമില്ലസംശയമേതും 135
രണ്ടുമൂന്നമാത്യരുംഭൂമിപാലകന്മാരും
ഉണ്ടൊരുപുറംചാടകെന്നവന്നിട്ടുമല്ലോ 136
എന്നതുകൊണ്ടു ചതിചെയ്തുകൊല്ലുകയുള്ളു
തിണ്ണമാൎയ്യന്നമതുവൈകരുതിനിയേതും” 137
എന്നുകല്പിച്ചുരാക്ഷസാദികൾചെന്നുഭൂമി
തന്നിലങ്ങൊരുമന്ത്രമണ്ഡപമതുംതീൎത്താർ 138
ദീൎഘമായിട്ടതായിപ്പാതാളംപോലെയതിൻ
മാൎഗ്ഗമാകുന്നിതകംവിസ്താരംപെരുതല്ലോ 139
ഭൂമിയിൽകഴിച്ചുള്ളിൽപടുത്തുകെട്ടിനന്നായ്
ഉമയിൽപണിതീൎത്താരെന്നതേപറയേണ്ടു 140
മന്ത്രമണ്ഡപമതിൽമന്ത്രികളോടുംകൂടി
മന്ത്രവുംതുടങ്ങിനാർസന്തതമവർകളും. 141
 മൌൎയ്യനുംപുത്രന്മാരുംമന്ത്രികൾനൃപന്മാരും
കാൎയ്യങ്ങൾനിരൂപിച്ചുപോരുന്നാകാലത്തിങ്കൽ 142
ഒറ്റുകളാമൌൎയ്യൻതന്റെമന്ദിരമകംപൂകീ–
ട്ടകനായൊരുപുമാനവനോടുരചെയ്താൻ 143
“മന്ത്രമണ്ഡപത്തിങ്കൽമന്നവരെല്ലാവരും
മന്ത്രികളോടുംകൂടികാൎയ്യത്തെവിചാരിപ്പാൻ 144
നിന്നുടെവൈരവുംപാൎത്തിരിക്കുന്നവർകളും
തിണ്ണംനീസുതരോടുംപോരികവൈകിടാതെ” 145
എന്നതുകേട്ടുമൌൎയ്യൻസംഭ്രമത്തോടുംകൂടി
തന്നുടെതനയരുമായുടൻപുറപ്പെട്ടാൻ 146
ചെന്നവർനിത്യമതിലിറങ്ങുന്നതുപോലെ
മന്നവരങ്ങുനോൎത്തിട്ടിറങ്ങീടിനാരല്ലോ 147

കഷ്ടമന്നേരമുദ്യോഗപ്രവൃത്തമങ്ങെടുത്തിതു
നിഷ്ഠുരന്മാരാമവർപാഷാണങ്ങളെക്കൊണ്ടു് 148
പോകാമോവരുവാനുള്ളാപത്തുനിരൂപിച്ചാൽ
നീക്കാമോവിധിയുടെകല്പിതംശിവശിവ! 149
ഇങ്ങിനേഉഗ്രമാമാർഗ്ഗമടച്ചുകണ്ടനേരം
തിങ്ങിനതാപത്തോടേകമൌത്സ്ന്യാപുത്രന്മാരും 150
ചെന്നുടനുഗ്രഘോരംപുക്കള്ളനേരമതിൽ
മന്നവരാരുമില്ലമന്ത്രികളാരുമില്ല 151
അത്രയുമല്ലചിലവർഗ്ഗചിഹ്നങ്ങളുണ്ടു
തത്രവെച്ചിരിക്കുന്നുഎന്തതെന്നുരചെയ്യാം 152
ഭോജനംകൊണ്ടുപരിപൂർണ്ണമായിരിക്കുന്ന
ഭാജനംനൂറുണ്ടതിൽകാണ്മാനെന്നറിഞ്ഞാലും 153
പ്രത്യേകമോരോവിളക്കുണ്ടതിൽകൊളുത്തിവെ-
ച്ചത്യന്തമെരിഞ്ഞുകത്തീടുന്നദീപങ്ങളും 154
ചൊല്ലുവാനരുതേതുംപിന്നെയുള്ളവസ്തുകൾ
കൊല്ലുവാനുള്ളാചാരമിങ്ങിനെയാകുന്നുപോൽ 155
ഇങ്ങിനെകണ്ടനേരമുള്ളസങ്കടമവ-
രിങ്ങിനെപറയുന്നുകണ്ണുനീർതൂകിതൂകി 156
തങ്ങളിലോരോതരംചിന്തിച്ചുപറകയും
തിങ്ങിനശോകത്തോടേതങ്ങളിൽതഴുകയും 157
“ദുഷ്ടരാമമാത്യരുംഭൂമിപാലകന്മാരും
കഷ്ടമാംവർണ്ണനമെമ്മെച്ചതിച്ചാരയ്യോപാപം 158
എള്ളുമേഅവകാശമില്ലിതുചെയ്തീടുവാൻ
എള്ളുമൊന്നവരോടുചെയ്തതുമില്ലല്ലോനാം 159
വല്ലതുംപ്രവർത്തിച്ചുദിവസംകഴിപ്പാനാ-
യുള്ളതിനല്ലാതെകണ്ടൊന്നിനുംപോയീലല്ലോ 160
മണ്ഡപമവനിയിൽകഴിച്ചുസൃഷ്ടിച്ചതും
ചണ്ഡരാമവരുടെമന്ത്രയോഗവുംപിന്നെ 161
വന്നനമ്മോടുപറഞ്ഞീടിനപുരുഷനും
ദുർന്നയമിതൊക്കവേയെന്നറിഞ്ഞില്ലല്ലോനാം 162

ഇഷ്ടമല്ലാഞ്ഞാലിത്ഥംചതിച്ചുകൊല്ലേണമോ
ധൃഷ്ട്, കല്പിതംതെറ്റുക്കാവതുമല്ലപാർത്താൽ 163
എന്തിനിവേണ്ടതെന്നുധൈര്യമാലംബിച്ചുനാം
ചിന്തചെയ്യണ"മെന്നുചൊല്ലിനാൻമുറാസുതൻ 164
പിന്നെയുംക്ഷണമാത്രംമൌനേനനിരൂപിച്ചി-
ട്ടൊന്നുരചെയ്യാനവൻനന്ദനന്മാരെനോക്കി 165
"ഒന്നുമേനിരൂപിച്ചാലാവതല്ലാതെയുള്ള
ഘോരമേറുമവർചെയ്തസങ്കടത്തിങ്കൽ 166
ഈശ്വരമതമെന്തെന്നറിഞ്ഞുകൂടായ്കയാൽ
വിശ്വസിച്ചുല്ലാവതാംകേൾക്കേണമെന്റെവാക്യം 167
ഭോജനമിതുതന്നെക്കൂട്ടിയന്നൊരുമിച്ചു
ഭാജനമൊന്നിലാക്കിസ്സൂക്ഷിച്ചുവഴിപോലെ 168
ദീപവുമൊന്നുകഴിച്ചാക്കവേകെട്ടതിതിൽ
ജീവിതംധരിച്ചിരുന്നീടേണമൊരുവൻതാൻ 169
നൂറുപേർക്കുണ്ണാനായിവിളമ്പിക്കിടക്കുന്ന
ചോറൊട്ടങ്ങീടുംമുമ്പേദൈവത്തിൻനിയോഗത്താൽ 170
നിഗ്രഹിപ്പതിനൊരുകഴിവുണ്ടാകിൽശ്ശത്രു-
വർഗ്ഗത്തെയൊടുക്കുവാൻയത്നവുംചെയ്തീടേണം" 171
ഇങ്ങിനെതാതൻചൊന്നവാക്കുകേട്ടവർകളും
ഇങ്ങിനെമററുള്ളവർമരിക്കുന്നതുംകണ്ടു 172
വന്നസങ്കടമൊക്കെസ്സഹിച്ചങ്ങിരിപ്പാനും
പിന്നെയപ്രതിക്രിയചെയ്വാനുമശക്തരായ് 173
ഒന്നുമേമിണ്ടാതെകണ്ടിരുന്നാരവർകളും
അന്നേരമെല്ലാവർക്കുംതമ്പിയായ്മേവീടിന 174
ചന്ദ്രനസമനാകുംചന്ദ്രഗുപ്തനായുള്ള
നന്ദനൻതന്നെത്താതൻനോക്കിനാൻദുഃഖത്തോടേ 175
ബാലനാമവനപ്പോൾധീരനായുരചെയ്താൻ
"മാലകതാരിൽതാതനേതുമുണ്ടാകവേണ്ടാ 176
താതനിന്നുരചെയ്തവണ്ണംഞാൻചെയ്തീടുവൻ
ഏതുമില്ലതിനൊരുസംശയമറിഞ്ഞാലും 177

ജീവിതം ധരിച്ചിരിക്കുന്നതുമുണ്ടു
പോവതിനൊരു കഴിവുണ്ടാകിൽ പ്രതിക്രിയ 178
ധീരതയോടു ചെയ്തീടുന്നതുമുണ്ടു പിന്നെ
പാരിതു പരിപാലിച്ചിരിക്കുന്നതുമുണ്ടു" 179
ധൃഷ്ടനാം ചന്ദ്രഗുപ്തനിത്തരം പറഞ്ഞപ്പോൾ
തുഷ്ടരായ് ജ്യേഷ്ഠന്മാരശിഷ്ടരൊത്തപോലെ 180
ബാലനെയെല്ലാവരും ഗാഢമായ് തഴുകിക്കൊ-
ണ്ടോലുന്ന നേത്രജലംകൊണ്ടവരവന്റെ 181
മൗലിയിലഭിഷേകം ചെയ്തുടനെല്ലാവരും
മേളമോടവൻതന്നിക്കാശിസ്സും ചൊല്ലീടിനാർ 182
"ബാല! നീ ചിരകാലം ജീവിച്ചിരിപ്പുകമേ
തോലാതെ ജയിക്കായ് വരിക വിശേഷിച്ചും 183
ആരുമേ സഹായമുണ്ടായീലെന്നിരിക്കിലും
വൈരിവർഗ്ഗത്തെയൊടുക്കീടണമീമഹാമതേ" 184
ധീരതകൈക്കൊണ്ടൊരു ചന്ദ്രഗുപ്തനും പിന്നെ
ചോറുണങ്ങളതിലിരുന്നീടിനാനനന്തരം 185
മറ്റവർ ചിലദിവസങ്ങൾ പോയൊരുശേഷം
തെറ്റെന്നു മരിച്ചിതു ഭക്ഷണമില്ലായ്കയാൽ 186
മൗര്യനെസ്സുതരോടുംകൂടവേ ചതിച്ചവൻ
ഘോരമാംവണ്ണം കൊലചെയ്തു വൃത്താന്തം കേട്ടു 187
നാട്ടിലുള്ളവരെല്ലാം രാജഭീതിയാലഴ-
ന്നൊട്ടൊട്ടു കരഞ്ഞിതു സങ്കടമുണ്ടാകയാൽ 188
നന്ദഭൂപാലന്മാരെയൊഴിച്ചുള്ളവർക്കാരാ-
നന്ദമുണ്ടായീലെല്ലാമൗര്യനാശത്താലഹോ. 189
അങ്ങിനെമൂന്നുമാസം കഴിഞ്ഞോരനന്തരം
വംഗദേശാധിപതിയാകിയ നരാധിപൻ 190
ഘോരനായൊരു സിംഹവീരനെക്കൂട്ടിലിട്ടി-
ട്ടാരൂഢഗർവ്വം ചിലരെക്കൊണ്ടെടുപ്പിച്ചു 191
പാടലിപുത്രപുരത്തിങ്കലേക്കയച്ചിതു
പാടവമേറെയുള്ള വംഗദേശാധിപതി 192

“കൂടത്തുപൊളിയ്ക്കാതെസിംഹത്തെപുറത്തിങ്ങു
പേടികൂടാതെകളഞ്ഞീടേണ”മെന്നരുണ്ടാത 193
സന്ദേശമതുകൊണ്ടുരാജദൂതന്മാർചെന്നു
നന്ദഭൂപന്മാർമുമ്പിൽവെച്ചുവന്ദിച്ചുചൊന്നാർ 194
“വംശഭൂപതിനിങ്ങൾക്കായിതുകാഴ്ചവെപ്പാൻ
മംഗലകീർത്ത്യാകൊടുത്തയച്ചുവിട്ടീടിനാൻ 195
പഞ്ജരംഭഞ്ജിയാതെസിംഹത്തെദ്രവിപ്പിപ്പാൻ
അഞ്ജസാനിരൂപിച്ചുകൊൾകയുംവേണമല്ലോ” 196
എന്നതുകേട്ടനവനന്ദനൃപന്മാരും
ചെന്നുടൻമന്ത്രിവരന്മാരുമായ്നിരൂപിച്ചു 197
കൂടതിൽപഞ്ചാസ്യനെക്കണ്ടതുനേരമവർ
പേടിയായോടിവാങ്ങിപ്പോന്നുചിന്തിച്ചീടിനാർ 198
കണ്ടതില്ലുപായങ്ങളൊന്നിനാലുമേയെന്നു
ഷണ്ഠരായുഴന്നുനിന്നീടിനോരനന്തരം 199
ചൊല്ലിയന്നൊരുമൌര്യൻതന്നുടെബന്ധുവായ
നല്ലനാംമന്ത്രിവിശിഖാഖ്യനാംചൊന്നാനപ്പോൾ 200
“നല്ലനാംനമുക്കുള്ള ചന്ദ്രഗുപ്തനുണ്ടെങ്കിൽ
വല്ലതുമിതിനൊരുപായമുണ്ടാക്കുമവൻ 201
ശില്പശാസ്ത്രത്തിന്നവനൊത്തുകാരനന്നേരം
കല്പകവൃക്ഷംതന്നെമൌര്യനന്ദനൻബാലൻ 202
എന്തൊരുഫലമതു ചിന്തിച്ചാലിനിയിതി-
നെന്തൊരുകഴിവെന്നുകണ്ടതുമില്ലതാനും” 203
എങ്കിലോ ചന്ദ്രഗുപ്തനിരിക്കുന്നല്ലീയെന്നു
ശങ്കകൊണ്ടതുനേരംനന്ദഭൂപാലന്മാരും 204
ചെന്നുടൻഗുഹാമുഖംകഴിച്ചുതുടങ്ങിനാർ
പന്നഗാരികൾചെന്നുകഴിക്കുന്നതുപോലെ 205
ദുഷ്ടരാമരചന്മാർചന്ദ്രഗുപ്തനെയതിൽ
ശിഷ്ടനായ്മെലിഞ്ഞിരിക്കുന്നതുകണ്ടിട്ടവർ 206
ഹൃഷ്ടരായതിലിഴിഞ്ഞൊടിച്ചെന്നവർകളും
പുഷ്ടകൌതുകംപൂണ്ടുപൌരന്മാരോടുരചെയ്താർ 207

"വത്സ! നീ പുറത്തിങ്ങു പോരിക വൈകീടാതെ
മത്സരാദികൾ നിന്നോടില്ല ഞങ്ങൾക്കേതുമേ" 208
നിർബ്ബന്ധമിതു കേട്ടു ചന്ദ്രഗുപ്തനപ്പോൾ
നിർഗ്ഗമിപ്പതിനേററമാശയുണ്ടെന്നാകിലും 209
കണ്ണുനീർ വാർത്തു മുറയിട്ടു വീണങ്ങവൻ
മന്നവന്മാരോടേവം ചൊല്ലിനാൻ കോപത്തോടെ 210
"ഇച്ഛയില്ലെനിക്കേതും പോരികെന്നുള്ളതിനി-
യച്ഛനും ജ്യേഷ്ഠന്മാരും കൂടാതെ പോന്നീടുവാൻ 211
മുന്നം ഞാനവരോടു കൂടിയല്ലയോ വന്നു
പിന്നെയെങ്ങിനെ പിരിഞ്ഞങ്ങു ഞാൻ പോന്നീടുന്നു? 212
ജ്യേഷ്ഠന്മാർ ജനകനും പട്ടിണി കിടന്നിതിൽ
കഷ്ടമായ് മരിച്ചു പോകുന്നതും കണ്ടു കണ്ടു 213
പ്രാണനും പോകാഞ്ഞതു കണ്ടിരിക്കമെന്നിങ്ങൾ
നാണയത്തിനു വെട്ടിക്കൊല്ലുകയിനി വേണ്ടു" 214
ഇങ്ങിനെ പലതരം പറഞ്ഞു കരയുന്ന
മംഗലശീലനായ ചന്ദ്രഗുപ്തനോടവർ 215
പിന്നെയും നാണമകലെക്കളഞ്ഞുരചെയ്താർ
"നിന്നുടെ താതാദികൾ ഞങ്ങളെന്നറിക നീ 216
എന്തു നീ കരഞ്ഞുഴൽതേടുവാനവകാശം
ചിന്തകൊണ്ടെന്തു ഫലം പോരിക കുമാര! നീ 217
പണ്ടുമുണ്ടല്ലോ നിങ്കൽ സ്നേഹമീ ഞങ്ങൾക്കെല്ലാം
കണ്ടുകൊൾകതിൻ ഫലമിനിയെന്നറിഞ്ഞാലും" 218
ഇപ്രകാരങ്ങളനുസരിച്ചു പറഞ്ഞിട്ടും
വിപ്രിയം നൃപന്മാർക്കു വന്നു പോവതിനവൻ 219
നിർഗ്ഗമിച്ചീല പുനരെന്നതു കണ്ടിട്ടവർ
ചിക്കനെ മൌര്യൻ തനിക്കുള്ള ഭണ്ഡാരമെല്ലാം 220
ചന്ദ്രഗുപ്തൻറ മുമ്പിൽ കൊണ്ടുപോയ്വെച്ചീടിനാർ
മന്ദമായപ്പോളവൻ പുറത്തു പുറപ്പെട്ടാൻ 221
മന്നവശ്രേഷ്ഠന്മാരും മൌര്യനന്ദനൻ തന്നെ
മാനിച്ചു മനം തെളിയിച്ചുടൻ വഴിപോലെ 222

പഞ്ജരത്തിങ്കൽകിടന്നാടുന്നസിംഹത്തെയും
ഉഗ്രമൂൎഖാകംതെറ്റാകാൎത്തെയുംകാട്ടീടിനാർ 223
ചന്ദ്രഗുപ്തനതുകണ്ടുവിസ്മയംപൂണ്ടു
മന്ദഹാസവുംചെയ്തിങ്ങിനെനിരൂപിച്ചാൻ 224
പഞ്ചാസ്യമിതുമഹാവിഗ്രഹമെന്നാലിപ്പോൾ
പഞ്ജരത്തിന്റെകഴലികകളൂടെയെന്നും 225
മോചിപ്പാനെളുതല്ലയെന്നല്ലതുകൊണ്ടുതന്നെ
വ്യാജത്താൽകൃതമിദമില്ലസംശയമേതും 226
സന്തതംസിംഹത്തിന്റെചേഷ്ടകംനിരീക്ഷിക്കുമ്പോൾ
യന്ത്രമുണ്ടിതിന്നുള്ളിലെന്നതോന്നുന്നതാനും 227
വൎണ്ണരാമാദികളുംപൊരുത്തുകാണുന്നനേരം
നിൎണ്ണയംശില്പികളാൽകല്പിതംമനോഹരം 228
"ദ്രാവ്യതാം"എന്നുള്ളോരുവാക്യമെന്നതുകൊണ്ടു
ധാവനംവരേണമെന്നുള്ളതുമില്ലയല്ലൊ 229
ദ്രാവണത്തിനുയോഗ്യമാത്രമെന്നാലിതു
കേവലംമെഴുകുകൊണ്ടുണ്ടാക്കിയതെന്നതും 230
നിശ്ചയിച്ചുറച്ചുള്ളിലിങ്ങിനെകല്പിച്ചവൻ
ആശ്ചൎയ്യംജനങ്ങൾക്കുകാട്ടുവാനായിക്കൊണ്ടു 231
പഞ്ജരംഉടനുടൻവെപ്പിച്ചിട്ടിരിമ്പുകോ-
ലഞ്ജസാചുട്ടുപഴുപ്പിച്ചുസിംഹത്തിന്മെയ്യിൽ 232
വെച്ചുടനുരുക്കിയൊലിപ്പിച്ചാക്കവേപുറത്തുപോ-
യ്യച്ചതിൽചിരിച്ചിതുമിരാജാക്കന്മാരും 233
മന്ത്രികൾജനങ്ങളുംകണ്ടുവിസ്മയംപൂണ്ടു
ചന്ദ്രഗുപ്തനെബ്ബഹുമാനിച്ചുനിന്നിടിനാർ 234
രാജപൂജിതന്മാരായിട്ടുപിന്നെവംഗ-
രാജദൂതന്മാരവരെച്ചെന്നിതറിയിച്ചാർ. 235
രാക്ഷസനതുകേട്ടുംകോപത്തിൽനിരൂപിച്ചാൻ
"രൂക്ഷമാനസനായമൌൎയ്യനന്ദനനിവൻ" 236
എന്തിവൻചെയ്യുന്നതെന്നിങ്ങനെനിരൂപിച്ചു
സന്തതംശങ്കമുഴുത്തിരുന്നാനവന്താനും 237

നന്ദനന്മാക്കുംമൌൎയ്യൻതനിക്കുംശേഷക്രിയ
ചന്ദ്രഗുപ്തനെക്കൊണ്ടുചെയ്യിച്ചാർന്നൃപന്മാരും 238
ഇവണ്ണമുള്ളവസ്തുസാധിക്കണ്ടുകിലിനി
കേവലംചന്ദ്രഗുപ്തൻനമുക്കണ്ണുകൊണ്ടു 239
ശത്രുതപമുള്ളോർകളിൽശേഷിച്ചോരെന്നാകിലും
പുത്രനെപ്പോലെപരിപാലിച്ചീടുകവേണം 240
അശ്വാദികളിലാധിപത്യമുണ്ടാകീടിനാൽ
വിശ്വാസംവരായല്ലോശത്രുതപമുണ്ടാകയാൽ 241
ഒന്നിനുംതുകയില്ലെന്നവനപായാലതിവൻ
ഒന്നിനുംപിന്നെയൊരുപാത്രമല്ലാതെവരും 242
രണ്ടുമായാവിച്ചിരുന്നീടിലുമതുമൊരു
ബന്ധമാസ്സുരമതിനില്ലസംശയമേതും 243
അഗ്രഭോജനത്തിനുവിപ്രന്മാർവരുന്നേരം
യോഗ്യരെക്കണ്ണിപ്പതിന്നാക്കനല്ലുത്തമം 244
ഇവണ്ണംകല്പിച്ചുവരാക്കിനാരവനെയും
ദൈവത്തിന്മതമാക്കുംതട്ടുത്തുകൂടായല്ലോ 245
താതസോദരന്മടനാശവുമന്നേദിനം
ചേതസാനിനച്ചുള്ളഖേദവുമേറച്ചവൻ 246
നെഞ്ചകംവെന്തുവെന്തുകോപവുംജ്വലിച്ചുള്ളിൽ
ചഞ്ചലംകൂടാതെകണ്ടഗ്രഭോജനത്തിനായ് 247
വിപ്രരെകല്പിക്കയെന്നുള്ളതിരുവുള്ളക്കേടി-
തല്ലാതായിട്ടിരുന്നീടിനാനതുകാലം 248
നല്ലോരുസഹായമായുള്ളതെന്നതിനും
വല്ലതുമുള്ളമൌൎയ്യനന്ദനൻചിന്തിച്ചുള്ളിൽ 249
തള്ളിവന്നീടുംപടുബുദ്ധിവൈഭവംകൊണ്ടു
വല്ലതെങ്കിലുംതടക്കാസ്സുതമുത്തമം 250
ബുദ്ധിശക്തിയുംമഹാസൈന്യശക്തിയുംതമ്മിൽ
ബുദ്ധിശക്തിക്കുതുല്യമൊന്നുമില്ലെന്നിട്ടവൻ 251
ബുദ്ധിയുംനയവുമേറീടുന്നവിപ്രന്മാരെ
നിത്യവുമന്വേഷിച്ചുകാണ്മാനുനിരുന്നാനേ.— 252

നല്ലാസത്തോടുപലരോടുമായുരചെയ്തു
നല്ലപൈങ്കിളിമകൾതാനുമന്നടങ്ങിനാൾ. 253

ഇതി മുദ്രാരാക്ഷസേ നവനന്ദാഭിഷേകനാമ [illegible]

രണ്ടാം പാദം

ബാലേ! സുശീലേ! ശുകകുലമാലികേ!
കാലേപറകകഥകളിനിയുംനീ 1
പാലുംപഴവുംഭുജിച്ചുതെളിഞ്ഞുടൻ
കാലംവൃഥാകളഞ്ഞീടാതെചൊൽകെടോ 2
നല്ലകഥയിതുകേൾക്കുന്നനേരത്തു
ചൊല്ലാവതല്ലോരാനന്ദമിനിക്കുള്ളിൽ 3
എന്നതുകേട്ടുതെളിഞ്ഞുചൊല്ലീടിനാൾ
മുന്നമുരചെയ്തതിന്നുമേല്പോട്ടവൾ 4
എങ്കിലോമൌര്യതനയനൊരുദിനം
മംഗലശീലൻകുസുമപുരത്തിങ്കൽ 5
സഞ്ചരിക്കുന്നോരുനേരത്തുദൂരവേ
തഞ്ചുനാകാന്തികലർന്നോരുവിപ്രനെ 6
പഞ്ചാതിമദ്ധ്യേവസിച്ചുകൊണ്ടെത്രയും
ക്രുദ്ധനായ്ക്കുശലകത്തിപ്പറിച്ചുടൻ 7
ചുട്ടതിൻഭസ്മംകലക്കിക്കുടിച്ചതി-
തുഷ്ടനായ്‌നില്ക്കുന്നതുകണ്ടവൻതാനും 8
ചെന്നടികുമ്പിട്ടുദൂരത്തുവാങ്ങിനി-
ന്നൊന്നുമഹീസുരൻതന്നോടുചോദിച്ചാൻ 9
“ഭൂസുരശ്രേഷ്ഠകുലോത്തംസമേ! വിഭോ!
ഭാസുരകാന്തികലർന്നദയാനിധേ! 10
എന്തിനുപുല്ലുകത്തിപ്പറിച്ചിഹ
ചന്തമായ്‌നീരിൽകലക്കിക്കുടിച്ചതും?” 11

അപ്പോളതുകേട്ടമൌൎയ്യസുതനോടു
കെല്പോടുചൊല്ലിനാൻപൃഥ്വീസുരേന്ദ്രനും 12
"ഇപ്പുല്ലുപാദത്തെതടഞ്ഞുഞാൻവീഴ്കയാൽ
ഉൾപ്പൂവിലുണ്ടായകോപംപൊറായ്കയാൽ 13
നാരായവേരോടുകൂടെപ്പറിച്ചുഞാൻ
പാരാതെചുട്ടുകലക്കിക്കുടിച്ചിതും." 14
ചന്ദ്രഗുപ്തനതുകേട്ടുചൊല്ലീടിനാൻ
"എന്തുഭവാനിപ്പ്ഭസിതംകുടിക്കയാൽ?" 15
എന്നുചോദിച്ചോരുമൌൎയ്യാത്മജനോടു
മന്നിടദേവനുംപാൎത്തുചൊല്ലീടിനാൻ 16
"ക്രോധാഗ്നിയെക്കനാദ്ദഹിപ്പിക്കമല്ലായ്കി-
ലേതുമതിനൊരുസംശയമില്ലകേൾ." 17
എന്നതുകേട്ടവനുംപറഞ്ഞീടിനാൻ
"ഉന്നതരായുള്ളമന്നവന്മാർചിലർ 18
ഘോരമായുള്ളപരാധങ്ങൾചെയ്കിലോ
ധീരതയോടെന്തുചെയ്യാംഭവാൻപിന്നെ?" 19
ചന്ദ്രഗുപ്തൻതന്റെവാക്കതുകേട്ടപ്പോൾ
മന്ദഹാസംപൂണ്ടവനോടുചൊല്ലിനാൻ:— 20
"ബാലനായുള്ളനീയെന്തറിഞ്ഞുമമ
ശീലഗുണങ്ങളുംബുദ്ധിവിലാസവും 21
മത്തഗജങ്ങളുമശ്വഗണങ്ങളും
പത്തിവരന്മാരുമൊത്തരഥങ്ങളും 22
ചിത്രമായുള്ളൊരുമന്ത്രവിലാസവും
എത്രയുമേറുന്നദൈവാനുകൂല്യവും 23
ഇത്തരമെല്ലാനരപാലകന്മാൎക്കു
നിത്യമാകുന്നൊരുശക്തിധരിക്കനീ 24
ഇങ്ങിനെയുള്ളതുംഎന്നുടെബുദ്ധിയും
തങ്ങളിലെത്രവിശേഷമറിഞ്ഞാലും 25
മാമകമായമതിവൈഭവംകൊണ്ടു
ത്തുമയോടെന്തൊന്നസാദ്ധ്യമല്ലാത്തതും?" 26

ഇത്ഥമാകർണ്ണ്യമഹീസുരവാക്കുകൾ
ഉത്തമനാകിയമൌര്യതനയനും 27
ഭക്തിയൊടെകൈകൊണ്ടുകൂപ്പിത്തൊഴുതുനി-
ന്നത്യാദരമായവൻതന്നോടു ചൊല്ലിനാൻ—: 28
"ആരെന്നറിഞ്ഞതില്ലല്ലോ ഭവാനെ ഞാൻ-
ആരെന്നതുംചൊല്ലവേണംമഹാമതേ! 29
എങ്കിലോകേൾക്കഞാനാരെന്നതാശുനീ
ശങ്കാവിഹീനംപറഞ്ഞുതദവൻഞാൻ 30
ചാണക്യനെന്നുപ്രസിദ്ധനായേറവും
മാനിയായുള്ളൊരുഭൂസുരൻഞാനെടോ 31
പേരിനിരണ്ടുണ്ടിനിക്കതുകേൾക്കനീ
പാരിൽപ്രസിദ്ധനാംകൌടില്യനെന്നതും 32
വിഷ്ണുതാൻനിത്യവുംരക്ഷിച്ചുകൊൾകയാൽ
വിഷ്ണുഗുപ്തൻപുനരെന്നതുമുണ്ടെടോ 33
നന്ദാഗ്രഭോജനംകെട്ടിട്ടൊരാനിഹ
നന്നായ്ഭുജിപ്പതിന്നായിവന്നീടിനേൻ 34
യോഗ്യൻചതുരന്മവരെക്ഷണിച്ചീടുവാൻ
ഭാഗ്യവാന്മാരായമന്നവരാക്കീട്ടു 35
കേട്ടിതൊരാവൃഷലൻപോലതാകുന്ന
ദുഷ്ടത്വമിച്ചുകഴിപ്പാനമിന്നവൻ 36
ഏതൊരുദിക്കിലിരിക്കുന്നതെന്നുനീ
യെത്രയുമേവൈകാതെ ചൊല്ലിത്തരികെടോ" 37
തങ്കഴൽകൂപ്പിത്തൊഴുതവൻചൊല്ലിനാൻ
"എങ്കിൽവൃഷലനവൻഞാനറിഞ്ഞാലും 38
തൽപ്പാദരേണുക്കൾകൊണ്ടിനിവൈകാതെ
യിപ്പുരംശുദ്ധമാക്കേണംമഹാമതേ! 39
ഇന്നിവിടെബ്ഭവാൻവന്നതുകാരണം
നന്ദവംശമിനിവദ്ധിതമാസ്സതം" 40
മൌര്യനീവണ്ണംപറഞ്ഞൊരനേരത്തു
ശൌര്യമേറീടുന്നചാണക്യഭൂസുരൻ 41

ലജ്ജിതനായ് മുഖം താഴ്ത്തിനിന്നനേരം
അച്ചിരിപൂണ്ടവൻ തന്നോടുരചെയ്തു 42
"അയ്യോ വൃഷലനെന്നിങ്ങിനെ ചൊന്നതു
പൊയ്യല്ല വിപ്രജാതിസ്വഭാവമെടോ 43
രാജാവുതന്നുടെ പൌത്രനല്ലോ ഭവാൻ
ആചാരമല്ലാതെ ചൊന്നേനറിയാതെ 44
സജ്ജനങ്ങൾക്കതു കാണേണ്ടതുമില്ലെങ്കിൽ
ദുർജ്ജനങ്ങൾക്കതു പൊറായ്കയായ്വരും 45
ലജ്ജയുണ്ടേററമിനിക്കതുകൊണ്ടിഹ
നിശ്ചയമിന്നതു പോക്കുവാനായ്ക്കൊണ്ടു 46
നല്ലവരങ്ങൾ തരുന്നതുമുണ്ടിനി
വല്ലഭമോടതു വാങ്ങീടുക ഭവാൻ 47
എത്രയും സ്നേഹമാകുന്നിതു നിന്നുടെ
പ്രത്യയം കണ്ടിട്ടിനിക്കെന്നറികനീ" 48
ചാണക്യനിങ്ങനെ ചൊന്നതു കേട്ടവൻ
താണു കഴലിണ കുമ്പിട്ടു ചൊല്ലിനാൻ 49
"നിത്യവുമിങ്ങിനെ തന്നെ വൃഷലനെ-
ന്നെത്രയുമാദരവോടരുൾചെയ്കിലോ 50
മറെറാന്നുമില്ലതിനൊത്ത വരമിനി
മുററുമിനിക്കെന്നറിക ദയാനിധേ! 51
ത്വൽകൃപകൊണ്ടിനി മറെറാന്നു വേണ്ടുകിൽ
മൽകുടിലിങ്കലെഴുന്നള്ളണം 52
ആശ്രമത്തിന്നെഴുന്നള്ളുന്ന നേരത്തു
വിശ്രമിപ്പാൻ തക്കവണ്ണമതിതാനും" 53
"അങ്ങിനെതന്നെയതെ"ന്നു പറഞ്ഞിതു
തിങ്ങിന മോദം കലർന്നു ചാണക്യനും 54
പിന്നെയും ഭൂസുരനാഥനെ മൌര്യനും
നന്നായെഴുന്നള്ളിത്തു കൂട്ടിക്കൊണ്ടുപോയിനാൻ 55
പോകുന്നനേരം വഴിയിന്നു മൌര്യനും
ആകുലത്തോടവൻ താതവിനാശവും 56

സോദരനാശവും തന്റെ വിശേഷവും
മേദിനീപാലകന്മാരുടെ വൃത്തവും 57
ഒക്കവേ ചാണക്യനോടു ചൊല്ലീടിനാൻ
ഉൾക്കരളിലൻപേറിക്കരുണയും 58
ഊനംവരാതെ മഹീസുരാചാര്യനെ
സ്നാനാദികർമ്മം കഴിപ്പിച്ചിതു മൌര്യനും 59
ഭോജനശാലയും കാട്ടിക്കൊടുത്തഥ
രാജപൌത്രൻ ഗൃഹത്തിന്നു പോയീടിനാൻ. 60
വേഗം കുറച്ചഥ മൌര്യൻ വഴിയീന്നു
പോകുന്നനേരമീവണ്ണം നിരൂപിച്ചാൻ 61
ദൈവബലംകൊണ്ടെനിക്കു മനോരഥം
കൈവന്നിതിപ്പോളതിന്നില്ല സംശയം 62
ഇപ്പൃഥിവീസുരൻ തന്നെയാശ്രയിച്ചു ഞാൻ
കെല്പോടു ചെയ്യും പ്രതിക്രിയ നിർണ്ണയം 63
ഉഗ്രനായുള്ളൊരു വിപ്രനവൻ തന്നി-
ക്കൊഗ്രാസനനരപാലകന്മാരവർ 64
എന്നും കൊടുക്കയില്ലെന്നു വരുംപിന്നെ
മന്നവന്മാരതുമൂലം മുടിഞ്ഞുപോം 65
എന്നാലിനിക്കവരെന്നതും സാധിച്ചി-
തെന്നിങ്ങിനെ നിരൂപിച്ചു മൌര്യാത്മജൻ 66
ധന്യശീലൻ തെളിഞ്ഞേററമന്നേരം
ചെന്നു നിജപുരം പുക്കമരുവിനാൻ 67
ഭുക്തിശാലാന്തരേ ചെന്നു ചാണക്യനും
തത്ര കനിവോടു നോക്കിയനേരത്തു 68
പൊന്നിൻതളികകളൊമ്പതൊരുപോലെ
മാന്യങ്ങളായിക്കിഴക്കു നോക്കീട്ടവ 69
വെച്ചിരിക്കുന്നിതതിന്നനേരെ പിന്നെ
വെച്ചിരിക്കുന്നിതൊരു പൊൻതളികയും 70
വെള്ളത്തിലെന്നതുപോലെയതിൽച്ചില
വെള്ളിത്തളികകളായിരമുണ്ടല്ലോ 71

ചാണക്യനിങ്ങനെ കണ്ടോരു നേരത്തു
മാനിച്ചു പാചകന്മാരോടു ചോദിച്ചാൻ 72
"സ്വർണ്ണമയമൊരു പാത്രം വിശേഷിച്ചു
മാന്യസ്ഥലത്തു തെളിവോടു വെച്ചതും 73
പിന്നെയൊരൊമ്പതോരു പോലെ വെച്ചതും
ഇന്നവർക്കെന്നു പറഞ്ഞീടുവിൻ നിങ്ങൾ." 74
ഇത്ഥം പറഞ്ഞൊരു വിപ്രനോടന്നേരം
ഉത്തരമായുരചെയ്താരവർകളും. 75
"നന്ദനരാധിപന്മാർക്കിവയൊമ്പതും
പിന്നെയങ്ങെത്തീവന്ന വിപ്രന്മാരിൽ 76
അഗ്രാസനത്തിന്നു യോഗ്യനായ് പൂജ്യനായ്
ഭാഗ്യവാനായുള്ളവനെന്നറിഞ്ഞാലും 77
വന്നവർക്കാക്കവേ മറവുള്ള വയരിൽ
ഒന്നിങ്ങലിപ്പോൾ ഭവാനമർന്നാലും" 78
എന്നതു കേട്ടോരു കൗടില്യഭൂസുരൻ
"ഇനിവിടേക്കവൻ വന്നീടിന വിപ്രരിൽ 79
അഗ്ര്യനായുള്ളതു ഞാനോ"എന്നു ചൊല്ലിയ-
അഗ്രാസനേ ചെന്നിരുന്നാൻ കനിവോടെ 80
രാജപ്രവരസ്നാനം കഴിച്ചഥ
ഭോജനശാലയിൽ വന്നൊരു നേരത്തു 81
അല്പവയസ്സാം ദ്വിജനെയഗ്രാസനേ
കെല്പോടു കണ്ടിതു നേരമുരചെയ്താർ 82
"ഏതുവടുവിവൻ അഗ്രാസനത്തിന്മേൽ
ഏതുമേ ശങ്കകൂടാതെ കരയേറി 83
ധൃഷ്ടതയോടുമിരിക്കുന്നതാരിവൻ?
കഷ്ടമനാത്മജ്ഞൻ ശ്രൗത്രവാചകന്നും 84
കള്ളക്കരങ്ങിനെത്തള്ളിപ്പിടിച്ചുടൻ
തള്ളിപ്പുറത്തുകളവതിനാരുമേ 85
ഇല്ലയോ നമ്മുടെ ചോറു തിന്നുന്നവർ
എല്ലാവരുമെങ്ങു പോയാരിതു നേരം?" 86

ഇത്തരമെന്നവൻ ചൊന്നതു കേട്ടവൻ
ഇത്തരം ക്രുദ്ധനായുത്തരം ചൊല്ലിനാൻ 87
"മർക്കടനെങ്കിലും തസ്കരനെങ്കിലും
മത്സമനായിട്ടൊരുത്തനുണ്ടെന്നാകിൽ 98
അഗ്രാസനത്തിങ്കൽനിന്നിറങ്ങീടുവൻ
ഉഗ്രമായ്ച്ചിലർ പറഞ്ഞാലിറങ്ങുമോ? 89
നാലുവേദങ്ങളുമാറുശാസ്ത്രങ്ങളും
വേലകൂടാതെ ദൃഢമായ്വിളങ്ങുന്ന 90
എന്നെ പരീക്ഷിക്കവേണമെന്നുണ്ടെങ്കിൽ
വന്നു പരീക്ഷിച്ചുകൊള്ളുക വൈകാതെ 91
ഗർവ്വിതന്മാരായ നിങ്ങളെപ്പേടിച്ചു
ഉർവ്വാക്ക കെട്ടിറങ്ങിപ്പോകയില്ല ഞാൻ" 92
രോഷം സഹിച്ചുടൻ ന്യായം പറയുന്ന
ഭൂസുരശ്രേഷ്ഠനായുള്ള ചാണക്യനെ 93
ഭൃത്യജനങ്ങളും കുടുമ്മ ചുറ്റിപ്പിടി–
ച്ചത്രയും കഷ്ടമായ്ത്തള്ളിയിഴച്ചവർ 94
ഭോജനശാലയിൽനിന്നു പുറത്തിങ്ങു
രാജഭൃത്യന്മാർ പിടിച്ചു തള്ളീടിനാർ 95
ഊക്കർ പിടിച്ചു വലിക്കുന്ന നേരത്തു
കച്ചയഴിഞ്ഞു കുടുമ്മയും വസ്ത്രവും 96
വൃദ്ധനാമീടന്നാമറയോരു വിപ്രനെ
സത്വരമഗ്രാസനത്തിന്മേലാക്കിനാർ 97
ചാണക്യനപ്പോഴുദിച്ചൊരു കോപത്തെ
ഞാനെങ്ങിനെ പറയുന്നു ശിവശിവ!! 98
പല്ലുതടഞ്ഞു വീണ്ടൊരു നേരമത്ര
നില്ലാതെ കോപേന കുത്തിപ്പറിച്ചുടൻ 99
ചുട്ടുപലകക്കിടിച്ചു മഹീസുരൻ
കഷ്ടമിക്കോപം സഹിക്കുന്നതെങ്ങിനെ 100
പാരം പൊഴിഞ്ഞുള്ള രോഷം ജ്വലിച്ചവൻ
ഘോരമാം വണ്ണം പ്രതിജ്ഞ ചെയ്തീടിനാൻ 101

“മുഖ്യനായ് പൂജ്യനായുള്ളോരു ഞാനിന്നു
ധിക്കൃതനായതുകൊണ്ടുമന്യദ്വിജൻ 102
പൂജിതനായതുകൊണ്ടും സ്വപക്ഷ
നീചരാമിങ്ങളെ വെട്ടിവധിപ്പിച്ചു 103
മറെറാരു ശൂദ്രനെ വാഴിച്ചിവിടെ ഞാൻ
തെററെന്നു ചൂഡയെ കെട്ടുന്നതുണ്ടല്ലോ 104
ദുഷ്ടരാം ക്ഷത്രിയക്ഷുദ്രരേ! മൂഢരേ!
പെട്ടെന്നു ഞാനതു ചെയ്യുമറിഞ്ഞാലും” 105
ഘോരമായിത്ഥം പ്രതിജ്ഞയും ചെയ്തവൻ
ധീരനായ് കോപിച്ചുപോകുന്ന നേരത്തു 106
കണ്ടുനിന്നീടുന്ന സജ്ജനമൊക്കവേ
മിണ്ടാതെ നിന്നിതു കഷ്ടമേയെന്നവും 107
“ക്ഷുൽഭ്രാന്തികൊണ്ടു വിവശനായീടുന്ന
വിപ്രൻ പറയുന്ന ഭാഷിതം കേട്ടില്ലേ” 108
ഭൂമിപന്മാർ പറഞ്ഞന്യോന്യമിങ്ങിനെ
കാമമാം വണ്ണം ഭുജിച്ചുകൊണ്ടീടിനാർ 109
ചാണക്യനപ്പോളന്നേരമത്യുഗ്രമാം പ്രക
മാനമുൾക്കൊണ്ടവൻ തന്നോടു ചൊല്ലിനാൻ 110
“നന്ദരാജ്യത്തിങ്കലേക്കു നീ രാജാവു
മന്ത്രിയാകുന്നതും ഞാനെന്നറിഞ്ഞാലും” 111
ചാണക്യവാക്കുകളിങ്ങിനെ കേട്ടവൻ
താണുതാഴ്ന്നു വിനീതനായ് ചൊല്ലിനാൻ 112
“എന്തിങ്ങിനെയങ്ങു ചെയ്യുന്നതു ഭവാൻ
എന്തെന്നെനിക്കുള്ളിലൊന്നുമായതില്ലേതും” 113
എന്നതു കേട്ടു ഭവിച്ചു ഗുപ്തൻ താനും
മന്നവർ ചെയ്തധിക്കാരവും തന്നുടെ 114
ഘോരമായോരു പ്രതിജ്ഞയുമന്പോടു
മൌര്യനോടൊക്കവേയും പറഞ്ഞീടിനാൻ 115
ചന്ദ്രഗുപ്തൻ താൻ നിരൂപിച്ചിരുന്നതി-
നന്തരം ക്രുദ്ധമതു കേട്ടു സന്തോഷിച്ചു 116

തൽപരംകമ്പിട്ടവനെഗ്ഗുരുവെന്നു
കല്പിച്ചുസഖ്യവുംചെയ്തിതുതങ്ങളിൽ 117
മൌൎയ്യനോടൊക്കെപ്പറയേണമെന്നുംപറ-
ഞ്ഞാൎയ്യമതിയായചാണക്യഭൂസുരൻ 118
യാത്രയുംപിന്നെയവനോടുരചെയ്തു
ധാത്രീസുരൻതന്നിടത്തിന്നുപോയിനാൻ 119
മൌൎയ്യതനയനുംചാണക്യവിപ്രനും
കാൎയ്യങ്ങളന്യോന്യംകണ്ടുപറഞ്ഞതും 120
തങ്ങളിൽസഖ്യംതെളിവോടുചെയ്തതും
ഏതുമൊരുത്തരറിഞ്ഞതുമില്ലല്ലോ 121
തന്നിടംപുക്കാനവിഷ്ണുഗുപ്തൻപിന്നെ
തന്നുടെസബ്രഹ്മചാരിയായുള്ളൊരു 122
ഇന്ദുശൎമ്മാവായവിപ്രനോടൊക്കവേ
നന്ദഭൂപാലന്മാർതന്നോടുചെയ്തതും 123
ഘോരതരമായ്പ്രതിജ്ഞതാൻചെയ്തതും
നേരോടുരചെയ്തറിയിച്ചനന്തരം 124
ജ്യോതിഷത്തിങ്കലുംമന്ത്രവാദത്തിലും
ചാതുൎയ്യമേറീടുമിന്ദുശൎമ്മാവുതാൻ 125
സൎവ്വകാൎയ്യങ്ങളവനോടുരചെയ്തു
സൎവ്വനന്ദന്മാർകുലത്തെയൊടുക്കുവാൻ 126
ഉൾക്കനമൊക്കെക്കൊണ്ടുമുദ്രയുമിട്ടവൻ
പൊക്കണംകെട്ടിപ്പുറത്തിട്ടുധീരനായ് 127
ദണ്ഡവുംതെച്ചുനിസ്പൃഹനായഥ
ഖിന്നയുമായൊരുയോഗിവേഷംപൂണ്ടോൻ 128
പീലിയുംകെട്ടിയെടുത്തുരുദ്രാക്ഷ-
മാലയുംമാൎവ്വിലണിഞ്ഞുവിനീതനായ് 129
ബുദ്ധമുനിമതംതൻശ്രീച്ചനിത്യവും
ചിത്തമുറപ്പിച്ചുനന്ദരാജ്യത്തിങ്കൽ 130
മുറ്റുമിതങ്ങുദിവസംകഴിച്ചവൻ
മറ്റൊന്നിനുമൊരുകാംക്ഷയുംകൂടാതെ 131

ആവശ്യകൎത്തവ്യംപറഞ്ഞുമുനികളെ
പാവനശീലനായിട്ടക്ഷപണകൻ 132
കിഞ്ചനവഞ്ചനസംശയംകൂടാതെ
ചഞ്ചലംകൈവിട്ടുസഞ്ചരിച്ചീടിനാൻ 133
കഷ്ടമായുള്ളൊരാവിപ്രനിരാസവും
നിഷ്ഠുരമായവൻചെയ്തശപഥവും 134
കേട്ടുവിഷാദവുംഭീതിയുംപൂണ്ടഥ
ശിഷ്ടനാംമന്ത്രികുലോത്തമൻരാക്ഷസൻ 135
ദീൎഘമായുള്ളൊരുഭയംപൂണ്ടതിനൊരു
മാൎഗ്ഗമെന്തെന്നുവിചാരംതുടങ്ങിനാൻ 136
ശത്രുക്കളെക്കുറിച്ചവനേതാനും
അരിചാരങ്ങൾചെയ്തീടുമല്ലോദ്രുതം 137
ചന്തമോടിന്നിതുനിന്ദ്രവാനാരെന്നു
ചിന്തിച്ചിരുന്നിതുമന്ത്രിപ്രവരനും 138
മറെറാതമാൎഗ്ഗമുണ്ടെന്നതറിയാതെ
മുറ[illegible]ിരുന്നിതുചിന്തിച്ചിരുന്നീടിനാൻ 139
ആകാലമൊന്നുകേട്ടീടിനാനിങ്ങിനെ
യുക്തിക്കാനുഴന്നിരിക്കുന്നൊരുരാക്ഷസൻ 140
ഉണ്ടുപോലിന്നൊരുതൻമന്ത്രചാരിയായ്
കണ്ടവൎക്കൊക്കെപ്രവൃത്തിച്ചുനിത്യവും 141
ഉണ്ടായശത്രുബാധാദികൾപോക്കുവാൻ
കണ്ടിട്ടില്ലവനെപ്പോലെയാരെയും 142
നാട്ടിൽനടക്കുന്നതുണ്ടവനെന്നതു
കേട്ടതെളിഞ്ഞൊരുമന്ത്രികുലോത്തമൻ 143
കാലവിളംബനംകൂടാതവനെയും
ആളയപ്പിച്ചുകൂട്ടിക്കൊണ്ടുപോന്നിഹ 144
മോദേനചെന്നവൻതന്നോടുരാക്ഷസൻ
ചോദിച്ചിതു“ഭവാനാരെന്നുചൊല്ലുക” 145
ഇത്ഥമമാത്യൻപറഞ്ഞതുകേട്ടവൻ
എത്രയുംതാണുവിനീതനായ്ചൊല്ലിനാൻ 146

“മന്ത്രിപ്രവരമഹാമതേ! ഞാനൊരു
മാന്ത്രികനാകുന്ന യോഗിയാകുന്നതും 147
ജ്യോതിഷമന്ത്രവാദങ്ങളെന്നുള്ള തി-
ന്നേതുമൊരു കുറവില്ലെന്നറിഞ്ഞാലും 148
ജീവസിദ്ധിയെന്നിനിക്കുപേരാകുന്നു
കേവലം ഭോജനം തന്നാൽ മതി താനും” 149
ഇത്ഥം ക്ഷപണകൻ ചൊന്നതു കേട്ടവൻ
ചിത്തേ നിരൂപിച്ചുകൊണ്ടാനതു നേരം 150
സത്യമിബ്ബ്രാഹ്മണനും ക്ഷപണന്മാരും
നിത്യവും വൈരമേറീടും പരിഷകൾ 151
എന്നതുകൊണ്ടു വിപ്രാദിചാരാദികൾ
ഇനിയിവനെക്കൊണ്ടു നിറ്റുന്നതുണ്ടു ഞാൻ 152
നിശ്ചയിച്ചവമുറച്ചഥ രാക്ഷസൻ
വിശ്വസിച്ചപ്പോളവനോടുരചെയ്താൻ 153
വിപ്രകോപാദികളൊക്കവേയും പുന-
രപ്പോൾ ക്ഷപണനതു കേട്ടു ചൊല്ലിനാൻ 154
“ശ്രാവകശ്രേഷ്ഠ! മഹാമതേ! മാനസേ
താപവും ഭീതിയുമുണ്ടാകരുതേതും 155
അന്തണരെന്ന ഘോരദുർബ്ബലന്മാരവർ
ചിന്തിക്കിലെത്രയും ഭീരുക്കളല്ലയോ? 156
കൈയ്യൂക്കുമില്ലാ പടയുമില്ലാ പാർത്താൽ
മെയ്യൂക്കുമൊട്ടില്ലുണ്മാനതിവീരന്മാർ 157
പിന്നെച്ചിലതിലാദി ചാരാദികൾ
നന്നായ്സ്സൂറിക്കം ദിവസം കഴിപ്പാനായ് 158
ഏതാനുമൊന്നതുകൊണ്ടു ചെയ്തീടുകിൽ
ഏതെങ്കിലും തടുത്തീടുവാനാളു ഞാൻ 159
ഇന്നതിനെന്നോടു തുല്യനായാരുമി-
ല്ലെന്നതറിഞ്ഞിരിക്കേണം മഹാമതേ!” 160
ഇത്ഥം പലവും പറഞ്ഞു ഫലിപ്പിച്ചു
ചിത്തം തെളിഞ്ഞൊരു രാക്ഷസനന്നേരം 161

മാനിച്ചവനെത്തെളിയിച്ചിരുത്തിനാൻ
ഊനംവരാതെയിരുന്നാനവൻതാനും 162
പൃഥ്വീപതികൾക്കവനത്രകാല-
മെത്രയുംപാരംജ്വരംപിടിപ്പിച്ചതേ 163
"ചാണക്യനെന്നവൻ ചെയ്യാഭിചാരമി-
താണെന്നതെ"ന്നു പറഞ്ഞു ക്ഷപണകൻ 164
തജ്ജ്വരംപീലിയുഴിഞ്ഞു ശമിപ്പിച്ചാൻ
വിജ്വരന്മാരായിവന്നിതവർകളും 165
"ഇത്തരമോരോന്നു ചെയ്യുംവിപ്ര"നെന്നതു
സത്യമായെല്ലാവരോടും പറഞ്ഞവൻ 166
സമ്മതിപ്പിച്ചു നൃപാലരെക്കൊണ്ടവൻ
ബ്രാഹ്മണസംഘമായുള്ള ശല്യമടക്കിച്ചാൻ 167
നന്ദനൃപന്മാർക്കുപിന്നെ ക്ഷപണകൻ
ഭ്രാന്തുപിടിപ്പിച്ചുടനേ ശമിപ്പിച്ചാൻ 168
ഭ്രാന്തുംപനിയുംകളഞ്ഞൊരു യോഗിക്ക
സന്തോഷമുൾക്കൊണ്ടു രാജപ്രവരന്മാർ 169
എണ്ണമില്ലാതോളമുള്ള രത്നങ്ങളും
പൊന്നുംപണവുംകൊടുത്താരസംഖ്യമായ് 170
മംഗലകാന്തികലർന്നരത്നങ്ങളും
മങ്ങാതെയുള്ള സുവർണ്ണങ്ങളുമവൻ 171
കല്ലുകൾ കാണങ്ങളുമിങ്ങുമെറിയുംപോലെ
കില്ലുകൂടാതെയെറിഞ്ഞുകളഞ്ഞുതേ 172
അന്നുതുടങ്ങിക്ഷിതിപാലകന്മാരും
മന്നവർക്കിഷ്ടനാം മന്ത്രിപ്രവരനും 173
എത്രയുംവിശ്വാസമോടവനെക്കുറി-
ച്ചത്യന്തവിസ്മയമോടിരുന്നീടിനാർ. 174
പിന്നെക്കുറഞ്ഞൊരുകാലംകഴിഞ്ഞപ്പോൾ
മന്നവന്മാരോടു ചൊന്നാൻക്ഷപണകൻ. 175
"ഞാനിഹലക്ഷണംകൊണ്ടു പറയുന്നു
മാനിയായുള്ളൊരു ചന്ദ്രഗുപ്തനിവൻ 176

നാട്ടിലിരിക്കുന്നതൊട്ടുമാകാ ദൃഢം
ആട്ടിക്കളക പുറത്തിനി വൈകാതെ." 177
എന്നതു കേട്ടൊരു നന്ദനൃപാലന്മാർ
ചെന്നുടൻ നാട്ടിക്കളഞ്ഞാരവനെയും 178
ആരുമറിയാതെ പിന്നെ ക്ഷപണകൻ
മൌര്യന്റെ പിന്നാലെ കൂടെപ്പുറപ്പെട്ടാൻ. 179
പുഷ്പപുരത്തിങ്കൽനിന്നൊരു നാല്പതും
ശില്പമായുള്ളൊരു കാതം വഴിയുള്ള 180
വർദ്ധമാനാഖ്യമാം ഗ്രാമേ തിരഞ്ഞവൻ
എത്തിയവനെയവിടെയിരുത്തീട്ട് 181
പാടലിപുത്രമാകുന്ന പുരത്തിങ്ക-
ലോടിവന്നീടിനാനാരുമറിയാതെ 182
മാന്ത്രികനാകും ക്ഷപണകനിങ്ങിനെ
ചിന്തിച്ചു പിന്നെയും ലക്ഷണം ചൊല്ലിനാൻ. 183
"കാട്ടിലിരുന്നു രഹസ്യമായിട്ടൊരു
കാട്ടാളരാജനോടും കൂടെയൊരുമിച്ചു 184
ക്ഷുദ്രപ്രയോഗങ്ങൾ ചെയ്യുന്നതുണ്ടൊരു
വിപ്രനെന്നുള്ളതു തോന്നുന്നിതിക്കാലം 185
എന്തിനി വേണ്ടതിനെന്നു നിങ്ങളും
ചിന്തിച്ചു കല്പിച്ചുകൊള്ളുക വൈകാതെ." 186
മന്നവന്മാരതു കേട്ടു കോപിച്ചഥ
മുന്നം ശബരരെച്ചെന്നു നൽകീടുന്ന 187
ജീവിതവും മുടക്കീടിനാരക്കാലം
കോപിതനായതുമൂലം ബലാലവൻ 188
നാട്ടിനയൽനാടുവാഴിയായുള്ളൊരു
കാട്ടാളനും വിപരീതമായ്വന്നതേ. 189
മൌര്യനതു വഴിപോലെയറിഞ്ഞഥ
വീര്യവാനാകും കിരാതാധിനാഥനെ 190
പാവനമാന സൽപൈതൃകാർത്ഥംകൊണ്ടു
ജീവിതവും നൽകി മിത്രമാക്കീടിനാൻ. 191

പിന്നെയുംതാതനെസ്നേഹമുള്ളോർകളെ
നന്നായ്വശീകരിച്ചീടിനാൻമൌൎയ്യനും. 192
ചാണക്യനംപുനരിന്ദ്രശൎമ്മാവിനെ
താനെപറഞ്ഞയച്ചോരനന്തരം 193
പുഷ്പപുരത്തിന്നുനേരെവടക്കോട്ടു
കെല്പോടുപോയാനൊരെത്രയോജന 194
ഗൎവ്വിതനായവിടെമരുവീടിന
പൎവ്വതകാഖ്യനാംമ്ലേച്ഛാധിനാഥനെ 195
ചെന്നുസേവിച്ചിതുബുദ്ധിബലംകൊണ്ടു
തന്നുള്ളിലുള്ളതെല്ലാംപറഞ്ഞീടിനാൻ:— 196
"മ്ലേച്ഛകുലേശ്വര!വീരശിഖാമണേ!
സച്ചരിതേ!നിൻകൃപയൊഴിഞ്ഞില്ലമെ 197
നന്ദനാമാകിതന്മാരാസുരവൃന്ദ
മന്ദമതികളാംമന്നവർചെയ്തോരു 198
ധിക്ക്രിയകൊണ്ടുകുപിതനായോരുഞാൻ
അക്കുലമൊക്കെയൊടുക്കിക്കളഞ്ഞുടൻ 199
മൌൎയ്യനുരാജ്യംകൊടുത്തീടുവനെന്നു
ധൈൎയ്യമോടേവംപ്രതിജ്ഞചെയ്തീടിനേൻ, 200
ഇന്നതുചെയ്യുവതിന്നാരുമില്ലാഞ്ഞിഹ,
വന്നേനഹമെന്നറികൃപാനിധേ! 201
വൻപടയോടുമൊരുമിച്ചുപോന്നുനീ
കമ്പമിയലാതെനന്ദരാജാക്കളെ 202
വെട്ടിക്കൊലചെയ്കവെങ്കിൽമേവാനുഞാൻ
നാട്ടാലൊരർദ്ധംപകുത്തുതന്നീടുവൻ. 203
ബന്ധുവായിന്നുമേവാനതുചെയ്കിലൊ
സന്ധിച്ചുകൂടുംമനോരഥമൊക്കവെ" 204
ഭൂസുരനാകിയചാണക്യനിങ്ങിനെ
ഭാസുരമായിപ്പറഞ്ഞതുകേട്ടാൻ 205
വമ്പരിൽമുമ്പനായെത്രയുംശക്തനാം
തമ്പിയായുള്ളൊരുവൈരോധകനോടും 206

തത്രമലയകേതുപ്രമുഖന്മാരാം
പുത്രരോടും നിജമിത്രജനത്തോടും 207
ബുദ്ധിയേറീടുമമാത്യജനത്തോടും
ചിത്തമൊത്തേററം വിചാരം തുടങ്ങിനാൻ 208
"നീതിമാനേററമീച്ചാണക്യഭൂസുരൻ
ഏതുമതിനില്ലകില്ലെന്നറിയേണം 209
ശത്രുബലാബലാദ്യമറിയുന്നവ-
നശ്രാജ്യം ലഭിച്ചീടുമിതു ചെയ്താൽ 210
ഇപ്പുനല്ലോമുരാപൗത്രനതുകൊണ്ടു
നിശ്ചയമശ്മല്ലാകവേയെന്നതും" 211
മന്ത്രിച്ചുതമ്മിലീവണ്ണം വിചാരിച്ചു
മന്ത്രിപദം വിഷ്ണുഗുപ്തന്നു നൽകിനാൻ 212
അന്യരാം ക്ഷ്മാപതികളാം പർവ്വത-
മന്നരെയും വശത്താക്കിനാൻ ചാണക്യൻ 213
നന്ദരാജ്യത്തിനക്കൂട്ടന്നിതുപട-
യെന്നുള്ളതാരുമറിയാതിരിപ്പാനായ് 214
മറെറാരുക്ഷ്മാപനോടെല്ലതിനെന്നവർ
തെററെന്നൊരു ഘോഷവും നടത്തിടിനാർ 215
വീരനായുള്ളൊരു പർവ്വതരാജനും
ധീരനായുള്ളൊരു വൈരോധകൻതാനും 216
പുത്രനായുള്ള മലയകേതുതാനും
എത്രയുമൂക്കുള്ള മന്ത്രിജനങ്ങളും 217
ബന്ധുക്കളും പഞ്ചസേനാധിപന്മാരും
സിന്ധുനിവാസികളായ ശകന്മാരും 218
പാരസീകന്മാർ യവനഗണങ്ങളും
വീരരായീടുന്ന ബന്ധുജനങ്ങളും 219
ആനതേർകാലാൾ കുതിരപ്പടകളും
ആനകശംഖമൃദംഗാദിവാദ്യവും 220
കൈവേതികളിത്തിരക്കിട്ടൊരുകൊട്ടു
വൈകാതെ നടന്നു കലുങ്ങി ധരിത്രിയും 221

നന്ദരാജ്യത്തിന്നുപോകുന്നതെന്നതും
ഒന്നുമറിഞ്ഞീലതിലുള്ളവർകളും 222
ചാരത്തിരിക്കുന്നവൎക്കറിയാത്തതു
ദൂരത്തിരിക്കുന്നവൎക്കറിയാവതോ? 223
ചാണക്യചാരന്മാർപോക്കൽനിന്നക്ഷമ
മാനസേനനായ്ഗ്രഹിച്ചുക്ഷപണകൻ 224
ചെന്നുടൻനന്ദസേനാധിപന്മാരോടു
ചൊന്നാൻരഹസ്യമായ്പ്രത്യേകമന്നേരം:— 225
"ആഷാഢകൃഷ്ണപക്ഷാദികഷഷ്ഠിന്നു
ഘോഷന്മാര! കുജവാരേ ഭിപുജനം 226
കെല്പോടുകൂടവേവന്നുവളയുമി
ഷ്പപുരമതിനില്ലൊരുസംശയം 227
അന്നുപടയ്ക്കുപോയീടുന്നതാകിലോ
വന്നുപോംമൃത്യുഭവാനെന്നറിഞ്ഞാലും 228
കാലദോഷംഭവാനേറയുണ്ടിക്കാലം
ഏലാതെനിന്നുകൊൾവാൻകരുതീടെടോ! 229
ഇന്നിനിക്കേറ്റവുംസ്നേഹമുണ്ടാകയാൽ
വന്നുഭവാനോടുചൊന്നേൻരഹസ്യമായ് 230
ഒന്നുമൊരുത്തരോടുമുരിയാടൊല്ല
നന്നല്ലതിൽചിലദോഷങ്ങളുണ്ടെടോ 231
മുമ്പിലിദ്ദോഷംകൊണ്ടുമവനാകിലോ
വമ്പടവന്നുവളയുമതുനേരം 232
ഒന്നുമുപായമില്ലാതെവലഞ്ഞുപോം
എന്നതുകൊണ്ടുഞാൻപിന്നെയുംചൊല്ലുന്നു" 233
പ്രത്യേകമോരോരുത്തനോടുഗൂഢമായ്
"സത്യമിതെ"ന്നുപറഞ്ഞുബോധിപ്പിച്ചാൻ. 234
ലക്ഷണക്കാരനിവൻപറയുന്നതു
സത്യമാകുന്നവരുമെന്നുറച്ചവർ 235
അന്നുപടയ്ക്കുപോകേണ്ടിവരുമെന്നു
തന്നുള്ളിലുള്ളൊരുപേടിപൂണ്ടെല്ലാരും 236

ഓരോരോ കാൎയ്യമുണ്ടെന്നു പറഞ്ഞുടൻ
ഓരോരോ ദിക്കിൽ പുറപ്പെട്ടുപോയിനാർ. 237
ഘോരതരമാം പടയോടു കൂടവേ
ധീരതയോടഥ പൎവ്വതരാജനും 238
അൎദ്ധരാത്രിക്കുടൻ ചന്ദ്രഗുപ്തൻ വാഴും
ഉത്തമദേശത്തു വന്നാൻ കനിവോടേ 239
അപ്പോൾ ചണകാത്മജശക്തിയാൽ മൌൎയ്യനും
ശില്പമാലൈശ്വൎയ്യമാം മണ്ഡപകത്തിൽ 240
പാതിയും പൎവ്വതരാജനു നല്കിനാൻ
ചാതുൎയ്യമോടു ബന്ധുതയുണ്ടാക്കുവാൻ 241
രാത്രിയും പിന്നെക്കഴിഞ്ഞോരനന്തരം
യാത്രതുടങ്ങീതിളകി പെരുമ്പട 242
പൎവ്വതരാജനും ചാണക്യവിപ്രനും
ഗൎവ്വം നടിച്ചൊരു വൈരോധകാരിയും 243
മ്ലേച്ഛഗണങ്ങളും പാരസീകന്മാരും
ഉച്ചത്തിലാമ്മാർ നിലവിളിച്ചീടവേ 244
പുഷ്പപുരിക്കു വടക്കും കിഴക്കുമായ്
കെല്പോടു ചെന്നുവളഞ്ഞോരുനേരം 245
മൌൎയ്യതനയനാം കാട്ടാളരാജനും
വീൎയ്യമേറീടും കുതിരപ്പടകളും 246
മറെറപ്പുറമെയടുത്തിരുഭാഗവും
തെറെറന്നു ചെന്നുവളഞ്ഞോരവർകളും. 247
ശത്രുക്കൾ ചെന്നുവളഞ്ഞതു കേട്ടഥ
ശങ്കിതരായീടുന്ന നന്ദരാജാക്കളും 248
യുദ്ധസന്നാഹോരസ്സല്ലും ധരിച്ചതി
ക്രുദ്ധരായ് സേനാപതികളെയൊക്കവേ 249
ചെന്നുവിളിച്ചതുനേരമൊരുത്തനും
വന്നതുമില്ല മരണഭയത്തിനാൽ 250
ഒട്ടുചിലതുഴന്നങ്ങുമിങ്ങുംപോയാർ
ഒട്ടുചിലരകംപുക്കൊളിച്ചീടിനാർ 251

അപ്പോൾനിലവിളിച്ചെത്തിയലോകരും
പശ്ചപുരമുഖത്തിലുള്ളജനങ്ങളും 252
ഒക്കവെകൂടിയൊരുലക്ഷമുണ്ടതിൽ
ചിക്കെനപ്പാർത്ഥിപ്പടയൊടുകൂടവെ 253
ചന്ദ്രചൂഡൻറമതിവിഭ്രമമാകവെ
യന്തരാചിന്തിച്ചുചിന്തിച്ചുരാക്ഷസൻ 254
രൂക്ഷനാസ്ത്രിട്ടുംധരിച്ചുയുദ്ധത്തിനായ്
ദക്ഷിണഗോപുരത്തൂടെപുറപ്പെട്ടാൻ. 255
മെത്സ്യസുതനുംകിരാതാധിനാഥനും
വീര്യമടച്ചുനില്ക്കുന്നതിന്നിപ്പുറം 256
അർണ്ണവംപോലെപരന്നപടയുമായ്
ചെന്നുനിന്നീടിനാൻമന്ത്രിപ്രവരനും 257
തേരിലേറിപ്പുറപ്പെട്ടുസന്നദ്ധരായ്
വീരമകുടമണികൾനൃപന്മാരും 258
കംരവുംകൊമ്പുംപൊതിഞ്ഞഥപൊന്നിനാൽ
കമ്പമില്ലാത്തൊരുകരിവരന്മാരും 259
കാററിനെക്കാൾവേഗമോട്ടുരഥങ്ങളും
തേരെററന്നപായുംകുതിരപ്പടകളും 260
വാളുംപരിചയുംവില്ലുംശരങ്ങളും
ചാലതെളിക്കെക്കടത്തചക്രങ്ങളും 261
കുന്തംചവളങ്ങൾവേലുകളീട്ടികൾ
ചന്തമിയലുന്നതോമരജാലവും 262
പട്ടസംനല്ലഗദകൾശതഘ്നികൾ
നിഷ്ഠുരമായമുസലശ്ശൂലങ്ങളും 263
ശക്തികൾവെണ്മഴുവെന്നിതരമുള്ള
ശസ്ത്രങ്ങളെക്കൊണ്ടെടുത്തുസന്നദ്ധരായ് 264
ചട്ടയുംതൊപ്പിയുമിട്ടുകെട്ടിക്കൊണ്ടു
ധൃഷ്ടരായേറ്റുവന്നപത്തിവരന്മാരും 265
നല്ലവടികളെടുത്തുനിലവിളി–
ച്ചുള്ളതെളിഞ്ഞുള്ളകാട്ടിപ്പടകളും 266

ശംഖമൃദംഗപടഹാദിവാദ്യവും
ശങ്കവെടിഞ്ഞഥരാജപ്രവരനും 267
ചിത്തമുറപ്പിച്ചൊത്തമിച്ചു ചന്ദ്രൻ
ഉത്തരഗോപുരത്തൂടെപ്പുറപ്പെട്ടാർ. 268
പാർവ്വതരാജപ്പടയോടുകൂടവെ
ഗർവ്വംനടിച്ചുടനേററാരവർകളും 269
യുദ്ധത്തിനായ്ക്കൊണ്ടുമന്ത്രിപ്രവരനെ
ബദ്ധസന്നാഹനായ്ക്കണ്ടൊരുമൌര്യനും 270
താണുതൊഴുതുനിവിരെവിളിച്ചവൻ
മാനമോടേവംമൊഴിപറഞ്ഞീടിനാൻ:— 271
"മന്ത്രികുലോത്തമ! കേൾക്കമഹാമതേ!
മന്ത്രശാലാന്തരാളത്തിങ്കലിട്ടുനീ 272
പട്ടിണിയിട്ടുകൊല്ലിച്ചീലയോ ചൊല്ലു
കഷ്ടംഭവാൻചെയ്തന്ന്യായമൊക്കയും 273
രാജപുത്രത്വമുണ്ടാകയാൽത്തങ്ങൾക്ക
രാജ്യൈകദേശമവകാശമുണ്ടെടോ! 274
ന്യായമായുള്ളവകാശംതരികിലി–
ന്നാശുമതേ! ശമിപ്പിക്കാംമഹാരണം." 275
ഇത്ഥമുരചെയ്തുമൌര്യനോടന്നേരം
ക്രുദ്ധനായ് രാക്ഷസൻതാനുമുരചെയ്തു:— 276
"പാപമതിയായനിന്നുടെ ദുർന്നയം
കേവലംഞാനിങ്ങറിഞ്ഞിരിക്കുന്നിട്ടും 277
പോരുമിനിപ്പരുഷങ്ങൾപറഞ്ഞതും
പോരിന്നുനേരെവരികവിരവിൽനീ" 278
വമ്പനാംരാക്ഷസൻചൊന്നതുകേട്ടവൻ
മുമ്പിൽപറഞ്ഞതുപിന്നെയുംചൊല്ലിനാൻ 279
"ഇന്നവകാശംതരികെ"ന്നുമൌര്യനും
"വന്നുനീപോർചെയ്ക"യെന്നുമന്ത്രീന്ദ്രനും 280
എന്നിങ്ങനെവിവാദിച്ചുതന്നേരവർ
നിന്നാർകലഹംതുടരാതിരുവരും 281

വാളും പരിചയും കൈക്കൊണ്ടു മന്നവർ
മീളുന്ന തേരിന്നിറങ്ങിയണഞ്ഞവർ 297
പർവ്വതരാജപ്പടസമ്പ്രക്രുദ്ധത്തിൽ
നിർവ്വിചാരന്മാരതായ്ച്ചെന്നു ചാടിനാർ. 298
ശ്ലിഷ്ടഗണങ്ങളും വെട്ടിക്കൊന്നനേരം
ചാട്ടിൽപിടിച്ചുടനെത്തു ചാണക്യൻ 299
വമ്പടവേഗേന പായുന്നനേരത്തു
മുമ്പിൽ കടന്നു തടുത്തു ചൊല്ലീടിനാൻ: 300
“മണ്ടുന്നതിപ്പോളെവിടേക്കു നിങ്ങളെ
കൊണ്ടുവന്നോരു ഞാൻ കണ്ടിരിക്കവേ? 301
ഒമ്പതുപേർനൃപന്മാരെയിവരുള്ള
കമ്പം കളഞ്ഞു പടക്കൂട്ടത്തിലിവിൻ 302
കൂടിമരിപ്പാനൊരുങ്ങും നൃപന്മാരെ
പേടികളഞ്ഞു കൊലചെയ്കവേണ്ടുകാര്യം” 303
എന്നതു കേട്ടവരാകെത്തിരിഞ്ഞിങ്ങു
നന്നായണഞ്ഞു പോർ ചെയ്തു തുടങ്ങിനാർ. 304
പർവ്വതനാഥനും വൈരോധകൻതാനും
പർവ്വതപുത്രൻ മലയകേതുതാനും 305
പഞ്ചസേനാധിപന്മാരുമൊരുമിച്ചു
ചഞ്ചലമെന്യേയടുത്താരതുനേരം. 306
കൂട്ടത്തിലാൾക്കാരെക്കൊണ്ടതുനേരം
വെട്ടുകൊണ്ടിട്ടിച്ചു നന്ദനൃപന്മാരും 307
വെട്ടുകൊണ്ടറ്റു പിളർന്നിതന്നേരം
പെട്ടിതന്നേകത്തുറായിരം ശ്ലിഷ്ടം 308
തെറ്റെന്നു നന്ദനൃപന്മാരെയന്നേരം
ചുറ്റും വളഞ്ഞു പോർ ചെയ്തൂ രഥികളും 309
തങ്ങളെയും മറന്നപ്പോളരചന്മാർ
മങ്ങാതെ നിന്നു പോർ ചെയ്യുമന്തരേ 310
പർവ്വതകാദികൾ വെട്ടിക്കൊലചെയ്തു
സർവ്വനന്ദന്മാരെയൊന്നൊഴിയാതെയും. 311

സ്വർഗ്ഗലോകത്തിന്നലങ്കാരമാകും
നിർമ്മിച്ചീടിനോരപ്പാരിൽ മരിക്കയാൽ; 312

പേടിയോടോടിനാർ ശേഷിച്ചവർകളും
ക്രൂരന്മാരാകിയ ശത്രുവൈരികളും 313

വമ്പുകെട്ടുമണ്ടുന്നോരാഘോഷവും
വമ്പുള്ളരികൾതന്നിലവിളിഘോഷവും 314

കേട്ടുകൊണ്ടാകുലപ്പെട്ടുഭയംപൂണ്ടു
പെട്ടെന്നവിടെക്കവന്നിട്ടുരാക്ഷസൻ 315

പാരതിൽ വീണുകിടക്കുന്നതുകണ്ടു
ചോരയണിഞ്ഞതനൂജന്മാരെയുമവൻ 316

ഇങ്ങിനെകണ്ടന്നേരത്തവനകം
തിങ്ങിനശോകേനകണ്ണുനീരുംവാർത്തു 317

അന്തഃപുരംപുക്കു സർവ്വാത്മസഖിയോടെ
വന്ദിച്ചുവന്നടന്നതെല്ലാമറിയിച്ചാൻ 318

മക്കൾമരിച്ചതും കേട്ടു മഹീപതി
ദുഃഖമുൾക്കൊണ്ടു മറിഞ്ഞുവീണീടിനാൻ 319

മന്നനെച്ചെന്നുപിടിച്ചിതുരാക്ഷസൻ
പിന്നെയമ്മന്നൻ വിലാപം തുടങ്ങിനാൻ 320

“അയ്യോ മതിച്ചിട്ടാവൃദ്ധനായൊരെന്നെയും
കൈയ്യൊഴിക്കുള്ള കുമാരന്മാരേ! നിങ്ങൾ 321

നിങ്ങളെ വാഴിച്ചു പാവാനിരുന്നു ഞാ–
നിങ്ങളിതെന്നിട്ടു കാണാതിരിക്കയഹൊ! 322

ഉണ്ണികളേ! നിങ്ങളെപ്പോറ്റിപ്പിരിഞ്ഞു ഞാൻ
ഇന്നു മറിതലെ പാഴുന്നതെങ്ങിനെ? 323

മന്നിടംരക്ഷിപ്പതിന്നു ഞാൻ നിങ്ങളെ
മന്നവന്മാരായിവാഴിച്ചു കാനനം 324

പുക്കഗതിവരുത്തീടുകെന്നുള്ളതും
ഒക്കവേ നിങ്ങൾ കഴിച്ചിതോ ദൈവമേ!” 325

എന്നുപറഞ്ഞു കരയുന്ന മന്നനെ
ചെന്നുപറഞ്ഞടക്കീടിനാൻ മന്ത്രിയും 326

ചാണക്യശാസനംകൈക്കൊണ്ടുപിന്നെയും
ചേണാൎന്നപൎവ്വതരാജൻപടയുമായ് 327
ചന്ദ്രനൻപുഷ്പപുരിചെന്നുചുഴലവും
സന്നാഹമോടെകൊണ്ടന്നാസ്ഥമുറ്റുതു. 328
മാനിയായുള്ളൊരു രാക്ഷസനന്നേരം
സേനാബലംകുറഞ്ഞീടുകകൊണ്ടവൻ 329
പോരിനായ്പിന്നെപുറപ്പെട്ടതില്ല
ധീരനാമന്തഃപുരമെത്തവീടിനാൻ. 330
പുറവുമെല്ലാത്തിർക്കന്നവിപ്പുകളും
അറ്റമില്ലാതകവച്ചുതുടങ്ങിനാർ 331
മുറവുംപൊറുതിയില്ലാത്തപ്രജകളും
തെറ്റന്നു ചാണക്യനോടു ചൊല്ലീടിനാർ:— 332
"ഇപ്പോളരാജകമായപുരത്തിൽ
കെല്പോടുക്ഷുഭിച്ചുകാലംകളയാനിനി" 333
ഇത്ഥംപ്രജകൾചൊന്നതുകേട്ടതി-
ന്നുത്തരമായുരച്ചു ചാണക്യനും 334
"ശത്രുവായുള്ളൊരു രാക്ഷസമാത്യനെ
വൃദ്ധനായുള്ളൊരു സർവ്വാർത്ഥസിദ്ധിയും 335
അന്തഃപുരത്തിങ്കലൊളിച്ചുകഴിവതു
സന്തതം നിങ്ങൾക്കുപദ്രവമാകുന്നു. 336
ശക്തിയുണ്ടെങ്കിൽപുറത്തുപുറപ്പെട്ടു
യുദ്ധംവിരോധാൽചെയ്തുതീർക്കണം 337
ചാകയോഗ്യപ്പെട്ടിരിക്കുന്നവരിലോ
ശീഘ്രമഴിഞ്ഞുപുറത്തുപോയീടണം 338
ചാകിലുംപോകില്ലെന്നിരുസമ്മതം
ആകവേപിന്നെത്തന്നെവധിച്ചുകൊള്ളുവൻ" 339
പൗരജനമിതുകേട്ടടുത്തുകൊ-
ണ്ടോരോതരംപറഞ്ഞീടിനാരിങ്ങിനെ:— 340
"ഞങ്ങളുമുറ്റവരായജനങ്ങളും
ഞങ്ങൾവധത്തിനിശ്ശേഷമുള്ളോർകൾക്കു 341

നാട്ടിൽ പൊറുതിയില്ലാതെ ചമഞ്ഞിതു
കാട്ടിയതിന്നയം കൊണ്ടു തന്നേ ദൃഢം 342
ദുഷ്ടരായുള്ളൊരു മന്ത്രികൾ മന്ത്രിച്ച
മന്ത്രപ്രഭാവമിതു കണ്ടായതെല്ലാർക്കും 343
ദുർമ്മന്ത്രികളുള്ള ഭൂമിപാലന്മാർക്ക്
കർമ്മമീവണ്ണമകപ്പെട്ടാനിർണ്ണയം 344
ഒന്നുകിൽ ശത്രുക്കളെക്കൊല ചെയ്കിനി
നന്നായിത്തങ്ങളെ രക്ഷിച്ചുകൊള്ളേണം 345
അല്ലായ്കിലിപ്പോളൊഴിച്ചു പുറപ്പെട്ടു
വല്ലേടവും പോയിരുന്നുകൊണ്ടീടണം" 346
പൌരജനങ്ങളിവണ്ണം പറയുന്ന
ഘോരവചനങ്ങൾ കേട്ടു മഹീപതി 347
മന്ത്രിയായുള്ളൊരു രാക്ഷസൻതാനുമായ്
ചിന്തിച്ചുപായങ്ങൾ കാംക്ഷിച്ചു പിന്നെയും 348
രാക്ഷസനോടുകൂടെപ്പുറപ്പെട്ടു-
നക്ഷിതിപാലൻ തപോവനം പുക്കിതു 349
ചാണക്യനപ്പോൾ ജയം വന്നതുമൂലം
മാനിച്ചു പൌരജനത്തോടു ചൊല്ലിനാൻ:— 350
"ആർത്തു നിലവിളിച്ചീടേണമെല്ലാരും
ഉത്തമമാം പുരത്തിങ്കൽ പ്രവേശിപ്പാൻ 351
താപമുൾക്കൊണ്ടവർ ചാണക്യകല്പിതം
ആവതില്ലെന്നു കല്പിച്ചു ചെയ്തീടിനാർ 352
രാക്ഷസനെബ്ഭയപ്പെട്ടു പുനരവർ
തൽക്ഷണേ ചാണക്യനന്നയം കൊണ്ടും 353
തത്സമയത്തിങ്കൽ വേണ്ടുന്ന കർമ്മങ്ങൾ
ഉത്സാഹമില്ലാതെ ചെയ്താരഖിലവും 354
ആർത്തുവിളിച്ചു ജയിച്ചു പറകയി-
ച്ചുത്തമമാം പുരി പുക്കാരവർകളും 355
പർവ്വതരാജനെയും മഴർവ്വനെയുമ-
ക്കുർവ്വരാദേവകളോടുമൻ ചാണക്യൻ 356

നല്ലോരുമന്ദിരത്തിങ്കലിരുത്തിനാൻ
ചൊല്ലാവതല്ലവൻകാഴ്ചകളോരോന്നെ 357
പാൎത്ഥിവരാജനെന്നാശപ്പാനമില്ലാത്തു
ദിവ്യമാംപുഷ്പപുരത്തിലിരുന്നീല 358
ഓൎത്തുകണ്ടാനഥ ചാണക്യനാംപിന്നെ
പ്പാൎത്താലിവൻശ്രേഷ്ഠനായൻമഹാബലൻ 359
കാലംകുറഞ്ഞൊന്നുചെല്ലുന്നനേരത്തു
ശീലഗുണമുള്ള നമ്മുടെമൌൎയ്യനെ 360
ബാധിക്കുമെന്നാലിവനെയുംകൂടഞാൻ
നീതിബലംകൊണ്ടുകൊന്നൊടുക്കീടുവൻ, 361
മന്ത്രികുശലാത്മനാകുന്നരാക്ഷസൻ
വന്ധ്യനല്ലൊന്നുകൊണ്ടുംനിരൂപിച്ചാൽ 362
നല്ലനയമുള്ള മന്ത്രിജനമിനി
യില്ലവനോരതിനില്ലൊരുസംശയം 363
മന്ദമിവനെന്തൊന്നുചെയ്യുകിലും
ചന്ദ്രഗുപ്തൻതന്റെമന്ത്രിയാക്കീടുവൻ 364
നന്ദകുലത്തിലൊരുത്തനുണ്ടെന്നാകിൽ
എന്നുമതിനെളുതല്ലെന്നുനിൎണ്ണയം 365
എന്നതുകൊണ്ടിവസൎവ്വാൎത്ഥസിദ്ധിയെ
കൊന്നുകളഞ്ഞാൽമനോരഥംസാധിക്കും 366
അല്ലെങ്കിലുണ്ടൊരുവൈഷമ്യമിന്നവൻ
നല്ലനാംരാക്ഷസനോടുമാരമിച്ചു 367
വല്ലപ്രകാരവുംമൌൎയ്യതനയനെ
കൊല്ലുംപുനരവനെന്നെയുംകൊന്നീടും 368
വല്ലതുചെയ്തുമസ്സൎവ്വാൎത്ഥസിദ്ധിയെ
കൊല്ലുകയുള്ള അതിനില്ലസംശയം 369
പിന്നെയുംമന്ത്രിപ്രവരനാംരാക്ഷസൻ
എന്നുമടങ്ങുകയില്ലെന്നുനിൎണ്ണയം 370
മറ്റൊരുരാജാവിനെച്ചെന്നുസേവിച്ചു
തെറ്റന്നിവിടെപ്പടയുമായ്വരുമെന്നാൽ 371

വല്ലതുകൊണ്ടുംതടുത്തുനിർത്തീടുവൻ
അല്ലാതെയെന്തിവൻചെയ്യുന്നതുപിന്നെ 372
ഒന്നുകൊണ്ടുംകഴിവില്ലെന്നുറയ്ക്കുമ്പോൾ
വന്നിവൻകാക്കൽവീണീടുമല്ലോദൃഢം 373
ഇത്ഥംനിരൂപിച്ചുറച്ചുചാണക്യനും
നിത്യവുംമൈത്ര്യനോടേങ്ങുംപിരിയാതെ 374
സത്യവ്രതൻനിജസത്യവുംസാധിച്ചു
ചിത്തമുറപ്പിച്ചിരുന്നാനതുകാലം 375
ഇത്ഥമവർചെയ്തതെല്ലാമതിൽതീ-
ത്തിത്തരംഞാനിനിനാലയുംചൊല്ലുവൻ 376
ഉത്തമമോദംചെറിഞ്ഞെല്ലാവരോടുമ-
ങ്ങാസ്ഥയാപാലുംകുടിച്ചുതിന്നീടിനാൾ. 377

ഇതി മുദ്രാരാക്ഷസേ രണ്ടാംപാദം സമാപ്തം.

മൂന്നാം പാദം

പാലൊത്തമൊഴിയാളെ! ശാരികേ! മനോഹരേ!
മാലോകർക്കിതമുള്ളനിന്നുടെവചനങ്ങൾ 1
ഓരോരോതരമതിചിത്രമാമുള്ളകഥനവും
പാരാതെവളരുന്നകൌതുകമിനിക്കുള്ളിൽ 2
രാഗവുംതളർച്ചയുംതീർന്നുടൻതെളിഞ്ഞിനി
മോഹനമായകഥാശേഷവുംപറകെടോ 3
വീരനായുള്ളമന്ത്രിരാക്ഷസനതുകാലം
ധീരതയോടുചെയ്തതെന്തെന്നുപറകനീ 4
എന്നതുകേട്ടുകിളിപ്പൈതലുംചൊല്ലീടിനാൾ
ഇന്നതുപറവതിനെന്നുമേപണിയത്രെ 5
വൈഷമ്യമേറ്റിതിനേറെയുമുണ്ടാകയാൽ
വൈഷമ്യംപറഞ്ഞുകൊൾവാനുമറിഞ്ഞാലും 6

കട്ടമെതിരികയില്ലെന്നതുവരുമെന്നാൽ
കേട്ടൊന്നറിഞ്ഞതുംപറയാംകനിവോടെ 7
നീരസന്മാർക്കറിഞ്ഞീടുവാൻപണിയല്ലോ
പാരിതിൽസരസന്മാർക്കറിയാമല്ലോതാനും 8
വാക്കിന്നുസാമർത്ഥ്യമില്ലെന്നുവന്നാലുംപിന്നെ
കേൾക്കയിൽ ചിലർക്കിപ്പോളാഗ്രഹമുണ്ടെന്നാകിൽ 9
ചൊല്ലുവാനില്ലസൂക്തമല്ലോ ഞാനറിഞ്ഞതും
ചൊല്ലുവൻ വൃത്തമായെങ്കിലോ കേട്ടുകൊൾവിൻ 10
ണ്ടു ഭരിച്ചീടുന്നോരാക്ഷസനക്കാലം
വൃഷലനാസ്ഥാനത്തിൽ ചെന്നു രാജനെക്കണ്ടു 11
വഞ്ചിപ്പിച്ചീടിനൻ പിന്നിക്കലമിനിയും ഞാൻ
ഇത്തരംനിനച്ചുമന്ത്രികളോടുംകൂടി 12
ഉത്തമമാം മന്ത്രമുണ്ടാമാർക്കും ചെയ്കീ–
ട്ടിത്തരമോരോതരം ചിന്തിച്ചുകൂട്ടിനാൻ 13
ശക്തിയേറീടുന്ന പാർത്ഥിവന്മാർമരിക്കയാൽ
യുദ്ധത്തിന്നവർകളോടാവതില്ലിനിയെന്നും 14
വഞ്ചിച്ചു ചന്ദ്രഗുപ്തൻതന്നെ നാമിക്കാലം
പഞ്ചത്വംവരുത്തുവാൻയത്നവുംചെയ്തീടണം 15
സൂക്ഷ്മമായിച്ചിന്തിച്ചിങ്ങിനെകല്പിച്ചവൻ
സർവ്വാർത്ഥസിദ്ധിയാംവൃഷലനെവനത്തിങ്കൽ 16
ആരുമേയറിയാതെരക്ഷിച്ചുമന്ത്രിമുഖ്യൻ
കൈതൊഴുമാറുകൊണ്ടു ചന്ദ്രഗുപ്തനെച്ചെന്നുകണ്ടാൻ 17
മാനശോകാദികളുമൊക്കവേമറച്ചവൻ
ദീനനായ് മെല്ലവൻതന്നോടിങ്ങിനെചൊല്ലീടിനാൻ
“നന്ദനാംമഹീപതിതനിക്കുംപുത്രന്മാർക്കും
മന്ത്രിയായിത്രനാളുംവാണുഞാനറികനീ. 19
ഇക്കാലമിവൻ നിന്റെമന്ത്രിയായിരിപ്പതി–
ന്നുൾക്കാമ്പിൽ കല്പിച്ചുവന്നീടിനേൻ കൃപാനിധേ! 20
അന്നന്നുരാജ്യംപരിപാലനംചെയ്തീടുന്ന
മന്നവന്മാരെസ്സേവിച്ചീടുകെന്നതേയുള്ളൂ. 21

നന്ദവംശത്തിലല്ലോ നന്ദജനനവും
എന്നതു നിരൂപിച്ചാൽ സംശയമില്ലയിതുമെ 22
അന്യവംശത്തിലുള്ള പർവ്വതരാജാവിനെ
ചന്ദ്രഗുപ്തനുപവിഷ്ടനായതുമെത്രയുമാശ്ചര്യമേ 23
രസ്സ്വർഗ്ഗമാപ്പാൻ ഖലു തിന്നതായതുമല്ല
[illegible] 24
എങ്ങനായിനെപ്പെട്ടിക്കുന്നതു മൂലമെന്നറിഞ്ഞൊന്നിപ്പോഴും
ഒന്നുമേ നിരൂപിച്ചാൽ ബോധ്യമാകുന്നതല്ലോ" 25
രാക്ഷസാമാത്യൻ വാക്കിതൊക്കെയും പറഞ്ഞപ്പോഴും
സാക്ഷാൽ നിന്നിരുന്നോരു ഭല്ലൂകനെക്കൽപ്പിച്ചു 26
ചന്ദ്രഗുപ്തൻ ചാണക്യനോടിക്കഥ പറഞ്ഞപ്പോൾ
മനസ്സിലുളവായൊരു വിചാരമെല്ലാം ചൊല്ലീടിനാൻ; 27
വ്യാജമായതൊക്കെ മാത്രമായിരുന്നവർകളെ
രാജകന്മാർ പരിപാലിച്ചുമതിയാവൂ 28
എന്നതിന്റെ പ്രയോഗമെന്നുള്ളതുമറിഞ്ഞീടാം
ചാണക്യനെന്നതിൽ ബുദ്ധിബലം കണ്ടാലും" 29
ഇങ്ങിനെ ചാണക്യനാം മന്ത്രിയുടെ ചരിതം
തങ്ങളിൽ നിരൂപിച്ചു കൊണ്ടരക്ഷാവചനവും 30
കേവലം ചതിപ്പാനായ് രാക്ഷസമന്ത്രികളും
ഇവർ പലരാകെയും തന്റെ മന്ത്രിയായ്പ്പണിതീടിനാൻ 31
കാലമായതിൽ ചെയ്തീടിനാൻ തന്റെ
മാനവന്മാരോടും കൂടി ഉടൻ ഓടുകവാൻ 32
[illegible]
[illegible] 33
[illegible]
[illegible] 34
രാക്ഷസപ്രയുക്തന്മാരായിവർ [illegible]
തൽക്ഷണം ചന്ദ്രഗുപ്തനെക്കൊല ചെയ്യീടുവാൻ 35
[illegible]
[illegible] ചന്ദ്രഗുപ്തനെന്നറിഞ്ഞതുമും 36

വൃദ്ധനായിരിക്കുന്നസൎവ്വാൎത്ഥസിദ്ധിയപ്പോൾ
ഏറ്റവുംവിശ്വാസമേറീടുന്ന ചാരന്മാരെ 37
താപസവേഷംധരിപ്പിച്ചവരുടെകയ്യിൽ
പാപമാനസനായബദരീഫലംനന്നായ് 58
ഘോരമായുള്ള വിഷനീരതിലിട്ടുമുക്കി
മൌൎയ്യനെക്കൊടുക്കെന്നു ചൊല്ലിയങ്ങയച്ചിതു 39
ചാണക്യൻതന്റെ ചാരന്മാരതുധരിച്ചുടൻ
ഊനമെന്നിയെവഴിയിന്നവരങ്ങുമ്പോൾ 40
മറെറാരുലന്തപ്പഴമവിടെ വച്ചുതങ്ങൾ
തെററന്നുവിഷമയമായതുമെടുത്തുടൻ 41
മന്ദമെന്നിയെനന്ദഭൂപനെച്ചെന്നുകണ്ടു
വന്ദിച്ചുലന്തപ്പഴംകാഴ്ചയുംവെച്ചു ചൊന്നാർ 42
"നിന്തിരുവടിക്കിതുഭക്ഷിപ്പാൻലന്തപ്പഴം
ചന്തമോടമാത്യൻതാൻ തന്നയച്ചിരിക്കുന്നു" 43
എന്നതുകേട്ടുനന്ദൻപ്രീതിപൂണ്ടെടുത്തുടൻ
തിന്നതുനേരം മണ്ണുവീണിതുനന്ദഭൂപൻ 44
താപസരേകിയബദരീഫലംതിന്നു
താപമുണ്ടായീലതുംമൌൎയ്യനുമതുകാലം 45
സൎവ്വാൎത്ഥസിദ്ധി"സിദ്ധം"പെട്ടുപോയെന്നവാൎത്ത
സൎവ്വരുംപറഞ്ഞുകേട്ടീടിനാനമാത്യനും 46
ബന്ധമശേഷിച്ചശങ്കകൊണ്ടുതാനപ്പോഴതി-
ന്നെന്തുകാരണമെന്നറിയാതെവാണീടിനാൻ 47
സൎവ്വാൎത്ഥസിദ്ധിമരിച്ചീടിനോരനന്തരം
സൎവ്വകാംക്ഷിതങ്ങളുംനിഷ്ഫലമായെങ്കിലും 48
രാക്ഷസാമാത്യൻ ചന്ദ്രഗുപ്തനെക്കൊന്നീടുവാൻ
രൂക്ഷനായ് പ്രയത്നങ്ങൾപിന്നെയുംചെയ്തീടിനാൻ;
മൌൎയ്യനെസ്സേവിച്ചിരുന്നീടിനകാലമവൻ
ആരുമേയറിയാതെപൎവ്വതരാജനേയും 50
സേവിച്ചുതുടങ്ങിനാനക്കാലംപൎവ്വതേശൻ
താവകത്വമറിഞ്ഞുമൌൎയ്യാത്മജൻതന്നെക്കൊൽവാൻ

സന്തതമുപായവും ചിന്തിച്ചു ചിന്തിച്ചുകം
കൊണ്ടു വെന്തിങ്ങനിരുന്നിതു മന്ത്രിയുമക്കാലം 52
ചിത്രമൈത്രിയും പോതന്മാർ പൂർവ്വവൈരത്തിനുള്ള
ശക്തിയെന്നുള്ള തർക്കം പോകയുമില്ലത്രേ നാം 53
ശത്രുവാം പർവ്വതകൻ രാക്ഷസാമാത്യനപ്പോൾ
ഏറ്റവും പ്രിയനായി വന്നിതെന്നറിഞ്ഞാലും; 54
“വല്ലതും ചെയ്തു ചന്ദ്രഗുപ്തനെ വധിച്ചെന്നാൽ
വല്ലഭമോടു രാജ്യം നിങ്ങൾക്കു തന്നീടുവൻ” 55
എന്നു പർവ്വതനോടും തൽപുത്രനോടും പുന-
രന്യനായുള്ള തൻഭ്രാതാവിനോടും ചൊന്നാൻ 56
രാക്ഷസൻ പറഞ്ഞു ബോധിപ്പിച്ചിട്ടൊരു ദിനം
അക്ഷപണകനോടു ഗൂഢമായുരചെയ്താൻ; 57
“നമ്മുടെ സ്വാമിവധത്തിന്നു കാരണമായ
വിദ്വരിയാളിയാകും മൌര്യനെക്കൊന്നീടുവാൻ 58
എന്തൊരുപായമെന്നു ചിന്തചെയ്യേണം സഖേ!
ഹന്ത നാമിരിക്കുമ്പോളാവതു ചെയ്തീടേണം” 59
എന്നതു കേട്ടു പറഞ്ഞീടിനാൻ ക്ഷപണകൻ
“ധന്യനായുള്ള ഭവാൻ ഭാവിച്ചീടുന്നതെല്ലാം 60
വല്ലതുമൊന്നു കഴിവുണ്ടാക്കീടുവ”നെന്നു
ചൊല്ലിയക്കാലം പിന്നെ ചാണക്യനോടും ചൊല്ലി 61
ഘോരമായുള്ളൊരാഭിചാരകർമ്മവുമവൻ
ആരംഭിച്ചിട്ടു കാട്ടിലിരുന്നു നിഗൂഢമായ് 62
അഗ്നിയെ ജ്വലിപ്പിച്ചു മാന്ത്രികരൊത്തുമവൻ
നഗ്നനായിട്ടൊരു ഹോമവും തുടങ്ങിനാൻ 63
ഹോമകുണ്ഡത്തിൽനിന്നങ്ങുണ്ടായിതന്നേരം
കാമരൂപിണിയായൊരായതവിലോചന 64
ജാനകീദേവി പണ്ടു വഹ്നിയിൽ വീണനേരം
മാനമോടതിങ്കൽനിന്നുത്ഥിതയായപോലെ 65
ധന്യശീലയാമതിസുന്ദരാംഗിയാം വിഷ-
കന്യകതന്നെ ക്ഷപണൻ ശരണത്തന്നേരം 66

മന്ത്രിവീരന്റെകയ്യിലെത്രയും നിഗ്രഹമായ്
മാന്ത്രികവരൻ കോട്ടത്തിൽതന്നെ ചൊല്ലീടിനാൻ 67
“മാനിനീമണിയാമൊരിവളെച്ചുംബിക്കുമ്പോൾ
ഊനമെന്നിയെ മരണം തന്നെയും വരിച്ചീടും 68
എല്ലുകളെയാലിംഗനമാത്രകൊണ്ടുടൻ പോം
പോകയും ചെയ്യുമെപ്പിന്നാകാണായ്കില്ലതാനും” 69
രാക്ഷസനതുകേട്ടു കന്യകാരത്നത്തെയും
സൂക്ഷിച്ചുവെച്ചുകൊണ്ടാനെത്രയും സന്തോഷത്താൽ
ഉള്ളതു രാജനെക്കൂടെക്കാണ്മാനായ് വന്നിട്ടു
നിശ്ചയമതിയെല്ലാനറച്ചുകേൾക്കയാൽ 71
കാലവും കഴിഞ്ഞതാനൽപ്പനാളത്രെ ശേഷത്തിങ്കൽ
മാലിയന്നിരിക്കുന്ന രാക്ഷസനൊരുദിനം 72
മോദമുൾക്കൊണ്ടു വിനയത്തോടു പ്രകാശിപ്പി-
ച്ചാദരവോടു ചാണക്യനോടു ചൊന്നാൻ 73
“മന്ത്രിപുംഗവ കേട്ടീടുകെന്നായുമുണ്ടൊരു
മന്ത്രശക്തിയുള്ളൊരു യോഗിയായ വിഷകന്നി 74
എന്നതെന്റെ ഗൃഹത്തിങ്കലുണ്ടു പണ്ടുമുതൽ
മന്നവർക്കു ഹിതമായുള്ളവളറിഞ്ഞാലും 75
സൽഗുണമേറുന്നൊരു പർവ്വതനെക്കൊണ്ടിപ്പോൾ
ഇവളുമായി സഹവാസമാക്കീടുകമത്രേ നന്ന്” 76
ചാണക്യനതറിഞ്ഞീലതാനെന്നഭാവി-
“ച്ചെന്നാൽ ഹിതമെന്നാലങ്ങനെ ചെയ്തീടുകെ”ന്നരുൾ ചെയ്താൻ 77
രാക്ഷസനതുകേട്ടുതന്നുടെ ഗൃഹം പുക്കു
തൽക്ഷണം വിഷകന്യതന്നെയും കൊണ്ടുവന്നാൻ. 78
കണ്ടിവാർകുഴലിയെ കൊണ്ടുവന്നതു കണ്ടു
തണ്ടലർബാണനേറ്റു കപ്പോതനല്ലായ്വരം 79
സസ്മിതമായതുമിപ്പർവ്വതൻ നോക്കിനോക്കി
വിസ്മയംപൂണ്ടുനിന്നാനെന്നതെ പറയാവൂ. 80
അന്നേരം ശയനമന്ദിരത്തിൽ പ്രവേശിപ്പാൻ
വന്നിതു സമയവും ചാണക്യനുമന്നേരം 81

മന്ദമെന്നിയെ യോഗസംഭ്രമം നടിപ്പതിൽ
മന്ദഹാസവുംചെയ്തു പലതുംനിരൂപണം 82
നീതിമാനായകുലമന്ത്രി രാക്ഷസനോട്
ആദരവോടേവിളിച്ചിങ്ങിനെ ചൊല്ലീടിനാൻ. 83
“പർവ്വതരാജനിന്നു പുത്രകാരണനന്തരം
സർവ്വദാനുകൂലനാം ബന്ധുവെന്നറിഞ്ഞാലും 84
ഭ്രാതാവിതുതന്നെ പർവ്വതരാജാവിനു
പാരാതെകൊടുക്കേണമില്ല സംശയമേതും. 85
ഇന്നിതു മൌര്യൻതന്നിക്കെന്നുകല്പിക്കുന്നേരം
നിർണ്ണയമിവനോടു വൈരവുമുണ്ടായീടും. 86
താന്താനൊട്ടൊഴിഞ്ഞിട്ടും ബന്ധുവാം ജനങ്ങളെ
സന്തോഷിപ്പിക്കയല്ലോ കാര്യമാകുന്നതേതും” 87
നീതിമാനായ ചാണക്യാത്മജ നിരുപിച്ച
നീതിയിൽ രാക്ഷസനുമിന്നവൻ ചൊല്ലുന്നേരം 88
ഉത്തരം തിരിച്ചുകൊണ്ടാരു മന്ത്രികുല
സത്തമനേറ്റുമെങ്കിലങ്ങിനെയെന്നു ചൊന്നാൻ 89
ഇക്കഥ പർവ്വതകൻതന്നോടുപറയാതെ
തർക്കമില്ലാതെ തവന്നു രാക്ഷസനന്നേരം 90
ഏതഹോ ചാണക്യന്റെ തന്ത്രമെന്തിനോ എന്നു
ചിന്തിച്ചു മന്ത്രിവരൻ തന്നുള്ളിൽ പാർത്തിരുന്നാൻ 91
പണ്ടുബ്രാഹ്മണോത്തമൻ പർവ്വതരാജൻതാനും
ചാണക്യനിശ്ചയം തേടു ക്രൂരവധമേതുമാം 92
പ്രാപിച്ചു മൌര്യൻ തന്നെകൊല്ലുവാനിതന്നവൻ
ആപട്ടണത്തിങ്കൽ വന്നു തന്നോടൊന്നിച്ചാക്കി 93
രാത്രിയിലവളെ ചെന്നു തന്റെ ശേഷം പത്നീസമം
ധാത്രിയിൽ വീണു മരിച്ചീടിനാൻ വിധിവശാൽ. 94
പർവ്വതകനെക്കൊന്നു രാക്ഷസനെന്നവനെ
സർവ്വവും പറഞ്ഞീടുമെന്നുള്ള ഭയത്തിനാൽ 95
രാത്രിയിൽതന്നെ പുറപ്പെട്ടു രാക്ഷസൻ തന്റെ
മിത്രമായ്പ്പോന്നൊരു ദാസന്റെ ഗൃഹം പൂകിനാൻ 96

ചന്ദനദാസനായ ചെട്ടിവർത്തകൻതന്റെ
മന്ദിരത്തിങ്കൽ കൊണ്ടുവെച്ചുടൻ കളത്രത്തെ 97
ചന്ദ്രഗുപ്തനെ വധിച്ചീടുവാനായിക്കൊണ്ടു
ചന്തമാല്യാരത്തുതാനാക്കിയ വൈചിത്ര്യാദിയെ 98
സന്തതം പരിപാലിച്ചീടുവാനായിക്കൊണ്ടു
ബന്ധുവാം ശകടദാസാഖ്യനാം കായസ്ഥനെ 99
അററമില്ലാതെയുള്ള അർത്ഥവും കൊടുത്താക്കി
മററുള്ള ഭൃത്യന്മാരെയും മാറാതെ കാര്യങ്ങളിൽ 100
എത്രയും നിഗൂഢമായ്ക്കൽപ്പിച്ചു പുനരവൻ
രാത്രിയിൽ തന്നെ പുറപ്പെട്ടു വേഗേന പോയാൻ. 101
ചാണക്യനതുകാലം തന്നിൽനിന്നു വിളിച്ചാൻ
ഹാനികാട്ടുമിഹ രാക്ഷസനുള്ളിൽ പുക്കാൽ 102
ലോകരഞ്ജനം വരുത്തീടുവാൻ പണിപ്പുന-
നാകവേദമിൽ മേളിപ്പിക്കയും ചെയ്യുമിവൻ 103
എന്നതുകൊണ്ടു നിരൂപിച്ചുകാണുന്നനേരം
നന്നിവൻ പുറപ്പെട്ടുപോകയുമിതുകാലം 104
രാവുപോയ് പുലർന്നപ്പോളുറങ്ങുമറതന്നിൽ
ജീവനംവെടിഞ്ഞ പർവ്വതരാജാവിനെ 105
പാരത്തിൽ കനപ്രമോദ്ദേശ്യക്കണ്ണാലതുകണ്ടു
വാരിജമിഴിയാളെക്കണ്ണുനീർ തൂകിടും 106
അന്നേരം ക്ഷിപ്രജനമൊക്കെ വരുമ്പൊഴു-
വന്നവരെന്നെയോടൊന്നപ്പോരോടും കൂടി 107
ചാണക്യനോടു ചെന്നു ചൊല്ലിനാരെല്ലാപേരും
“ഇന്നു രാക്ഷസൻ കൊന്നാനല്ലോ പർവ്വതരാജാവിനെ” 108
ചാണക്യനതുകേട്ടു ശോകരോഷാദികളെ
മാനമോടെകൊണ്ടു ഭാവിച്ചവരോടു ചൊല്ലാൻ 109
“രാജനിഗ്രഹം ചെയ്യിപ്പിച്ചോരമാത്യൻ കല-
ഹീ ചന്ദനതിരഞ്ഞുകൊന്നീടുവിൻ വൈകീടാതെ” ()
എന്നതുകേട്ടുടനെ ചന്ദനദാസന്റെ
മന്ദിരംതിങ്കൽച്ചെന്നു തിരഞ്ഞനേരം 111

കണ്ടതില്ലെങ്ങുംഗ്രഹംശൂന്യമായ്ക്കണ്ടാരവർ
മണ്ടിവന്നു"എങ്ങുമേഞങ്ങൾകണ്ടതില്ലെ"ന്നുരചെയ്താർ
"പൎവ്വതരാജാവിനെരാക്ഷസൻകൊന്നാ"നെന്നു
സൎവ്വദാപൌരജനഘോഷവുംകൊണ്ടുനാട്ടിൽ 118
അക്കാലംനവഗുണമറിവവിഷ്ണുഗുപ്തൻ
ഉൾക്കാമ്പിൽനിരൂപിച്ചാനെന്നിതിവണ്ണമിപ്പോൾ
ഇച്ചതിപൎവ്വതാത്മജരാക്ഷസനോടുംകൂടി
ശ്ലിഷ്ടനായകൎത്തന്റെപുത്രനാംനാശനം 115
വൈരമുള്ളകൊണ്ടുചന്ദ്രഗുപ്തനെക്കൊന്നീടുവാൻ
പാരമായുദ്യോഗിച്ചാർപാണ്ഡുപടിയാവതും 116
എന്നതുനിരൂപിച്ചുപിന്നെപർവ്വതജനെയും
കൊന്നിന്നുകള്ളമാരതൊന്നുന്നിതിനിക്കള്ളിൽ 117
രണ്ടുപേരെയുംകൂട്ടിക്കൊന്നുവെന്നാകിലതി-
നുണ്ടാരതിരാക്ഷസന്റെപൈശ്ശൂന്യവെന്നാകിൽപ്പിന്നെ 118
പൎവ്വതരാജാവിനെക്കൊല്ലിച്ചിച്ചുമിപ്പോൾ
സൎവ്വതന്ത്രജ്ഞനാകുന്നനല്ലവൻപറയുമിതും 119
ഏകനെപ്പുറത്തുംനിന്നുകൊല്ലിച്ചിട്ടു[illegible]
ഏകനെവധംചെയ്തതിന്നു[illegible]വന്നല്ലോ- 120
ചെയ്തദോഷത്തിനുവേണ്ടിവധിക്കേണം
പാരമക്കമ്മന്റെപുറത്തുവരുത്തേണം 121
ഭാഗധേയം[illegible]
മുന്നായുണ്ടായതിനാൽ[illegible] 122
[illegible]പറയാതെ
[illegible]ൻ. 123
"നിങ്ങൾപ്രജ്ഞന്മാരേ!നിന്നോടിങ്ങിതുകാലം
വിശ്വാസമറുകയാൽഞാനൊന്നുപറയുന്നു 124
ചന്ദ്രഗുപ്തനെസ്നേഹപൂർവ്വംവേണ്ടല്ലോവാ-
നിന്നിളയവൻ[illegible] 125
പൎവ്വതരാജനായമലയകേതുതന്നെ
സൎവ്വദാചന്ദ്രകണ്ടുബന്ധുവായ്വന്നീ 126

ശങ്കകൂടാതെ പുനരവനോടിതുകാലം
എങ്കലുള്ളൊരു ഭയം പറഞ്ഞു ഗമിപ്പിച്ചു 127
വേഗമോടിവിട്ടന്നു പറഞ്ഞു ഭയമേറെ ഞാനും
പാകത്തിൽനിന്നതെന്നാവേണമെന്നറിഞ്ഞാലും 128
ഇഷ്ടമായതുതന്നെ പറഞ്ഞുകൊണ്ടായവൻ
ഇഷ്ടനായ്ത്തീരും ഭൂപനില്ല സംശയമേതും” 129
ഇത്തരം കൌടില്യന്റെ വാക്കുകേട്ടവൻ താനും
സത്വരം പർവ്വതകപുത്രനെച്ചെന്നുകണ്ടു 130
ഇഷ്ടരാമമാത്യമന്ത്രികളകലെയൊഴിച്ചിനം
ധൃഷ്ടനാം ക്ഷപണകൻ പുത്രനോടുരചെയ്താൻ 131
“രാജനന്ദന! ഗുണവാരിധേ! മഹാമതേ!
വ്യാജമാരോടുമാവാനറിഞ്ഞതില്ലല്ലോകേളും 132
രാക്ഷസനല്ലകേളുമിഷ്ടനു പിതാവിന്നു
ശിക്ഷാദോഷകനായ ചാണക്യനറികെടോ 133
ദോഷങ്കൊണ്ടിതുമൂലം നീയിനിപ്പലരോടും
ഘോഷംകൊണ്ടീടുന്നാകിൽ നിന്നെയും കൊല്ലുമവൻ
താതന്റെ കർമ്മമതന്നുള്ളിൽ നീ ക്ഷിപ്രം കൊ-
ണ്ടീടുകെവെകാതിനിപ്പോളുള്ളതാം കേൾക്കുന്നെടോ
നിശ്ചയിച്ചീടാ ചാണക്യമതങ്ങളെന്നുള്ളതു-
വെച്ചമതമെല്ലാർക്കും മനസിൽ ധരിച്ചാലും 136
കണ്ടിട്ടും കേട്ടിട്ടുമില്ലാതൊരാപത്തിൽ വന്നാൽ
കണ്ടതാം പ്രതിവിധിയതു ചൊല്ലുവാൻ പണിയത്രെ 137
അർക്കനാം വെളിവേന ചാടിയാലുള്ളൊരു
ചൊകൾ വരില്ല താനാൻ കണ്ടറിഞ്ഞാലുമെടോ 138
അന്ധകാരങ്ങൾ ചിന്തമല്ലുമാറുപൂർവ്വ ലോകി-
ലെത്തിനിവേണമെന്നു ചിന്തിച്ചീടുകവേണം” 139
ഇണ്ടലായ് ക്ഷപണകൻ പറഞ്ഞ വാക്കുകേട്ടു
ഭീരുവായ്ക്കൊണ്ടു ചെറുപ്പമേറിടുന്ന പർവ്വതസുതൻ 140

പ്രേതകൃത്യങ്ങളൊന്നും ചെയ്യാതെ മോദത്തോടെ
പാതിരാനേരം പുറപ്പെട്ടങ്ങു പോയീടിനാൻ. 141
നീതിമാനായ ചാണക്യനതറിഞ്ഞുകാലം
ചാതുര്യമോടു പറഞ്ഞീടിനാനെല്ലാവരോടും 142
"ഇന്നു പാർവ്വതപുത്രനങ്ങു പോയതു മതി-
യെന്നു ദൈവതം കൊണ്ടുപോരുന്നതെ"ന്നതു ചൊല്ലാൻ ()
അക്കാലം പാർവ്വതകനെക്കൊല ചെയ്യിപ്പിച്ചു-
തുടങ്ങാമ്പിൽ ചാണക്യനെന്നുള്ള ശങ്കയുള്ളവർ 144
എന്നൊരു കഷ്ടം! ക്രൂരരാക്ഷസനെക്കൊല്ലിപ്പിച്ചു-
തന്നെയും പരനായ ചാണക്യനെന്നല്ലോ നാം 145
ശങ്കിച്ചതല്ലെന്നുള്ള തീരെ നിർണ്ണയം വന്നു
എങ്കിൽ താൻ പാർവ്വതകപുത്രനെയയയ്ക്കുമോ? 146
ശത്രുശേഷത്തെ വെച്ചുകൊള്ളുമോ ചാണക്യനി-
ന്നത്ര ദോഷതാപമുള്ളോരില്ലെന്നു ബുധരെല്ലാ
ദോഷങ്ങൾ ഗ്രഹിച്ചിട്ടുമാ ദോഷങ്ങളെ
ഘോഷിക്കാതതു ഭാഗ്യമെന്നതേ പറയേണ്ടു 148
സംശയമേതുമില്ല രാക്ഷസൻ തന്നെയതെ-
ന്നാശയത്തിങ്കലുറച്ചീടിനാരെല്ലാവരും. 149
ഉത്തമനാകുമന്ത്രി രാക്ഷസനതുകാലം
ഉത്തമമായ പുഷ്പപത്തനത്തിങ്കൽനിന്നു 150
ആരുമറിയാതെ വഴിയിടക്കീടുകിൽ പോയി-
ട്ടാതങ്കമറിയാതെ മേവിക്കൊണ്ടീടുവാൻ 151
എന്തൊരുപായമെന്നു ചിന്തിച്ചു ചിന്തിച്ചുള്ളിൽ
സന്താപമിയന്നിളമറെറാന്നും തോന്നായ്കയാലെ 152
അക്കാലം പാർവ്വതകപുത്രന്റെ ഗമനത്തെ
ച്ചൊല്ലീടുന്നോരമാത്യരാക്ഷസനും കേട്ടീടിനാൻ. ()
നല്ലൊരു പഴുതെന്നു കണ്ടവൻ പുറപ്പെട്ടു
നല്ലനാം മലയകേതുവിനെച്ചെന്നു കണ്ടു 154
വല്ലഭമോടു സേവിച്ചുവാണു ഇതുകാലം
ചൊല്ലിനാനിതു ചില വാക്കുകൾ മന്ത്രീന്ദ്രനും 155

“മൌൎയ്യനാം വൃഷലനെ നിഗ്രഹം ചെയ്തു രാജ്യം
വീണ്ടുവാനായ് ഭവാനാശു ഞാൻ തന്നീടുവൻ 156
വാട്ടമന്നിയേ രിപുക്കൂട്ടത്തെയൊടുക്കുവാൻ
കൂട്ടുകവേണം പടക്കോപ്പുകളറിഞ്ഞാലും” 157
പാൎത്ഥിവപുത്രനിത്ഥം രാക്ഷസൻ പറഞ്ഞപ്പോൾ
ഗൎവ്വമോടമാത്യനാക്കീടിനാനവനെയും 158
രാക്ഷസനമാത്യസ്ഥാനത്തെയും കൊടുത്തവൻ
രൂക്ഷനായ് പ്രതിജ്ഞയുമിങ്ങിനെ ചൊല്ലീടിനാൻ ()
അച്ഛനെക്കൊല്ലിപ്പിച്ച വിപ്രനെക്കൊല്ലാതെ ഞാൻ
നിശ്ചയം ശേഷക്രിയ ചെയ്തിടുന്നതുമില്ല 160
ഈവണ്ണം പ്രതിജ്ഞയും ചെയ്തവൻ മ്ലേച്ഛന്മാരെ
ദ്വീപങ്ങളിലേക്കാളയച്ചാക്കവേ വരുത്തിനാൻ 161
രാക്ഷസൻ ശത്രുഭേദം ചെയ്തതിനായിക്കൊണ്ടു
സൂക്ഷ്മബുദ്ധികളായ തന്നുടെ ചാരന്മാരെ 162
ചൊൽക്കൊണ്ട പുഷ്പപുരത്തിങ്കലേക്കയച്ചുടൻ
ഉൾക്കരുത്തോടങ്ങയപ്പിച്ചവൻ മ്ലേച്ഛന്മാരെ 163
യുദ്ധത്തിന്നവസരം പാൎത്തുപാൎത്താദരവോടു
ബദ്ധമോദത്തോടിരുന്നീടിനാനല്പകാലം. 164
നിശ്ചലഹൃദയനാം ചാണക്യമഹീസുരൻ
മ്ലേച്ഛനന്ദനന്റെയും രാക്ഷസാമാത്യന്റെയും 165
കൂടിക്കാഴ്ചയും യുദ്ധോദ്യോഗവും പ്രതിജ്ഞയും
പാടവമുള്ള ചാരന്മാർ പറഞ്ഞൊക്കെക്കേട്ടാൻ 166
പിന്നെയും പരിഭ്രമം കൂടാതെ വിഷ്ണുഗുപ്തൻ
തന്നുടെ പക്ഷത്തിലും ശത്രുപക്ഷത്തിങ്കലും 167
ഉള്ള വൃത്താന്തമറിഞ്ഞീടുവാനായിക്കൊണ്ടു
നല്ലസാമൎത്ഥ്യമുള്ള ചാരന്മാരെയും വിട്ടാൻ 168
ചാണക്യമഹീസുരൻ പിന്നെയങ്ങൊരുദിനം
മാനവകുലശ്രേഷ്ഠനാകിയ മൌൎയ്യൻ തന്റെ 169
പുഷ്പമന്ദിരപ്രവേശത്തെയും കല്പിച്ചവൻ
ശില്പികളെയും വിളിച്ചിങ്ങിനെ ചൊല്ലീടിനാൻ 170

“ചന്ദ്രഗുപ്തനാളെയൎദ്ധരാത്രിക്കുനന്ദ
മന്ദിരപ്രവേശത്തിന്നുണ്ടുപോൽമുഹൂൎത്തവും 171
ചൊൽക്കൊണ്ടപുഷ്പപുരംനിങ്ങളുമതിനിപ്പോൾ
ഒക്കവേയലങ്കരിച്ചീടുകവേണമല്ലോ 172
തോരണംനാട്ടിക്കൊടിക്കൂറകൾതൂക്കീടേണം
ചാരുവാംവണ്ണംചിത്രമെഴുതുകയുംവേണം 173
ഗോപുരങ്ങളുംകെട്ടിത്തീൎത്തലങ്കരിക്കണം
വാപികൾകൂപങ്ങളുംനിൎമ്മലമാക്കീടണം” 174
സൂത്രകാരന്മാരുമതുകേട്ടവനോടുചൊന്നാർ
“ധാത്രീപാലകനായമൌൎയ്യനന്ദനൻതന്റെ 175
നന്ദമന്ദിരപ്രവേശമിതുകാലമുണ്ടാം
എന്നുകല്പിച്ചുദാരുവൎമ്മാവാംശില്പിവരൻ 176
കാഞ്ചനതോരണവുംതീൎത്തുവെച്ചിരിക്കുന്നു
ചഞ്ചലമില്ലഞങ്ങൾകണ്ടുവെന്നറിഞ്ഞാലും 177
വിശേഷകമനോഹരംതോരണമതുപാൎത്താൽ
വിശ്വകൎമ്മാവിനൊക്കുംദാരുവൎമ്മാവുമിപ്പോൾ 178
രാജസദൃശമായുള്ളതോരണമെടുപ്പിച്ചു
രാജമന്ദിരദ്വാരേകൊണ്ടുവന്നവനിപ്പോൾ 179
ശില്പമായലങ്കരിച്ചീടുമെന്നറിഞ്ഞാലും
ശില്പശാസ്ത്രത്തിന്നവനൊത്തവരാരുമില്ല 180
തെററന്യേവാനരങ്ങൾചെയ്തീടുംവണ്ണംതന്നെ
മററുള്ളപണികളുംഞങ്ങൾതീൎത്തിടാമല്ലോ” 181
സൂത്രകാരന്മാരിതിചൊന്നതുകേട്ടനേരം
ഉത്തമനായവിഷ്ണുഗുപ്തനന്നുനിരൂപിച്ചാൻ 182
ദാരുവൎമ്മാവാകുന്നസൂത്രകാരകനോടു
തോരണമുണ്ടാക്കേണമെന്നുഞാൻപറയാതെ 183
തോരണംചമച്ചവൻതീൎത്തതുമൌൎയ്യൻതന്റെ
മാരണത്തിനുതന്നെയില്ലസംശയമേതും 184
ധൂൎത്തനായേവമോരോരാക്ഷസാമാത്യൻതനി-
ക്കിഷ്ടനായുള്ളോരിവനെന്നുനിശ്ചയംവന്നു 185

വേണമതില്ലയുകൊണ്ടുതന്നെ ഞാൻമറെറപ്പുറം
കണ്ടിട്ടന്നുപായമെന്നിങ്ങിനെനിരൂപിച്ചാൻ 186
മാതവൎമ്മാവിനേയുമെറാവും പ്രശംസിച്ചു
ധീമാനാകെതമില്ലാതംശില്പികളോടുമൊന്നാൻ 187
"തോരണം തുമ്പേ പണിതീൎത്തുകൊണ്ടുതന്നെ
മാതവൎമ്മാവുമുചിതജ്ഞനെന്നറിഞ്ഞാലും 188
സ്വാമിയെസ്സേവിക്കുന്നോരേറയുണ്ടെന്നാലവന്നു
ത്തമയോടവനനുഭവിക്കുമതിൻഫലം 189
വൈകാതിന്നിങ്ങളെല്ലാവരും പണികളൊക്കെതീൎത്തിടുവിൻ
വന്നിതുമുഹൂൎത്തവും കാലവുമിടയാതെ" 190
എന്നതുകേട്ടുസൂത്രകാരന്മാരുമന്യരോടേ
ചെന്നോരോ പണികളും വേഗേന തുടങ്ങിനാർ 191
തോരണം കൊണ്ടന്നു ഗോപുരദ്വാരത്തിങ്കൽ
മാതവൎമ്മാവും നിവീൎത്തിടിനാൻ തെളിവോടെ 192
അൎദ്ധരാത്രിയിൽ മുഹൂൎത്തമെന്നിങ്ങനെ തന്നെപ്പുറം
ഉത്തമവിപ്രകുലശ്രേഷ്ഠനാം വിഷ്ണുഗുപ്തൻ 193
ശില്പികളെയും പൌരന്മാരെയുമത്തുനേരം
ശില്പമായ് സമ്മാനിച്ചു മാനസം തെളിയിച്ചു 194
മുമ്പിൽ താൻ പറഞ്ഞതിന്നന്തരം വൈരാഗ്യത്തോടെ
വന്നാക്രമിച്ചുപായമാം പൎവ്വതേശ്വരൻ തന്റെ 195
വീൎയ്യമുള്ള തനൂജനാം വൈരോധകനെയവൻ
കൈതൃത്തിനോടൊപ്പം മാതാപിതാക്കൾക്കു നേരമേവെച്ചു 196
നന്ദരാജ്യമൎദ്ധമെന്നായിവിഭാഗിച്ചു
ചന്ദ്രഗുപ്തനെക്കൊണ്ടു ചാണക്യനടത്തിച്ചു 197
വൈരോധകനെക്കൊണ്ടുപ്പിച്ചതിരുനാളിനാലെ
വൈരവും കളഞ്ഞവൻ തെളിഞ്ഞു വാണീടിനാൻ 198
നന്ദരാജ്യത്തിങ്കലെക്കവന്നതുനേരം
ഒന്നുപോലെയുമഭിഷേകവും ചെയ്യിപ്പിച്ചാൻ 199
പുഷ്പമന്ദിരപ്രവേശത്തിനായിട്ടന്നവൻ
ശില്പമായസൂത്രത്തിൻതന്നെപ്പറഞ്ഞുപിന്നൊന്നിൽ 200

പൎവ്വതരാജാവിനെപട്ടവുംകെട്ടിപ്പിച്ചു
സൎവ്വാംഗമലങ്കരിപ്പിച്ചിതുവഴിപോലെ 201
പൊന്മയമായിട്ടുള്ളചട്ടയുമിട്ടുകെട്ടി
വെണ്മയിൽമിന്നുംമണിമകുടമണിയിച്ചു 202
കാതിലവളകളുംമാലകൾകാഞ്ചികളും
ചാതുൎയ്യമോടങ്ങലങ്കരിച്ചോരനന്തരം 203
ഐരാവതഗജവരൻതന്നുടെപുറത്തുടൻ
വീരനാംവൈരോചനൻതന്നെയുംകരയേറി 204
പൌരന്മാരോടുവിളിച്ചുപറഞ്ഞുനേരം
“പാരാതെയകമ്പടിനടന്നീടുവിനെന്നാൻ 205
അന്നേരംസമസ്തരുംപൎവ്വതരാജാവിനെ
മന്നനാംമഹേന്ദ്രനെഴുന്നെള്ളിച്ചീടിനാർ 206
എത്രയുംമനോഹരമായുള്ളവർകളുംകൂടി
രാത്രിയിലോകരെകൊണ്ടുംകൃഷ്ണനെന്നറിഞ്ഞീല 207
വെൺകൊറ്റക്കുടതഴവെഞ്ചാമരികളോടും
ശംഖമദ്ദളമേളിച്ചുംമംഗലവാദ്യങ്ങളും 208
പായുന്നകുതിരകൾപൊന്നണിത്തേരാനകളും
ആയുധപാണികളായപടയുംപുരം 209
മുന്നിട്ടുപുറപ്പെട്ടുഗോപുരദ്വാരത്തിങ്കൽ
വന്നുകണ്ടാനന്ദമോടഖിലമാലോകരും 210
യന്ത്രപ്പാവകളെത്തിനിന്നിട്ടാനന്ദത്തോടെ വാഴ്ത്തി
യന്ത്രതോരണംസ്ത്രീപുരുഷന്മാർനാനാവിധിനിന്നാൻ 211
അന്നേരംമന്ത്രിപ്പുംഗവന്മാർതന്നുടെപുരോഹിതം
നിന്നിതുപറഞ്ഞെല്ലാംചൊന്നതുകേൾപ്പാനായാൽ 212
മന്ത്രിവരന്മാരന്നുസ്വീകരിച്ചുകറി
യന്ത്രതന്ത്രങ്ങളെല്ലാംവൈരോചനകൻ 213
അന്നേരമമാത്യന്മാരെന്റെമനസ്സുപോലെ
മന്ത്രികളോടുംബന്ധുക്കളോടുംചേൎന്നാനും 214
താണസ്വാമിയെവധിപ്പാൻമൈത്രേയനന്നാരത്തീട്ടാൻ
തൽക്ഷണമേവധിപ്പാനായുറച്ചീടിനാൻ 215

വാളുറയ്ക്കൂരിക്കണ്ടനേരമുള്ളുകരിണിയും
ചീളെന്നുനടന്നിതുഭീതിപൂണ്ടുതന്നേരം 216
ദാരുവർമ്മാവുംഗതിവേഗത്തെയറിയാതെ
പാരാതെവിട്ടീടിനാൻയന്ത്രതോരണമപ്പോൾ 217
പ്രഭ്രഷ്ടലക്ഷ്യമായിതോരണമതുനേരം
ബർബ്ബരൻതന്റെമൂൎദ്ധാവിങ്കൽവീണവൻചത്താൻ()
തന്നുടെയന്ത്രമതുനിഷ്ഫലമാകകൊണ്ടും
നിൎണ്ണയമാത്മവിനാശത്തിനുണ്ടാകകൊണ്ടും 219
ഗോപുരത്തിന്റെമുകളേറിയങ്ങിരിക്കുന്ന
പാപചേതനനായദാരുവർമ്മാവുമപ്പോൾ 220
ഗോപുരമുകളിൽനിന്നാശുമൽചാടിവീണു
കോപിതനായിപർവ്വതേശ്വരഭ്രാതാവിനെ 221
മൌൎയ്യനെന്നോൎത്തുമഴുകൊണ്ടവൻമൂൎദ്ധാവിങ്കൽ
ധൈൎയ്യമുൾക്കൊണ്ടുവെട്ടിക്കൊന്നാനെന്നതേവേണ്ടൂ.
ക്രുദ്ധന്മാർപൌരന്മാരന്നേരംകോപത്തോടെ
തച്ചുകൊന്നിതുപിന്നെദ്ദാരുവർമ്മാവിനെയും 223
ചന്ദ്രഗുപ്തന്റെപുരപ്രാപ്തിയുംവിഷ്ണുഗുപ്തൻ
മന്ദമെന്നിയെപിന്നെഘോഷിച്ചുകഴിപ്പിച്ചാൻ 224
അക്കാലമഭയദത്താഖ്യനെന്നൊരുവൈദ്യൻ
ചൊല്ക്കൊണ്ടോരമാത്യരാക്ഷസന്റെനിയോഗത്താൽ
ചന്ദ്രഗുപ്തനുകൊടുത്തീടുവാനായിട്ടൊരു
സിദ്ധമപ്പൊടിവിഷമിശ്രമാക്കിക്കൊണ്ടുവന്നാൻ 226
മൌൎയ്യനെക്കണ്ടുപറഞ്ഞീടിനാനഥവൈദ്യൻ
"വീൎയ്യമേറീടുന്നൊരുചൂൎണ്ണമുണ്ടെന്റെകയ്യിൽ 227
ഔഷധമിതുമേവൻസേവിച്ചീടുന്നാകിലോ
ദോഷങ്ങളശരീരത്തിലുണ്ടാകയില്ലൊരുനാളും." 228
ചന്ദ്രഗുപ്തനപ്പോൾചെന്നുടനതുഭൂമി-
വൃന്ദാരകേന്ദ്രനായചാണക്യനോടുചൊന്നാൻ. 229
അന്നേരംചാണക്യനുംചിന്തിച്ചങ്ങറിഞ്ഞുള്ളിൽ
ചെന്നവനോടുവിഷചൂൎണ്ണംവാങ്ങിക്കൊണ്ടു 230

പൊന്നുംകിണ്ണത്തിലിട്ടുതിരുമുമ്പിനൊക്കുന്നേരം
വൎണ്ണംകൊണ്ടതുവിഷചൂൎണ്ണമെന്നുറച്ചവൻ 231
ചൊല്ലിനാൻ ചന്ദ്രഗുപ്തനോടി"തുകൊണ്ടുവന്നവൻ
കള്ളനായുള്ള വൈദ്യനില്ലസംശയമേതും 232
ചൂൎണ്ണത്തിൽവിഷമുണ്ടെന്നുള്ളതുധരിക്കനീ
വൎണ്ണംകൊണ്ടറിഞ്ഞുഞാൻസേവിച്ചീടായ്കതല്ലൊ 233
നിന്നെക്കൊല്ലുവാൻതന്നെരാക്ഷസനയച്ചിട്ടു
വന്നവനിവ"നെന്നുമൌൎയ്യനോടുരചെയ്താൻ 234
വൈദ്യനോടവൻചൊന്നാൻ"മുമ്പിലിച്ചൂൎണ്ണമിഹ
വിപ്രനാംഭവാൻകുറഞ്ഞൊന്നുസേവിച്ചീടേണം 235
രാജാക്കന്മാൎക്കുമുമ്പിലൊന്നുഭക്ഷിക്കുന്ന-
താചാരമല്ലെന്നതുകേട്ടിട്ടില്ലയോഭവാൻ? 236
വിശ്വാസമില്ലായ്കകൊണ്ടെന്നതുശങ്കിക്കേണ്ടാ
വിശേഷകവൈദ്യൻഭവാനെന്നറിഞ്ഞിരിക്കുന്നു"237
എന്നതുകേട്ടുവൈദ്യൻചൂൎണ്ണത്തെകുറഞ്ഞൊന്നു
തിന്നതുനേരംതൊണ്ടവറ്റിവീണുടൻചത്താൻ 238
പിന്നെയുംപ്രമോദകനെന്നപേരായിട്ടുകൻ
മന്നവൻമൌൎയ്യൻതന്റെശയനാധികാരിയായ് 239
രാക്ഷസപ്രയുക്തനായ ചന്ദ്രഗുപ്തനെക്കൊൽവാൻ
അക്ഷയധനവാനായപ്പുരെവാണീടിനാൻ 240
രാക്ഷസൻകൊടുത്തുള്ളൊരൎത്ഥംകൊണ്ടവനപ്പോഴും
നിക്ഷേപംപോലങ്ങുമിങ്ങുംകൊടുത്തുതുടങ്ങിനാൻ. 241
അന്നേരംചാണക്യനാംമാനസേനിരൂപിച്ചാൻ
ഇന്നിവന്നൎത്ഥംകണ്ടതിട്ടവാനെന്തുമൂലം 242
ഇങ്ങിനെനിരൂപിച്ചുചാണക്യമഹീസുരൻ
മംഗലശീലൻവിളിച്ചവനോടുരചെയ്താൻ. 243
"നിന്നുടെധനാഗമമെങ്ങിനെപറകനീ
മന്നവൻചന്ദ്രഗുപ്തൻനിനക്കുതന്നതോ?" 244
എന്നതുകേട്ടുഭയപ്പെട്ടവനോരോത്തരം
ഒന്നിനൊന്നായിപ്പറഞ്ഞീടിനാനതുനേരം 245

വാക്കിനനേരില്ലായ്കകൊണ്ടു ചാണക്യനത്ഥ-
മൊക്കയുംപറച്ചവൻതന്നെയുംകൊല്ലിപ്പിച്ചാൻ. ()
പിന്നേയുമൊരുദിനംരാക്ഷസനയിച്ചിട്ടു
മന്നവൻ മറ്റുള്ളപ്പുറങ്ങന്നേരത്തിങ്കൽ 247
അത്തമേയറിയാതെയൊട്ടുകളിക്കളവാനായ്
ഘോരരായുള്ള ബീഭത്സാദികളെനാലുകൂട്ടം 248
ധാത്രിയിൽ ... നായുധങ്ങളുമായി
രാത്രിയിൽ ചെന്നുപൂക്കിടന്നാറങ്ങുമറയുടെ 249
താഴത്തുസുരംഗ ... ത്തിലിരുന്നിതോ
ത്തുഴ ... പുറപ്പെട്ടുകൊല്ലാമെന്നുറച്ചവർ 250
ചെയ്യുമാറിപ്പതായ ചാണക്യനൊരുദിനം
ചെന്നുള്ളൊരു ... ചെന്നുനോക്കുമ്പോൾ ()
ഭിത്തിക്കുതാഴെ ... നേരം ചാണക്യനും
ഒത്തുള്ളൊരെ ... സ്ഥലങ്ങളിൽ കൂടി 252
കുന്നിഭക്ഷ്യങ്ങളെടുത്തിരുന്നും ചാത്തുനില
കണ്ടിട്ടുപുറത്തുസഞ്ചരിക്കുന്നതുമവൻ. 253
മണ്ണിനുകീഴെയുണ്ടൊന്നിരിക്കുന്നുണ്ടു ചിലർ
എന്നോർത്തശേഷംകൊണ്ടു ബുദ്ധിമാൻ വിഷ്ണുഗുപ്തൻ 254
അന്നിലംകിളപ്പിച്ചുനോക്കിയനേരത്തിങ്കൽ
മണ്ണിൻകീഴെ ... കൂട്ടമിരിക്കുന്നതുകണ്ടവൻ. 255
ചോറുതളയുമവിൽനാളികേരങ്ങളിവ
മുറുക്കമോദകാദിഖണ്ഡങ്ങളിവയെല്ലാം 256
ഭാണ്ഡമായ്കെട്ടിക്കൊണ്ടുവന്നവരശനാർത്ഥം
ഭണ്ഡാരമെന്ന ... സുരംഗാന്തരേ ചാണീടുന്നു. 257
ബീഭത്സാദികളോടുമഗ്നിയോടുംകൂടി
ക്ഷോഭമുണ്ടാക്കിക്കൊണ്ടു ... ചാണക്യനും 258
തീപിടിച്ചപ്പോൾ നേരം ബീഭത്സാദികളൊക്കെ
വേവുപെട്ടുടൻകൊണ്ടു ... തിരിയാതെ 259
അററമില്ലാതൊരഗ്നിജ്വാലകൾപിടിപെട്ടു
പാററകൾപോലെപൊരിഞ്ഞൊക്കവേ മണ്ടാവർ

ഈവണ്ണംസമോകാലംമൌൎയ്യനെക്കാത്തുകൊണ്ടു
സാമദാനത്തോടിതന്നീടിനാൻവിഷ്ണുഗുപ്തൻ 261
[illegible]നന്ദരാജ്യമൊക്കവെക്രമത്താലെ
തെളിപ്പിച്ചിതുതന്റെനീതികൊണ്ടന്നേരം 262
എത്രയുംപ്രധാനപുരുഷന്മാരായീടുന്ന
ഭദ്രഭടാദികൾക്കനീതിമാൻചാണക്യനും 263
മൌൎയ്യപുത്രനെക്കൊണ്ടുകൈതവമാക്കിച്ചവൻ
കാൎയ്യങ്ങൾചെയ്യിപ്പിച്ചുബന്ധംപോലെഭാവിപ്പിച്ചുടൻ
രാക്ഷസാമാത്യൻതന്റെപക്ഷപാതികൾചിലർ
തൽക്ഷണേനയമേവംമന്ത്രിവീരന്മാരെയും 265
ഭദ്രശീലന്മാരായിവിക്രമന്മാരാകിയ
ഭദ്രഭടാദിപ്രധാനന്മാരാമവരെയും 266
ചന്ദ്രഗുപ്തനാകയത്തകററിക്കളവനായ്
ചമതമായ്പ്രവൎത്തനംചമച്ചീടിനാനൊരുകാലം 267
സൎവ്വവുമുള്ളിലുള്ളകാലംകൌടില്യനും
പാൎത്ഥിവപുത്രനെയുംരാക്ഷസാമാത്യനെയും 268
തങ്ങളിൽവിശ്വാസമുണ്ടാക്കിച്ചുൾപ്പൂനായ
മംഗലശീലനായമൌൎയ്യനായവൻതന്നെ 269
ക്രോധമാൎന്നിളകിച്ചുചാണക്യനുമുപദേശി-
ച്ചുവകൌതുകമായിച്ചീടിനാൻകനിവോടെ 270
മററുള്ളഭദ്രഭടാദിപ്രധാനന്മാരെപ്പോൾ
തെറെറാന്നവിഷ്ണുഗുപ്തൻതന്നുടെനിയോഗത്താൽ 271
കാൎയ്യങ്ങൾചെയ്യുന്നതാക്കിവധരിച്ചുടൻ
മൌൎയ്യനെക്കാളെവൈരംവ്യാജേനഭാവിച്ചവർ 272
“കഷ്ടമയ്യോകാമൌൎയ്യ”നെന്നതുചൊല്ലികൊണ്ടു
നാട്ടിന്നുപുറപ്പെട്ടുപോയഗമിച്ചായിട്ടിനാർ. 273
എങ്കിലുമെരാക്ഷസൻമലയകേതുതാനും
തങ്ങളിൽപിണക്കമന്നുചന്ദ്രഗുപ്തനെപ്പിച്ചു 274
മൌൎയ്യനെന്നൊന്നൊഴിച്ചുപരലിച്ചുകൊണ്ടുതന്നെ
ധൈൎയ്യമുൾക്കൊണ്ടുമരുവീടിനാൻചാണക്യനും 275

ഇതുകേരളരക്ഷസ്സു താനുമതുനേരം
ഉത്തമശീലം തെളിഞ്ഞു കഥാശേഷമിനി 276
അത്തൽതീൎന്നൊരു ചന്ദ്രഗുപ്തനോടുമൊന്നുപറ-
ഞ്ഞെത്രയും സുഖിച്ചുവാണീടിനാളക്കാലം. 277

ഇതി മുദ്രാരാക്ഷസേ കേരളഭാഷാപ്രയോഗേ രാക്ഷസമലയകേതു
സംഘടനം നാമ തൃതീയപാദം സമാപ്തം.

നാലാം പാദം

ശ്രീകരതരുണീസാരസ്യശീലേ ഇന്നു ഭാസുരം
തവമധുരഭാഷണം ഹൃദയസുഖപൂരണം 1
മഹിതനയമോഹനം സകലജനമോഹനം
സൎവ്വമോദാവഹം സൎവ്വശോകാപഹം 2
പലവുമിതി ചിത്രമായ് കേട്ടുവെന്നാകിലും
പലവുമിഹ പിന്നെയും കേൾപ്പതിന്നാശയാം 3
പലതുമിതിനുണ്ടെടോ പാപവഴിയിലായഹോ
ഫലമധുരിതാളിയും പോലവുമുപഭോക്തൃതാം 4
കഥയതു മുഷിച്ചിലില്ലായ്കകൊണ്ടാഗ്രഹീ
കഥയ കഥയാദരാലിക്കഥാശേഷവും 5
കിളിമകളുമതുപൊഴുതു തെളിവിനൊടു ചൊല്ലിനാൾ
കൈതൊഴുതുകൂപ്പിക്കൊണ്ടു കേൾപ്പിനെല്ലാവരും 6
നയനിപുണനായ ചാണക്യമഹീസുരൻ
നന്മയിൽ മൌൎയ്യനെ രാജ്യത്തിൽ വാഴിച്ചതു 7
മന്നവൻ മൌൎയ്യനോടസൂയകൊണ്ടാർകളു-
ള്ളിനവരില്ലാത്തവർകളെന്നതും 8
നന്നായറിവതിനായിട്ടു ചാണക്യനാം
മുന്നമൊരു നിപുണകനെന്നവൻ 9
യമപടോദ്യമാൽ ചാരവേഷത്തൊടൊന്നുകൊ-
ണ്ടമിതമഭിമതിപ്പൂണ്ടെല്ലാമറിഞ്ഞവൻ 10

അതിനിപുണനായനിപുണകനുമഥവന്നങ്ങ-
നാര്യചാണക്യനെക്കൂപ്പിനിന്നീടിനാൻ 11
നിപുണകനൊടുമപ്പൊഴുതുകനിവിനൊടുചൊല്ലിനാ
നീതിമാനായുള്ള ചാണക്യഭൂസുരൻ [ൻ
അയിസുമുഖ ചൊല്ലു ചൊല്ലു പൌരജനവൃത്തവു-
മാകവെമൌര്യനെസ്സഹിച്ചിതൊജനം 13
നയമുടയനിപുണകനുമഥതൊഴുതു ചൊല്ലിനാൻ
നാഥാപുനരതിനെന്തൊരു സംശയം 14
അധിപനരപതികളിൽ കുലമകുടമണി മൌര്യനോ-
ടാരും വിപരീതമായില്ല കേവലം 15
മൂന്നുപുരുഷരല്ലാതാരുമില്ലിവർ
മൂന്നുപേരും പിന്നെ രാക്ഷസൻതന്നുടെ 16
ബന്ധുക്കളായവർ പണ്ടുമവർകൾക്കു
മന്ത്രിപ്രവരനെക്കുറിച്ചറിഞ്ഞാലും 17
മൌര്യനാമന്നവൻതന്നുടെ ഐശ്വര്യവും
വീര്യവും ശ്രീയും പ്രതാപവും കെല്പിയും 18
ഒട്ടും സഹിക്കുന്നതില്ലവർ മൂവർക്കു-
മിഷ്ടമില്ലായ്കയുമുധിയില്ലതുതെ 19
തദനുനിപുണകവചനമിങ്ങിനെ കേട്ടുടൻ
ദ്വിജവരനുമുത്തരം കോപിച്ചു ചൊല്ലിനാൻ 20
അവർകളിഹ മൂവരും ജീവിച്ചിരിക്കയി-
ല്ലവനിയിലതിന്നിനി സംശയമില്ലെടൊ 21
നയനിപുണ ഉണ്ടെന്നു ചൊല്ലുവർനാമവും
നിപുണകനുമിങ്ങിനെ കേട്ടു ചൊല്ലീടിനാൻ 22
അവർകളുടെനാമവും ചൊല്ലിത്തരുന്നതു-
ണ്ടാമോദമുൾക്കൊണ്ടു കേട്ടുകൊൾക ഭവാൻ 23
മന്ത്രിപ്രവരനു സന്തതം ബന്ധുവാം
മാന്ത്രികശ്രേഷ്ഠൻ ക്ഷപണകനെന്നവൻ 24
നമ്മുടെ ബന്ധുവാം പർവ്വതരാജനെ
നിർമ്മരിയാദമൊടുക്കുവാൻ പണ്ടിവൻ 25

ഭൃത്യവരാൽ വിഷനാരിതന്നെയും
ഭൃത്യനിർമ്മിച്ചതെന്നറിഞ്ഞീടുക 26

ചാണക്യനപ്പോളതുകേട്ടനേരത്തു
മാനിച്ചിതേററവുമിന്ദ്രശർമ്മാവിനെ 27

നന്ദനനെത്രയുമിന്ദ്രശർമ്മാവെന്നു
പിന്നെയും പിന്നെയുമേററു സന്തോഷിച്ചാൻ 28

“രണ്ടാമതാരെ”ന്നവനോടു തന്നുള്ളിൽ
ഉണ്ടായരോഷേണ ചൊല്ലിനാൻ ചാണക്യൻ 29

ശങ്കവെടിഞ്ഞവനേവം പറഞ്ഞീടിനാൻ
“എങ്കിലോ രാക്ഷസാമാത്യനു നിത്യവും 30

ഇഷ്ടനായുള്ള ശകടദാസാഖ്യനാം
ശ്രേഷ്ഠനായുള്ള കായസ്ഥനറിഞ്ഞാലും 31

ചന്ദ്രഗുപ്തൻതന്നെ നിഗ്രഹിച്ചീടുവാൻ
മന്ത്രിപ്രവരൻ നിയോഗിച്ചവർകളെ 32

സന്തതം രക്ഷിച്ചീടിനോനിതുമവൻ
അന്തരമില്ല ശകടദാസൻ ബലൻ” 33

എന്നതുകേട്ടോരു മന്ദഹാസംപൂണ്ടു
തന്നുള്ളിലേവമുറപ്പിച്ചു ചാണക്യൻ 34

“എത്രയും ബുദ്ധിമാനായുള്ള നമ്മുടെ
സിദ്ധാർത്ഥകനെ ഞാൻ ഗൂഢമായുള്ളിച്ചു 35

കായസ്ഥനാം ശകടദാസനാൽ
മായത്തിലുള്ളൊരെഴുത്തെഴുതിക്ക” 36

പിന്നെയും ചൊന്നാൻ നിപുണകൻ തന്നോടു
“മൂന്നാമവൻ പുനരാരെന്നു ചൊല്ലുനീ” 37

എന്നതു കേട്ടവൻ പിന്നെയും ചൊല്ലിനാൻ
“ധന്യമതേ പറഞ്ഞീടുവൻ കേട്ടാലും 38

രാക്ഷസാമാത്യനു രണ്ടാമതുള്ളൊരു
സാക്ഷാൽ ഹൃദയമായുള്ളോന്നമരുന്ന 39

പുഷ്പപുരമായ നഗരത്തിൽ
ഇപ്പോൾ മണികാരശ്രേഷ്ഠനായ്വാഴുന്ന 40

ചന്ദനദാസനാകുന്നതറിഞ്ഞാലും
നിന്ദനമോടു ചതോളമില്ലാക്കമ 41
രാക്ഷസൻതന്റെ കളത്രത്തെയുമവൻ
രക്ഷിച്ചുകൊണ്ടിരിക്കുന്നു മഹാമതേ 42
മന്ത്രിപ്രവരൻ പുറപ്പെട്ടുപോയനാൾ
ചന്ദനദാസനാം ചെട്ടിശതാവൃന്ന 43
മന്ദിരേ കൊണ്ടുപോയ്‌വെച്ചിതു നിർണ്ണയം
ചന്തമായുള്ളവന്റെ കഥ്യംബങ്ങളൊക്കവെ” 44
ചാണക്യനിതി നിരൂപണകൊണ്ടു കർണ്ണംകേട്ടഥ
ചന്തത്തിൽ മാനസേ ചിന്തിച്ചിതനന്തരം 45
മന്ത്രികുലോത്തമനാകിയ രാക്ഷസൻ
ചന്ദനദാസങ്കലിന്നു കളത്രത്തെ 46
വെച്ചിരിക്കുന്നതു മാത്രകാണെന്നാകിലും
നിശ്ചയമായ്ത്തന്നെയില്ലൊരു സംശയം 47
തന്നോടു തുല്യരായുള്ള ജനങ്ങളിൽ
തന്നോലിയവർ ചേർന്നിരിപ്പു ദൃഢം 48
ഇത്ഥം നിരൂപിച്ചു വിഷ്ണുഗുപ്തൻ പുന-
രത്തരമായവൻ തന്നോടു ചൊല്ലിനാൻ 49
“ചന്ദനദാസനായുള്ളവൻ തന്നുടെ
മന്ദിരത്തിങ്കലമാത്യകളത്രത്തെ 50
വെച്ചിരിക്കുന്നവെന്നുള്ളതിന്റെ കഥ
നിശ്ചയം നിങ്കലുണ്ടായതുമെങ്ങിനെ” 51
ചാണക്യവചനമിതി കേട്ടോരനന്തരം
ചാതുര്യമോടവൻ തന്നോടു ചൊല്ലിനാൻ 52
“അഖിലനയസദന! കനിവോടതിന്നിശ്ചയം
അംഗുലീയമിതു കണ്ടാൽ വരുമല്ലോ” 53
സഫലം പുനരംഗുലീമുദ്രയെടുത്തുടൻ
സാദരം ചാണക്യന്നു കൊടുത്തീടിനാൻ 54
അംഗുലീമുദ്രയെടുത്തു ചാണക്യനും
തൻകരതാരിൽപിടിച്ചു നോക്കനന്തരം 55

ശിക്ഷയിലുണ്ടതിൻമേലക്ഷരമെഴുതിട്ടു
'രാക്ഷസൻ' എന്നൊരു നാമവുമാദരാൽ 57
സന്തോഷമുൾക്കൊണ്ടു ചാണക്യനന്നേരം
ചിന്തിച്ചിതെൻ കയ്യിൽ വന്നിതു രാക്ഷസൻ 56
കൗടില്യദുസ്സ്വരനിങ്ങിനെ കല്പിച്ചു
കെട്ടതീർത്തവനവനോടുരചെയ്താൻ 58
"വിരുതുടയനീയിന്നു ഗ്രഹിയാഗമം
വിരവിനോടു പോയ്ക്കൊള്ളുക നന്നു നന്നെത്രയും" 59
അഥ നിപുണനാം ചാണക്യ വിപ്രനോ-
ടതിനിപുണമായുരത്തീടിനാനിങ്ങിനെ 60
"ഇന്നുമുതലായ ചാണക്യസന്ദേശം വിപ്രമുഖ്യനാമെന്നെ
കേട്ടുകൊണ്ടാലും ഞെളിഞ്ഞതും ചൊല്ലുവൻ 61
തവവചനമഴകിനോടു കൈക്കൊണ്ടുപോയതോൻ
താനേ യമപടം വായിച്ചുനില്ലവേ 62
ഒരുകപടവേഷനായ് സഞ്ചരിക്കുന്നനാൾ
ഒരുദിവസമാകിലച്ചന്ദനദാസനാം 63
നഗരമണികാരനാം ചെട്ടി തൻ വീട്ടിലും
തിറമൊടുടനവിടെ വിടകൊണ്ടന്നറിഞ്ഞാലും 64
യമപടവുമഴകിനോടങ്ങു നിവർത്തിനോൻ
യമകഥകളൊക്കെ വായിക്കുമന്നേരം 65
അതികൗതുകമുൾക്കൊണ്ടു കണ്ടുനിന്നേത്രയും
അഞ്ചു വയസ്സായൊരാർഭകൻ മോഹനൻ 66
മാളികവാതിലിന്നൊരു നേരമകത്തുനി-
ന്നണ്ണായിതിങ്ങിനെയുള്ള കോലാഹലം 67
അയ്യോ! കിടാവിനെച്ചെന്നു പിടിക്കേണം
പൊയ്ക്കളയില്ലതിന്നൊരാപ്പെറ്റവരമ്മയെന്നും 68
ഉണ്ണി പുറത്തു പോകാതെയെന്നും ചില-
പെണ്ണുങ്ങളാം തങ്ങളിൽ മന്ദം പറകയും 69
കണ്ടിതന്നേരമാതന്റെ സംഗിതാൻ
ഉണ്ണി വന്നാശു വാതിൽ മറഞ്ഞിട്ടവൻ 70

ൎകോമളമായുള്ള കൈകൊണ്ടു ബാലകൻ
കാമിനീഗാഢംപിടിച്ചിഴയ്ക്കുംവിധൌ 71
ബാലനന്തം കരാന്തത്തിടിനാനന്നേരം
നീലവിലോചനാഗാഢംപിടിപെട്ടാം 72
അപ്പോൾപുരുഷൻ വിരല്ക്കുപാകത്തിനായ്
ശില്പമായ്തീർത്തുള്ളൊരംഗുലീമുദ്രിക 73
കന്നൽമിഴിയുടെ കൈവിരൽമേൽനിന്നു
തിണ്ണമഴിഞ്ഞു നിലത്തു വീണുപോയി 74
ഏതുമറിഞ്ഞീലവളുമതു നടെ
പാദത്തിനോടു മുരണ്ടു വന്നബലാൽ 75
ഞാനതുകാലിൻ പുവട്ടിലാക്കിപ്പുന-
ൎന്നാരുമറിയാതെയെടുത്തു കൊണ്ടീടിനേൻ 76
രാക്ഷസനെന്നതിന്മേലെഴുതീടിനോ-
ൎക്ഷരങ്ങൾ കണ്ടു വിസ്മയിച്ചേറവും 77
ഞാനതുംകൊണ്ടുമണ്ടിപ്പോന്നുവന്നുടൻ
മനോമാരാത്തിൽ പാർന്നുൽകിടിനേൻ 78
അംഗുലിമുദ്രയലച്ചിപ്രകാരവും
ഇങ്ങിനേയുള്ളൊന്നറികമഹാമതേ" 79
ചാണക്യനിങ്ങിനെ ചൊന്നപ്പുനരോക്തികൾ
പരിചിനോടു കേട്ടുടൻ തെളിവിനോടു ചൊല്ലിനാൻ
"നന്നനന്നെത്രയും നിന്നുടെ സാമർത്ഥ്യ-
മിന്നിതിനേതുമേ സംശയമില്ലെടോ" 81
എന്നു പറഞ്ഞുടൻ മൌര്യനെക്കൊണ്ടുട-
മിന്നുന്ന കാതില കൈവള പട്ടുകൾ 82
ഇത്തരമോരോന്നെക്കൊടുപ്പിച്ചിതാദരാൽ
ഉത്തമനായ നിപുണകനന്നേരം 83
ആലോലമിങ്ങിനെ ചാണക്യസ്സുതൻ
ഉൾക്കാമ്പിലോർത്തുകണ്ടാൻ മഹാബുദ്ധിമാൻ 84
പർവ്വതരാജനുള്ളാഭരണങ്ങളെ
സർവ്വഥാ രാക്ഷസാമാത്യൻ വില്ക്കണം 85

ഇത്ഥം നിരൂപിച്ചു കല്പിച്ചു ചാണക്യൻ
ഉത്തമരായ വിശ്വാവസുവാദിയാം 86
മൂന്നു പേർ വിപ്രരെ ച്ചൊല്ലിവിട്ടാശുതാൻ
മന്നവനാം ചന്ദ്രഗുപ്തനെക്കൊണ്ടഥ 87
മൂന്നാഭരണങ്ങളും കൊടുപ്പിച്ചവൻ
പിന്നെയവർകളോടിങ്ങിനെ ചൊല്ലിനാൻ 88
"ഇക്കഥനിങ്ങളും മറച്ചമാത്യന്ന
വില്ക്കണമാഭരണങ്ങളിവമൂന്നും" 89
"അങ്ങിനെതന്നെയൊരന്തരമെന്നിയേ
ഞങ്ങളിതു കൊണ്ടുചെന്നു മന്ത്രീന്ദ്രന 90
വില്ക്കുന്നതുണ്ടെന്നു" [illegible] ചൊല്ലി യാത്രയും
വെക്കമറിയിച്ചു പോയാരവർകളും. 91
ഇത്ഥം മഹീസുരന്മാരെ പറഞ്ഞയ-
ച്ചുത്തമനായുള്ള ചാണക്യനക്കാലം 92
പൌരജനങ്ങൾ പറഞ്ഞു കേട്ടീടിനാൻ
"ഘോരനാം മ്ലേച്ഛരാജൻ പടക്കൂട്ടത്തിൽ 93
അഞ്ചു പേർ സേനാധിനായകരുണ്ടുപോൽ
ചഞ്ചലമെന്നിയേ രാക്ഷസനോടവർ 94
ചേർന്നുവരുന്നതിക്കാലമേറ്റവും
ഉന്നതനായുള്ള കൌലൂതരാജനാം 95
ചിത്രവർമ്മാവും, മലയനൃപനായ
ശത്രുവിധ്വംസനൻ സിംഹനാദൻ താനും 96
ഭീഷ്മസമാനൻ പ്രതിയോഗികൾക്കൊരു
കാശ്മീരനായുള്ള പുഷ്കരാക്ഷൻ താനും 97
സിന്ധുനിവാസിയായുള്ള ശകാധിപൻ
സിന്ധുഷേണാഖ്യനായുള്ളൊരു വീരനും 98
പാരസീകന്മാർക്കധിപനായുള്ളൊരു
ഘോരപരാക്രമമുള്ള മേഘാക്ഷനും" 99
ഇത്ഥം ചരന്മാർ പറഞ്ഞറിഞ്ഞീടിനോ-
രുത്തമൻ ചാണക്യനിത്തരം ചിന്തിച്ചാൻ 100

വ്യാജമായൊരുകുറിയെഴുതിച്ചുതാൻ
രാജപ്രവരനാം ചിത്രവർമ്മാദിയെ 101
"ദുഷ്ടനാക്കിക്കൊടുപ്പിച്ചമാത്യനെ
ശിക്ഷ ചെയ്തരെക്കൊല്ലിപ്പനേകതാൻ" 102
ഇത്ഥം നിരൂപിച്ചു വിശ്വസ്തപ്പൂർവ്വചന
സത്വരം ചെന്നു രാക്ഷസൻപക്കൽ 103
മിത്രമായ് താൻപറഞ്ഞാക്കിവരുന്ന
സിദ്ധാർത്ഥകനായ രാജപുരുഷനെ 104
മന്ദമരികെ വിളിച്ചു നിഗൂഢമായ്
മന്ദഹാസപൂർണ്ണനവനോടു ചൊല്ലിനാൻ 105
"ധന്യമതേ ഗുണവാരിധേ കേളെടോ
നിന്റെ ബുദ്ധിവിലാസങ്ങൾകൊണ്ടിനി 106
വേണ്ടുന്ന കാര്യങ്ങളെല്ലാം നമുക്കുള്ള വെ-
ന്നാളാകവേണം സുമുഖ നിൻ മാനസേ 107
മുമ്പിനാൽ വേണ്ടതു ചൊല്ലിത്തരുവൻ ഞാൻ
കമ്പംവരാതെ ശകടനെക്കൊണ്ടിനി 108
ചൊന്നൊരു ലേഖയെഴുതിക്കയും വേണം
ഇന്നതു വാചകമെന്നു ചൊല്ലിത്തരാം— 109
"ആരാനെതാനൊരുത്തനൊരുത്തനെ
നേരേ കൊടുത്തയച്ചുവിട്ടെ"ന്നും 110
"ഉത്തരം സ്ഥാപനം ചെയ്യു"മെന്നതിൽ വേണം
വാക്യനാമങ്ങളെഴുതുകയും വേണ്ട 111
ഇത്തരമക്ഷരങ്ങൾകൊണ്ടു സാമ്പ്രതം
വ്യക്തമല്ലാതൊരു ലേഖയെഴുതിച്ചു 112
ലേഖയുംകൊണ്ടു നീയോടിവിടെക്ക
വേഗമുദ്രകൊണ്ടു മുദ്രിക്കയും വേണം നീ 113
ഞാനിതു ചൊന്നതെന്നുള്ളതു ചൊല്ലുകിൽ
ഉത്തമവേലയേവമെന്നറിഞ്ഞാലും 114
എന്നതുകൊണ്ടിതു നന്നായുറച്ചുനീ
ചെന്നമുറിയുമെഴുതിച്ചുകൊണ്ടുവാ" 115

അങ്ങിനെ തന്നെയതെന്നരചെയ്തവൻ
ഇങ്ങിനെവിപ്രൻപറഞ്ഞവണ്ണംതന്നെ 116
കാൎയ്യസാധനായശകടനെക്കൊണ്ടൊരു-
പായംപറഞ്ഞവൻപത്രമെഴുതിച്ചു 117
വിരവിനൊടുചണകതനയാലയംപ്രാപിച്ചു
വാചികപത്രികയുംകൊടുത്തീടിനാൻ 118
വാചകംകേൾക്കിചണകതനയനും
വായിച്ചവനോടുപിന്നെയുംചൊല്ലിനാൻ 119
"രാക്ഷസാമാത്യനുള്ളൊരീമുദ്രയെ
ശിക്ഷയിൽവെച്ചിതിനൊപ്പുമിടുകനീ" 120
ഇത്ഥമുരചെയ്തുമുദ്രയുംപത്രവും
സിദ്ധാൎത്ഥകൻപക്കലേല്പിച്ചുനല്കീടിനാൻ 121
ചണകസുതവചനമിതുകേട്ടുസിദ്ധാൎത്ഥകൻ
ചപലവിരഹിതപത്രത്തിലൊപ്പുമിട്ടീടിനാൻ 122
സവിനയമൊടവനഥചാണക്യവിപ്രനെ
സാദരംവന്ദിച്ചുചൊല്ലിനാനിങ്ങിനെ 123
"എന്തിനിഞ്ഞാനിനിവേണ്ടുവതുള്ളതും
അന്തരമെന്നിയരുൾചെയ്കസാമ്പ്രതം" 124
അപ്പൊഴുതുചാണക്യവിപ്രനുംചൊല്ലിനാൻ
"അതിവിരുതനായനീയൊന്നുവേണ്ടതും 125
മുദ്രയാമുദ്രിതംപത്രവുംമുദ്രയും
ഭദ്രമിക്കൈക്കൊണ്ടുടനെപുറപ്പെട്ടു 126
ശൂലത്തിൽശകടദാസൻതന്നെക്കൊല്ലുവാൻ
തിണ്ണമാരാൽകയറ്റിക്കൊണ്ടുപോയ് 127
ചാരത്തുനിന്നുകഴുവേറ്റുവാനഥ
ഘാതുകന്മാർതുടങ്ങീടുംദശാന്തരേ 128
ക്രൂരനായഘാതുകന്മാരനേകംവരുന്നി
ഘോരങ്ങളായവചനങ്ങൾചൊല്ലുന്നു 129
ഘാതുകന്മാരുടെനേരെസിദ്ധാൎത്ഥകൻ
ഭീതിയുംവ്യാജേനപൂണ്ടുമണ്ടുംവിധൌ 103

കലിതമുദമഥശകടദാസനസ്സാദരം
കലനിലമതികന്നവർകെപട്ടതാളുന്നീ 131
സന്തോഷമുൾക്കൊണ്ടവനെയുംകൊണ്ടുപോയ്
മന്ത്രിപ്രവരനെച്ചെന്നുസേവിക്കുടാ 132
ശ്രുതിപൊഴുതിലഥശകടദാസനക്കാതതി-
നാമിഭൃത്യത്തോടുകൂടവേരാക്ഷസൻ 133
വല്ലതുമൊന്നിനിക്കസമ്മാനിക്ക-
മില്ലാത്തസംശയമെന്നാലതുംവാങ്ങി 134
മുദ്രയുംപിന്നെക്കൊടുത്തമാത്യന്ന
മുദ്രമായ്പ്പിന്നെനീസേവിക്കയുംവേണം 135
പടവരവൃത്തങ്ങളെല്ലാവധവഴിയിൽനിന്നുനീ
പരിചിനോടുപർവ്വതപുത്രനാഭരണവും 136
കാട്ടിക്കൊടുക്കാപുനരവൻതന്നോടു
മുട്ടിച്ചുനിർവ്യസനമാത്തുചെയ്യുംവിധൌ 137
വാചകമെന്നാല്ലാത്തരത്തറിയിച്ചുനീ
സാക്ഷിപ്രമുഖരെക്കൊണ്ടുരാക്ഷസാമാത്യനെ 138
ക്കുറ്റമനക്കൊണ്ടുപക്ഷിപ്പിച്ചുസത്വരം
നിശ്ചയംവരുത്തനായ്ക്കോരുകളങ്കനീ” 139
ചാണക്യനതിചപലതമവനോടുപദേശിച്ചു
ചഞ്ചലമെന്നിയെമുദ്രയുംപത്രവും 140
കലിതമുദമതിചതുരനായസിദ്ധാർത്ഥകൻ
കരതലെയവൻകൊടുത്തിങ്ങിനെചൊല്ലിനാൻ 141
“അതിസുമുഖകാര്യ്യംസാധിച്ചുനീയുമി-
നാഴികനോടുപോരികെ”ന്നാശിയുംചൊല്ലിനാൻ 42
അഥചാണക്യനപരനാവനാലെചൊല്ലവൻ
അതിമുദിതനായനടന്നീടിനാനന്നേരം 143
നയനിപുണമതിചാണക്യതനയനന്തരം
നീതിമാനാകുംചാണക്യൻതാനെന്നായും 144
നിജനികടഭുവിചരവിനോടുവിളിച്ചുരാൻ
“ഞാനുമെക്കൊണ്ടുവാംരാക്ഷസസന്തനെന്നായും 145

ഉന്നതനാംശൂദ്രരാജനന്ദനെത്തന്നെയും
ചാണനീതങ്ങളിൽഭേദംവരുത്തുക” 146
എന്നുപദേശിച്ചവനോടുഗൂഢമായ്
പിന്നെയവൻകാലപാശികൻതന്നെയും 147
ഉന്നതനാംദണ്ഡപാശികൻതന്നെയും
തിണ്ണംവിളിച്ചുകോപിച്ചുചൊല്ലീടിനാൻ 148
“ക്ഷിതിപനിക്കുടുക്കണമെന്നവൻപറകയാൽ
ക്ഷപണകനെയുംശകടനാമാത്യകളെയണം 149
നമ്മുടെബന്ധുവാംപർവ്വതരാജനെ
ദുർമ്മന്ത്രിയായവൻകൊന്നതറിഞ്ഞാലും 150
അധിതിപുനഃശകടദാസനെത്തന്നെയും
ചായില്യമിട്ടുകഴുവിലേറ്റുവിൻ 151
ശകടനിഹരാക്ഷസഭൃത്യൻപറകയാൽ
ചന്ദ്രഗുപ്തൻതന്നെക്കൊന്നൊടുക്കീടുവാൻ 152
ചിലരിവിടെമരുവുമവർക്കൊക്കവൻനിത്യവും
ചിലവിനുകൊടുക്കുന്നുണ്ടെന്നുനിർണ്ണയം” 153
ചാരർകളതുകേട്ടുടൻക്ഷപണകനെയുംചെന്നുടൻ
ഗൃഹമതിലുകൂട്ടിനാൻഭയമോടവനോടിനാൻ 154
ശകടദാസനെയധിതിപിടിപെട്ടവ-
രതികുപിതരായുടൻകയറരയിലിട്ടവരാ 155
കൊലക്കുത്തിയാളുതെക്കാവലുമതിങ്കല–
ഴെകിനൊടുവച്ചുപോതതികുപിതനായുടൻ 156
അത്തലമ്പലവാതനന്നാട്ടികളെത്തുട–
നശകടദാസനെത്തസ്സിദ്ധാർത്ഥകൻ 157
കനിവിനൊടുപാലിച്ചുകൊണ്ടവനോടുമായ്
പരിചിനൊടുപോയ്തെരാക്ഷസംവീക്ഷിച്ചും 158
നീതിമാനാകിയവിശ്വസ്തനോടൊത്ത
ദൂതനെപ്പിന്നെവിളിച്ചുചൊല്ലീടിനാൻ 159
“ചന്ദനദാസനാംചെട്ടിപ്രവരനെ
ഉന്നമല്ലാതിങ്ങുകൂട്ടിനീകൊണ്ടുവാ” 160

ചാണക്യസുതനാം ചന്ദനദാസനെ കെട്ടി വരുത്തിച്ചവൻ
ചന്ദനദാസൻതന്നെ നോക്കിക്കൊണ്ടുടൻ 161
കെട്ടിക്കൊണ്ടുവന്ന ശ്രേഷ്ഠനെക്കണ്ടു ചൊല്ലിനാൻ
ശ്രേഷ്ഠകുലോത്തംസ ചന്ദ്രഗുപ്തന്റെ ശാസനാൽ 162
“ശ്രേഷ്ഠിപ്രവര! ധനപതെ! സ്വസ്ഥ”
ശ്രേഷ്ഠനായുള്ള ചാണക്യനയച്ചഞാൻ 163
വന്നേൻ ഭോജനമുംകൊണ്ടിങ്ങു ചൊല്ലുവാൻ
തിണ്ണം പുറപ്പെട്ടു പോരികയും വേണം” 164
എന്നിത്തരം കേട്ടൊരു ചന്ദനദാസനു-
ന്നവിചാരം തുടങ്ങിനാനിങ്ങിനെ 165
“അയ്യോ! മഹാപാപി ചാണക്യനെന്നോടു
പുള്ളിവകുപ്പിച്ചിരിക്കുന്നതിപ്പോഴോ! 166
ചാണക്യനെന്നതു കേട്ടിട്ടുണ്ടെത്രയും
താനറിയാതെ നാട്ടിലുള്ളെല്ലാവരും 167
ഇത്രക്കു ഭയമില്ലാതവരെന്റെ
ധാത്രിയിലെങ്ങുമേ കണ്ടിട്ടുമില്ലഞാൻ 168
ഒട്ടുമൊരു പിഴ ചെയ്യാതവർക്കുമൊക്ക-
മാതങ്കമുണ്ടഹോ ചാണക്യവിപ്രനെ 169
ഏറാമപരാധമുള്ളവരിനിക്കിഹ
മുറ്റും പൊറുതിയില്ലാതവരെല്ലാം 170
എന്നുവന്നാലിന്നമാത്യകളത്രത്തെ
തിണ്ണമിവിടെന്നയച്ചിച്ചുകൊണ്ടുഞാൻ 171
ചെയ്തതുകൊണ്ടു ചാണക്യൻ
പിന്നെയമാത്യകളത്രത്തെയുമവൻ 172
എന്നോടുകൂടെ വരികെന്നു ചൊല്ലുമ്പോൾ
എന്തിനിക്കെകൊട്ടുത്തരമോട്ടവും 173
അതു [illegible] ചാണക്യനും
[illegible] മെന്റെ [illegible] 174
കണ്ടീ [illegible] വന്നതു വരുന്നതാം
ഉണ്ടാവതെല്ലാമനുഭവിക്കേയുള്ളു. 175

വിശ്വാസവഞ്ചനംചെയ്യാലമാത്യൻ-
മീശ്വരനാംവിപരീതമായ്വന്നുപോം 176
എന്നമരവുമെല്ലിച്ചിഹരാക്ഷസൻ
തന്നുടെപുത്രകളത്രാദികളെയും 177
എന്നുടെമന്ദിരത്തിങ്കലാക്കീടിനാ-
നെന്നാലിനിക്കിതുരക്ഷിക്കയുംവേണം I;8
ഇന്നിതുകൊണ്ടുവരുന്നതുന്നമവി-
ക്കെന്നുവന്നുമറ്റൊരാവതില്ലേതുമെ" 179
ഇത്ഥംനിരൂപിച്ചുകല്പിച്ചുതന്നുടെ
ഭൃത്യനായുള്ളധനദാസനോടവൻ 180
"തെറ്റെന്നമാത്യകളത്രമിവിടുന്നു
മറ്റൊരേടത്താക്കുകൊണ്ടുപോയിടുനീ" 181
ഇത്ഥംധനദാസനോടുപറഞ്ഞവ-
നത്യന്തമാമകലുന്നതിന്നെങ്ങളും 182
പട്ടുകളാഭരണങ്ങൾ സ്വവർണ്ണങ്ങൾ
പെട്ടികളിൽനിറച്ചുടനൊട്ടെടുപ്പിച്ചു 183
ചന്ദനദാസൻപുറപ്പെട്ടുപോയ്
മന്ദിരഗോപുരെചെന്നുനിന്നീടിനാൻ 184
ചാണക്യനോടുതദന്തരംചൊല്ലിനാൻ
"ചന്ദനദാസൻവിടകൊണ്ടുപോകുന്നു" 185
എന്നതുകേട്ടുചാണക്യതന്ത്രജ്ഞനും
ചെന്നാശുമന്നവൻതന്നോടുചൊല്ലിനാൻ 186
"ചോദ്യമവനോടുചെയ്യേണ്ടതുണ്ടിവാ-
നാദ്യംമറ്റാരിനിക്ക"ന്നിതുചെയ്തുടൻ 187
രാജനിയോഗവുംകൈക്കൊണ്ടവനഥ
രാജപുരുഷനോടിങ്ങിനെചൊല്ലിനാൻ 188
"ചന്ദനദാസനോടിങ്ങുവരാനിന്നു
ചെന്നുപറക നീ"യെന്നതുകേട്ടവൻ 189
ചെന്നുപറഞ്ഞതാനതുകേട്ടവൻതാനും
മന്ദമന്ദമകംപുക്കാൻവിനീതനായ് 190

അവനിസുരവരനെയവനാശു കമ്പിട്ടതാ-
നാചാരവും ചെയ്തു വാങ്ങിനിന്നീടിനാൻ 191
ഉചിതമതിനഥ സഖലു ചണകസുതനാദരാൽ
മാനിച്ചവനോടുമെല്ലവേ ചൊല്ലിനാൻ 192
"ചന്ദനദാസ! നിന്നെക്കണ്ടിനിക്കൊരാ-
നന്ദമേറെ വന്നു ചൊല്ലാവതല്ലഹോ 193
കഷ്ടം നമുക്കു വലഞ്ഞിതെല്ലാമവ-
നൊട്ടുമേ കൈവെകാതിരിക്ക പലകമേൽ" 194
സമ്മാനവാക്കുകൾ കേട്ടവൻ ചൊല്ലിനാൻ
"ധർമ്മമല്ലേതുമതങ്ങൾ ചെയ്യുന്നതല്ലോ 195
ഇപ്പോളനുചിതമായുള്ള സമ്മാന-
മിപ്പരിഷക്കിന്നു പോറ്റുകാണുന്നേരം 196
ദുഃഖത്തിനുള്ളതു തന്നെന്നിതിപ്പകിൽ
ഒക്കെയറിഞ്ഞതല്ലന്നിതല്ലോ ഭവാൻ 197
ഞാനീനിലത്തിരുന്നീടേന്നതും ചെയ്തി-
ല്ലനവരതമിനിനീടണമായവാളം 198
വൈശിഷ്ട്യമുള്ള ഭവാനതും ചെയ്തില്ല-
മൗചിത്യമായതേ ചെയ്കുകൂട്ടുദ്ധം" 199
"ഞങ്ങളോടൊപ്പമിരിപ്പാൻ ഭവാനിപ്പോ-
ളുള്ളതുമൊരു കുറവില്ലെന്നറിഞ്ഞാലും 200
തന്നാ പലകമേലേറിയിരിപ്പരി-
നിന്നുമടിയായ്കു"യെന്നു ചാണക്യനും 201
കഷ്ടമിക്കല്ലവനൊന്നു ഞാൻകണ്ടിട്ടു-
മൊട്ടുമെന്നോടുപാലിക്കയില്ലെന്നവൻ 202
കല്പിച്ചുതന്നാൻ നിലത്തു തന്നെ പുന-
രപ്പോളുരചെയ്തു കൗടില്യവിപ്രനും 203
"ശ്രേഷ്ഠിപ്രവര! ധനപതേ! സാമ്പ്രതം
ശ്രേഷ്ഠനായുള്ള ഭവാനധിശോഭിച്ചു 204
വാണിഭങ്ങൾക്കു കുശലമോ? സന്തതം
നാണിയത്തോടു ലാഭങ്ങൾ വരുന്നിതോ" 205

"ആൎയ്യനായുള്ളദേവൻറഗുണംകൊണ്ടു
കാൎയ്യങ്ങൾവാണിജ്യങ്ങൾകണ്ടിതുകാലം" 206
"ചന്ദ്രഗുപ്തൻനരപാലകനാകയാൽ
നന്ദനരവരന്മാരാമവർകളെ 207
ഖേദാൽനിരൂപിച്ചുപീഡയുണ്ടാതെ
മേദിനിതന്നിൽപ്രജകളിലാക്കാനും" 208
ചന്ദനദാസനതുകേട്ടുകൎണ്ണങ്ങൾ
നന്നായ്വിരൽകൊണ്ടുപൊത്തിനിന്നീടിനാൻ 209
"നന്ദനാംമൌൎയ്യൻനരപതിയാകയാൽ
ചൊല്ലാവതല്ലാതകൌതുകമെല്ലാൎക്കും 210
പൌൎണ്ണമാസ്യ്ക്കുദിച്ചീടുന്നചന്ദ്രനും
പൂൎണ്ണഗുണമുള്ള ചന്ദ്രഗുപ്തൻതാനും 211
ഏതുംവിശേഷമില്ലിപ്രജകൾക്കിഹ
ചെയ്യേണ്ടാനന്ദംപിറപ്പനാതെയുള്ളു" 212
"രാജഗുണങ്ങളാൽപ്രജകൾക്കസന്തോഷ-
മാശയത്തിങ്കലുണ്ടെങ്കിലിക്കാലം 213
എല്ലാവരുംനരപാലകനായ്ക്കൊണ്ടു
വല്ലതുമിഷ്ടമായുള്ളതുചെയ്യേണം" 214
മോദമുൾക്കൊണ്ടിഹ ചന്ദനദാസനും
മേദിനിദേവനോടിങ്ങിനെ ചൊല്ലിനാൻ 215
"എന്തൊരനീതിയിങ്ങിനെചൊല്ലുന്നതെന്നുള്ള
തന്ത്രംകൃതാൎത്ഥർ ചെയ്യേണ്ടുംവേണം 216
അന്തരമെന്താനുംഗുപ്തനുനൽകീടുവാ-
നെന്തുവേണമെന്നതുംചൊല്ലികൊള്ളുക" 217
ചാണക്യനതുകേട്ടുസഹിയാതെ
മാനിച്ചവനോടുപിന്നെയുംചൊല്ലിനാൻ 218
"ചന്ദനദാസ!നീ ധനമെല്ലാം
ചന്ദ്രഗുപ്തൻറെ രാജ്യം 219
നന്ദരാജ്യമെന്നോൎത്തിരുന്നെങ്കി-
ലിന്നതിന്നായ്ത്തുടങ്ങുകനീ 220

നന്ദനൃപന്മാരെക്കാൾ തദാഗ്രഹമുള്ള-
തിന്നതെന്തുൻതനിക്കില്ലെന്നറിഞ്ഞാലും 221
അർത്ഥലാഭംകൊണ്ടു സന്തോഷവും പുന-
രിത്രയുമില്ലാമുരാപൌത്രനാമെടോ 222
ചന്ദ്രഗുപ്തനിപ്രജകൾക്കു നിത്യമാ-
നന്ദമുള്ളതെങ്കിൽപ്രിയമതെന്നോർക്ക നീ” 223
ചന്ദനദാസനതു ചൊന്നാനതുനേരം
“ചന്ദ്രഗുപ്തൻമഹാരാജനതെത്രയും 224
അർത്ഥമല്ലാതെയും തന്നാലതുപതിന്നു
ചിന്തയെന്താം പരമങ്ങതിനാവയം” 225
ശ്രേഷ്ഠികുലപാലനൻ ചൊന്നതുകേട്ടവൻ;
ശ്രേഷ്ഠനാം ചാണക്യനിത്തരം ചൊല്ലിനാൻ 226
“രാജാവിനോടു വിപരീതമായൊരു-
മാചരിച്ചീടാതുള്ളവനാം പ്രിയമെടോ” 227
“യാതൊന്നു ഞാനെന്റെ നൃപനോടുവിരോധമായ്
നീതിശാസ്ത്രം ബുധകാട്ടുന്നതുമിപ്പോൾ”? 228
ശങ്കകൂടാതെ പറഞ്ഞു മഹാവൻതാൻ
“എങ്കിൽനീയെന്റെ രാക്ഷസനെ [illegible] ധരിച്ചാലും” 229
അയ്യോ ശിവ! ശിവ! ഞാനൊന്നുമറിഞ്ഞീലേ!
പൊളിയെ പറയും മഹാലർത്തികാണാതൽ 230
ഇന്നതു നിശ്ചയം ചിന്തയക്കാവതാരമോ-
രെന്തുക്ഷമ ഞാൻ ചോദിച്ചതുമുള്ളതെ” 231
“എന്തുവരുംതുടങ്ങിപ്പിന്നിക്കാലം
സന്തതമില്ലതു കാണിക്കയറിഞ്ഞാലും 232
[illegible] പതിനാറിലുകാലം
ചെമ്പരാസിച്ചിരിക്കുന്നമാത്യന്റെ 233
പുത്രകളത്രാദികളെയുമിന്നും
പുനരെന്നെ [illegible] ഇന്നില്ലയോ?” 234
“പൊയ്യായവാക്കുകളെ പറഞ്ഞു
മെല്ലെ പറഞ്ഞതാരിക്കാലമിപ്പോൾ” 235

ക്രൂപാലവീരരോടേതാനുമൊന്നുകൊ-
ണ്ടാപത്തകപ്പെട്ടുപണ്ടുമോരോജനം 236
നാട്ടിലെങ്ങാനുമിപ്പൌരജനത്തിന്റെ
വീട്ടിലവരുടെസമ്മതംകൂടാതെ 237
കൊണ്ടുപോയ്ത്തന്റെകുഡുംബത്തെയുംവെച്ചു
മണ്ടിമറ്റുനാട്ടത്തെട്ടുമറികനീ 238
എന്നാലതിനെമറച്ചുമാറില്ലാതും
നിന്നെയൊഴിപ്പൂധരണിയിൽനിന്നും" 239
"അങ്ങിനെകൂട്ടുനേരെതന്നെപുന-
രെങ്ങുമതിന്നവകാശമില്ലത്രെ 240
മന്ത്രിപ്രവരൻപുറപ്പെട്ടുപോയനാ-
ളന്തിക്കവൻപുനരെന്റെഗൃഹത്തിങ്കൽ 241
കൊണ്ടുവന്നാക്കികളത്രത്തെയുംപിന്നെ
കൊണ്ടുപോയാനതിനെന്നതിൻമുന്നമെ" 242
"മുമ്പിൽപറഞ്ഞുനീയില്ലെന്നുതന്നെ
പിന്നെപ്പറഞ്ഞതുണ്ടെന്നുമെങ്കിലിനി? 243
വാക്കിന്നുതമ്മിൽ ചേർച്ചയില്ലെത്രെ
ഭോഷ്കുപറഞ്ഞാൽ മടങ്ങുകയില്ലെടൊ 244
നേരുകേടായിപ്പറയുന്നതേറവും
ചൊന്നതെപറഞ്ഞാൽനിഷ്ഫലം" 245
നേരുകേടുപറഞ്ഞീലഞാനിന്നു
നേരൊഴിഞ്ഞൊന്നുമിനിക്കില്ലനിർണ്ണയം" 246
"ചന്ദനദാസ!ഞാൻചൊന്നതുകേൾക്കനീ
എന്തിനാണോരോതരവ്യാജങ്ങളെന്നെ? 247
മന്ത്രിപ്രവരന്റെഭാര്യയെനൽകുക
ചന്ദ്രഗുപ്താവനീനാഥനാക്കൊണ്ടെടൊ!" 248
"ഹന്ത ചാണക്യ!മഹാസുമതെ!
കമഴ്ത്തിമഹീപതിക്കയെകാട്ടിത്തരുവാൻ 249
രാക്ഷസാമാത്യകളത്രമെന്നാലിതെ
സൂക്ഷിച്ചുവെച്ചിരിക്കുന്നുമില്ലഞാൻ 250

ൽന്നകലശലിൽകൊണ്ടുവന്നീടിനാൻ
പിന്നെപ്പുലർകാലെകൊണ്ടുപോയീടിനാൻ" 251
"എങ്കിലെവിടേക്കുകൊണ്ടുപോയാനെന്നു
ശങ്കാവിഹീനംപറകയുംവേണംനീ" 252
"എങ്ങുപോകയെന്നതുംഞാനറിഞ്ഞീലെല്ലു-
മെങ്ങിനെഞാനറിയുന്നുനയനിധേ!" 253
ചന്ദനദാസനോടപ്പോൾ ചാണക്യനും
മന്ദഹാസംപൂണ്ടുപിന്നെയുംചൊല്ലിനാൻ 254
"ചന്ദനദാസനിനല്ലതിനല്ലകേ-
ളിനാളുടങ്ങനെതന്നെമറിഞ്ഞാലും 255
ള്ളതുമൊന്നുമറിയുന്നതില്ലെടോതാൻ?
ചേതസിനന്നായ്നിരൂപിച്ചുചൊല്ലുനീ 256
ആപത്തുവന്നുതലയിൽകരേറിയാ-
ലാവതെന്തെന്നുവിചാരിക്കയുംവേണം 257
നന്ദസുതന്മാരെന്നൊന്നോളുപോലെ
ചന്ദ്രഗുപ്തൻതന്നെരാക്ഷസാമാത്യനും 258
നാശംവരുത്തുമെന്നുണ്ടുനിനക്കെടോ-
രാശപുനരതുസാധിക്കയില്ലെടോ 259
നയവിപുലബലമുടയവർകളായുള്ള ഞ
നക്രനാസാദികളാകുന്നമന്ത്രികൾ 260
തെളിവിനൊടുധരണിപതിനന്ദനനുള്ള നാൾ
തിറമൊടിഹലക്ഷ്മിയെകെട്ടിനിർത്തീടിനാർ 261
അക്കെട്ടഴിച്ചുഞാൻമൌര്യതനയനു
നിർവ്യൂഢമെന്നുറപ്പിച്ചുകെട്ടീടിനേൻ 262
ഇക്കെട്ടഴിച്ചുകെട്ടീടുവാൻപാരിൽനി-
ലിക്കണ്ടവരാരുമില്ലെന്നറിഞ്ഞാലും 263
ചിരമവരധികനന്നേകരോടൊരുമയാൽ
തെളിവിനൊടുസന്ധ്യയുംമായന്നൊഴിഞ്ഞിന്നു 264
ശിശിരകരമഹിതകലയെന്നപോലെയൊരു
സിംഹവദനത്തിലുള്ളൊരുദംഷ്ട്രയെ 265

പടിക പൊട്ടുപറിച്ചുകൊണ്ടിങ്ങുപോന്നീടുവാൻ
പാരതിലെവൻതനിക്കെന്നോർത്തുകൊൾവിൻ." 266
വിവിധമിതികേട്ടഥ ശ്രേഷ്ഠിപ്രവരനും
വിശങ്കമായ് മിഴിയിണ ചിന്തചെയ്തീടിനാൻ 267
"പലവിധമുപായത്താലെന്നെ വധിക്കിലും
ഫലമിനിയറിഞ്ഞുകൊള്ളുകയെന്നതേ വേണ്ടൂ" 268
ജ്ഞാനികളുത്തമനാകിയ ചാണക്യ-
ന്നുഗ്രമായ്പ്പിന്നെയും ചൊല്ലിനാനിങ്ങിനെ 269
"ശ്രേഷ്ഠികുലശ്രേഷ്ഠ കേട്ടാലുമെങ്കിൽ നീ
കാട്ടുന്നതെന്തിനുകൊണ്ടുള്ള ഫലവും 270
ദുഷ്ടൻ ചണകൻ്റെ ചൊല്ലുരോഷംകൊണ്ടു
നാട്ടിന്നുപോയതു കേട്ടില്ലയോ ഭവാൻ 271
പിന്നെ ശകടദാസൻ്റെ ചൊല്ലുരോഷത്താൽ
ചെന്നവൻ കാലപുരി പൂകിരിക്കുന്നു 272
ചന്ദ്രഗുപ്തമഹാരാജനിത്തുകാലം
ചന്ദനദാസനിൻ ശാഠ്യകർമ്മങ്ങളെ 273
ഒട്ടും സഹിക്കയില്ലെന്നു വന്നാൽ ഭവാൻ
കഷ്ടമാം ദണ്ഡമനുഭവിക്കുമല്ലോ 274
എന്തുകൊണ്ടു നിനക്കു തോന്നും ബന്ധുവായ്
ചൊന്നതു കേൾക്ക നല്ലതവനിന്നയം 275
കാൽക്ഷണം വൈകാതെ രാജാജ്ഞയാ ഭവാൻ
രാക്ഷസൻതൻ്റെ കളത്രത്തെയും നല്കി 276
ചിത്രമായുള്ള രാജപ്രസാദങ്ങളും
എത്രയും നന്നായനുഭവിച്ചീടുക" 277
"ഉള്ളതെന്നു ഗൃഹമതിങ്കലിന്നയം
ഇല്ലാതതെങ്ങിനെ നൽകുന്നതോന്നഹോ" 278
"ഇല്ലയോ രാക്ഷസൻ തൻ്റെ കളത്രത്തെ
ചൊല്ലുന്നീ വെച്ചു രക്ഷിക്കുന്നതില്ലയോ 279
നിൻ്റെ കളത്രത്തെയും പ്രാണനെയുമാ-
രവൻ്റെ കളത്രത്തെക്കൊണ്ടുരക്ഷിക്കുന്നു നീ 280

കാത്തുകൊണ്ടീടുവാനാവിൾവിക്കനിൻ
ചിന്തതിലേവനോ ഇന്നുറച്ചുനിൎണ്ണയം” 281
“ഭീഷണമായുള്ള വാക്കുകളെന്തിനു
ദോഷവിഹീനനാമെന്നോടു ചൊല്ലുന്നു 282
സത്യമമാത്യകളത്രമെൻപക്കലെ
നിത്യവുംവെച്ചുരക്ഷിച്ചുകൊള്ളുന്നു ഞാൻ 283
എന്നതറികയുമില്ലെന്നു നിൎണ്ണയം
എന്നാൽവരുത്തുവതെക്കെവരുത്തുക 284
ഇല്ലെന്നുത്തരം ചൊല്ലിയാലുമ്പെന്നി-
ല്ലവിശ്വാസമെന്നാകിലുണ്ടെന്നു സത്യം” 285
“ഇത്തൊഴിൽതാവകംനന്നല്ലനിൎണ്ണയം
ചിത്തത്തിൽനിശ്ചയംവന്നിതോ ചൊല്ലുനീ” 286
“നന്നായുറച്ചുള്ളകാൎയ്യത്തിനിശ്ചയം
വന്നുകിടക്കുന്നിതില്ലൊരുസംശയം” 287
ഇത്തരംസാമദാനാദികൾകൊണ്ടവൻ
ചിത്തമിളകാതെകണ്ടു ചാണക്യനും 268
എത്രയുംചന്ദനദാസനെമാനിച്ചു
ചിത്രമാംദണ്ഡത്തൊഴിലെന്നുനിരൂപിച്ചാൻ 289
പിന്നെയുംശ്രേഷ്ഠിവരനോടു ചൊല്ലിനാൻ
നിൎണ്ണയമെന്നായിവന്നിതോ ദാനസെ?” 290
എന്നുചാണക്യൻപറഞ്ഞോരനന്തരം
“നിൎണ്ണയംവന്നിതെ”ന്നാൻമണികാരനും 291
അതികോപിതനായുടൻ ചാണക്യവിപ്രനാ-
മന്ദനായുള്ളവനിങ്ങിനെ ചൊല്ലിനാൻ 292
“ദുഷ്ടതിതരം ഗളതലവെട്ടുന്നിന്നെഞാൻ
ചന്ദ്രഗുപ്താവനീശാജ്ഞയായോൎമ്മതെ 293
ഖലവണിജ! ശഠഹൃദയ! സാമ്പ്രതം നിന്നെയും
കാത്തുകൊണ്ടീടുമോ രാക്ഷസൻവന്നിപ്പോൾ” 294
വാളെടുത്തുകോപിച്ചു ചാണക്യനും
ചീളെന്നപോലെ തുരന്നുകണ്ഠം 295

ചന്ദനദാസനും ചഞ്ചലമെന്ന്യേതദാ
മന്ദഹാസംകലർന്നിങ്ങിനെ ചൊല്ലിനാൻ 296
"എത്രയുമൊരുഭയമില്ലമമഭവാൻ
ചൊല്ലുന്നമട്ടുതലയറുത്തീടുക 297
എന്നതുകൊണ്ടുമകലുള്ള വാളുമാ-
യെന്തിച്ചുവന്നാൽമടിക്കണമോ ചിന്ത 298
യുമതിഹവന്നാലെകൈപ്പിടിപ്പാനില്ല
നേരേതലയിതാവെട്ടീടുക ഭവാൻ" 299
ചന്ദനദാസനീവണ്ണം പറഞ്ഞപ്പോൾ
മന്ദിച്ചുവാങ്ങിനിന്നാൻ ചാണക്യാത്മജൻ 300
ഉൾക്കാമ്പിൽ കിളർന്നൊരു കോപേന
ചിക്കനെച്ചാണക്യവിപ്രകുലോത്തമൻ 301
അക്കാലംപാശികൾതന്നെയുമന്നേരം
മൂർഖനാകുന്നൊരു പാശികൾതന്നെയും 302
ചാരനുമാദരാൽവിളിച്ചീടിനാനഥ
കാര്യവും ചൊന്നിപ്പവിച്ചുവരുവനാർ 303
"അന്ധരായുള്ളോരീബന്ധുപായീടുന്ന
ചന്ദനദാസപാശുമുള്ളവപ്രമണയും 304
ബന്ധിച്ചിവന്റെകളത്രപുത്രാദിയും
ബന്ധുക്കളായവരുടെ ജനങ്ങളെയും 305
കൊണ്ടുപോന്നുടൻ ദാരിദ്ര്യസമാനമാം
കാരാഗൃഹത്തിലിട്ടീടുക വൈകാതെ 306
എല്ലാവിധമുള്ള ദണ്ഡനമൊക്കവെ
ചെയ്യുന്നകാലത്തിങ്കൽ കൊണ്ടുപോയീടുക 307
ചെങ്ങളിപ്പൂമാല പറിച്ചിട്ടുകളിച്ചു
ചന്ദനദാസനെക്കൊന്നിടുക ചാരന്മാർ" 308
ചാണക്യനവ്വണ്ണമുരചെയ്തതുകേട്ടോരു
ചന്ദനദാസനമതകം ചിരിച്ചുടൻ 309
"സ്വാമികൾക്കൊക്കെയുമിപ്പോൾ മരണമാകയാൽ
സ്വർഗ്ഗലോകംപരിചോടുവരുമല്ലോ 310

ബന്ധുനിമിത്തമായുള്ളവിപത്തുകൾ
സന്തതമൊക്കെസ്സഹിക്കെന്നാതവരു" 311
എന്നുനിരൂപിച്ചുനിൽക്കുന്നനേരത്തു
ചെന്നുപിടിച്ചിതുചന്ദനദാസനെ 312
കാലാന്തകോപന്മാരായുള്ളവരുന്ന
കാലപാശാഖ്യനുംദണ്ഡപാശാഖ്യനും 313
കാലുംകരവുംവരിഞ്ഞവൻതന്നുടെ
കാര്യദോഷത്താലവർകളിരുവരും 314
പുത്രകളത്രാദികളോടുകൂടിയ-
ങ്ങെത്രയുംഭീഷണരായിപ്പുറത്താർ 315
കനകപാഷാണസഞ്ചിതമായുള്ള
കണ്ണരതന്നിൽപിടിച്ചുതള്ളീടിനാർ 316
വാതിലുംപിന്നെയടച്ചുപൂട്ടീടിനാൻ
ഭീതിപൂണ്ടുള്ളൊരുവിധിബലമെന്നോർത്തു 3,7
ചേതസിവന്നൊരഴൽപൂണ്ടവർകളും
ആതുരന്മാരായതിൽകിടന്നീടിനാർ 318
പിന്നെയവർകളുമൊരുമിച്ചുവരുമായ്
ചന്ദനദാസന്റെവീട്ടിലകപ്പുക്ക 319
നാറമില്ലാത്തോളമുള്ള നിധികളും
ഞെറാമില്ലാതുള്ളമാണിക്യങ്ങളും 320
വൈഡൂര്യപത്മരാഗേന്ദ്രനീലാദിയാം
വൈശിഷ്യമുള്ള രത്നങ്ങൾനിറച്ചുള്ള 321
രത്നകംബളങ്ങളവധിക്കുമാറേതും
രത്നംപതിച്ചുള്ള മെത്തഗണങ്ങളും 322
നാപണ്ണത്തറംകണ്ടിക്കെന്നകിൽനിറച്ചുള്ള-
തെണ്ണമില്ലാത്തോളമെന്നേപറയാവൂ 323
പട്ടുകളുമോരോതരംനിറച്ചീടുന്ന
പെട്ടികളുമോലപ്പെട്ടിപാത്രങ്ങളും 324
ഒക്കവെകത്തിക്കവർന്നുകൊണ്ടന്നവർ
വെക്കംനൃപനുടെമുമ്പിൽവെച്ചീടിനാർ 325

ചന്ദനദാസനുള്ള ശിക്ഷയെപ്പുനരെ
ചന്ദ്രഗുപ്തൻതനിക്കാജ്ഞയാതനന്തരം 326
സന്തോഷമുൾക്കൊണ്ടു കൌടില്യവിപ്രനും
അന്തഃകരണത്തിലിങ്ങിനെ ചിന്തിച്ചാൻ 327
"രാക്ഷസാമാത്യനെച്ചൊല്ലിയിവനിന്നു-
പേക്ഷിക്കുമെല്ലൊ നിജമായജീവിതം 328
ചന്ദനദാസനെക്കൊല്ലുന്നനേരത്തു
മന്ത്രിപ്രവരൻമരിക്കുമെന്നും ധ്രുവം 329
സാരമായുള്ളതു സാധിപ്പതിനൊരു-
കാരണമായ്വരും ചന്ദനദാസനും" 330
ഇത്ഥമോരോതരം ചിന്തിച്ചുചിന്തിച്ചു
പൃത്ഥ്വീസുരേന്ദ്രനിരിക്കുംദശാന്തരെ 331
ഭദ്രഭടനും പുരുഷദത്താഖ്യനും
ഭദ്രബലമുള്ള ഡിംഗരാതനും 352
വമ്പനായുള്ള ബലഗുപ്തനും പിന്നെ
കമ്പമില്ലാതൊരു രാജസേനൻതാനും 333
ഉത്തമനായുള്ള രോഹിതാക്ഷൻതാനും
ശക്തൻവിജയവർമ്മാവെന്നവനും 334
ഉത്തമമന്ത്രിയാം സൂത്രവാണീടുന്ന
ബുദ്ധിമാനാം ഭാഗുരായണനെന്നിവർ 335
മുന്നം പുറപ്പെട്ടുപോയതു ചിന്തിച്ചു
വന്നിതുസങ്കടംനാട്ടിലുള്ളോർക്കൊക്കെ 336
കൌടില്യനെല്ലാവരോടും പറഞ്ഞവ-
ർക്കാലുഷ്യമായതും പോക്കിനാനന്നേരം 337
വിഷ്ണുഗുപ്തന്റെ നിയോഗവും കൈക്കൊണ്ടു
ധൃഷ്ടനാകും ഭാഗുരായണമന്ത്രിയും 338
വിരവിനൊടു മലയകേതുതന്നെക്കണ്ടു
വിശ്വാസമുള്ളൊരു മന്ത്രിയായീടിനാൻ 339
അവനുമതുകാലമപ്പുത്രരാജനോ-
ടൌചിത്യമായതു പാർത്തു ചൊല്ലീടിനാൻ 340

"വരസചിവനായുള്ള രാക്ഷസമന്ത്രിക്ക
ത്തുമയോടൊന്നു സമ്മാനിക്കയും വേണം" 341
പ്രിയസചിവനവമാനനിശമനദശാന്തരെ
പർവ്വതപുത്രനും രാക്ഷസാമാത്യനെ 342
ചൊല്ലിവിട്ടിങ്ങുവരുത്തിയവനോടു
ചൊല്ലിനാനെത്രയുംനല്ലമധുരമായ് 343
"കോപ്പുകളൊന്നുമേ ചൊന്നില്ല ഞാനതമഹോ
ഉൾപ്പൂവിലുണ്ടാതൊരു ഖേദമെനിക്കെടോ 344
സ്വാമിവിനാശംനിനച്ചുഭവാനൊരു
കാമമൊന്നിങ്കലുമില്ലെന്നിരിക്കിലും 345
ഞാനൊരുഭൂഷണംതന്നാലതുഭവാൻ
മാനിച്ചു ധരിക്കേണം മഹാമതേ" 346
ഇത്ഥമുരചെയ്തുതന്റെകഴുത്തീന്നു
സത്വരംനല്ലാഭരണമഴിച്ചവൻ 347
മന്ത്രിപ്രവരനുകാട്ടിയനേരത്തു
സന്താപപൂർവ്വംകൊണ്ടേവമുരചെയ്താൻ 348
"ശ്രീമൻ! നൃപകുമാര! വീരശിഖാമണേ!
തീരാതദുഃഖങ്ങളുണ്ടെന്നിരിക്കിലും 349
ചിന്തിക്കമാറില്ലമുന്നിൽകഴിഞ്ഞതു
എന്തുമഹാമതിചിന്തിച്ചുനിൽക്കഹോ 350
നിന്തിരുവുള്ളമെന്നെക്കുറിച്ചുണ്ടെങ്കി-
ലെന്തിനിക്കുള്ളൂ സങ്കടംഭൂപതേ 351
വീര്യവും കോപവും നാണവും ഖേദവും
ശൌര്യവുമില്ലാതെയുള്ളദേഹത്തിങ്കൽ 352
ചേരുകയില്ലാ ഭവാൻതന്നഭൂഷണം
പോരാത്തതൊന്നുണ്ടുവാങ്ങുന്നതുപിന്നെ 353
മേത്തുന്നിരിക്കമെഴുനിലമാടത്തിൽ
വീഴ്ത്തമെറീടുന്നസിംഹാസനമരി 354
കാണ്മാൻഭവാനൊരവകാശമുണ്ടെങ്കിൽ
വാങ്ങാമിതന്നു ഞാനെന്നു കേട്ടാലും" 355

എന്നതുകേട്ടുമലയകേതുതാനും
മന്ദസ്മിതംചെയ്തവനോടുചൊല്ലിനാൻ 356
"അതിമനോജ്ഞതരമാനസികാരുണ്യമുണ്ടെങ്കി-
ലന്നതാവാനിതല്ലെന്നറികെടോ 357
ഇന്നിതുവാങ്ങുകവേണംഭവാൻപുന-
രെന്നൊക്കറിച്ചാത്തകാരുണ്യമുണ്ടെങ്കിൽ" 358
ഇങ്ങിനെകേട്ടുപറഞ്ഞാനമാത്യനും
"അങ്ങൊത്തവണ്ണമനുഷ്ഠിച്ചുകൊള്ളുക" 359
പാർത്ഥിവപുത്രനതുകേട്ടനേരത്തു
ദിവ്യമായുള്ളൊരുപൊന്നണിമാലയും 360
മോദമോടുംകൊണ്ടുമന്ത്രീന്ദ്രൻകഴുത്തില-
ങ്ങാദരപൂർവ്വമലംകരിച്ചീടിനാൻ 361
സന്തോഷമാന്നവൻയാത്രപറഞ്ഞിതു
മന്ത്രിപ്രവരൻപുരംപുക്കമേവിനാൻ 362
"രാക്ഷസനായുള്ളമാത്യപ്രവരന്റെ
സാക്ഷാൽസഖിയാംവിരാധഗുപ്താഖ്യനും 363
കെൽപ്പുള്ളരാക്ഷസൻതന്റെനിയോഗത്താൽ
ശില്പമായോരാഹിതുണ്ഡികവേഷമായ് 364
പാമ്പിൻകലശങ്ങൾകെട്ടിയെടുത്തവൻ
പാമ്പുമാടിച്ചുനടന്നുകൊണ്ടക്കാലം 365
പുഷ്പപുരത്തിങ്കലുള്ളൊരുവൃത്താന്ത-
മെപ്പേരുമേയറിഞ്ഞിങ്ങുവന്നീടിനാൻ 366
ഉത്തമമന്ത്രിതൻമുമ്പിലവൻതാനും
ചിത്താകുലതയാവന്നുനിന്നീടിനാൻ 367
നല്ലനായുള്ളവിരാധഗുപ്തൻതന്നെ
വല്ലാതെയുള്ളാഹിതുണ്ഡികവേഷമായ്" 368
കണ്ടുള്ളനേരമമാത്യപ്രവരനു-
മുണ്ടായതില്ലവനാരെന്നതുംതദാ 369
പിന്നെയുംപിന്നെയുംസൂക്ഷിച്ചനേരത്തു
ധന്യനാംമന്ത്രിക്കതന്നുള്ളിലുണ്ടായി 370

ഉണ്ടായശേഷമമാത്യപ്രവരനു-
മുണ്ടായദുഃഖേനവേഗമെഴുന്നേററു 371
കണ്ണുനീരൊലിച്ചുവീണുംപരവശനായ്
നന്നായവനെമുറുകത്തഴുകിനാൻ 372
കള്ളംപിടിച്ചുകൂട്ടിക്കൊണ്ടുപോന്നതും
പള്ളിക്കസീമനിന്നായിരുത്തിനാൻ 373
താനറിഞ്ഞപ്പൊഴവൻതന്നോടു
ദീനനായേവംപറഞ്ഞുതുടങ്ങിനാൻ 374
“കഷ്ടംഹരിവന്ദനേവംശധരന്മാര-
ലൊട്ടുംവിധാനമറിഞ്ഞീലഞാനഹോ 375
മംഗലരൂപനാമുണ്ണാമനിന്നെ ഞാ-
നിങ്ങിനെക്കണ്ടതിനുകാലമിപ്പോഴോ. 376
ഭൂപാലവീരനായുള്ളൊരുനമ്മുടെ
ദേവനാംസർവ്വാർത്ഥസിദ്ധിയുള്ളോരുനാൾ 377
ശ്രീപാദപൃഷ്ഠമണിഞ്ഞോരോരുത്ത-
ളായവരുമുള്ളപടപ്പിടുവോട്ടുകൂടി 378
കേവലംനിന്നെഞാൻകണ്ടപ്രകാരമാ-
നാവതില്ലല്ലോവിധിവിഹിതമിദം” 379
ഇത്ഥംപറഞ്ഞുമൊരൊന്നുനിരൂപിച്ചും
ചിത്തവിഷാദാൽകരഞ്ഞുതുടങ്ങിനാൻ 380
മന്ത്രിപ്രവരൻകരയുന്നതുനേര-
മന്തരംകൂടാതവനുമപശോകം 381
ചന്ദനംതളിച്ചുകൊണ്ടമാത്യനെ
മന്ദംവിരാധഗുപ്തൻപറഞ്ഞീടിനാൻ 382
“അലമലമതിതരദുഃഖംമഹാമതേ
ശത്രുക്കൾപാനികളെ ഖലരെയൊക്കവെ 383
കനിവിനോടുപണ്ടുള്ളപോലെപതിയെ
കാലാന്തരംകൊണ്ടുനേടിപ്പിച്ചീടും” 384
നീതിമാനാകിയരാക്ഷസൻപിന്നെയു-
മാതുരനായവൻതന്നോടുചൊല്ലിനാൻ 385

"കഷ്ടമെത്രയുമലോകം പാർത്തുകാണുന്നേരം
നഷ്ടമായ്പ്പോന്നിതു നന്ദകുലം സഖേ! 386
വൃഷ്ണികുലം മുനിശാപാലപ്പോലെ
വിഷ്ണുഗുപ്തൻതന്റെ ദുർന്നയംകൊണ്ടഹോ 387
നന്ദകുലത്തിനുവന്നിതു നാശവും
മന്ദനായുള്ള ഞാൻ ശേഷിക്കയും ചെയ്തു 388
അന്നു ഞാൻ ചാകാതിരിപ്പാനു കാരണം
മനസ്സിൽ സ്നേഹമില്ലായ്കയുമല്ലേ കേൾ 389
മാനുഷവൃത്തിയിലാശകൊണ്ടുമല്ല
പ്രാണവിനാശഭയംകൊണ്ടുമല്ലെടോ 390
ഇന്നരക്കന്നിരിപ്പിച്ചതല്ലെടോ സഖേ
നിത്യപരദാസ്യമറവുതന്നെവയം 391
സ്വർഗ്ഗമതുവും മറ്റുപതികളി
വർഗ്ഗശേഷത്തൊടുക്കണമെന്നോർത്തു 392
സന്തോഷമുണ്ടാകയെന്നുള്ളതോർത്തു ഞാൻ
സന്തതമാവതു ചെയ്യുന്നതുമെടോ 393
ഒന്നുകൊണ്ടും ഫലിക്കുന്നതുമില്ലതി-
നൊന്നു നിരൂപിച്ചാലൊക്കയും നിഷ്ഫലം 394
ഭിത്തിയുണ്ടെങ്കിലേ ചിത്രമുള്ളൂ സഖേ-
യിത്തരമായപ്രയോഗങ്ങൾക്കിംഫലം 395
സ്വാമിവിനാശം നിനച്ചുനിനച്ചാത്മ
കാമവുമില്ലിനിയൊന്നിനുമെന്നെടോ 396
രാത്രിയിൽ ചെന്നു കിടന്നാലുറക്കവു-
മെത്തുന്നതാകാതെയല്ലെനിക്കൊട്ടുമേ 397
ഊററമില്ലാതെതാനൊട്ടു പൊഴുതയാൽ
ചോററിന്നുമില്ലരുചിതന്നുമേ സഖേ! 398
എന്നുടെ സ്വാമിയാം നന്ദമഹീപതി
എന്നെയീവണ്ണമാക്കിച്ചമച്ചീടിനാൻ 399
രാക്ഷസനെന്നുള്ള പേരോടെയുള്ള
കാൽക്ഷണമെന്നെപ്പിരിഞ്ഞാൽ പൊറുക്കുമോ 400

ഞാനൊരുകാൎയ്യംനിരൂപിച്ചറിയിച്ചാൽ
മാനസെശ്രപനകാൎയ്യമതുതന്നെ 401
ബന്ധുവായുള്ളൊരുചന്ദനദാസന്റെ
മന്ദിരത്തിങ്കൽകുടുംബത്തെയുംവെച്ചു 402
ധൈൎയ്യമുൾക്കൊണ്ടുപുറപ്പെട്ടുപോന്നുഞാൻ
കാൎയ്യമല്ലാതൊന്നുചെയ്യുന്നുമില്ലെടൊ 403
ബന്ധുജനമനോധൈൎയ്യമുണ്ടാവതി-
നെന്തൊന്നുവേണ്ടതെന്നാലതുംചെയ്തുഞാൻ 404
തീക്ഷ്ണനായുള്ളൊരുമൌൎയ്യനെക്കൊല്ലുവാൻ
തീക്ഷ്ണരസവാദികളെയുംകല്പിച്ചു 405
അതിനവർകളെമരിച്ചീടുവാനായിഞാൻ
അഥശകടദാസനെകല്പിക്കയുംചെയ്തു 406
അങ്ങിനമരാതിവൃത്താന്തമറിവതി-
നതിനിപുണരാംക്ഷപണാദികൾതമ്മെയും 407
കുസുമപുരിതന്നിലയാക്കീട്ടുമുണ്ടഹൊ
കിമിഹഫലമെന്നുതോന്നുന്നതുമുണ്ടെടൊ 408
എന്നുടെസ്വാമിയാംസൎവ്വാൎത്ഥസിദ്ധിതാൻ
തന്നുടെമക്കളാംമൌൎയ്യാദിദുഷ്ടരെ 409
ശത്രുഘപാതങ്ങളെപ്പോലെപോററിനാൻ
നിൎദ്ദയംനിന്നവരിൽവെച്ചാതുദുഷ്ടൻ 410
കാരണമാൎയ്യന്നുശ്രപനനാശവും
മാറുമൊതാപമിനിക്കതുചിന്തിച്ചാൽ 411
എന്നതുകൊണ്ടുഞാൻകാലാന്തരംകൊണ്ടു
മന്നനസ്സ്വൎണ്ണചന്ദ്രഗുപ്തൻതന്നെ 412
കൊന്നുപരിഭവംതീൎത്തുകൊള്ളുവൻദൈവ-
മിന്നൊരുബന്ധമായ്നിന്നീലവനെങ്കിൽ 413
കനിവിനൊടുകുസുമപുരവൃത്താന്തമൊക്കവെ
കഥയകഥയാശുകേൾക്കേണമെടൊസഖെ" 414
ഇത്ഥമാകൎണ്ണ്യവിരാധഗുപ്തനാര-
മുത്തമമാൎത്ത്യനോടോൎത്തുചൊല്ലീടിനാൻ 415

"ഏതൊരുത്തിക്കപിടിച്ചുപറയേണ്ട
തെല്ലുമറിഞ്ഞീലഞാനെന്നറിഞ്ഞാലും" 416
എന്നതുകേട്ടുകുലമന്ത്രിവീരനും
ചൊന്നാൻവിരാധഗുപ്താഖ്യനോടിങ്ങിനെ 417
"ചന്ദ്രഗുപ്തന്റെപുരപ്രവേശാദിയും
മന്ദനാംമൌര്യനെക്കൊന്നുകളവാനായ്" 418
തീക്ഷ്ണരസവാദികളാമവർകളും
രൂക്ഷതയോടെന്തുചെയ്തതെന്നുള്ളതും 419
രാക്ഷസവർമ്മാവും ബന്ധുജനം വെണ്ടും
ഘോരമായെന്തൊന്നുചെയ്തതെന്നുള്ളതും 420
ശത്രുജനത്തിൻപ്രവൃത്തിയെന്നൊന്നതും
ഇത്തരമൊക്കപ്പറകനീവൈകാതെ" 421
എന്നതുകേട്ടുവിരാധഗുപ്തൻതദാ
മന്ദസ്മിതംചെയ്തുവന്നോടുചൊല്ലിനാൻ 422
"മന്ദമൊഴിച്ചീലപിന്നെയവർകൾക്ക
വന്നിതുനാശമെന്നേപറയേണ്ടു 423
രാജവർമ്മാവിന്റെമന്ത്രപ്രയോഗങ്ങൾ
മൌര്യനല്ലംബന്ധനായിഫലിച്ചിതു 424
രാജവർമ്മാവധമൌര്യനെന്നൊരുത്തിൽ
വൈരോധകനെയുംകൊന്നാനതുനേരം 425
പൌരജനങ്ങളുംരാജ്യമറ്റാളിതന്ന-
രാജവർമ്മാവിനെയുംതച്ചുകൊന്നിതെ" 426
ആക്കിറിയാമരൊരാചാണക്യനീതിക-
ളൊക്കെയേവമവൻതന്റെപ്രയോഗങ്ങൾ 427
ദോഷനായുള്ളഭിഷക്കിനെക്കൊണ്ടവൻ
ദോഷചൂർണ്ണമതുതന്നൊളജിപ്പിച്ചു 428
കൊല്ലിച്ചിതുചാണക്യാത്മജൻപിന്നെയും
നല്ലധനവാൻപ്രമോദകൻതന്നെയും 429
ക്ഷോഭമുൾക്കൊണ്ടുധനമെല്ലാംകൊല്ലിച്ചു
ബീഭത്സനാദികൾതന്നെയുംകൊന്നിതെ" 430

ബന്ധുവൃത്താന്തങ്ങളിങ്ങിനെകേട്ടന-
നന്തരാഢംഭേനചൊല്ലിനാൻരാക്ഷസൻ 431
“അയ്യോനിരൂപിച്ചുകാണ്കനീമൎത്ത്യന്റെ
ദൈവാനുകൂല്യങ്ങളെന്തുചൊല്ലാവതും 432
പൂൎവ്വമവനെവധിപ്പാൻനിയോഗിച്ച
സൎവ്വമനോഹരിയാംവിഷകന്യകാ 433
ഉൎവ്വീപതിയായമൎത്ത്യനൊത്താൽ
പൎവ്വതരാജനാക്കപ്പെട്ടിതുപോൽ 434
അമ്മരാജ്യത്തെഹരിപ്പാനിതന്നവൻ
ചാതുൎയ്യംമൎത്ത്യനൊരുത്തനമാൎഗ്ഗന 435
കൎണ്ണൻപുരാമഹാഭാരതസംഗരെ
വിണ്ണവർനാഥൻകൊടുത്തൊരുവേൽകൊണ്ടു 436
അൎജ്ജുനൻതന്നെക്കൊലചെയ്യുവാനമ-
ന്നുചലവീൎയ്യനാമാഴംകൊണ്ടതു 437
കൃഷ്ണൻതിരുവടി,തന്റെവൈഭവംകൊണ്ടു
ജിഷ്ണുപിഴന്നിലാതെവലഞ്ഞുകൊണ്ടഥ 438
നന്നാസ്സുരണംവ്യാടാല്പംവനാകിയോ-
രെന്നെപ്പേടപ്പെടായാനമാക്കിടിനാൻ; 439
എന്നപോലെഞാൻഅന്നപ്പൊന്നൻകൎണ്ണാത
കന്യാവിഷംകൊണ്ടുമൎത്ത്യനെക്കൊല്ലുവാൻ 440
കല്പിച്ചതാലേവരാഗ്ന്യൻബലംകൊണ്ടു
കെല്ലൊടുപൎവ്വതരാജനാക്കീടിനാൻ; 441
കൎണ്ണന്റെവേൽകൊണ്ടുമെൻവിഷനാരിയും
തിണ്ണമാമാപുമാനാകംപ്രേകമത്രേ 442
ഞാനിങ്ങിവൎക്കേറ്റുപോതതാനിപ്പം
എങ്ങുമേചാകിന്നതെല്ലിയതുമില്ല; 443
വിഷ്ണുസ്വരൂപനിതെപാൎത്തുകാണുന്നേരം
കൃഷ്ണൻതിരുവടിക്കൊത്തവൻനിൎണ്ണയം; 444
നന്ദനന്ദനനാംനയങ്ങളുവന്നതെ
ചെന്നുടൻതന്നെപറഞ്ഞുകൂട്ടുസഖെ! 445

പിന്നെയതെന്തെല്ലാം പ്രയോഗിച്ചതുമവൻ?"
എന്നതു കേട്ടു വിരാധഗുപ്തൻ ചൊന്നാൻ
"പിന്നെപ്രവൃത്തിച്ചതെങ്കിലൊരുകൂട്ടരും 446
പർവ്വതരാജനെക്കൊന്നതുമൂലമായ്
നിർവ്വാസിപ്പിച്ചാൻ ക്ഷപണകനെ ക്ഷണനാൽ 447
ദാരുവർമ്മാദിപരിപാലനം കൊണ്ടു
ഘോരമാം വണ്ണം ശകടദാസാഖ്യനെ 448
കൊണ്ടു ശൂലത്തിന്മേലിട്ടോരനന്തരം
ചന്ദനദാസനോടാശു ചാണക്യനും 449
ചൊന്നു ഭവാൻെറ കളത്രമുണ്ടെന്നിട്ടു
എന്നമവൻ കൊടുത്തീലതുകൊണ്ടഥ 450
ബന്ധിച്ചു പുത്രകളത്രാദികളോടും
അന്ധകാരക്കുണ്ടറയിലിട്ടീടിനാൻ 451
അർത്ഥമവന്നുള്ളതെപ്പേരും പിന്നെ
കത്തിക്കവർച്ചുകൊണ്ടുപോയീടിനാൻ" 452
ഇത്തരം കേട്ടു വിഷാദിച്ചു രാക്ഷസൻ
ചിന്തമുഴന്നവനോടു ചൊല്ലീടിനാൻ 453
"ബന്ധുജനങ്ങൾക്കു ദുഃഖമുണ്ടാക്കുവാൻ
അന്ധനാം ഞാനൊരു കാരണമായഹോ 454
നന്ദനൃപന്മാരശേഷരിയാളുകൊണ്ടിപ്പോൾ
ചന്ദനദാസാദികളായ ബന്ധുക്കൾ 455
അന്തമില്ലാതോളമുള്ള ദുഃഖങ്ങളും
എന്തൊരു കഷ്ടമനുഭവിക്കുന്നതും 456
മോഹമോരോന്നേ നിനച്ചു നിനച്ചു ഞാൻ
ഹാഹാ മരിയാതിരുന്നേനിതു കാണ്മാൻ 457
വിശ്വാസമേറുന്ന ചന്ദനദാസനും
നിശ്ശേഷനാശം ഭവിച്ചിതെല്ലാം ശിവ 458
ദുഃഖാദിരോഹമനുഭവിച്ചാനഹോ
ശ്രീലമുന്നമുള്ള നല്ലൊരു കട്ടം" 459

ഇങ്ങിനെ മന്ത്രിപ്രവരൻ പറകയും
തിങ്ങിന ശോകം പൊറാഞ്ഞു കരകയും 460
മന്ത്രിപ്രവരനീവണ്ണം വിലപിച്ചൊ-
രന്തരമപ്പോൾ ചെമത്വും ഭൌരാന്തരെ 461
"ഉണ്ടുവരുന്നു ശകടദാസ"നെന്നു
മണ്ടിവന്നിങ്ങറിയിച്ചാനൊരു ഭൃത്യൻ 462
അപ്പോളതു കേട്ടമാത്യപ്രവരനും
ഉൾക്കാമ്പിലുണ്ടായമോദാകുലതയാൽ 463
ചൊന്നാൻ വിരാധഗുപ്താഖ്യനോ"ടെന്തഹോ
വന്നതെന്തിപ്പോൾ മരിച്ച ശകടനും"? 464
എന്നതു കേട്ടവനും പറഞ്ഞീടിനാൻ
"കൊന്നുകളവാനരയ്ക്ക കയറിട്ടു 465
കൊണ്ടുപോകുന്നോരനേരമതു വിട്ടു
കണ്ടുഞാൻ പിന്നെയുഴറിവന്നീടിനേൻ 466
ഈശപരാനുഗ്രഹം കൊണ്ടു ചാകാഞ്ഞതും
ഈശപരന്നും വിപരീതമല്ലോർക്കടോ" 467
അഥ ശകടദാസനും സിദ്ധാർത്ഥകനുമായ്
അതിവിനയമോടമാത്യം വണങ്ങീടിനാൻ 468
അപ്പൊഴുതിലഥ ശകടദാസനെച്ചെന്നവൻ
അതികുതുകമോടു ഗാഢാലിംഗനം ചെയ്താൻ 469
കരമതു പിടിച്ചരികത്തിരുത്തിക്കൊണ്ടു
കണ്ണുനീർ വാർത്തവൻ തന്നോടു ചൊല്ലിനാൻ 470
"അയി ശകടമരണമിഹ വന്നതിനിക്കണ്ടോ-
രാനന്ദമുള്ളിൽ പറയാവതല്ലഹോ 471
തവ മരണനിയമമകലുവതിനു പുനരെന്തഹോ
പ്രിയസുഹൃൽകാരണം ചൊല്ലു ചൊല്ലാശു നീ" 472
സചിവവരവചനമിതി കേട്ടോരനന്തരം
ശകടനതികൌതുകം പൂണ്ടു ചൊല്ലീടിനാൻ 473
"വിരവിനൊടു കേൾ നിലമമന്ത്രിപുംഗവ ഹോ
പ്രിയതമസുഹൃത്തായ സിദ്ധാർത്ഥകനിവൻ 474

ആട്ടിക്കളഞ്ഞുടൻഘാതകന്മാരെയും
കൂട്ടിയിങ്ങെന്നെയുംകൊണ്ടുപോന്നീടിനാൻ” 475
ശകടഗിരമിങ്ങിനെ കേട്ടൊരനന്തരം
സന്തോഷമുള്ളിൽനിറഞ്ഞുവഴികയാൽ 476
ചൊല്ലിനാനിങ്ങിനെരാക്ഷസാമാത്യനും
സല്ലാപമോടഥസിദ്ധാർത്ഥകനോടും 477
“സിദ്ധാർത്ഥനായിതുഞാനമെടോസഖേ!
എന്തൊരുവസ്തുതരേണ്ടതിതിന്നു 478
ചിന്തിച്ചുകണ്ടാലിതിനൊത്തസമ്മാനം
എന്തുമില്ലെന്നുവരികിലുംഞാനിപ്പോൾ 479
തരുവനിതുതവ”പുനരിവണ്ണംപറഞ്ഞവൻ
തന്റെകഴുത്തിൽകിടന്നോരുപൊന്മാല 480
പണ്ടുമലയകേതുകൊടുത്തൊന്നതും
ഉണ്ടായതാമാലകഴുത്തീന്നഴിച്ചവൻ 481
സിദ്ധാർത്ഥകനുകൊടുത്താനതുനേരം
ബദ്ധാദരമതുവാങ്ങീടിനാനവൻ 482
മാലയുംവാങ്ങിച്ചുമന്ത്രിപ്രവരന്റെ
കാലിണകുമ്പിട്ടുവന്ദനംചെയ്താൻ 483
“മുന്നമിവിടെക്കുമന്ത്രികുലോത്തമ
വന്നുപരിചയമില്ലിനിക്കേതുമേ 484
എന്നതുകൊണ്ടുഭവാനുവിശേഷിച്ചു-
മെന്നെക്കുറിച്ചുകാരുണ്യമുണ്ടാകേണം 485
ഇങ്ങിനിക്കുണ്ടായമോഹമിതുകാലം
അങ്ങുന്നിനിക്കുതന്നുള്ളൊരാഭൂഷണം 486
അംഗുലീമുദ്രിതംകൊണ്ടടയാളമി-
ട്ടിങ്ങുള്ളഭണ്ഡാരമഞ്ചയിൽവെയ്ക്കണം 487
പിന്നെയൊരിക്കലൊരാവശ്യമാകുമ്പോൾ
തന്നാൽമതി”യെന്നവനതുചൊല്ലപ്പോൾ 488
രാക്ഷസൻതന്റെനിയോഗാൽശകടനും
തൽക്ഷണമാഭൂഷണംവാങ്ങിച്ചവനോടു 489

ഭണ്ഡാരമഞ്ജയിൽവെപ്പതിനായിട്ടു
കൊണ്ടുപോകുമ്പോളമാത്യനാമാങ്കമാം 490
അംഗുലീയംകണ്ടമാത്യനോടോതിനാൻ
“അങ്ങുള്ള നാമമീമുദ്രമേൽക്കാണുന്നു” 491
രാക്ഷസനപ്പോളവനോടുവാങ്ങിച്ചു
സൂക്ഷിച്ചുനേരത്തുകണ്ടുനിരൂപിച്ചാൻ 492
‘‘പണ്ടുഞാനിങ്ങുപുറപ്പെട്ടുപോരുമ്പോൾ
വണ്ടാർതഴക്കുഴലാളായകാന്തയും 493
ഉണ്ടായശോകംപൊറാഞ്ഞതുനേരവും-
ത്തണ്ടാർപ്പിനോടാർത്തയായവളെന്നുടെ 494
കൈവിരൽമേൽനിന്നഴിച്ചുകൊണ്ടാളവൾ
ഏവമിവന്നതുകിട്ടിയതെങ്ങിനെ’’ 495
ഇത്ഥംനിരൂപിച്ചുരാക്ഷസനന്നേരം
സിദ്ധാർത്ഥകനോടു ചൊല്ലിനാനിങ്ങിനെ 496
‘‘അയിസുമുഖപറകതവകയ്യിലിതുകാല-
മംഗുലീയമിതുകിട്ടിയതെങ്ങിനെ’’ 497
കനിവൊടതുകേട്ടവനുംപറഞ്ഞീടിനാൻ
“കുസുമപുരവാസിയാംചന്ദനദാസന്റെ 498
ഗൃഹനികടഭൂമിയിൽവീണുകിടന്നിതു
കിട്ടിയിനിക്കെന്നറികമഹാമതേ!’’ 499
‘‘ഒക്കെയൊക്കുമതെന്നപ്പോളമാത്യനും
ഇക്കണക്കെയുള്ള വസ്തുചപലതരം 500
വാണിഭക്കാരുടെപീടികമുററത്തു
വീണുകിടക്കുമതിനില്ലസംശയം 501
ഓരോജനങ്ങൾക്കുകിട്ടുമതിങ്ങിനെ
ആരുമതുതിരക്കീടുമാറില്ലല്ലോ’’ 502
അപ്പൊഴുതുശകടനവനോടുചൊല്ലീടിനാ-
“നംഗുലീയമിതുമന്ത്രിനാമാങ്കിതം 503
മതിയിൽമതിവരുമല്ലവുമർത്ഥംതരാമെടോ
മാനിച്ചുമന്ത്രിക്കിതുനീകൊടുക്കേണം” 504

ശകടഗിരമിങ്ങിനെ കേട്ടു സിദ്ധാർത്ഥകൻ
"വികടമകലെക്കളഞ്ഞെന്നതു നേരെ ചൊല്ലിനാൻ 505
ഏതുമൊരു കില്ലതിനില്ലെടോ സഖേ
ചേതസ്സിലേറ്റം പ്രസാദമത്രേ മമ 506
മുറവുമമാത്യൻ തന്നോടുമുള്ളൊന്നിതു
ചെറുതുമവൈഷമ്യമിനിക്കില്ല ഞാൻ തരാം" 507
ഇത്ഥം പറഞ്ഞവനംഗുലീമുദ്രയു-
മന്നമാമാത്യപ്രവരനു നല്കിനാൻ 508
"ഒന്നിങ്ങിനിക്കു ചൊല്ലിപ്പറയേണ-
മെന്നവൻ മന്ത്രിവരനോടു ചൊല്ലിനാൻ" 509
"എങ്കിൽ പറകെന്നു രാക്ഷസൻ ചൊല്ലിനാൻ
ശങ്കാവിഹീനം പറഞ്ഞാനവൻ താനും 510
"അറിക ചാണക്യനു വിപ്രിയം ചെയ്കയാൽ
ഞാനപമാനഭയമോടു പേടിയുണ്ടാകയാൽ മാനസേ 511
പാടലീപുത്രപുരത്തിന്നകപ്പാർപ്പതി-
നാടുപേക്ഷിച്ചൊഴിച്ചുകൊണ്ടു ഞാനിനി 512
നിത്യമമാത്യനെ ശുശ്രൂഷയും ചെയ്തു
ചിത്തമോദത്താലിവിടെ വസിക്കുന്നേൻ" 513
"അങ്ങിനെതന്നെയോ താവകമൊന്നുമില്ലിതി
നെങ്ങിനെ നിന്മനമെന്നറിയാതെ ഞാൻ 514
മുമ്പേ പറയാഞ്ഞതെന്നറിഞ്ഞീടു നീ
കമ്പം കളഞ്ഞിവിടെത്തന്നെ വാഴ്കെടോ" 515
എന്നു പറഞ്ഞാശു രാക്ഷസമന്ത്രിയും
നന്നായവനിഷ്ടസേവകനായിതേ 516
ഇഷ്ടനായുള്ള ശകടനും രാക്ഷസ-
നിഷ്ടനായുള്ളൊരു സേവകനായിതേ 517
പിന്നെയും മന്ത്രി വിരാധഗുപ്തൻ തന്നോ-
ടന്യൂനരാഗം പറഞ്ഞു തുടങ്ങിനാൻ 518
"ചാരവിലിവർകൾവിലിനോടു മദോദ്യവരികയാൽ
വൃത്താന്തശേഷം പറഞ്ഞതുമില്ലല്ലോ 519
ചന്ദ്രഗുപ്തന്റെ പ്രജകൾക്കു നമ്മിലോ
നന്ദനൃപനിലോ സ്നേഹമേറുന്നതേതോ?" 520

ഖേദമുൾക്കൊണ്ടവനേവംപറഞ്ഞപ്പോൾ
മോദമുൾക്കൊണ്ടു വിരാധഗുപ്തൻചൊന്നാൻ 521
“പ്രജകളിഹവിരവിനൊടുപോതമെല്ലാവരും
പാരംപൊറുതികേടുണ്ടവൎക്കൊക്കവേ 522
ഭദ്രഭടാദിപ്രധാനപുരുഷന്മാർ
ഛിദ്രിച്ചുവിടന്നുപോയതറിഞ്ഞാലും 523
പൎവ്വതകാത്മജൻപോയോരനന്തരം
സൎവ്വകാൎയ്യത്തിന്നുമന്തരംകാണുന്നു 524
ചാണക്യനാം ചന്ദ്രഗുപ്തനും തങ്ങളി-
ലൂന്നിച്ചിതുവൈരമെന്നുണ്ടുതോന്നുന്നു 525
ചാണക്യവിപ്രന്റെകല്പനാശക്തികൾ
മാനസമേറ്റവൻസഹിക്കുന്നതല്ലേതും 526
ഏറെനാളങ്ങിരിക്കയില്ലെന്നോപറയേണ്ടു
നിൎണ്ണയംവന്നീലപക്ഷമതെന്തെടോ!” 527
ചാണക്യനമെൎച്ചവെരാംകരാരംഭവും
ശകടദാസഭദ്രഭടാദിപ്രധാനരും 528
കേട്ടതിമോദംകലൎന്നൊരുരാക്ഷസൻ
പെട്ടന്നവനെയുംമാനിച്ചയച്ചവൻ 529
സ്തനകലശനെന്നൊരുവൈതാളികനോടു
താല്പൎയ്യമുൾക്കൊണ്ടുചൊല്ലിനാനിങ്ങിനെ 530
“കുസുമപുരമഴകിനൊടുചെന്നുപുക്കാശുനീ
കാൎയ്യംചിലതിനിവേണ്ടതുണ്ടെടോ 531
മൌൎയ്യന്റെകല്പനകൌടില്യഭൂസുരൻ
വൈരമുൾക്കൊണ്ടുടൻഭംഗംവരുത്തുമ്പോൾ 532
മൌൎയ്യനായുള്ളോരുഭൂപതിതന്നുടെ
വീൎയ്യങ്ങൾവാഴ്ത്തിസ്തുതിക്കണമാശുനീ” 533
കനിവൊടവനെപ്പറഞ്ഞയച്ചുടൻ
കരഭകനെയുംവിളിച്ചിങ്ങിനെചൊല്ലിനാൻ 534
“കുസുമപുരവൃത്താന്തമൊക്കെയറിഞ്ഞുനീ
കനിവൊടുവരിക”യെന്നയച്ചാനവനെയും 535

ശകടനപ്പൊഴുതു ചിലവിപ്രർകൊണ്ടന്നിട്ടു
ശോഭതേടുന്നൊരു മൂന്നാഭരണങ്ങൾ 536
വില്പതിന്നായിത്തുടങ്ങുന്നതു കണ്ടു
ക്ഷിപ്രമമാത്യനെക്കണ്ടു ചൊല്ലീടിനാൻ 537
"ഭാസുരമായിതാ മൂന്നാഭരണങ്ങൾ
ഭൂസുരന്മാർ ചിലർ വില്പാൻ തുടങ്ങുന്നു 538
കൊള്ളേണ്ടുവാനതെ"ന്നിങ്ങിനെ കേട്ടപ്പോൾ
കൊള്ളുവാനാശു മുഴുത്തൊരു രാക്ഷസൻ 539
മുമ്പിലെ ഭൂഷണം സിദ്ധാർത്ഥകൻ തനി-
ക്കമ്പിൽ കൊടുത്തതാണെന്നുമില്ലായ്കകൊണ്ടവൻ 540
തന്നുടെ മെയ്യിലലങ്കരിച്ചീടിനാൻ
നല്ലതരമാം ധനവും കൊടുത്തവൻ 541
ശോഭിതമായതിഭാസുരമായിട്ടും
ആഭരണത്രയം കൊണ്ടതിനന്തരം 542
സന്തുഷ്ടനായൊരു മന്ത്രിപ്രവരന-
മന്തഃകരണത്തിലിങ്ങിനെ ചിന്തിച്ചാൻ 543
മൌര്യ്യൻ മഹാരാജനായിതൊന്നെന്നൊരു
വീര്യ്യവുംഭാവിച്ചിരിക്കുന്നിതിക്കാലം 544
മന്ത്രിവൈഭവംകൊണ്ടവനിക്കാലം
നന്മയിൽ പൃഥ്വീന്ദ്രനായി വാഴുന്നതും 545
എന്നൊരധികാരമുണ്ടു ചാണക്യനും
എന്നതുകൊണ്ടു വിശേഷിച്ചു പിന്നെയും 546
ആധിപത്യമിന്നു കിട്ടിയെന്നോർക്കണം
സാധിച്ചിതുമൽപ്രതിജ്ഞയെന്നോർക്കണം 547
ഉണ്ടാകകൊണ്ടുമിതവർക്കന്യോന്യ-
മുണ്ടാം വിരോധമതിനില്ല സംശയം 548
ഇത്ഥമോരോന്നു നിരൂപിച്ചു രാക്ഷസൻ
ചിത്തമോദത്തോടിരുന്നാനതുകാലം 549
ആവതല്ലെന്നുമിനിക്കിനിച്ചൊല്ലുവാൻ
ആമെങ്കിൽ നാളെയും ചൊൽവനെന്നാൽ കിളി- 550

ചെപ്പതൽപറഞ്ഞുചലരോടുമിങ്ങിനെ
ചെപ്പതീർത്തിതനാറുംപരിചോടുതുകാവ്യം 551

ഇതി മുദ്രാരാക്ഷസവഞ്ചനനാമഗാനവിശേഷം

സമാപ്തം

അഞ്ചാംപാദം

ശാരികമാർമൌലിമാലേ!മനോരമേ!
ചാരുശീലേ!കഥാശേഷവുംചൊല്ലുനീ 1
ആര്യചാണക്യനതുകാലമെന്തൊന്നു
ധീരതകൈക്കൊണ്ടുചെയ്തതുമോമലേ!? 2
മൌര്യനായുള്ളമഹീപതിവീരനാം
കാര്യങ്ങളെന്തൊന്നുചെയ്തതെന്നുള്ളതും 3
പാരിലുന്നീതമപ്പൊഴുംനക്രനീ
മാലകലുംപടിമാറ്റുചൊല്ലീടെടോ! 4
ശാരികചെപ്പതലത്തുകേട്ടനേരത്തു
ചാരുതരമായുരചെയ്തുതുടങ്ങിനാൾ 5
ആര്യചാണക്യൻ്റെനീതിപ്രയോഗവും
മൌര്യമഹീപതിതന്റെവൃത്താന്തവും 6
ശേഷമിനിക്കഥചെയ്തതിന്നാറവും
വൈരമുള്ളവരെചൊൽവാനതത്തെയും 7
ആകെമറിഞ്ഞുകൂടാതെതാനിതെങ്കിലും
കേൾക്കുന്നതിനുള്ളിലാഗ്രഹമുണ്ടെങ്കിൽ 8
ചൊല്ലുവാനുംമടികൂന്നതില്ലഞാൻ
ഉല്ലാസമാർന്നിതുകേൾപ്പിനെല്ലാവരും 9
ആര്യനായുള്ളചാണക്യസുതനൊരു
കാര്യമിതുകാലമിങ്ങിനെചിന്തിച്ചാൻ 10

“മൌര്യനോടാകയാലവ്യാജമുൾക്കൊണ്ടു ഞാൻ
വൈരവും ഭാവിച്ചിരിക്കേണമിക്കാലം 11
രാക്ഷസാമാത്യൻ കലഹമിതുകേട്ടു
ലക്ഷമായ്ക്കൊണ്ടുവരും പടനിർണ്ണയം 12
പുഷ്പപുരിക്കടുത്തീടുന്നനേരത്തു
കെൽപ്പുള്ളമാത്യനെ ക്ലിപ്തമനക്കൊണ്ടു ഞാൻ. 13
നല്ലനയപ്രയോഗങ്ങൾകൊണ്ടേററവും
കള്ളനാക്കീടുമതില്ലൊരു സംശയം” 14
ഇത്ഥംനിരൂപിച്ചുറച്ചു ചാണക്യനും
പൃഥ്വീപതിയുമായുള്ളൊരുത്തരങ്ങളിൽ 15
ഭേദമാമോരോരുത്തരംകൊണ്ടിടഞ്ഞേററവും
വൈരവുംഘോരമായുണ്ടായതനന്തരം 16
ചന്ദ്രഗുപ്തൻ മഹീപാലകനന്നൊരു
ചന്ദ്രമഹോത്സവംഘോഷിച്ചുകല്പിച്ചാൻ 17
ചാണക്യനപ്പൊളതുകേട്ടുകോപിച്ചു
മാനിച്ചതിനെമുടക്കവും ചെയ്തതെ 18
ആജ്ഞയ്ക്കുഭംഗം വരുത്തിയനേരത്തു
വിജ്ഞാനമേറിയ ചന്ദ്രഗുപ്തൻ നൃപൻ. 19
രോഷംനടിച്ചു പ്രായമൂതമെന്നവിട്ടുടൻ
ദോഷരഹിതനായുള്ള ചാണക്യനെ 20
രാജസഭയിൽ വരുത്തിവിരവോടു
പൂജയുമാദരവോടു ചെയ്തേററവും 21
ചാണക്യ ഭൂസുരശ്രേഷ്ഠന്റെ കാലിണ
താണുതൊഴുതു നമസ്കരിച്ചീടിനാൻ 22
തൻപാദകേ നിന്ന മൌര്യനാം മന്നനെ
സംഭ്രമത്തോടെഴുന്നേല്പിച്ചു സാദരം 23
“ശൂര! സുകുമാര! മൌര്യമഹീപതെ!
വീരനായുള്ള ഭവാനു വിജയങ്ങൾ 24
പിന്നെയും പിന്നെയും വന്നുവന്നേററവും
ധന്യനായീടുക” എന്നാശിസ്സും ചൊല്ലിനാൻ 52

ആശീർവ്വചനങ്ങളിങ്ങിനെ കൂട്ടിയ
ദേശികൻ തന്നോടമാത്യനും ചൊല്ലിനാൻ 26
"നീതിയുള്ളതെല്ലാം നിരൂപിക്കിൽ തോ-
ന്നന്തരമില്ലായതല്ലുപന്യാസമാണതും 27
ശത്രുപ്രയോഗങ്ങൾ നീക്കാം പ്രയോഗവും
ചിത്രമതിൽപ്പരമെന്തഹോ വേണ്ടതും" 28
ഇത്ഥമുരചെയ്ത മന്നവൻ തന്നോട്
ചിത്തം തെളിഞ്ഞു കൗടില്യനും ചൊല്ലിനാൻ 29
"എന്തുമൂലം ഭവാനെന്നെ വരുത്തുവാൻ
ചിന്തിതമെന്തെന്നുരചെയ്ക വൈകാതെ" 30
പാരിടത്തിന്നധിനാഥനാം മന്നനും
പാരാതെ കൗടില്യനോടു ചൊല്ലീടിനാൻ 31
"ധർമ്മസത്രൂപനാമമാത്യനു കേവലം
കാമമാനാപേക്ഷയുണ്ടാകതെന്നെവിടെ" 32
ഇത്തരം ചൊന്നൊരു മന്നവൻ തന്നോട്
പൃത്ഥ്വീസുരൻ ചിരിച്ചു ചൊല്ലീടിനാൻ 33
"പോരുമിപ്രത്യയംകൊണ്ടുള്ളതൊക്കവേ
കാര്യമെന്തെന്നിഹ ചൊല്ലുക വൈകാതെ 34
കാര്യങ്ങളേതുമില്ലാതെ മഹീപതി
കാര്യപുരുഷനെയുണ്ടോ വരുത്തുന്നു? 35
എന്നതുകൊണ്ടെന്തഭിപ്രായമെന്നതി
മന്നവന്മാർമുടിരത്നമേ ചൊല്ലെടോ 36
കൗടില്യനിങ്ങിനെ ചൊന്നോരനന്തരം
പാടവമേറുന്ന ചന്ദ്രഗുപ്തൻ നൃപൻ 37
കിഞ്ചന വൈരം നടിച്ചു സഭയിങ്കൽ
ചഞ്ചലം കൈവിട്ടു ചൊല്ലിനാനിങ്ങിനെ 38
"ചന്ദ്രോത്സവം മുടക്കീടുവാനെന്തഹോ-
നിന്ദയോ മറ്റൊരു കാര്യം നിമിത്തമോ?" 39
മന്ദഹാസം പൂണ്ടു വിഷ്ണുഗുപ്തൻ നൃപ-
ചന്ദ്രനോടിങ്ങിനെ ചൊന്നാനതുനേരം 40

‘‘ഇത്ഥം പ്രത്യക്ഷം പറവതിനോർക്കിൽ വാൻ
സത്വരമെന്നോടുരത്തുവാൻ കാരണം?” 41
‘‘ആര്യ്യന്നോടിങ്ങനെ പ്രത്യക്ഷം പറഞ്ഞു ഞാൻ
കാര്യം പറഞ്ഞതു തെറ്റുള്ളു മഹാമതേ!’’ 42
‘‘കാര്യമറിയാതെ കല്പിക്കയില്ല ഞാൻ
കാര്യങ്ങൾ ഞാനറിവേറെയില്ലല്ലോ മേ 43
ചൊന്നാൽ ശിവൻ മമ ശിഷ്യനാരുദ്രനു-
മൊത്തു പറയേണമെന്നാകിലവയെല്ലാം” 44
“സത്യമത്രേ ശിഷ്യനല്ലെന്നിനിക്കില്ല
ഭൃത്യനല്ലീയെന്ന സംശയമുണ്ടുള്ളിൽ 45
കാര്യമറിയാത്തവരൊന്നു ചോദിച്ചാൽ
കാര്യമറിഞ്ഞവർ ചൊല്ലിക്കൊടുക്കണം’’ 46
ചാണക്യനാമതുകേട്ടു ചൊല്ലീടിനാൻ
ക്ഷോണിക്കു നാഥനാം മൌര്യനോടിങ്ങിനെ 47
‘‘മൂന്നു പ്രകാരമായുള്ളൂ നൃപതികൾ
ഇന്നു പറയാം തെളിഞ്ഞു കേട്ടീടുനീ 48
സ്വായത്തസിദ്ധികളായും ചിലർ സചി-
വായത്തസിദ്ധികളായും ചിലരഹോ 49
രണ്ടും സമങ്ങളായും ചിലരിങ്ങിനെ
കണ്ടുകൊള്ളേണ്ടു നൃപന്മാരെന്നൂഴിയിൽ 50
മൂന്നു പ്രകാരം പറഞ്ഞതിലിന്നു നീ
നിർണ്ണയിക്കിൽ സചിവായത്തസിദ്ധിയാം 51
എന്തിനാചിന്തയിയാരോടു കൂടവേ-
നന്തരം പൂർണ്ണകയങ്ങളിതുമെന്തോ? 52
ഭൂപന്റെ പതിയായുള്ളോരൂഴിയിൽ
മറ്റൊന്നുമെന്നോടിന്നു ചൊല്ലുവതെന്തോ” 53
ഇത്തരം കൌടില്യവാക്കുകൾ കേട്ടതി-
നുത്തരമൊന്നറിയാതെ മൌര്യനും 54
ഭോഷനായ്ത്തീർന്നുടനവനും തിരിച്ചഥ
വേഷവുമന്നു ചാണക്യനോടനന്തരം 55

മന്ത്രിപ്രവരനായ് പുരവൈതാളിക-
നന്തരംകൊള്ളാമിതെന്നു കണ്ടനേരം 56
വന്ദിപ്രവരൻ 'സ്തനകലശൻ' എന്ന
ചന്ദ്രഗുപ്തൻതന്റെമുമ്പിൽനിന്നാദരാൽ 57
വീണ്ടുംവന്ദിച്ചു സ്തുതിച്ചുതുടങ്ങിനാൻ
"മൌര്യമഹീപതേ!വീര!ജയ!ജയ!! 58
ഭൂതാവൃതന്മാരുടെവൈഭവമോർക്കുമ്പോൾ
ചേതോഹരമെന്നതേപറഞ്ഞിടാവൂ; 59
ഭൂരാജന്മാരും പദ്മാകരവാസക-
ർന്മാരെന്നതിനൊരുസംശയമില്ലഹോ 60
ക്ഷോണീശനായിതാനെന്നഹംഭാവിച്ചു
വീണുപോകുന്നതറികയുമില്ലഹോ!; 61
മത്തഗജത്തിൻകഴുത്തിൽക്കരേറി
ചിത്തമുറപ്പിച്ചിരിക്കുന്നസേവകൻ 62
കുണ്ഠകൊള്ളുന്നതൊഴിച്ചുഗജോപരി
ചിത്തമിളകാതെതന്നെവസിക്കയും 63
ചിത്തത്തിലിത്ഥംവരുമെന്നൊരുമത-
മിത്തിരിപ്പോലുംവിചാരവുമില്ലല്ലോ; 64
നാൽദിക്കുകളിലടങ്ങിയഭൂമിക്ക
മൌര്യനൊരുത്തനധിപതിയെന്നഹോ 65
സത്യലോകത്തോളമുണ്ടൊരുകളിയും
ചിത്രമതല്ലപുനരിതൊഴിലെത്രയും; 66
രാജാവുകല്പിച്ചോരാജ്ഞതന്നൊടുങ്ങുന്നാ-
താചരിയാതവരില്ലമഹീതലേ; 67
സർവാഭരണമലംകരിച്ചാൽനൃപ-
ന്ദ്വീപതിയാകയില്ലെന്നറിഞ്ഞീടണം 68
ആജ്ഞയെല്ലാമന്തരംകൂടാതെനിത്യവും
പ്രാജ്ഞനായുള്ളരാജാവുരാജാവല്ലോ; 69
ഇത്തരംദോഷങ്ങൾകൂടാതെഭൂപനാ-
യുത്തമഭൂപതേ!നിത്യംജയജയ!" 70

ഇത്തരമോരോ വചനങ്ങൾ കേട്ടപ്പോ-
ളുത്തമൻ കൌടില്യനിങ്ങിനെ ചിന്തിച്ചാൻ 71
മന്ത്രിപ്രവരനയച്ചവനോ നിവ-
നന്തരം കൊള്ളാമിതെന്നു കണ്ടിക്കാലം 72
കോപപ്രവർത്തനം ചെയ്യുന്നതിനായിവൻ
ഭൂപതി തന്നെ സ്തുതിപ്പാനവകാശം 73
രാക്ഷസൻറെ പ്രയോഗങ്ങളറിഞ്ഞു ഞാൻ
സൂക്ഷ്മമെന്നാകിലും പാറവുകയില്ലഹോ 74
ചിത്തത്തിലിത്ഥം നിരൂപിച്ചു ചാണക്യ-
നിത്തിരി നേരമിരിക്കും ദശാന്തരേ 75
ഉത്തമചിത്തനാം ചന്ദ്രഗുപ്തൻ നിജ-
ഭൃത്യനെത്തത്ര വിളിച്ചു ചൊല്ലീടിനാൻ 76
"പട്ടും പുടവയുമാഭരണങ്ങളു-
മൊട്ടുമേ വൈകാതെ വൈതാളികന്നു നീ 77
കൊണ്ടുവന്നാശു കൊടുത്തയച്ചീടുക
കണ്ടിട്ടുമില്ലിവനെപ്പോലെയാരെയും" 78
അപ്പോൾ നൃപനോടു ചാണക്യവിപ്രനും
കെല്പോടു കോപം നടിച്ചു ചൊല്ലീടിനാൻ 79
"ഭണ്ഡാരമായുള്ളതെപ്പേരുമിന്നു നീ
കണ്ടവർക്കൊക്കെക്കൊടുക്കെന്നു കല്പിച്ചാൽ 80
വല്ലാതെ വന്നുപോമെന്നറിഞ്ഞീടുക-
യെല്ലാം നിനക്കൊത്തവണ്ണം വരാ ധനം 81
സ്ഥാനത്തു വേണം വ്യയങ്ങൾ ചെയ്തീടുവാൻ
സ്ഥാനവ്യതിക്രമം സാദ്ധ്യവുമല്ലെടോ" 82
മൌര്യനതു കേട്ടു കോപം കലർന്നുള്ളിൽ
ആര്യനോടിങ്ങിനെപ്പാർത്തു ചൊല്ലീടിനാൻ 83
"ഞങ്ങളെയുൾഭംഗം വരുത്തുവാനെത്രയും
പ്രാജ്ഞനെന്നത്രേ ഭവാനില്ലൊരു സംശയം 84
ഒന്നുമിനിക്കൊത്തവണ്ണമല്ലായ്കയാൽ
ഭണ്ഡാരപ്രമുഖകർമ്മങ്ങളെന്നറിഞ്ഞാലും" 85

ഇത്തരം കേട്ടു ചാണക്യദ്വിജനു–
മുത്തരം ചൊന്നാൻ പലതുമിരിക്കവേ 86
“കേവലമൊത്തവണ്ണം നടന്നീടുകി–
ലീവണ്ണമുള്ള ദോഷങ്ങളകപ്പെടും 87
ഇച്ചൊന്നതെല്ലാം സഹിക്കുന്നതല്ലെങ്കിൽ
വെച്ചു ഞാനിന്നധികാരമറിഞ്ഞാലും 88
നിന്നിനക്കൊത്തവണ്ണം നടന്നീടുകിൽ
നൂനമരികൾക്കു ഭൃത്യനായ്ത്തീർന്നീടും 89
എങ്കിലിനിക്കെന്തു ചേതമതുകൊണ്ടു
സങ്കടമെന്നുള്ളാളമില്ലെന്നറിഞ്ഞാലും;” 90
“കൌമുദിനാമമായുള്ള മഹോത്സവം
ഭൂമിദേവശ്രേഷ്ഠനായ ഭവാനിപ്പോൾ 91
എന്തുമൂലം മുടക്കീടുവാനെന്നുള്ള–
തന്തരമില്ല പറഞ്ഞേ മതിയാവൂ” 92
വിഷ്ണുഗുപ്തൻ ചന്ദ്രഗുപ്തനോടന്നേരം
ഉഷ്ണിച്ചു ചൊന്നാൻ വിനയവുംകൂടാതെ; 93
“കൌമുദിനാമോത്സവം തുടങ്ങീടുവാൻ
കാമിച്ചതെന്തെന്നിനിക്കറിയേണം” 94
“ആജ്ഞാഭംഗം വരുത്തുമെന്നോർത്തു ഞാ–
നാജ്ഞാനിയായിട്ടു കല്പിച്ചതുമിപ്പോൾ” 95
“ഞാനതിനെത്തന്നെ വാഞ്ഛിച്ചതുമെടോ
മാനമേറീടുന്ന ചന്ദ്രഗുപ്തപ്രഭോ! 96
ഊഴിയിലുള്ള നൃപന്മാരെ നിന്നുടെ
കീഴാക്കിവെച്ചതുമാരെന്നു തോന്നുന്നു? 97
ആരുമറിയാത്തതല്ലെടോ നിന്നുടെ
ധീരതയേറും പ്രതാപവും പ്രൌഢിയും” 98
“ഇത്ര വൈദഗ്ദ്ധ്യം ഭവാനുമുണ്ടെങ്കിലോ
ഭദ്രഭടാദിപ്രധാനജനത്തെയും 99
രാക്ഷസാമാത്യനെയും കളഞ്ഞീടുവാൻ
രൂക്ഷമായെന്തപരാധമവർക്കഹോ!” 100

“എന്തിഹ ലോകേ കേട്ടുകൊൾകെന്നു ചാണക്യനും
ശങ്കകൂടാതെ പറഞ്ഞിതവൻതാൻ 101
വാരണാദ്ധ്യക്ഷനാം ഭദ്രഭടനശ്വ-
കാരകനായ പുരുഷദത്താഖ്യനും 102
മദ്യപാനം ചെയ്തു മത്തരായേറ്റവും
ഹൃദ്യമാരായുള്ള നാരീജനങ്ങളെ 103
കണ്ണടച്ചെത്തിപ്പിടിപെട്ടു പുൽകയും
കണ്ടജനങ്ങളെക്കൊന്നുമുടിക്കയും 104
തങ്ങൾക്കു വേണ്ടും പ്രവൃത്തിയും കൈവിട്ടു
തിങ്ങിനിറഞ്ഞൊരു മാനമദങ്ങളും 105
ഡൗവർണ്ണമുള്ളധികാരങ്ങൾ കണ്ടുതാൻ
ജീവിതദീക്ഷിപ്രവൃത്തി വിരോധിച്ചു 106
കോപിച്ചുപോയാരവരുമതുകൊണ്ടു
സേവിച്ചിതു ചെന്നു പർവ്വതരാജനെ. 107
രാജഭണ്ഡാരങ്ങൾ വെച്ചു രക്ഷിക്കുന്ന
രാജസേനൻ തവ സേവകനാമവൻ 108
ഭണ്ഡാരമോഷണം ചെയ്തു തന്നെയന-
നേകായിതു ധനമെന്നറിഞ്ഞീടു നീ, 109
എല്ലാവരുമറിഞ്ഞീടുമാറെന്നതു
കള്ളനാം താനെന്നു ശങ്കമുഴുത്തവൻ 110
ഉൾക്കനം വിട്ടു പുറപ്പെട്ടു പോയുട-
നക്കനൊരു മ്ലേച്ഛനെച്ചെന്നു സേവിച്ചിതും; 111
പിന്നെ ബലഗുപ്താധികാരതന്മാർ
മന്നവനീ കൊടുത്തീടുന്ന ജീവിതം 112
ലോഭമുഴുക്കയാൽ പോരായ്കയെന്നിട്ടു
ലാഭമിതിലേറ്റമുണ്ടെന്നു കണ്ടവർ 113
തിണ്ണം മലയകേതുക്ഷിതിനാഥനെ
ചെന്നു സേവിച്ചാരവർകളും ഭൂപതേ!; 114
പിന്നെയും ഭാഗുരായണനാമവൻ
മുന്നമെ പർവ്വതസേവകനാകയാൽ 115

തൽപുത്രനോടൊന്നു ചെന്നു പറഞ്ഞുപോൽ
'തൽപിതാവെക്കൊല ചെയ്തതു ചാണക്യൻ' 116
ഇത്തരം പറഞ്ഞു മലയകേതുതന്നെ
സത്വരം തന്നിടത്തിന്നയച്ചീടിനാൻ; 117
ചാണക്യനാസൻ്റുടങ്ങിയുള്ളോർകൾക്കു
നിന്ദനന്നൊക്കെ വർദ്ധിച്ചുണ്ടായ,തുമൂലം 118
ഭേദമകപ്പെട്ടെന്നു ഭയപ്പെട്ട്
കണ്ടുനായ്ക്കൊണ്ടവൻ ക്ഷുദ്രനെ സേവിപ്പാൻ; 119
'എന്നുടെ ജീവനെ രക്ഷിച്ചതുമിവൻ'
എന്നു നിരൂപിച്ചു പർവ്വതപുത്രനും 120
ദുഷ്ടനെ സ്നേഹമുള്ളവനെന്നു കാൺകയാൽ
ക്ഷുദ്രധിഷണൻ ഭാഗുരായണനെത്തന്നെ 121
മന്ത്രിപ്രവരനാക്കിക്കൊണ്ടനന്തരം
സന്തോഷപൂർവ്വം കൊണ്ടിരിക്കുന്നിതിക്കാലം; 129
മാനമേറീടുന്ന ലോഹിതാക്ഷൻതാനും
ജ്ഞാനമില്ലാതെ വിജയവർമ്മാവുമായ് 123
പുത്രദ്രോഹത്തെ വരുത്തിച്ചതുമൂലം
ഉന്മാദന്മാരായ ബാലകന്മാരവർ 124
വീട്ടിൽ പൊറുതിയില്ലാതെ പുറപ്പെട്ടു
കഷ്ടം പരവശപ്പെട്ടു കരഞ്ഞവർ 125
സങ്കടമെന്നോടറിയിച്ചതുമൂലം
നിൻകഴൽ കൂപ്പിച്ചു ബാലകന്മാരെ ഞാൻ 126
അർത്ഥമതാന്നവർക്കു കൊടുത്തുടൻ
ചിത്തം തെളിയിച്ചുവെച്ചൊരനന്തരം 127
ഖേദമതിന്നു സഹിയാഞ്ഞവരുടെ
വൃദ്ധരായുള്ള പിതാക്കളിരുവരും 128
കണ്ടുപോൽ ചെന്നുടൻ പർവ്വതരാജനെ
പാലിച്ചു മറ്റുമാറില്ലെന്നറിഞ്ഞവും; 122
ഇതുമവർക്കുപായങ്ങളാകുന്ന
ധാത്രീപനെയറിയിച്ചീടുക മാനസേ" 130

ഇത്തരമുള്ള ചാണകാത്മജോക്തികേ-
ട്ടുത്തരംചൊന്നാനവനോടുമൌര്യനും 131
“ഓരോജനങ്ങൾക്കപരാധമിങ്ങിനെ
ഓരോതരത്തിലുണ്ടാസ്സത്യംനിർണ്ണയം; 132
വീര്യപൌരുഷശക്തിയുണ്ടെന്നിരിക്കിലും
കാര്യമാതിനാൽകളയാമൊമഹീസുര! 133
വെച്ചുകൊള്ളുന്നതകളഞ്ഞതെന്തിങ്ങിനെ
പിള്ളയല്ലിച്ചൊന്നതെന്നുധരിച്ചാലും” 134
എന്നതുകേട്ടുകൌടില്യനും ചൊല്ലിനാൻ
“ഇന്നതുതാനിലിനിക്കെടാമന്നവ” 135
മന്ദഹാസംപൂണ്ടതുനേരമിങ്ങിനെ
ചന്ദ്രഗുപ്തൻക്ഷിതിനായകൻ ചൊല്ലിനാൻ; 136
“കൌശലമില്ലായ്കയൊനയങ്ങൾക്കഹൊ?
വാശിപിടിച്ചതൊഴിച്ചുകൂടായ്കയൊ?” 137
“നീതിക്കുകൌശലംപോരായ്കകൊണ്ടല്ല
ചാതുര്യമോടതുചൊല്ലിത്തരുവൻഞാൻ 138
നാട്ടിൽപ്രജകൾക്കരാജാവിനെക്കുറി-
ച്ചൊട്ടുമേരാഗമില്ലാതെവരുംവിധൌ 139
രണ്ടുപ്രകാരംപ്രതിവിധാനമുണ്ടു
രണ്ടുംപറയാമനുഗ്രഹംനിഗ്രഹം 140
ഉദ്ഭടന്മാംപൌരുഷശൌര്യന്മാം
ക്ഷുദ്രമതികളായിട്ടുകകൊണ്ടെടോ 141
സപ്തവ്യസനങ്ങൾകൊണ്ടുംപ്രമത്തരാ-
യ്ക്കിപ്ത്വാധികാരികളായുള്ളവർകളെ 142
ഒന്നാമതുമതിന്നാക്കീടുകിൽപുന-
രണ്ടാമതിനാലനേകമനർത്ഥങ്ങൾ 143
ഹസ്തികുലത്തെയുമശ്വഗണത്തെയും
പൃത്ഥ്വീപതെമുടിച്ചീടുമറികനീ; 144
ഏവമനുഗ്രഹമാകുന്നിതുമെടൊ
കേവലംദോഷമല്ലാതെയില്ലതുകേൾ, 145

എങ്കിലൊന്നുകേൾക്ക മഹീപതേ! പിന്നെയും
'ഡികാരതാഭ്യൻ' ബഹിഷ്കൃതനെന്നിവർ 146
എത്രയുംലുബ്ധപ്രകൃതികളാകയാൽ
ധാത്രിയെത്തന്നെ കൊടുത്തുവെന്നാകിലും 147
പ്രീതിവരാതവർക്കെങ്ങ് നൃപതേ!
ചേതസിപാർത്താലനുഗ്രഹംനൽകുന്നു? 148
രാജസേനൻഭാഗുരായണനമ്പേരിനൊ
രാജധനപ്രാണനാശഭയത്തിനാൽ 149
ഏററം പരവശപ്പെട്ടവർക്കിങ്ങിനെ
മുററുമനുഗ്രഹംനൽകുന്നസാംപ്രതം? 150
ലോഹിതാക്ഷാഖ്യൻവിജയവർമ്മാഖ്യനും
സാഹസകാരികളാകകൊണ്ടല്ലയൊ 151
പുത്രരോടേററം മറന്ന,വർക്കിങ്ങിനെ?
ധാത്രിശനൽകുന്നതിപ്പോളനുഗ്രഹം; 152
രണ്ടുപക്ഷം ഞാൻപറഞ്ഞതിൽ മുന്നോതി-
ലുണ്ടൊന്നിരുപിച്ചുകണ്ടാലവകാശം? 154
പിന്നെപ്പറഞ്ഞ പക്ഷത്തിന്റെവൈഷമ്യ-
മെന്നതാതോളമുണ്ടെന്നറിഞ്ഞാലും 154
നന്ദരാജ്യംനിനക്കിന്നുലഭിക്കയാൽ
നന്നായിണങ്ങീലനാട്ടിലുള്ളോരെല്ലാം 155
എന്നവരെപ്പോൾ "പ്രധാനജനങ്ങൾക്ക
ദണ്ഡമകപ്പെട്ടുപോ"ലെന്നുകേൾക്കുമ്പോൾ 156
വിശ്വാസമില്ലാതെയാം പ്രജകൾക്കിവ
വിശേഷകവീര! മഹീപതെ! നിർണ്ണയം; 157
എന്നതുകൊണ്ടിഹനിഗ്രഹാനുഗ്രഹം
മന്നവ! രണ്ടിനും [illegible] 158
പർവ്വതപുത്രൻമലയകേതുപ്രതി
ഗർവ്വിതനായ് നമുക്കുള്ള ജനത്തെയും 159
രാക്ഷസാമാത്യനെയുമവനൊന്നിടെ
പക്ഷത്തിലാക്കിവെച്ചാദരപൂർവ്വകം 160

മ്ലേച്ഛർപെരുമ്പടയോടുമൊരുമിച്ചു
വാളുവിശേഷമകത്തുവഴിക്കയാൽ 161
യുദ്ധത്തിനായൊരുമ്പെട്ടവൻനമ്മോടു
ബദ്ധരോഷത്തോടിരിക്കുംദശാന്തരേ 162
ഉത്സവത്തിന്നൊരുമ്പെട്ടതെന്തിന്നുനീ-
യുത്സാഹരൂപങ്ങളിലൊന്നിഹവേണ്ടതും 163
അസ്ത്രശസ്ത്രാഭ്യാസവുംചെയ്തുനിത്യവും
ധാത്രീശവേണ്ടതിൽ,കോട്ട,കിടങ്ങുകൾ, 164
നന്നായുറപ്പിച്ചുശത്രുവരുംവഴി
നിന്നുകൊൾവാൻകരുതീടുകമാനവ; 165
എന്നതുകൊണ്ടുഞാൻചന്ദ്രമഹോത്സവം
ചന്ദ്രഗുപ്താവനീനാഥ!വിലക്കിനേൻ” 166
ചാരവേമരുനാകൗടില്യഭൂസുരൻ
കേട്ടരീതിത്തരംപറഞ്ഞതിനനന്തരം 167
മൌര്യനായുള്ളനരവരശ്രേഷ്ഠനും
ആര്യനോടിങ്ങിനെപാർത്തുചൊല്ലീടിനാൻ; 168
“ബന്ധുവാംനമ്മുടെപർവ്വതപുത്രനെ
എന്തുമൂലംവിടുവാൻതുടങ്ങുന്നത്?” 169
“എങ്കിലോകേൾക്കനീചന്ദ്രഗുപ്തപ്രഭോ!
ശങ്കകൂടാതെപറയാമതുമെകെടോ! 170
പർവ്വതപുത്രനിവിടെയിരിക്കുമ്പോൾ
പൂർവ്വംപ്രതിശ്രുതമായുള്ളരാജ്യത്തിൽ 171
പാതിപകുത്തുകൊടുക്കയോവേണ്ടതും
ചേതസിപാർത്താൽവധിക്കയോവേണ്ടതും 172
കൊന്നാലവന്റെതാതനെക്കൊന്നതും
നിർണ്ണയംനാമെന്നുചൊല്ലുമെല്ലാവരും 173
ആകമതിനാൽകൃതഘ്നരെന്നുള്ളൊരു
നാണയംനീങ്ങുന്നടക്കുംനമുക്കെടോ 174
നാടിപ്പോൾപാതിപകുത്തുകൊടുക്കിലും
കേടതിനുണ്ടെന്നറികധരാപതേ! 175

മാനിയാംപൂർവ്വരാജനെക്കൊന്നതിൽ
ജ്ഞാനകൃതാർത്ഥതമാത്രംഫലമെടൊ! 176
ഇച്ചൊന്നതൊക്കെനിരൂപിച്ചുകണ്ടുഞാൻ
ശിഷ്ടസ്വതന്ത്രങ്ങളെവാനവകാശം;" 177
"മന്ത്രിപ്രവരനാംരാക്ഷസൻതന്നെ
അന്തർഗൃഹത്തിൽവാഴുംമശാന്തരെ 178
എന്തൊന്നുകണ്ടിട്ടുപേക്ഷിച്ചതുമെന്നു
ചിന്തിച്ചതൊന്നില്ലിനിക്കെ"ന്നുമൌര്യനും; 179
"ചൊല്ലാമതുംഞാൻപാർത്ഥിവ, നീകേളെടൊ!
വല്ലായ്മകർത്തനാമമന്ത്രിരാക്ഷസൻ 180
ഉള്ളിൽകിടന്നാലവനിഹനമ്മെയും
വല്ലപ്രകാരവുംകൊല്ലുമറിഞ്ഞാലും 181
ദൂരെയകററികളഞ്ഞാൽപുറത്തിരു-
ന്നാരാനെയുംചെന്നുസേവിച്ചുകൊണ്ടവൻ 182
കാട്ടുന്നതുതട്ടിത്തീർപ്പാനെളുതമെ
വാട്ടമില്ലെന്നാണ്കരുതീപതേ!" 183
"എന്തിലെന്താശ്ശുപായംപ്രയോഗിച്ചു
സങ്കടംകൂടാതെരാക്ഷസാമാത്യനെ 184
ദൂരെകററികളഞ്ഞതിലെന്തൊന്നു
നേരെപറകെ"ന്നുചൊല്ലിനാൻമൌര്യനും 185
"എന്തറിഞ്ഞതുഭവാനെററമുപായങ്ങ-
ളന്തരംകൂടാതെചെയ്യാമാത്യേന്ദ്രനെ 186
ഉള്ളിലന്തറച്ചിളകാതെകിടക്കുന്ന
ശല്യംപറിച്ചുകളയുന്നതുപോലെ 187
തള്ളിക്കളഞ്ഞതറിഞ്ഞില്ലയോഭവാ-
നല്ലന്നതൊക്കെവാനെന്തൊരുവിഭ്രമം!" 188
"അത്രമൈശ്വര്യമുണ്ടെങ്കിൽഭവാനെന്തു
വിക്രമംചെയ്തുപരാകരിച്ചീടാത്തതും?" 189
"വിക്രമിച്ചാലതിനുണ്ടൊരനർത്ഥ്യ-
മുൾക്കാമ്പുതൊടുമമാത്രികലോത്തമൻ 190

പ്രാണൻകളയുമതല്ലായ്കിൽനിന്നുടെ
ചേണാൎന്നവൻപടകൊന്നുമുടിച്ചീടും 191
രണ്ടുപ്രകാരവുമെന്നാകിലുണ്ടാകാ
കണ്ടുകളഞ്ഞുതൊന്നെന്നറിഞ്ഞീടുനീ 192
ഏറവുമറിച്ചവനാകിലതിനൊരു
കുററംഉണ്ണാങ്ങനെനല്ലാമന്ത്രിസത്തമൻ 193
കാട്ടിൽകിടക്കുന്നകാട്ടാനയെപ്പോലെ
വീട്ടിൽവരുത്തുവാൻയത്നവുംചെയ്യുനീ" 194
ആൎയ്യൻപറഞ്ഞാൽമടക്കുവാനാളല്ല
കാൎയ്യമറിയുന്നവർകളിൽവെച്ചുഞാ 195
രാക്ഷസാമാത്യനോടൊത്തവരാരുമി-
ല്ലിക്ഷിതിതന്നിലതിനില്ലസംശയം" 196
"ഒക്കെയൊക്കയെടൊരാക്ഷസാമാത്യന-
ങ്ങിക്കാലമെന്തൊന്നതിനിയമാചരിക്കും?" 197
"ഏതുമറിഞ്ഞതില്ലെങ്കിൽവേണ്ടുന്നതാൻ
ഭൂതപാൎത്ഥിവദേവ!ചൊല്ലിത്തരാമിപ്പോൾ 198
നന്ദനൃപതികൾനിത്യമായ്വാഴുന്ന
മന്ദിരമിങ്ങൊടിച്ചോരനന്തരം 199
തന്നിൽനിന്നുച്ചകാലംനിശാവാസിതം
നന്നായിവന്നിതെന്നിപ്പാമനപിമെ 200
കല്പിതംസാധിപ്പതിനറിയാതെനാം
കല്പാന്തവുംവരുത്തീടുകയോഗ്യമൊ? 201
വാണൊന്നനുഗ്രഹം,മേററപ്രജകൾക്ക
കാണാതെയാസ്ഥാനമമിലനുരാഗം" 202
ഭൂസുരനാകിയചാണക്യനമതി-
ഭാസുരമായതിന്നുത്തരംചൊല്ലിനാൻ 203
"രാഗംപ്രജകളിലേറിച്ചമകയു-
മേകത്രവാസംവരുത്തുകഴികയും 204
നന്ദനൃപതിയെച്ചേരുന്നവർകൾക്കു
നിന്ദകൂടാതെപരികയുംപ്രചാതെ 205

അന്ധപുത്രന്മാരുണ്ടാകയുംനിജ–
വൃദ്ധിപിലിപോലെ ഉണ്ടാക്കുമകയും 206
ക്രൂരന്മാരന്ധപുത്രരെയുണ്ടാകയു–
മേറുന്നകൗരവ്യപ്പടയിലുണ്ടാകയും 207
ഇത്തരമൊക്കെയും കാണുമാത്യൻപണ്ടു
ചിത്തമുറപ്പിച്ചവിടെവസിച്ചതും; 208
രാക്ഷസരാജ്യത്തിന്നുള്ളിലുണ്ടാന
സാക്ഷാൽകിടന്നുമറുകന്നുസന്തതം 209
നന്ദന്മാരെയൊക്കെവധിപ്പിച്ചു
ചന്ദ്രഗുപ്തപ്രഭോനിന്നെഞാനരാൽ 210
ശ്രീമിക്കസാമ്രാജ്യത്തിലാഴ്ത്തിച്ചതുപോലെ
കാമിച്ചിരിക്കുന്നപർവ്വതപുത്രനെ 211
വാഴിപ്പതിന്നവനെക്കലചെയ്തു
ഘോഷതാപമേറുന്നരാക്ഷസൻകശ്മലൻ 212
നന്ദനെക്കൊന്നതുംനിന്നെവാഴിച്ചതും
പട്ടാങ്ങചാണക്യനീമറന്നാതയും 213
ദുഷ്ടനാംരാക്ഷസൻനോക്കിയിരിക്കവെ
ധൃഷ്ടനായ്ചെയ്തോരവസ്ഥകളൊന്നുമേ 214
ഞാനല്പമൊരുചൊല്ലുമത്സരംകൈവിട്ടു
മാനംകുഴഞ്ഞൊരുമൌര്യമഹീപതേ!" 215
"ദൈവമൊത്തനവനന്ദനൃപന്മാരെ
ഈവണ്ണമാക്കിച്ചമച്ചതറിഞ്ഞാലും 216
ആർത്തനെന്നുള്ളാരഹംഭാവമുണ്ടെങ്കിൽ
മൌര്യനെന്നുള്ളതിനിക്കണ്ടതോതന്നു" 217
"ദൈവംപ്രമാണീകരിക്കുന്നവർകളെ
കേവലംമൂഢരെന്നുള്ളതറികനീ" 218
"മൂഢരല്ലാതവർവന്നുപറയുമോ
പ്രൌഢിയുക്കൊട്ടുമൊവിപ്രകലാപതേ!" 219
ഇത്തരംവാക്കുകൾകേട്ടുചാണക്യന്നു
ചിത്തത്തിലേറ്റംവളർന്നിതുകോപവും 220

ഗാത്രംവിറച്ചുകണ്ണുംചുവത്തികൊണ്ടു
ധാത്രീശനോടുപറഞ്ഞുതുടങ്ങിനാൻ 221
"പോതമെന്നോടുനീയിത്തരംചാണക്യ
മേറപ്പറഞ്ഞുപോകാതെദുരാത്മാവെ 222
ഭൃത്യനായന്നപോലെനീപലതരം
ഉത്തരംചൊന്നതുപോതുമെല്ലപ്രഭോ 223
സത്യംവൃഷലനല്ലാനീനിരൂപിക്കി-
ലുത്തമനായുള്ളശൂദ്രൻഞാനെടോ 224
മന്നവരാംനവനന്ദവധംകൊണ്ടു
മന്ദമടങ്ങുന്നമന്ത്രിമഹനനെ 225
ഉജ്ജ്വലിപ്പിക്കതാചാണക്യനിന്നിന്നു
നിശ്ചയംനാശംവരിക്കുമെല്ലപ്രഭോ 226
എന്നിൽവലിയവൻരാക്ഷസനെന്നൊന്നു
നിന്നുള്ളിലുണ്ടെങ്കിലതുമുടനെവകാതെ 227
വാളിതാവെക്കംകൊടുക്കനീരാക്ഷസ-
നാളല്ലഞാനിത്തരങ്ങളറിഞ്ഞതെല്ലാം" 228
എന്നുപറഞ്ഞുവാളങ്ങെറിഞ്ഞിട്ടു
തിണ്ണമെഴുന്നേറ്റുചാണക്യഭൂസുരൻ 229
മന്നനോടൊന്നുമെമിണ്ടാതെതന്നാശ്രമ
തന്നിടംപുക്കിരുന്നിങ്ങിനെചിന്തിച്ചാൻ 230
"രാക്ഷസനിപ്രയോഗങ്ങളെപ്പറ്റമെ
സൂക്ഷ്മതരമായറിഞ്ഞിതവരൊക്കവെ 231
ചാണക്യനോടുവിപരീതമാക്കിഞാൻ
ന്യൂനമിച്ചുറപ്പായവനീനാഥനെ 232
ഇപ്പ്രപഞ്ചംജയിക്കുന്നതുണ്ടെന്നുറച്ചവൻ
കൽപ്പിച്ചിട്ടചെയ്യുംപ്രയോഗങ്ങളൊക്കവെ 233
നിഷ്ഫലമാക്കുവനെന്നുമെല്ലെടോ
തൽഫലംനീതാനനുഭവിക്കുംദൃഢം" 234
ഇത്തരമോരോന്നുചിന്തിച്ചുതന്നുടെ
പത്തനത്തിങ്കൽവാണീടിനാൻവിപ്രനും 235

കോപിച്ചുപോയോരുഭൂദേവനെക്കണ്ടു
താപാകുലൻ ചിന്തിച്ചിതു മൌൎയ്യനും 236
“ആൎയ്യനിന്നെന്നോടുകോപിച്ചതുമിഥ
കാൎയ്യമായ്ത്തന്നെ വന്നതോ ദൈവമേ! 237
കോപിച്ചഭാവംനിരൂപിച്ചുകാരണമാം
ഭാവിച്ചതല്ലെന്നുതോന്നുന്നു മാനസേ 238
വല്ലാത്തമൌൎയ്യൻപറഞ്ഞതുകേട്ടിട്ടു
വല്ലതുമാവന്നാൽപൊറുക്കെന്നതേയുള്ളൂ” 239
ഇത്ഥംനിരൂപിച്ചു ചന്ദ്രഗുപ്തനൊരു
ഭൃത്യനോടിങ്ങിനെ പാൎത്തു ചൊല്ലീടിനാൻ 240
“ആൎയ്യചാണക്യനധികാരമൊക്കവെ
കൈവരവശാൽവച്ചുപോയി”യെന്നിങ്ങിനെ 241
നാട്ടിൽപ്രജകളോടൊക്കപ്പറയണം
കൂട്ടമവൈകാതെതന്നയച്ചീടിനാൻ 242
എല്ലാവരുമറിഞ്ഞാരതുമക്കാല-
മെല്ലാരുമുദഘോഷവുംകൊണ്ടിതു 243
“വെച്ചുപോൽ സൎവ്വാധികാരം ചാണക്യൻ
സംപ്രാപ്തമോദമായിതു മൌൎയ്യനും” 244
എന്നിങ്ങിനെ പലരും പറഞ്ഞീടിനാ-
രൊന്നുമറിഞ്ഞീലവൎതത്വമൊന്നതും 245
മൌൎയ്യനുംപിന്നെയതുതന്നെ ചിന്തിച്ചു
ധൈൎയ്യമുറപ്പിച്ചിരുന്നാനതുകാലം 246
എത്രമതിതിരിച്ചാൽവാനിനിക്കെന്തു
ചാതുൎയ്യമാട്ടമൊഴിച്ചാൽകിട്ടിമകം 247
പാലുംമധുവുംതെളിഞ്ഞുനാകന്റെ
പാൽമൊഴിയാളുടെക്ലേശിക്കവിനാം 248

—:o:—

ആറാം പാദം

വരികരികിൽ നീയതിശാരികേ
പറക ശേഷമാം കഥകളൊക്കവെ 1
വറുത്തരിയവിൽ പൊരിവറുത്തെള്ളും
കരുക്കപാലത്തിൽ കഴച്ചു സാദരം 2
വെളുത്ത വെല്ലവും പൊടിച്ചതിലിട്ടു-
ങ്ങിളക്കിമെല്ലിച്ചു നിനക്കു ഞാൻ തരാം 3
ഒളിച്ചിരിയാതെ ഭുജിച്ചിളമധു
കുടിച്ചുദാഹവുമിളച്ചു ചൊല്ലെടോ 4
വിചിത്രമെത്രയും നിനച്ചു കാണ്കിലി-
ച്ചരിത്രമെന്നതു പറയാവൂ ദൃഢം 5
അതിപ്രവരനാം മലയകേതുവും
മതിപ്രയോഗമുള്ളമാത്യനും പിന്നെ 6
പ്രവൃദ്ധരാഗമാർന്നിരുവരും കൂടി
പ്രവൃത്തിച്ചതൊന്നുരചെയ്തീടു നീ 7
അതുകേട്ടു കിളിത്തരുണിയുമതി-
മധുരമായ്മുന്നം തെളിഞ്ഞു ചൊല്ലിനാൾ:— 8
കഴിഞ്ഞതാം കഥാവിശേഷമിച്ചൊറവു-
മൊഴിഞ്ഞു ഞാനെന്നതറികയും വേണം 9
ഉര [illegible] പൊരുളെന്നാദിവ്യ-
മൊഴി [illegible] കഥാ കഴിഞ്ഞപോളെന്നോ 10
പറകെ [illegible] മാനസിസാമത്രി
കുറയുമെങ്കിലും തെളിഞ്ഞു കേട്ടുകൊൾ 11
മലയകേതുവാം നൃപതിവീരനെ
പലകാലം സേവിച്ചമാത്യരാക്ഷസൻ 12
ഇരിക്കുംകാലത്തങ്ങൊരുദിനമവൻ
കുലൂതനും ഭദ്രഭടാദികളെയും 13

അഭിമതംതനിക്കധികമുള്ളൊരു
ക്ഷപണനെയുംകണ്ടതിമോദംപൂണ്ടാൻ; 14
അവരിൽവെച്ചുഭാഗുരായണൻമുന്ന-
മവനിനാഥനാംമലയകേതുതാൻ 15
ഇരിക്കുംമന്ദിരമകംപുക്കുനൃപ-
വരനെക്കണ്ടവനവസ്ഥകളെല്ലാം 16
അറിയിച്ചീടിനാനതുകാലംമന്ത്രി
വരനാക്കീടിനാനവനെയുംനൃപൻ 17
പടക്കുനാഥനാംശിഖരസേനനെ
പടുതയുള്ളൊരുഭദ്രഭടാദികൾ 18
തിരഞ്ഞുകണ്ടവരവനോടുംകൂടി
വിരഞ്ഞുനൃപതിവരനെക്കണ്ടുടൻ; 19
കുടിലനായുള്ള ചാണകപുത്രനോ-
ടിടഞ്ഞുപോന്നതുമറിയിച്ചീടിനാർ; 20
അതിനപഥ്യതസ്വതനവർകളെ
യതിനായിട്ടധിപതികളാക്കിനാൻ 21
അതുകാലംനൃപതനയനോടവ-
രതിഗൂഢമായൊന്നുരചെയ്തീടിനാർ 22
"ശിഖരസേനനോടൊരുമിച്ചുതന്നെ ഞങ്ങൾ
അഖിലനാഥനാംഭവാനെക്കണ്ടതി- 23
ന്നൊരവസ്ഥയുണ്ടതറികനൃപതേ
പറഞ്ഞറിയിക്കാമതുമിഹതെ ഞങ്ങൾ; 24
തപസ്വിവനാമമാത്യരാക്ഷസൻ
അവനിനാഥനായ്മരുവുംമൌര്യനോ- 25
ടൊരുമിച്ചീടുവാനവസരമിപ്പോൾ
കരുതിപ്പാർക്കുന്നു; ചതിക്കുംരാക്ഷസൻ, 26
അതുമൂലമമാത്യകനെക്കൂടാതെ
ചതിക്കുമെന്നുള്ള ഭയംകൊണ്ടത്രേ ഞങ്ങൾ 27
ശിഖരസേനനോടൊരുമിച്ചുവന്നി-
ട്ടഖിലനാഥനാംഭവാനെക്കണ്ടതും" 28

അവർകളിങ്ങിനെ പറഞ്ഞതു കേട്ടി-
ട്ടവനിനാഥനാം മലയകേതുവും 29
തന്നോടു ഭാഗുരായണനെയും വിളി-
ച്ചിതു സമസ്തവുമറിയിച്ചീടിനാൻ; 30
അറികയാൽ ഭാഗുരായണനന്നേരം
പെരികെക്കോപം പൂണ്ടുര ചെയ്തീടിനാൻ; 31
"കൃപണനൃപതികളാൽ തൃപ്തിക്കായി
നൃപതിയെ സ്നേഹം പെരികെയുള്ളോരെ 32
കപടങ്ങൾ കൈവിട്ടാശ്രയിച്ചവനാം
നൃപശിഖാമണേ! ഭവാനറിഞ്ഞാലും" 33
അതു കേട്ടനേരവനേവം ചൊല്ലിനാൻ
"ചതിവെടിഞ്ഞുള്ളോരമാത്യനെപ്പോലെ 34
പെരികെ സ്നേഹമുള്ളവർകളാരുമി-
ധരണിയിലില്ലെന്നറിഞ്ഞാലുമെടോ" 35
ചിരിച്ചു ഭാഗുരായണനവനോ-
ടിരിക്കും നൃപനോടുര ചെയ്തീടിനാൻ 36
"അതിനേതുമൊരു വികല്പമില്ലതോ-
ന്നതു കൊണ്ടല്ലെടോ പറഞ്ഞതുമിപ്പോൾ 37
ചാണക്യപുത്രനോടമാത്യനേററവും
പിണക്കമാകുന്നധികമാനസ 38
പിണക്കമില്ല ചന്ദ്രഗുപ്തനോടറി-
ഞ്ഞീടുക നീ പഴി തനിക്കു ഞാനെല്ലാ 39
കപടമില്ലെന്നാം ചാണക്യപുത്രന്റെ
കടുപ്പമാരെല്ലാം പൊറുക്കാതെ മൌര്യൻ 40
അധികാരത്തിങ്കൽ ചാടിച്ചൊഴിപ്പിച്ചീടുകി-
ലതിനുന്നതനാമമാത്യരാക്ഷസൻ 41
മരിച്ച നന്ദനെക്കുറിച്ചുള്ള ഭക്തികൊ-
ണ്ടൊരു ചീത്തത്തിന്റെ മനസ്സിലിങ്ങിനെ:— 42
"നിനച്ചുകൊണ്ടിലിന്നൃപതമൌര്യനെ
ജനിച്ചതും നന്ദകുലത്തിൽ നിന്നല്ലോ 43

നിനച്ചിതുവഴിയുറച്ചുരാക്ഷസൻ
മനക്കരുത്തേറുമരിയമൈത്ര്യനെ 44
പെരുത്തമത്സരംകളഞ്ഞുകണ്ടട–
നിരിക്കമില്ലാതവികല്പമേതുമേ; 45
അവർകളെക്കുറിച്ചൊരുനേരംമേവാ–
നവിശ്വാസംചേതസ്സുകണ്ടിട്ടെല്ലാ 46
മികവേറുംഭദ്രപ്രകൃതികൾ
ശിഖരസേനനമാശ്രയിച്ചുവന്നതും!” 47
സചിവനായഭാഗുരായണൻതന്റെ
വചനംകേട്ടുപർവ്വതപുത്രൻചൊന്നാൻ 48
“പരമാർത്ഥംസഖേപറഞ്ഞതൊക്കവെ
നിരന്നിതുനിന്റെവചനമെന്നാലും 49
ചണകജൻതന്റെകുട്ടമകൊണ്ടൊരോ
ജനങ്ങൾമൈത്ര്യനെവെടിഞ്ഞുപോരുന്നു 50
നമുക്കിതുകാലംപാടെകൊണ്ടുചെന്നി–
ട്ടമർക്കണംമൈത്ര്യചണകജന്മാരെ 51
മമതാതൻതന്നെക്കുറിച്ചിനിക്കൊരു
മമതയില്ലെന്നുപറയുന്നതെന്തു 52
കഴിഞ്ഞുപത്തുമാസവുമെന്റെയച്ഛൻ
കഴിഞ്ഞതുമുതലറികെടോസഖേ! 53
ചതിച്ചുതാതനെക്കൊലചെയ്തുമൂലം
പ്രതിജ്ഞയുംകോപിച്ചിവണ്ണംചെയ്തുഞാൻ 54
പിതൃഘാതാവിനെക്കൊലചെയ്യാതെഞാൻ
പിതൃക്രിയചെയ്യുന്നതുമില്ലുമേ 55
കഠിനനായഞാൻപ്രതിജ്ഞയുംചെയ്തു
പൊറുക്കുന്നതെന്റെബലക്ഷയംതന്നോ 56
മറുതരികളെവധിച്ചുവൈകാതെ
മരിച്ചതാതന്റെജലക്രിയചെയ്വാൻ 57
ഞെളിഞ്ഞുപോർചെയ്യുമരിപ്പനല്ലായ്കിൽ
ചിതിച്ചുതോൽക്കവെവരുമെടോസഖേ! 58

ആതിനമാത്യൻറെകരത്തുണ്ടെന്നാകി-
ലിതുകാലംപുനരെളുപ്പമുണ്ടെടോ 59
ശിരസിവെമനകലൻരാക്ഷസൻ
ചപലവശപ്പെട്ടുകിടക്കുന്നിതിപ്പോൾ, 60
അതുകൊണ്ടുമന്ത്രിപ്രവരനെക്കാണ്മാൻ
അധികമായിപ്പോളുഴറിവന്നു ഞാൻ 61
പുറപ്പെട്ടുകനാമതിനുവൈകാതെ
പരക്കവേണ്ടുന്നാമിതുവരുമതി” 62
ചലതരമിത്ഥംപറഞ്ഞുഴറ്റോടെ
മലയകേതുഭാഗുരായണനുമായ് 63
പുറപ്പെട്ടുചെന്നങ്ങമാത്യൻവാഴുന്ന
പുരത്തിനുചെന്നടുത്തതുനേരം 64
വ്യസനമനായുള്ളമാത്യരാക്ഷസൻ
കുസുമമന്ദിരത്തിലെവിശേഷങ്ങൾ 65
അറിവതിനുതാൻപറഞ്ഞയച്ചൊരു
കരഭകനാംപഥികൻവേഷമായ് 66
പരമാർത്ഥമെല്ലാമറിഞ്ഞുവന്നുടൻ
തിരക്കേറുംമന്ത്രിപ്രവരനെക്കാണ്മാൻ 67
പുരംപ്രവിഷ്ടനാമവനെക്കണ്ടഥ
ചിരിച്ചമാത്യനമിവണ്ണംചൊല്ലിനാൻ 68
“ചാരികനന്നൊരുവരികരികിൽനീ
പറകമൌര്യൻറെചരിതമൊക്കവെ” 69
രഹസ്യമാംവണ്ണംപറവതിനപ്പോൾ
മഹത്വമുള്ളരാക്ഷസൻനിനച്ചുള്ളിൽ 70
ശകടദാസനോട്“വരഹയുംകൊണ്ടി-
ങ്ങകത്തുപോരികെ”ന്നരുൾചെയ്തീടിനാൻ 71
അഥശകടനുംകരഭകൻതാനു-
മതിഗുണനായുടയമന്ത്രിയും 72
അകത്തുപുക്കുടനടച്ചുവാതിലു-
മകംതെളിഞ്ഞുടനിരുന്നാരവരും 73

“നിനച്ചുകാര്യമെന്നിതാപറയുന്നു
ഇനിക്കതെന്തെന്നതറിയുന്നില്ലെടോ” 89
“നൃപതികൾമൂട്ടുംമെകടരതാമെ
കപടമന്ത്രികൾചരിതമെങ്ങിനെ 90
അറിയുന്നുപുനരിനിയുംപ്രാക്ഷമോ-
ളറിയാപ്പോക്കെ”യെന്നുരചെയ്തീടിനാൻ 91
അകതാരിന്നപ്പോളമാത്യരാക്ഷസൻ
അകക്കാമ്പന്നേരംതെളിഞ്ഞുചൊല്ലിനാൻ 92
‘‘പറകവിസ്തരിച്ചഖിലവുമെടോ’’
“പറയാമെങ്കി’’ലെന്നവനുംചൊല്ലിനാൻ 93
“അവനിയോഗതാലഗതിവേഷംപൂ-
ണ്ടിവിടുന്നുപുഷ്പപുരിക്കുചെന്നഞാൻ 94
സ്ഥാകലശനോടഖിലവുമവ
മനസിചിന്തിതമുരചെയ്തീടിനേൻ 95
ചാണക്യപുത്രനോടവനീശൻമൌര്യൻ
പിണങ്ങുന്നേരമപ്പൊഴുതറിഞ്ഞുനീ 96
ധരണീശൻതന്നെസ്തുതിക്കണമെന്നു
പറഞ്ഞുമന്ത്രിയെന്നുരചെയ്തീടിനേൻ 97
അതിനേയുമൊരുകവിനിക്കില്ലെ-
ന്നതിവിശേഷനാമവനുംചൊല്ലിനാൻ 98
അനന്തരംമൌര്യൻപ്രജകളെയെല്ലാ
മനംകേട്ടുനന്ദനിധനചിന്തയാ 99
നിതാന്തസാഹനകണ്ടവർസന്തോഷം
വരേണ്ടുന്നതെന്നുനിനച്ചുകൊണ്ടുള്ളിൽ 100
പുരങ്ങളെല്ലാമലങ്കരിപ്പിച്ചി-
ട്ടൊരുചന്ദ്രോത്സവംതെളിഞ്ഞുകല്പിച്ചാൻ 101
അതിനാലാനന്ദംകലർന്നലോകർക്കും
അതിനൊരുദ്യോഗംവളർന്നിനന്തരം” 102
അതുകേട്ടുകണ്ണിലുറന്നവെള്ളമോ-
ടധികതാപേനപറഞ്ഞുരാക്ഷസൻ 103

“മൌര്യനൃപൻനന്ദൻധരണിക്കിന്നാള
കുമുദബാന്ധവന്മനസന്നിഭൻ 104
ഗുണഗണങ്ങൾക്കസതതംവാഴ്‌വാൻ
മണികലശനാംനൃപനെക്കൂടാതെ 105
നിറക്കമോചന്ദ്രമഹോത്സവമിപ്പോൾ
മറക്കമോമന്നൃപനെഞാനഹോ” 106
പലതരമിത്ഥംപറഞ്ഞമാത്യനു-
മലറിവീണിളപ്പത്തദുഃഖത്താൽ 107
കരഭകൻതാനംശകടനാംകൂടി
പരവശംകണ്ടുപിടിച്ചമാത്യനെ 108
നിവർത്തിനാൻവെള്ളംതളിച്ചുതാപത്തിൻ
നിവൃത്തിയുമൊട്ടുവന്നതിനാലഹോ 109
കരഭകനോടുപുനരമാത്യനും
“പറകശേഷ”മെന്നരുളചെയ്തിടിനാൻ 110
അതുകേട്ടുചൊന്നാനവനു“മെങ്കിലോ
പതിയേറീടുന്നാചണകനന്ദനൻ 111
മുടക്കിനാൻചന്ദ്രമഹോത്സവംപിന്നെ
കടുപ്പമെങ്ങിനെപറഞ്ഞുകൂടുന്നു?” 112
അതുകേട്ടമൌര്യൻചണകപുത്രനോ-
ടതികുപിതനായുരചെയ്യുന്നേരം 113
സ്തനകലശനപ്പോഴുമൌര്യന്റെ
ഗുണഗണംവാഴ്ത്തിസ്തുതിച്ചുസാദരം 114
നൃപനാജ്ഞാഭംഗംസഹിച്ചുകൂടാതെ
കപടബുദ്ധിയാംചണകപുത്രനെ 115
അധികാരത്തിങ്കൽനിന്നൊഴിപ്പിച്ചാൻതവ
മതിഗുണങ്ങളെപ്രശംസിച്ചുതന്നെ” 116
പറഞ്ഞചാരന്റെവചനംകേട്ടുഗ
നിറഞ്ഞതാരുന്നാംവഴിഞ്ഞരാക്ഷസൻ 117
പറഞ്ഞാ“നെന്തെടസ്തനകലശന്റെ
വിരുതുകളെഫലിച്ചുതുമിപ്പോൾ 118

ഭേരികനകന്നല്ലോ സ്തനകലശന്റെ
വിരഞ്ഞതമേകത്തെ മുളപ്പിച്ചവാറും 119
ശിശുക്കളും നിജകളികളിൽ ചെന്നാൽ
നശിപ്പിച്ചാലതു സഹിക്കയില്ലവർ 120
നരപചരന്മാരണ്ടാപ്പുനരാജ്ഞാഭംഗം
പൊറുത്തുപാർക്കുന്നു മനസിസന്തതം” 121
പലതുമവർ പറഞ്ഞതു കേട്ടു
മലയകേതുവുമുരചെയ്തീടിനാൻ 122
“ഭാഗുരായണ! നീ കേട്ടില്ലേ
ഈവപ്രശംസ ചെയ്യമാത്യന്റെ മെയ്യിൽ 123
ചണകപുത്രനെയൊഴിച്ചതോർക്കുമ്പോൾ
ഇണക്കമുണ്ടെന്നു ധരിക്കേടോ സഖേ” 124
“ഈ പ്രശംസകൊണ്ടറിയണമെന്നു
ചണകപുത്രനെയൊഴിച്ചതോർക്കുമ്പോൾ 125
ഇതിൽപരമെന്തൊന്നറിവതിനെന്നു”
മതിമാൻ ഭാഗുരായണനും ചൊല്ലിനാൻ 126
പുനരപി കരഭകനോടു മന്ത്രി
വിനയമുൾക്കൊണ്ടു പറഞ്ഞാനിങ്ങനെ 127
“നരപതി ചാണക്യനോടു കോപിപ്പാൻ
നിറമേറും ചന്ദ്രമഹോത്സവത്തിന്റെ 128
മുടക്കം ചെയ്തതിലൊട്ടല്ലിയൊ മറ്റും
കടപ്പമുണ്ടാകമിനിയും കേട്ടിതോ!” 129
ആയതു കേട്ടു ചൊന്നാൻ മലയകേതുവും
മതിമാനായുള്ള സചിവനോടേവം 130
“നരവരൻ കോപിച്ചതിൻ മൂലം തിര-
ഞ്ഞറിഞ്ഞിട്ടെന്താണു ഫലം മന്ത്രിക്കിപ്പോൾ!” 131
“ഫലമതിനൊന്നുണ്ടുരചെയ്യാ”മെന്നു
മലയകേതുവോടുരചെയ്തീടിനാൻ, 132
“മതിമാനായുള്ള ചാണക്യനാമവ-
നിതുകാലമൊരു ഫലവുംകൂടാതെ 133

നൃപനെക്കോപിപ്പിക്കയുമില്ലപാർത്താ-
ലുപകാരംചെയ്യാൽമറക്കുമോമൌര്യൻ 134
അതുകൊണ്ടല്ലയൊന്നുമവനെയിന്നാ-
ധികാരത്തിങ്കന്നൊഴിച്ചതുമിപ്പോൾ 135
പലപ്രകാരവുംനിരൂപിച്ചുകണ്ടാൽ
നിലവിട്ടുവൈരംമുഴുത്തീടുമത്രേ 136
ആകുന്നതിരിക്കയില്ലിവർക്കിനിയെന്നാ-
ത്മകമേചിന്തിച്ചുപറവാൻകാരണം 137
കരഭകൻമന്ത്രിപ്രവരനോടപ്പോൾ
ചിരിച്ചുചൊല്ലിനാനിനിയുമുണ്ടെടോ 138
മലയകേതുവാംനരപതിയേയും
പലജ്ഞന്മാരുള്ള ഭവാനേയുംപിന്നെ 139
കളിത്താതനുമതെളിഞ്ഞീലാമൌര്യ-
നിലക്കമുണ്ടതിലറികസാംപ്രതം" 140
അതുകേട്ടുമന്ത്രിപ്രവരനുംതെളി-
ഞ്ഞതിസ്നേഹമുള്ള ശകടനോടപ്പോൾ 141
ഉരചെയ്തീടിനാൻ"നിന്നിമൌര്യനെന്റെ
കരത്തിലായിതെന്നറികെടോസഖേ! 142
ഇനിച്ചന്ദനദാസനുംസുഖംവന്നു.
നിനക്കുംനിന്നുടെഗൃഹജനത്തിനും 143
സുഖംവന്നുസഖേപുനരിക്കാലം
സുഖംവന്നുബന്ധുജനങ്ങൾക്കെല്ലാം" 144
മലയകേതുവുമതുകേട്ടനേരം
ചലഹൃദയനായ്സചിവനോടേവം 145
പറഞ്ഞിതു"മൌര്യൻകരത്തിൽവന്നിതെ-
ന്നുരചെയ്യുന്നതിന്നഭിപ്രായമിപ്പോൾ 146
കരുത്തേറുംമന്ത്രിപ്രവരനെന്തഹോ
നിരക്കുമോമൌര്യസുതനോടിക്കാലം?" 147
ചിരിച്ചുഭാഗുരായണനന്നേരം
കരുത്തനാംമ്ലേച്ഛസുതനോടുചൊന്നാൻ 148

“നൃപശിഖാമണിയതിന്നുമറെറന്തു
കപടംകാട്ടുന്നചണകനന്ദനൻ! 149
വെടിഞ്ഞമാത്യനാംനൃപതിവീരനോ-
ട്ടടമതേടുവാനഭിപ്രായമെടോ” 150
ഇത്ഥമന്നവരമാത്യനന്നേരം
കരഭകനോടുപറഞ്ഞുപിന്നെയും 151
“അധികാരംവെച്ചുചണകജൻവട-
വിഷ്ണുകാലംകുത്രവസിക്കുന്നുചൊൽനീ?” 162
അവനതുകേട്ടുപറഞ്ഞു“ചാണക്യ-
നവിടെന്നെങ്ങുമഗമിച്ചതില്ലല്ലോ 153
അടവിയിൽപുക്കുതപസ്സുചെയ്യുന്നതി-
നങ്ങുള്ളയാത്രയെന്നുകേട്ടിനഹം” 154
മുഖപ്രസാദവുംകുറഞ്ഞുരാക്ഷസ-
നകമേചിന്തിച്ചുശകടനോടപ്പോൾ 155
പറഞ്ഞിതു“ശഠമതിയായചാണക്യൻ
നിരന്തരകാപട്യത്തോടധികാരംവെച്ചു 156
പുറപ്പെട്ടുപോകാനെത്രപ്രതിജ്ഞയെ
വിരവോടുചെയ്യാഞ്ഞതുംനിരൂപിച്ചാൽ 157
ശകടദാസ!കേളതിനാൽചിന്ത്യമി-
ല്ലകമേചിന്തിച്ചാൽവികല്പമുണ്ടെടോ 158
നരവരന്മാർക്കുമകുടമായുള്ള
നിറമെഴുംമൌര്യനൃപതിനന്ദന്റെ 559
ദൃഢമാനസംചിന്തിക്കിലിപ്പൊഴും
മതിയിലൊട്ടുമസഹിയാഞ്ഞതാരിവൻ 160
വൃഷലിപുത്രനെന്നിജഭാവംകൊണ്ടു
വസുമതിക്കധിപതിയാക്കീടിനാൻ 161
ആദരത്തിലെകൊണ്ടുമല്ലവന്റധികാരം
സഹിച്ചവിടെത്താനിരുന്നതെങ്ങിനെ?” 162
പലവിധമേവംപറഞ്ഞവാക്കുകൾ
മലയകേതുകേട്ടകിൽവാണീടും 163

പ്രിയസചിവനോടുരചെയ്തീടിനാൻ
"പ്രിയസഖേ! ഭവാനിതുധരിച്ചീലെ 164
ചണകനന്ദനൻ പ്രതിജ്ഞചെയ്തിട്ടും
വനംഗമിച്ചിട്ടുമമാത്യനിക്കാലം 165
ഒരുപായമെന്തെന്നറിഞ്ഞതില്ലെ"ന്നു
പറഞ്ഞളവു നൃപനോടുരചെയ്താനവൻ 166
"അങ്ങുപറവതെന്താവിഷമം ഭൂപതേ!
മതിമാൻ ചാണക്യൻ കനിഞ്ഞീടുംതോറും 167
തനിക്കമൈത്ര്യനോടേറ്റു കൊള്ളുവാ-
നനക്കമുന്നതിലുറച്ചു പാർത്ഥിവ" 168
അതുകേട്ടളവു നൃപനമാത്യനോ-
ടതിപ്രമോദേന പറഞ്ഞാനിങ്ങനെ 169
"വികല്പമില്ലിതിനിഹ നിരൂപിച്ചാ-
ലകപ്പെടുമൈത്ര്യനോടിക്കാലം പോർക്കാൽ 170
ചണകപുത്രനെപ്പെരികെയുണ്ടെന്നു
മനസിയൊന്നുണ്ടിതിനിരൂപിച്ചതും 171
"അതിനവകാശം പെരികെയുണ്ടല്ലോ
മതിയിൽ മറ്റൊന്നു നിനയ്ക്കവേണ്ട 172
അഖിലഭൂപതികളുമിക്കാലം
പകൽനിലവുമായടിപണിയുന്ന 173
ധരണിയിലിന്നൊരുതരമറിയാതെ
നരപതികളിലധിപതി മൈത്ര്യൻ 174
പൗരുഷമാമാരാം വരുത്തുന്നാനെങ്കിൽ
ഉറപ്പേറും ചാണക്യനമൃതുചെയ്താൽ 175
കടിലമാം ചണകജവടുവിൻറെ
കട്ടതോഷിച്ചാൽ പെരുത്തൊന്നാകിലും 176
പ്രതിജ്ഞചെയ്തിപ്പിന്നിനിയുന്നമാ-
നനതിന്നു തന്നെ ചെയ്യാനാണെന്നതും 177
വിധിവശാൽ കൊണ്ടുകടന്നാനക്കാലം
ഞാനുമിപ്പോലെചെയ്തുനടന്നേറമാരാം 178

കനത്തൊരൎത്ഥമുണ്ടതിന്നാശരെത്ര
നിനച്ചുശങ്കയുംവളരെയുണ്ടല്ലോ” 179
“പറഞ്ഞതൊക്കെ”യെന്നരചെയ്യുന്നേരം
കരഭകൻതനിക്കമാത്യരാക്ഷസൻ 180
തരിവളനല്ലപുടവപട്ടുകൾ
പരിചൊടുകൊടുത്തിതുസന്തോഷത്താൽ 181
വിരോധനായഭാഗുരായണനപ്പോ—
ളതിലുമുള്ളഭൂപനോടുചൊന്നാൻ 182
“ചതിക്കുംനമ്മെരാക്ഷസനെന്നുള്ളൊരു
മതിലുമെങ്ങുംപുറത്തുകാട്ടാതെ 183
പരക്ഷമായ്മന്ത്രിപ്രവരനോടൊന്നും
പറയാതെഭവാനടങ്ങിപ്പാൎക്കണം 184
പരമാൎത്ഥംനമുക്കറിയാംപോകയെ”—
ന്നുറപ്പിച്ചീടിനാനവനാക്കൂട്ടനെ 185
പരമാനന്ദംപൂണ്ടഥകരഭകൻ
പറഞ്ഞുയാത്രയുമമാത്യനോടപ്പോൾ 186
തുറന്നവാതിലുമകത്തുനിന്നവ—
നിറങ്ങുമ്പോൾകണ്ടുതൊഴുതുമന്നനെ 187
ഉടനെഭാഗുരായണനോടുംകൂടെ
കടന്നുപാൎത്തുതൽചാരതന്ത്രജ്ഞനാം 188
ങ്ങഴകെഴുംരൂപകമാമതെക്കണ്ടി—
ട്ടെഴുന്നീറ്റുനിന്നാനമാത്യരാക്ഷസൻ 189
പരിതോഷംപൂണ്ടുപരിരംഭംചെയ്തി-
“ട്ടിരുന്നാലുമെ”ന്നരചെയ്തീടിനാൻ 190
മലയകേതുവുമന്നുചൊല്ലിനാൻ
“തലനോവിനൊട്ടുശമനംവന്നിതോ? 191
വശക്കേടെന്നുകേട്ടുഴറിവന്നുഞാൻ
വസിക്കണംഭവാനതല്ലോനില്പാൻ 192
ഞെരുക്കുകേട്ടതാനമിതെന്നുചൊല്ലിനാ—
ന്നിതുകാലംശത്രുവധംചെയ്യുവാൻ 193

ശിരസി ചാട്ടം കെട്ടുകയൊഴിഞ്ഞതെന്റെ
ശിരസി വേണ ശമിക്കയില്ലേതും 194
“മതിമാനാകിയ ഭവാൻ നിരൂപിച്ചാ-
ലതിനെളുതെ”ന്നു പറഞ്ഞു നൃപനും 195
“അരികളോടു പോരിന്നവട്ടം കൂട്ടി
പെരികെക്കാലമുണ്ടിവിടെപ്പാർക്കുന്നു 196
ഒരു പഴുതു കണ്ടുകൊള്ളാമെന്നതോ-
ർത്തിരുന്നതൊട്ടുമേ പിഴച്ചതില്ലല്ലോ 197
ഇനി വൈകാതെ ഞാം പുറപ്പെടുകെ”ന്നു
മനം തെളിഞ്ഞു ചൊല്ലിനാനമാത്യനും 198
“അരികളോടു പോരിന്നു ഭവാനിപ്പോഴും
പരിചോടെന്തൊരു പഴുതുകണ്ടതും” 199
“ഞാനുപരമാർത്ഥം പറയാമെങ്കിൽ ഞാ-
നതികലിതനാം ചണകനന്ദനൻ 200
തെ ചന്ദ്രോത്സവം മുടക്കം ചെയ്കയാൽ
നരപതി കോപിച്ചധിക്ഷേപിച്ചപ്പോൾ 201
അതിനു മൌര്യനോടിടഞ്ഞു ചാണക്യ-
നധികാരം വെച്ചങ്ങടങ്ങിപ്പാർക്കുന്നു” 202
“സചിവനോടിടഞ്ഞതു കൊണ്ടേതുമി-
ല്ലുചിതമല്ലതെ”ന്നരചെയ്യാൻ ക്ഷേപ്പൻ 203
“നരപതി മൌര്യനൊഴിഞ്ഞു മറ്റുള്ള
നരവരന്മാർക്കു സചിവവിപ്രിയം 204
വരികിലേതുമില്ലിതുപോലെ പാർത്താൽ
വരികയില്ലെന്നറിക നൃപതേ!” 205
നിരൂപിച്ചാലിവ വിശേഷിച്ചു മൌര്യ-
നൊരു ചതമില്ലെന്നിനിക്കു തോന്നുന്നു 206
അറികതിന്നു കാരണമെന്തെന്നിഹ
പറയ “ചന്ദ്രഗുപ്തനാം നൃപന്റെ 207
പ്രകൃതികൾക്കിഹ ചണകപുത്രന്റെ
പ്രകൃതിദോഷത്താലനുരാഗമിപ്പോൾ 208

കുറഞ്ഞുപോകുന്നു പുനരവനിപ്പോൾ
നിരാകൃതനായി നരവരൻ തന്നാൽ 209
അതുകൊണ്ടു സുഖിപ്പിച്ചു കാലം നര-
പതിയെസ്സ്നേഹമീ പ്രജകൾ ചെയ്തീടും” 210
മലയകേതുതൻ വചനം കേട്ടുരാ-
ക്ഷമന്ത്രിതാനും പറഞ്ഞാനിങ്ങിനെ 211
“അതു ശരിയതില്ലിതു നിരൂപിച്ചാൽ
ഇതുകാലം നാട്ടിൽ പ്രജകളൊക്കവെ 212
മരുത്തരണ്ടെല്ലാവിധമറിഞ്ഞാലും
മതിച്ചു നന്ദരൊക്കറിച്ചനുരാഗം 213
ചിലർ പിന്നെ മൌൎയ്യനെത്തന്നെ പാൎത്താൽ
ചിലരവർക്കിന്നു ചണകപുത്രന്റെ . 214
ചരിത്രദോഷംകൊണ്ടനുരാഗക്ഷയം
നിനയ്ക്കുമെന്നുള്ളതിനിക്കതോന്നീല 215
നവനന്ദാനുരാഗികൾക്കു മൌൎയ്യനോ-
ടിവനല്ലൊ നരവരന്മാരെയെല്ലാം 216
കൊലചെയ്യിച്ചതെന്നകത്തു വിദ്വേഷം
വളരെയുണ്ടതു മറച്ചവർകളും 217
ഒരുത്തരില്ലല്ലോ പതിപാലിപ്പാനെ-
ന്നറച്ചു മൌൎയ്യനെ ഗ്രഹിച്ചു പാൎക്കുന്നു. 218
അരിവധം ചെയ്വാനൊരുമ്പെട്ടവനെ
പരിചോടു കാണുമല്ലോ ലോകരെ 219
മറുത്തു മൌൎയ്യനെ ത്യജിച്ചവനെക്ക-
ണ്ടിരിക്കമാത്രയിച്ചറികരുപതേ! 220
അവസ്ഥയീവണ്ണമിരിക്കുന്നതവ-
കതുണ്ടെന്നാകിൽ കഴിവുണ്ടാകവൻ” 221
ഉരത്തമാത്യന്റെ വചനം കേട്ടപ്പോൾ
ചിരിച്ചു പാൎത്ഥിവതനയനും ചൊന്നാൻ 222

“കലഹകാരണമൊരു മഹോത്സവം
വിലക്കാതെ ചെയ്തില്ലേ പുനരതെന്തോ?” 223
“പലവിധമുണ്ടെന്നിരിക്കിലുമിപ്പോൾ
കലഹത്തിനുകാരണമതുതന്നെ” 224
“കലഹത്തിനുകാരണമിതെങ്കിലും
പലവിധമുണ്ടെന്നിരിക്കിലും മൌര്യൻ 225
ചാണക്യൻതന്നെ ത്യജിച്ചുവെന്നാകി-
ലിനിയൊരുവനെസ്സചിവനാക്കീടും, 226
സചിവനില്ലെന്നുവരികിലുമവൻ
നിജനയംകൊണ്ടു സമസ്തകാര്യങ്ങളെ 227
പ്രയത്നംകൂടാതെതന്നെ സാധിപ്പാൻ
നയജ്ഞൻ മൌര്യനെന്നറികമാനഘ” 228
“തനിക്കുതാൻപോന്ന നരോത്തമന്മാർക്കു
നിനച്ചകാര്യങ്ങൾ തനിക്കുസാധിപ്പൂ 229
സചിവായത്തനായ്ത്തീട്ടും മൌര്യൻ
സചിവനോടുവേർപിരിഞ്ഞതാകിലൊ 230
പൊടികണ്ണിനൊത്തുനസ്യംകൂടാതെ
കൊടുങ്കാട്ടിൽ കിടന്നുഴലുംപോലെയും 231
സ്തനന്ധയരായ ചെറുപിള്ളർതന്റെ
ജനനിപോയാലുള്ള വ്യസനംപോലെയും 232
വരികയെന്നിമറ്റൊരവസ്ഥയില്ലെ-
ന്നറികബുദ്ധിപാടവശാലിമണേ” 233
“ഇങ്ങനെ നാമിപ്പോൾ പറഞ്ഞതൊക്കവെ
നിനച്ചുകാണുമ്പോൾ പരമാർത്ഥംതന്നെ 234
ചാണക്യൻമൌര്യനെപ്പിരിഞ്ഞവനോടു
തന്നോടു തുടങ്ങുമ്പോൾ ജയംവരുമല്ലോ” 235
“അതിനെന്തുമൊരുവികല്പമില്ലെടൊ
ക്ഷിതിപതികുലമകുടരത്നമേ! 236

പലവസ്തുകൊണ്ടുംനിരൂപിച്ചുകണ്ടാൽ
ബലമേറാനേറും രിപുവിനേക്കായിൽ 237
കയർത്തുള്ള പടജ്ജനമുണ്ടാകയും,
കൊടുപ്പതിന്നാളുമണ്ടാമൎത്ഥനാകയും, 238
പ്രതിപക്ഷത്തിലുള്ളവർകളിൽ ചിലർ
ഇതുകാലം മറുത്തിഹ വരികയും, 239
ചണകനന്ദനനധികാരംവെച്ചു
പിണങ്ങിമൈത്ര്യം നടകന്നിരിക്കയും 240
നവനൃപതിത മരിക്കണ്ടാകയും
നവനന്ദന്മാരാമെന്നവരന്മാരെ 241
പൌരതരാരാം പ്രജകൾ അപ്പൊരെ
മറക്കാതെതന്നെ നാകിടക്കയുമെടോ 242
ഇവയെല്ലാമെവം വരികകൊണ്ടിപ്പോൾ
തവജയംകരതലഗതമല്ലോ" 243
മലയകേതുവുമതുകേട്ടു ചൊന്നാൻ
"കലഹത്തിനനല്പവസരമിപ്പോൾ 244
പടപുറപ്പെട്ടുവതിനെന്തു ദിനം
ഉടനെകല്പിച്ചു പുറപ്പെട്ടുകൊണ്ടാം 245
ആട്ടത്തിനുണ്ടകല്പിപ്പതിന്നസൂയാനം
ഓടുകനാളെ" എന്നു പറഞ്ഞു യാത്രയും 246
നടന്നതോപ്പുരായണനന്താനമാ-
യുടനെ ചാരതൻ പുരിപുക്കീടിനാൻ; 247
ഗിരിത്ത്വപസുതൻ ഗമിച്ചനന്തരം
ഒരു ചാരനെ വിളിച്ചു രാക്ഷസൻ 248
ഉരചെയ്തീടിനാൻ "ക്ഷപണകൻതന്നെ
വിരവിൽ കൂട്ടിക്കൊണ്ടിഹ വരികനീ" 249
വിരിയെ ചെന്നവൻ ക്ഷപണകൻ തന്നോ-
ടുരചെയ്തിടിനാൻ "അമാത്യരാക്ഷസൻ 250
പറഞ്ഞുവന്നേൻ ഞാൻ ഭവാനേയുംകൊണ്ടു
വിരിഞ്ഞുചെല്ലുവാൻ, പുറപ്പെട്ടുകെടോ" 251

ക്ഷപണകൻതാനുമിത്ഥംകേട്ടനേരം
കപടമുദ്രയുംധരിച്ചുഴറ്റോടെ 252
പുറപ്പെട്ടുമന്ത്രിപ്രവരൻവാഴുന്ന
പുരംപുക്കീടിനാൻകപടയോഗീശൻ 253
പരമബന്ധുവാമവനെക്കണ്ടുടൻ
പരമാനന്ദംപൂണ്ടമാത്യരാക്ഷസൻ 254
"ഏതന്നാവൂ"എന്നുപറഞ്ഞവനോട്
പറഞ്ഞാനിങ്ങിനെചിരിച്ചുമെല്ലവെ 255
"രണത്തിനുപുറപ്പെട്ടവതിനാൽ
ദിനമെന്തെന്നിപ്പോൾവിധിക്കയുംവേണം" 256
ചിരിച്ചിതുകേട്ടങ്ങിരുന്നവൻതാനും
നിരത്തിനാൻപലമെടുത്തുമെല്ലവെ 257
കുറഞ്ഞൊരുനേരമെന്നു ചിന്തിച്ചു
പറഞ്ഞിതുമന്ത്രിപ്രവരനോടവൻ 25ɜ
"ഇന്നിനിയൊന്നാമ് നിരൂപിച്ചു ദിനം
ദിനമട്ടത്തെന്നാശ്ശുഭതരമല്ലോ 259
തിരിഞ്ഞുപഞ്ചമപക്ഷത്തിന്റെ
നിറവുള്ളതിഥിയുണ്ടാവോല്ലോ 260
അനിഴമാകുന്നനക്ഷത്രവും
ധനുവെല്ലുന്നാശശിപുറപ്പെട്ടവാനും 261
ബൃഹസ്പതിവാരമിതെന്നപ്പൊൾത്താൻ
മകരമേടമല്ലിനതിനേറ്റവും 262
അറികലഗ്നത്തിൽബുധനാകുന്നതും
പരമതെക്കുള്ളവൃദ്ധിച്ചമാകുന്നു 263
വടക്കുനിന്നുടൻദക്ഷിണദിശിപൊക്കവാൻ
പടക്കുതാവന്നാൽശശിതാൻവാവേണം 264
ഗ്രഹമാംഗ്രഹയോഗവുമുണ്ടല്ലോ
അവിമതമായതൽകഴ്ചെട്ടുംസൗഖ്യപ്രപ്യവും 265
അതികല്ലാടുംപാലിയെപാകമായോ
ഇതുമസരലെവാഗമെപറികമായല്ലാ 266

അതു നിരൂപിച്ചാലടുത്തനാളെന്നെ
കുതുകമൊക്കെക്കൊണ്ടുപുറപ്പെട്ടന്നാകിൽ 267
ജയംകരതലാമലകമായ്‌വരും
ഭയംപ്രതിയോഗിക്കു പോലെ തന്നെ” 268
ക്ഷപണകനേവംപറഞ്ഞതുനേരം
കപടംകൈവിട്ടുപറഞ്ഞു രാക്ഷസൻ 269
“മതിഭ്രമംകൊണ്ടോ പറഞ്ഞതു? മുന്നാൾ
പിതൃക്രിയയൊഴിഞ്ഞൊരവസ്ഥയില്ല 270
പടയ്ക്കൊരുങ്ങുന്നാൾ പുറപ്പെട്ടകന്നു
കടപ്പതിനെന്തു പറയുന്നതിപ്പോൾ? 271
ഇനിക്കിതെന്നതിന്നു ഞാനിവരോടു
ഗണിതക്കാരോടും നിരൂപിച്ചാലുമിനി” 272
അതു പറഞ്ഞപ്പോൾ ക്ഷപണകൻ താനും
അതികോപംകലർന്നൊന്നു ചൊല്ലീടിനാൻ 273
“ഒരുത്തരോടും ഞാൻ നിരൂപിക്കേണ്ടതി-
ല്ലൊരിക്കലുമെന്നറിഞ്ഞുകൊണ്ടാലും 274
ഇനിക്കുള്ള പക്ഷം ത്യജിച്ചു ഞാനിപ്പോൾ
നിനക്കുമറ്റൊരു പിന്നെപ്പറഞ്ഞിടപക്ഷം? 275
പലരോടുംചെന്നു കുറിപ്പാനിപ്പോ-
ളില്ലകേൾക്കേണ്ടവനതിനാളല്ലഞാൻ 276
കുറവുകണ്ടുമിനി മതിപോരും
വിരവോടിക്കൊല്ലമിതാ പോകുന്നു ഞാൻ.” 277
കുപിതനായേറ്റം രാക്ഷസൻ ചൊല്ലുന്നു
ക്ഷപണകനോടു പറഞ്ഞു രാക്ഷസൻ 278
“അലമലം നിന്റെ പരുഷ വാക്കുകൾ
കലഹിച്ചാലെന്തു ഫലം നിരൂപിച്ചാൽ?” 279
“കലഹിച്ചീല ഞാനമാത്യനോടൊട്ടും
ഫലമിനിക്കെന്തു കലഹിച്ചാലെടോ!” 280
പരുഷമിങ്ങിനെ പറഞ്ഞു കോപിച്ചു
വിരവോടു പോയാൻ ക്ഷപണകൻ താനും 281

പെരികെക്കോപിക്കും ചാണക്യജാതികൾ
വരുമിനിയുമെന്നുറച്ചു രാക്ഷസൻ 282
ഖരകിരണൻ പോയ്മറഞ്ഞതിനന്തരം
പുരംപരം പുക്കു സുഖിച്ചുമേവിനാൻ 283
എളുതല്ലെത്രയുമിനിയിതു ചൊൽവാനെന്നാ
കിളിമകൾ താനും പറഞ്ഞുമെല്ലവെ 284
ഫലമധുക്കളുകളെല്ലാം പകൎന്നവർ
പലതരം ഭുജിച്ചിതന്നാളക്കാലം 285

ഇതി മുദ്രാരാക്ഷസചരിതം ആറാംപാദം

സമാപ്തം.

ഏഴാം പാദം

ആരുപവിബുധകഗണമുടി വിലസിയമണിരത്നമെ
ഭൂതദയചിത്തസാരസരൂപമെ! 1
തവവചനമധുരമധു ചെവിയിണകൾകൊണ്ടുമെ
താപംകെട്ടുപെടിപീതമാകയെന്നിലും 2
കിളിമകളെ! മമമതി ഖിലീഹമതി പരാസ്ത്രയാൽ
കേളിതൈറൃകഥാശേഷവും ചൊല്ലെടൊ! 3
മധുരതരകദളിഫലങ്ങളും മധു സിതാദികൾ
മാനിച്ചുതാൻ നിനക്കായുതന്നീടുവൻ 4
നരപതിയിൽ പരമഗുണരണിമലയകേതുവും
നീതിമാനായുള്ള രാക്ഷസാമാത്യനും 5
അറികളൊട്ടൊപൊതുവതിനകത്തിമതവീടുവോ-
രാരമാരെവൃന്ദം കൊണ്ടു ചെയ്തു ചൊല്ലുനീ 6
കിളിമകളുമതുപൊഴുതുകുതുകമൊടു ചൊല്ലിനാൾ
"കേട്ടുകൊണ്ടാലുമെങ്കിൽ പറഞ്ഞീടുവൻ:— 7
ഭയമെറിതമലറുവിപ്ലവപൂമുടയരാക്ഷസൻ
ദ്രുപതിചിന്തിച്ചുനന്ദറിയാതെ 8

അരിനൃപതിയുടെനഗരിഝടിതിപൊടിയാക്കുവാൻ
അരുളുപടക്കോപ്പുകൂട്ടിപ്പുറപ്പെട്ടാൻ 9
മദകരികളുംതുരഗതതിപെരിയരഥപംക്തിയും
ഭല്ലപ്പുഗണങ്ങളാംകാലാൾപ്പടകളും 10
അസിമുസലപരശുമുഖവിവിധതരശസ്ത്രങ്ങ-
ളാക്കംകലർന്നിട്ടുള്ള വീരന്മാരും 11
രണമതിന്നവിരുതുടയനെടിയശകവീരരും
നീണ്ടുനിവർന്നുള്ള പാരസീകന്മാരും 12
ചതികരുതിമരുവിനൊരുസുഭടവരവീരരും
ചാഞ്ചല്യമെന്നിയെമ്ലേച്ഛരാശിയും 13
ഗിരിനൃപതിതനയനതിബന്ധുക്കളാകിയ
ഗംഭീരരായുള്ള പഞ്ചരാജാക്കളും 14
നരവരനുസതതമൊരുസചിവവരനാകിയ
നീതിമാനാംഭാഗുരായണവീരനും 15
ഉദധിയൊടുസമമിയലുമരിയസേനാധിപ-
ത്യക്കനായുള്ള ശിഖരസേനൻതാനും 16
പുനരപിചശകടമുഖസിദ്ധാർത്ഥകാദിയും
പാരെപ്പരന്നുള്ള കാൾപ്പടകളും 17
നിജമനസികലരുമൊരുശങ്കമറച്ചുതാൻ
നീതിമാൻരാക്ഷസനെന്നൊരുത്തുമ്പ്രാപനാം 18
കരുകനകമയവിമലരഥമുചികരേറിനാൻ
കാലപോലെയുലയുന്നൊരുവാളുമായ് 19
മദസലിലമൊഴുകിനൊരുകരിമുതുകിൽചില്ലമാ-
ത്സ്യന്ത്രികാലന്തമൻതാനുംകരേറിനാൻ 20
ബലരിനൊരുപടഹ,പടഹമുഖവിവിധവാദ്യവൃ-
മാലവട്ടങ്ങളുംവെഞ്ചാമരകളും 21
കനതഴകൾകൊടികൾചിലവിരുതുകളുമോരോരോ
ക്കുറക്കിടിഞ്ഞിട്ട് ഘനസംഘോരജാലവും 22
വൃഷകരിതരുതുകിലധരവെച്ചുകെട്ടിക്കൊണ്ടു
വേഷംതിരിഞ്ഞുള്ള ചാരജനങ്ങളും 23

ഉദധിയൊടുസമമിയലുമൊരുപടയുമുപാന്തങ്ങ-
ളുകോട്ടപുഷ്പപുരിക്കനടന്നതേ 24
ഇളകിനൊരുപടനടുവിൽവളരുമൊരുധൂളിയു-
മിന്ദ്രലോകത്തോളമാശുകാണായ്‌വന്നു 25
മദകരികൾകരിനരമലറിനനിനാദവും
മാനിച്ചകാലാൾനിലവിളിഘോഷവും 26
തുരഗതതിമൊഴിയുമൊരുഹേഷാരവങ്ങളും
തേരുരുളൊച്ചയുംഞാണൊലിനാദവും 27
കഠിനതരപറപടഹവിപുലതരനാദവും
കാളംകരഞ്ഞുള്ള ഘോരനിനാദവും 28
ഇതിവിവിധതരനിനദഭീഷണമാംപട-
ക്കീശനായുള്ള മലയകേതുപ്രഭു 29
കുസുമപുരിനികടഭുവിചെന്നുപടയുമായ്
ക്രൂരകോട്ടകളുംകെട്ടിമരുവിനാൻ; 30
അഖിലജനമവനിപതിയുടെ വൃഷലവുംപുന-
രാവാസശാലയുംകെട്ടിമരുവിനാർ 31
അന്നുപൊഴുതിലമലയകേതുവാംമന്നനോ-
ടാശുചൊന്നാൻഭാഗുരായണമന്ത്രിയും 32
“അചലനൃപതനയ! ഗുണഗണസദന! സാമ്പ്രത-
മാശുനമുക്കൊന്നുകല്പിക്കയുംവേണം 33
ഒരുവനിഹകടകമതിൽനിന്നുഗമിപ്പാനു-
മോരോജനങ്ങളിതിൽപ്രവേശിപ്പാനും 34
മമനികടമുപനൃപ! തവാജ്ഞയാവന്നവൻ
മുദ്രവാങ്ങിക്കൊണ്ടുവേണമറിഞ്ഞാലും 35
ചണകസുതകപടമറിവാനരുതാർക്കുമേ
ചാണക്യവിപ്രൻചതിക്കുമറിഞ്ഞാലും 36
ചതികളതിമരുവുമൊരുചണകസുതവിപ്രന്റെ
ചാരജനങ്ങൾനടക്കുന്നതുണ്ടിപ്പോൾ 37
അതിലുമൊരുപിതവർകൾതമ്മിലറികയി-
ല്ലുള്ളവാളുകൾനാംസൂക്ഷിച്ചിരിക്കണം” 38

നിജസചിവവചനമിതി കേട്ടു ചൊന്നാൻ നൃപൻ
"നീയിപ്പറഞ്ഞതു സത്യം മഹാമതേ! 39
വിരവിനൊടു കടകമിതു രക്ഷിപ്പതിന്നു നീ
വീരനാം ദീർഘാക്ഷനെ നിയോഗിക്കെടോ 40
ഇതരമതു കടകമതിൽനിന്നു പോയീടുവോ-
ർക്കിന്നു നീ മുദ്ര കൊടുക്കരുതാർക്കും" 41
അചലസുതപതിനയഗിരമിങ്ങിനെ കേട്ടവ-
നാശു ദീർഘാക്ഷനോടേവമുരചെയ്താൻ 42
"കടകമിതു കനിവിനൊടു കാത്തുകൊണ്ടീടുവാൻ
കാവൽക്കനായ്പുറത്തുമാളാക്കി നീ 43
പുരമതിൽ വരുവതിനുമാശു ഗമിപ്പാനും
പത്രമെമ്മവാൻ കണ്ടയയ്ക്കാവൂ 44
യെവനൊരുവൻ പത്രത്തിലിഹ മുദ്രയും കൂടാതെ
ഓടിപ്പോകിൽ പിടിച്ചുകൊണ്ടന്നാലും" 45
അവനുമഥ സചിവനോടു കനിവിനൊടു ചൊല്ലിനാ-
നന്തരമില്ലാ പിടിച്ചിങ്ങു കൊണ്ടുവരാം 46
തദനു പുനരപി ഗൃഹമാശു പുക്കീടിനാൻ
ധീരനാകും ബ്രാഹ്മണൻ നീതിമാൻ 47
അവനുമഥ നിജമനസി പാർത്തു കണ്ടീടിനാ-
"നസ്വാമി മലയകേതുക്കളതിനായകൻ 48
മയി സതതമധികതരവിശ്വാസമാർന്നമാം
മാനിച്ചമാത്യനാക്കിച്ചിരിക്കുന്നതാൻ 49
അവനെയിഹ ശിവ! ശിവ! ചതിക്കുന്നതെങ്ങിനെ?
ദുഷ്ടചാണക്യന്റെ തന്ത്രമെപ്പടിയാം 50
ചാണകസുതവചനമിതു ചൊല്ലിയതാണെങ്കിൽ
ചാതുര്യമില്ലവനെന്നാരും കൊന്നിടാ 51
വിധിവിഹിതമിതു മലയകേതുതന്നിഷ്ടമെ"ന്ന
ചിത്തേ വിചാരിച്ചുറപ്പിച്ചു മാനസേ; 52
തദനു നിജസചിവനെ വിളിച്ചുടൻ ക്ലിപ്തനാം
താല്പര്യമുൾക്കൊണ്ടു ചൊല്ലിനാനിങ്ങിനെ 53

"നയവിനയവിപുലബലനഴകുടയരാക്ഷസൻ
നമ്മെച്ചതിക്കയില്ലെന്നാശങ്കയാൽ 54
സുമുഖ!മമമനമുരുകിമറുകിമരുവുന്നതെ
സർവ്വാസത്യമാക്കുന്നൊവതമെത്രെ 55
വിവിധനയനിലയനിഹരാക്ഷസൻനന്ദനാം
വീരനൃപനിലതിവിശ്വാസത്താൽ 56
നിഖിലനയവിശദമതിമൌര്യനാമന്നവൻ
നന്ദവംശോത്ഭവനെന്നു നിരൂപിച്ചു 57
ചാണക്യനൊടുസപദിവേർപെട്ടവൻതന്നെ
ച്ചെന്നുസേവിക്കുമൊനമ്മെവെടിഞ്ഞിപ്പോൾ?" 58
പലവചനമിതിമലയകേതുപറഞ്ഞപ്പോൾ
ചാരത്തുചൊന്നാൻഭാഗുരായണമന്ത്രിയും 59
"കപടസചിവരുടെമതമെങ്ങിനെഭൂപതെ!
കിന്തുനമ്പോലറിയുന്നുസാമ്പ്രതം 60
കുസുമപുരിപതിയിനൊടുവളരയുമുള്ളവൈരക്കവെ
കാണാംപ്രയോഗങ്ങളെന്നേപറയാവൂ" 61
അവർകളിവപലവുമിതിപറയുമളവിൽതദാ
ങ്ങുമറിയാതെപാളക്ഷണാചണകൻ 62
കിതവകുസൃതികളതിയുടനഴറിപനാദരാൽ
ചൊല്ലീടിനാൻഭാഗുരായണനോടേവം 63
"ഉപസചിവ!തരികമമമുദ്രയെസ്സാമ്പ്രതം
നല്ലവണ്ണമിനിഞാനിതാപോകുന്നു" 64
ക്ഷപണകനൊടുടനപ്പൊഴുതുസചിവനവനെചൊല്ലിതു
"ക്ഷിപ്രമമാത്യനെവേണമിങ്ങുമിക്കയോ?" 65
"സചിവവരനൃപതിനിയരാക്ഷസാമാത്യനെ
സേവിച്ചുകൊള്ളുകെന്നുപായമിനിക്കഹോ" 66
ഉഴറിയപനങ്ങളുമപ്പൊഴുതിവനോടുരചെയ്തിതു
"ഉ[illegible]സനോടുപോയി[illegible]വാൻ 67
[illegible]നിന്മൊഴിതിൻകാരണം"
"വി[illegible]ചൊല്ലുവാനില്ലൊട്ടും" 68

"പ്രണയമിഹ പരത്തുമ്പോൾ നിങ്ങളിലന്യോന്യം
പിന്നെയെന്തിപ്പോൾ പിണങ്ങുവാൻ കാരണം? 69
വിരവൊടതു പറക തവ കാരണമെന്തെന്നു
വിശ്വസിച്ചാൽ ചതിച്ചീടുകയില്ല ഞാൻ" 70
"പറകിൽ മമ മരണമിഹ നിർണ്ണയിക്കാമെടോ
പാർത്താൽ പറഞ്ഞുകൂടാ" യെന്നവൻ താനും 71
"അതിനു വിഷമതമപരികെ യുഷ്മണ്ണിറിക്കിൽ ഞാൻ
അശ്രുതരികയില്ലെന്നു മൈത്രേയ" 72
അഥ സചിവവരവചനമിങ്ങിനെ കേട്ടവൻ
അന്നേരം ചിന്തിച്ചു ചൊല്ലിനാനിങ്ങിനെ:— 73
"പറവതിനു നൃപതിയുടെ മുന്നിൽനിന്നേറവും
ഭീതിയുണ്ടാകകൊണ്ടിപ്പോൾ മടിക്കുന്നു" 74
"ഭയമതിനു കിമപി നഹി ചൊല്ലുക നീ" യെന്നു
നൃപതി താനുമവനോടു ചൊല്ലിനാൻ 75
ഭയവിവശഹൃദയനവനിങ്ങിനെ കേട്ടപ്പോൾ
ഭൂപന്റെ മുന്നിൽനിന്നിങ്ങിനെ ചൊല്ലിനാൻ:— 76
"തവ പിതരം കുസുമപുരമാശു പുക്കപ്പോൾ ഞാൻ
രാക്ഷസാമാത്യന്റെ ഭൃത്യനായ്വാഴുമ്പോൾ 77
വിഷമവിഷകലുഷതരയായൊരു നാരിയെ
വീരനാം പർവ്വതരാജനെക്കൊല്ലുവാൻ 78
കഠിനതരഹൃദയനവനന്നൊട്ടു മറ്റൊരു
കല്പിച്ചൊരു നിർമ്മിപ്പിച്ചു കശ്മലൻ; 79
ശിരസി നൃപതിവരനെ നിശി കൊല്ലുവാനിങ്ങിനെ
കന്യാവിഷപ്രയോഗം കൊണ്ടറിഞ്ഞാലും" 80
അപ്പണിഗിരമതികഠിനമിങ്ങിനെ കേട്ടപ്പോൾ
ക്ഷോണീശനായുള്ള പർവ്വതനന്ദനൻ 81
വ്യസനമൊടു ഹൃദയമൊടു നയനജലവുമൊത്തു
വിശോകവീരൻ വിലാപം തുടങ്ങിനാൻ 82
"ചാണക്യസുതമതമിഹ മമ ജനകനെക്കൊല
ചെയ്യിച്ചതെന്നൊരിക്കുന്നാളും ഞാൻ 83

അരികിലൊരപരമതരബന്ധുവപ്പാണരെകൊ-
ണ്ടയ്യോ ചതികളെയാരെ ചെയ്യുന്നു രാക്ഷസൻ!” 84
വിവിധമിതി ജനകനെന്നിനച്ചുകേണീടുന്ന
വീരനെയാശ്വസിപ്പിച്ചു സചിവനും 85
“ക്ഷപണ! ശിരമിന്നിയുമിഹ കട്ടുകൊൾകുവോൻ
ക്ഷോണീപതേ! കരണത്തെന്തിനിക്കാരിയം!” 86
തദനുപുനരവനോടുരചെയ്താൻ ക്ഷപണകൻ
“തത്ര ഞാൻ പിന്നെയും വാഴുംദശാന്തരേ 87
അചലനൃപവരനെയിവനായുധംകൊണ്ടുതെ-
ന്നാശു ചാണക്യനെന്നോടതിരുഷ്ടനായ് 88
വിരവിനൊടു നഗരമതിൽനിന്നു തള്ളിനാൻ
വേഗമോടോടിഞാനിങ്ങുപോന്നീടിനേൻ 89
അഹമിവിടെ വിവശതയോടുവന്നോരനന്തരം
ആര്യനാം രാക്ഷസനെന്നോടു ചൊല്ലിനാൻ 90
ഒരുപൊഴുതുമൊരുജനവുമെന്തുമറിയാതെ
ഒന്നുണ്ടു വേണ്ടതു നീയെന്നറിഞ്ഞാലും 91
ഒണധരണിയതിലിനിയൊരാളിചാരമെ ചെയ്യു
രണ്ടുപുറവുമടുത്തുപോരുമന്നേരം 92
ധരണിപതിമകുടമണി മൗര്യനെക്കൊല്ലുവാൻ
ധീരപറഞ്ഞു വിപരീതമായ്സ്സണം; 93
കസൃതിപെരുകിനകമതി രാക്ഷസനിങ്ങിനെ
കുത്സിതമായിപ്പറഞ്ഞതു കേട്ടുഞാൻ 94
‘തവസചിവ! വചനമിതു ചെയ്യാനനർഹമിനം
നരകത്തിലുഴലായൊരാളല്ലഞാനിപ്പോൾ 95
വിഷതരുണി ഗിരിപ്പതിയെക്കൊല ചെയ്കയാൽ
വിശ്വാസമാർക്കുമില്ലെന്നെക്കുറിച്ചെടോ’ 96
മമവചനമിതിസപദികേട്ടമാത്രേണ താൻ
മാനിച്ചുചൊന്നാൻ കുപിതനായേററവും 97
‘അതിനുപുനരതിവിഷമമെന്തുവരുന്നാകി-
ലോർക്കുന്നീപൊരുളോർക്കയെന്നു ചൊല്ലീടിനാൻ’ 98

"അതിനാലിനി ശിശിമമഗമിപ്പതിനായിപ്പോൾ
അത്ഭുതനീതികമുദ്രാകൃപാണിയെ!" 99
ആദരാൽ സചിവവരനതികുതുകമൊടു ചൊല്ലിനാൻ
'അമാത്യതകൊടുപ്പാൻ മടികൊണ്ടു 100
ചാണക്യനതിഹിതകനിത്തര ചെയ്യുന്നതിന്നിങ്ങിനെ
ചിന്തിച്ചിരുന്നിതു ചിത്തത്തിൽ തെല്ലും" [ൻ
ചാണക്യനതുപൊഴുതു സചിവനോടു ചൊല്ലിനാ
"ഷൾഗുണങ്ങൾ ചെയ്യുമീ ചാണക്യഭൂസുരൻ 102
വിഷതരുണിയുടെ ചരിതമെല്ലാമറിഞ്ഞീല
വിശ്വൈകവിദ്വാൻ ചാണകവിപ്രാത്മജൻ" 103
അവനിവരസചിവനാദരവോടുകൊടുത്തായ–
ച്ചുന്ദനാം ശ്രേഷ്ഠനോടിങ്ങിനെ ചൊല്ലിനാൻ 104
"കടുമകളമഖിലമിവ കേട്ടതില്ലയോവാൻ
കഷ്ടമിതെന്നോ പറഞ്ഞതു ക്രുദ്ധം 105
ക്രൂരമഖിലമയി സുമുഖ! വഞ്ചിപ്പാതാരാൻ
ചിന്തിപ്പു കണ്ടാലമാത്യനാം രാക്ഷസൻ 106
അരികിലിതമജ്ഞമമാത്യശ്രേഷ്ഠനോടുമഥ
അത്യന്തബന്ധുവെന്നമറ്റും സംഭ്രമം 107
മജ്ജനകമരണമിതു ചിന്തിച്ചിരിക്കിലിപ്പോൾ
മന്ത്രിപ്രവരനെകൊന്നവൻ ചോരയിൽ 108
മജ്ജനകനകമിലിതനാംകിളിപ്പുരാജിതം
മാന്തിച്ചുപോകുന്നതുണ്ടിനിനിശ്ചയം" 109
ധരണിപതി വിവിധമിതി കോപിച്ചു ചൊല്ലുമ്പോൾ
ധീരനാം ഭാഗുരായണൻ ചിന്തിച്ചാൻ:— 110
"സകലഗുണഗണമുടയ രാക്ഷസാമാത്യനെ
സർവ്വദാ രക്ഷിച്ചുകൊൾകെന്നു ചാണക്യൻ 111
പലവുരു നിത്തരമെന്നോടു ചെയ്തു
പാർത്താൽ തടുക്കേണ്ടകാലമെന്നോർത്തവൻ 112
അരചനോടു രഹസി പുനരിങ്ങിനെ ചൊല്ലിനാൻ
"അത്രവശമായുള്ള വെടിഞ്ഞിവർ കേട്ടാലും 113

അഖിലനയനിപുണതകൾതേടുന്നവർകൾക്കുമ–
രാഗ്രമാവമൊഴിഞ്ഞെത്തുമില്ലാകയ്കെടൊ! 114
അമിതഗുണമുടയനിജസ്വാൎത്ഥസിദ്ധിയെ
ആശുഭൂമിക്കധിനാഥനാക്കീടുവാൻ 115
നിജമനസി സതതമിതു ചിന്തിച്ചു രാക്ഷസൻ
നിതിമാനായുള്ള മൌൎയ്യനൃപനെക്കാൾ 116
തവജനകനധികതരശത്രുവെന്നോൎത്തവൻ
താതനെക്കൊല്ലുവാൻകാരണമോൎക്ക നീ 117
അതിനുപുനരധികമൊരുദോഷവുമില്ലെടൊ
ആവതല്ലാഞ്ഞിതു ചെയ്തു രാക്ഷസൻ; 118
നയമുടയജനമറികശത്രുജനങ്ങളെ
നന്മയിൽബന്ധുവാക്കുംകാൎയ്യഗൌരവാൽ 119
ഹിതജനവുമൊരുപൊഴുതുശത്രുവായ്വന്നുപോം
ഹന്താൎയ്യ! നല്ലതുകൊണ്ടിഹരാക്ഷസൻ 120
അരികൾക്കുബലമവതിപെട്ടുവോളമമാത്യനെ
ആദരവോടരികത്തുവരുത്തേണം; 121
അപരമിഹതവമനസിതോന്നുംപ്രകാരമാം
അരുനാളുംകളഞ്ഞീടൊല്ലുഭൂപതേ!” 122
പ്രിയസചിവനിതുവിപുലനയമൊടുരചെയ്തതും
ഭൂപതികേട്ടുടൻസമ്മതിച്ചീടിനാൻ 123
അഥ ചാണക്യസുതചരരിലരിമസിദ്ധാൎത്ഥകൻ
ആദരാൽമന്ത്രികൊടുത്തുള്ള മാലയും 124
ചാണക്യസുതലേഖാവിഹിതപത്രവുംമുദ്രയും
ചാതുൎയ്യമോടൊരുപെട്ടിയിലിട്ടവൻ 125
കപടമതിവിരവൊടൊരുകംബളത്തിൽവെച്ചു
കെട്ടിപ്പുറത്തൊരുഭാണ്ഡമാക്കിട്ടവൻ 126
കടവടിയുമുടമയൊടുകരമതിലെടുത്തുടൻ
കള്ളനെപ്പോലെതാൻമുദ്രയുംകൂടാതെ 127
വിരവിനൊടുകടകമതിൽനിന്നുപോയീടുവാൻ
ചാലിന്നടന്നതുകണ്ടു ദീൎഘാക്ഷകൻ 128

അഥ സചിവൻ ഝടിതി പിടിപെട്ട സിദ്ധാൎത്ഥകം
അഞ്ജസാ കാലും കരവും വരിഞ്ഞവൻ 129
നൃപതിസവിധത്തിലാക്കിക്കൊണ്ടന്നവൻ
നാഥനെക്കാൎയ്യം വെച്ചു ചൊല്ലീടിനാൻ:— 130
"അറിക പുനരിവനിഹ മുദ്രയും കൂടാതെ
അത്തപ്പുറത്തു പോവാൻ തുടങ്ങുംവിധൌ 131
കരബലമൊടിവനെയുടനെ ഞാൻ പിടിപെട്ടു-
കെട്ടിയിക്കള്ളനെക്കൊണ്ടുവന്നേനഹം" 132
അപ്പൊഴുതു നിജ സചിവനോടു മലയകേതുവും–
"മാന്യനീ ചോദ്യമിവനോടു ചെയ്യാലും" 133
നൃപതിഗിരമിതി സചിവൻ കേട്ടോരനന്തരം
നീതിയേറും ഭാഗുരായണൻ ചൊല്ലിനാൻ 134
"കപടമിഹ കത്തിലേയാക്കിനയനിപ്പുണനാരെടോ
കള്ളനോ മറെറാരുവൻതന്റെറ ദൂതനോ?" 135
സചിവനോടു പുനരവനുമിങ്ങിനെ ചൊല്ലിനാൻ
"സാക്ഷാലമാത്യന്റെറ ദൂതനറികഞാൻ" 136
അതിനു പുനരിവനോടവനുത്തരം ചൊല്ലിനാൻ
"എല്ലാനീ മുദ്രയുമെന്നോടു വാങ്ങാതെ 137
ഉഴറിയൊരു കടകമതിൽനിന്നു പോയീടുവാൻ
ഉററതിലെന്തൊരു കാൎയ്യം പറക നീ" 138
അതിചതുരമതി സചിവ സിദ്ധാൎത്ഥകൻ ചൊന്നാൻ
"ഏറ്റം ഗുരുതരകാൎയ്യഗൌരവം കൊണ്ടല്ലൊ 139
വിപുലബലമുടയ നൃപശാസനം ലംഘിച്ചു"
"വേറെ പുനരെന്തു കാൎയ്യസ്യ ഗൌരവം?" 140
അതിഗുണവുമതിനയവുമുടയ സചിവോത്തമ
മന്നവൻ താനറിവിന്നുമുതൽ ചൊല്ലാൻ 141
"മതിയിലൊരു കപടമീഹ വെച്ചോരിവൻതന്റെറ
മാറാപ്പിലെന്തെന്നു ശോധിക്ക സാമ്പ്രതം" 142
അതുപൊഴുതു സചിവനവനോടു ചൊല്ലീടിനാ–
"നാമിന്നീ മാറാപ്പഴിച്ചു കാട്ടീടണം" 143

"അറികമമകിമപിനാഹിമാറാപ്പി"യെന്നവൻ
അത്യന്തനീതിമാൻ ചൊന്നോരനന്തരം 144
സചിവനകമലരിലതിരോഷം കലർന്നുടൻ
സിദ്ധാർത്ഥകനോടു ചൊല്ലിനാനിങ്ങിനെ:— 145
"കഠിനതരമവർകളൊടു താഡനം കൊള്ളുമ്പോൾ
കാട്ടുമിതന്നേരമില്ലൊരു സംശയം" 146
"മരണമിഹ വരികിലുമിതെന്നുടെ മാറാപ്പു
മന്ത്രിപ്രവര ഞാൻ കാട്ടുകയില്ലെടോ" 147
"സചിവനതു പൊഴുതിവനെ പ്രഹരിക്ക" എ
ന്നദ്ധ്യക്ഷനോടു കോപിച്ചു ചൊല്ലീടിനാൻ 148
തലകടമഴകിനൊടെടുത്തുടൻ ദീർഘാക്ഷനും
ഓങ്ങിപ്പിടിച്ചുടനിക്കൂട്ടംശാന്തരെ 149
ഭയമൊടവനലറിട്ടുശരമൊഴികിതധിരോഷവും
മാണ്ടു പുമപ്പോളുഴിഞ്ഞങ്ങു വീണതു 150
സചിവനതു സപദി നിജകൈകൊണ്ടെടുത്തുടൻ
സംഭ്രമത്തോടഥ കെട്ടഴിച്ചീടിനാൻ 151
ചാണകസുതകപടകൃതപത്രവും മുദ്രയും
ചാതുര്യമാകെടാതതു പൊന്മണിമാലയും 152
തെളിവിനൊടു സചിവനഥ പെട്ടിയിൽ കണ്ടപ്പോൾ
തേറിനമോദം കലർന്നിട്ടു താരാൽ 153
ഗിരിനൃപതിതനയനുടെ കയ്യിൽ കൊടുത്തിതു
കാഞ്ചനമാലയും മുദ്രയും പത്രവും 154
നരപതിയുമതു പൊഴുതു പത്രമെടുത്തുടൻ
നന്നായ് നിവർത്തി വായിച്ചു തുടങ്ങിനാൻ:— 155
"ഒരുവനെഴുതിയമുറിയിതൊരുവനറികാതൊരാൽ
ഒക്കവെ ചൊല്ലിച്ചുവണ്ണം വോനിപ്പോൾ 156
മയിരിപ്പു തലപതകിയവനെ കളഞ്ഞീടിനാൻ
മൽപ്രസാദാത്മമതിനില്ല സംശയം 157
അവർകളിഹ തവ പരിയബന്ധുക്കളായത്തം
അന്നു പറഞ്ഞവണ്ണം മദ്ധ്യേ കൊണ്ടാവും; 158

തവമനസി പുനരതിന്നു സംശയമുണ്ടെങ്കിൽ
സപാത്രമയാന്ത്വനംചെയ്യുന്നതെന്നോയവർ 159
തവചരണനളിനയുഗമാശ്രയിച്ചെട്ടവും
താല്പൎയ്യമുൾക്കൊണ്ടു വീരപുരുഷന്മാർ 160
ചിലരിവരിലരിനഗരമിപ്പോളിളക്കിന
ചാതുൎയ്യമുള്ള ഗജകരമുഖ്യപാലികൾ 161
പ്രണയമൊടുമമ ചെവിയിലദ്ദൃഢതത്ത്വവും
പണ്ടേ കൊടുത്തുകൊണ്ടു ലഭിച്ചീടിനേന; 162
കനകമണിശബളതരമായൊരാഭരണമാലയും
ക്രൂരമൊട്ടോത്തുവിട്ടീടുമെന്നറിഞ്ഞാലും 163
വിമലതരമിവ ചതിമൊഴികളതിരുള്ളതും
ഭൂപ! വിശ്വസിച്ചീടുവാനായിഞാൻ 164
ദൃഢഹൃദയനതിനിപുണനായ സിദ്ധാൎത്ഥകൻ
തന്നോടു ചത്രമാനങ്ങളെപ്പറ്റിയെ 165
നിഭൃതതരമറിവതിന്നു ചൊല്ലിവിട്ടിട്ടുണ്ടു
നീതിനിരൂപിച്ചു ചെയ്യാലുമൊക്കവെ" 166
"പ്രിയസചിവ, രാക്ഷസമിതിൽ വാചകമിങ്ങിനെ
പാൎത്താലമാത്യന്റെമുദ്രതന്നേ ദൃഢം 167
മണികനകമിടകലൎന്നുള്ള മാലയും
മാനിച്ചമാത്യന്നു നൽകിനോരായതു് 168
നിഖിലമിവമമമനസി സംശയമൊക്കവെ
നിൎണ്ണയിക്കാമതിനില്ലൊരു സംശയം 169
നയനിപുണ! പുനരിവനിതാൎന്നൽകീടുവാൻ
നന്മയിൽകൊണ്ടുപോകുന്നതിന്നു ഗ്രഹമായ്?" 170
നൃപതിയുടെ വചനമിതി കേട്ടു സചിവനും
നീതിയിൽ സിദ്ധാൎത്ഥകനോടു ചൊല്ലിനാൻ 171
"പറകമുറിയെഴുതിയതിനാൎക്കിനിക്കീടുവാൻ
പോകുന്നതിപ്പോളുഴറോടുക്രൂരനീ!" 172
അപ്പൊഴുതു സചിവനോടു ചൊന്നാനവൻ താനും–
"മാക്കിന്നറിഞ്ഞീലതൊന്നുമേ മഹാമതേ" 173

"അതികുടില! ഒപരിക്കെയിതുനന്നൊടൊപത്രവു-
മാരെക്കനറിയാതെമെടിച്ചതെങ്ങിനെ? 174
ആടികൾതെറ്റാതെമുതുകിലേല്ക്കുന്നതുമേനാ-
മാരെക്കന്നധൃതിനിചൊല്ലുമറിഞ്ഞാലും" 175
"മുറിയറിവതിനപണികളുണ്ടാകകൊണ്ടിപ്പോൾ
മററുവൎത്തമാനങ്ങൾ ചൊല്ലീട്ടും 176
കിമപിനഹിനഹിസൂമുഖവൎത്തമാനങ്ങളും
കണ്ടാലറിഞ്ഞുകൂടെമുറിവാകകൾ?" 177
ആളുമ്പാഴ്രൂസപിവനതികോപകലൎന്നടെ-
നാട്ടുമീശ്ശണ്ഡനോടിങ്ങിനെ ചൊല്ലിനാൻ 178
"ഏതുഭഗതമഖിലമിവന്നുപറവൊള-
മാളുവടികൊണ്ടടിക്കനീഡൊന്റ്യാം" 179
ആവാനമതിനെസമ്മട്ടസിംഹാസ്തകൻതന്നെ
അൎത്ഥവുംപിടിക്കില്ലിന്നാനന്നേരം 180
അടിമുടിയൊടിഞ്ഞവടികൊണ്ടാരനന്തരം
ആളുമൊഴിവതിവയെനറിഞ്ഞിനാൻ 181
"അഖിലമപിപറവനിവതച്ചുകൊല്ലേണ്ടതൊ-
ന്നുള്ളൂപതിയാരൊക്കവെചൊല്ലുവൻ" 182
തദനുനരപതിമതിനവനോടിതുചൊല്ലിനാൻ
"താഡിക്കവേണ്ടചൊല്ലീടുകവാൎത്തകൾ" 183
ഉടലിലൊഴുകിനരുധിരജലമതുവടിച്ചവൻ
ഉച്ചനിലേററംകരത്തൂപ്പനടെ 184
പഴുതുഗളമതിലധികമൊഴെമാട്ടനമിച്ചവൻ
ഭൂപതിവീരനോടിങ്ങിനെ ചൊല്ലിനാൻ 185
"അഭയമിഹതരികമമപറവനൊലിഭൂദോ!
അരുളുകൃപാനിധേ!കാത്തരുളീടുക!" 186
അവനിപതിരഭയമവനോടുസമലയൎക്കുവ-
മച്ച്യൂളടയമകൊടുത്തു ചൊല്ലിടിനാൻ:— 187
"സുകൃതി!ഭയമിഹകിമപിനഹിപറകസൎവ്വവു-
മഞ്ഞുതാചാരനെല്ലാമറിഞ്ഞാവൂ" 188

തൊഴുതവനതുപൊഴുതുനൃപനോടുപറഞ്ഞുടൻ
“ഉണ്മയിൽ ചൊല്ലുവൻ കേട്ടുകൊൾക ഭവാൻ 189
നയവിശദമതി സ ഖലു രാക്ഷസാമാത്യകൻ
നല്ലൊരുമാലയുംമുദ്രയുംപത്രവും 190
പ്രണയമൊടുധരണിപതിമൌൎയ്യന്നുനൽകുവാൻ
പ്രീതിപൂണ്ടങ്ങൽകൊടുത്തയച്ചുവിഭോ! 191
പരിചിനൊടുപറവതിനുവൎത്തമാനങ്ങളും
ഭൂപതേ! ചൊന്നതു ചൊല്ലുവൻകേട്ടാലും;— 192
അധികതരബലമുടയകൌലൂതനാഥനാം
അമ്പുള്ള ചിത്രവൎമ്മാവെന്നവീരനും 193
വിരുതുടയമലയപതിശത്രുവിദ്ധ്വംസന-
നത്യന്തധീരനാംസിംഹനാദൻതാനും 194
കലശിഖരിസമനധികഭീഷണനായുള്ള
കാശ്മീരനാഥനാംപുഷ്കരാക്ഷൻതാനും 195
ഉദധിയതിൽമരുവുമൊരുസിന്ധുദേശാധിപനാകു-
മുന്നതനായുള്ള സിന്ധുഷേണാഖ്യനും 196
പലവിരുതുപെടനടുവിൽവടിവിനൊടുകാട്ടുന്ന
പാരസികേശനാംമേഘാഖ്യവീരനും 197
ഇവർപെരിയബലമുടയപഞ്ചരാജാക്കളും
ഇച്ഛിച്ചിരിക്കുന്നതുള്ളപോൽചൊല്ലുവാൻ 198
അവരിലിഹപുനരറിക ചിത്രവൎമ്മാദിയാം
ആദ്യമൂവർശത്രുരാജ്യമിച്ഛിക്കുന്നു 199
പുനരിതരർകരികളെയുമിച്ഛിച്ചിരിക്കുന്നു
പണ്ടുപറഞ്ഞവണ്ണംഭവാനിക്കാലം 200
ചാണകതനയനെവിരവിൽനീക്കികളകയാൽ
ശോഭനമായ്‌വന്ന ചിന്തിതമൊക്കവെ 201
നൃവരപുനരറികയിതുരാക്ഷസാമാത്യൻെറ
നീതിയിലുള്ളൊരു സന്ദേശമായതും” 202
സചിവവരവചനമിതുമിങ്ങിനെകേട്ടഥ
തന്നുള്ളിലേവംനിരൂപിച്ചുഭൂപനും 203

ചിരമരികിൽ മമ മരുവുമരിയ നരവീരരാം
ചിത്രവർമ്മാദികളാമവരെവരും 204
കലകളതിലധികിൽ മേവുന്നതാരെന്നതും?
കൻസിതാമാത്യന്റെ സേവകന്മാരവർ 205
നിജമനസി വിവിധമിതി ചിന്തിച്ചു ഭൂപതി
നീതിയേറും രാക്ഷസനെ വരുത്തുവാൻ 206
ഒരു ചാരനെ വിരവിനോടു വിട്ടു ചിത്തത്തി-
ലോരോതരങ്ങൾ നിരൂപിച്ചിരുന്നീടിനാൻ 207
ആളുടൻ പോയിട്ടു സചിവവരനാകിയ രാക്ഷസൻ
ആശു താൻ ചിത്രവർമ്മാദിയാം വീരരെ 208
നികടഭുവി വടിവൊടു വരുത്തിപ്പറഞ്ഞിതു
"നിങ്ങളെല്ലാവരും പെറ്റപുത്രനെ 209
കരുമനപുത്രിയുടനടനടക്കേണമോരോന്നരെ
കൂടെപ്പിരിയാതെ ചുറ്റും നടക്കേണം 210
ശകടകനുമഥ മഗധപുത്രനോടുംകൂടി
ശങ്കാവിഹീനം നടക്കാം ചപലവും" 211
അവർകളൊടു സചിവവരനിത്ഥം പറയുമ്പോൾ
അത്ര വന്നാൻ നൃപപുത്രനുമന്നേരം 212
ധരണിവരചരനഥ സചിവനൊടു ചൊല്ലിനാൻ
"ധന്യമതേ ഭവാനോടുമെല്ലെ വൈകാതെ 213
ഗിരിനൃപതി സ്വജനങ്ങളിയന്നു ചെന്നീടുവാൻ
കാൽക്ഷണം വൈകാതെ പോരികയും വേണം" 214
സചിവകുലവരനതു കേട്ടു ചൊല്ലീടിനാൻ
സംഭ്രമത്തോടു ശകടനോടിങ്ങിനെ 215
"പടനടുവെ നൃപതിയുടെ സന്നിധൌ ചെല്ലുമ്പോൾ
പണ്ടുനാം കൊണ്ടുവെച്ചുള്ളൊരാഭരണത്രയം 216
അയി ശകട! വിരവൊടതെടുത്തു കൊണ്ടന്നാലും"
വേഗമെടുത്തു കൊണ്ടന്നാൻ ശകടനും 217
വിവിധമണിഖചിതമതിലൊന്നൊരു കണ്ഠഭൂഷ
വിസ്മയമായ പതക്കം മനോഹരം 218

കനകകൃതവിമലതരകാഞ്ചികാമററെല്ലാ
കങ്കണാദ്യാഭരണങ്ങളംമററുള്ളതും 219
മുടിയൊടടിയിടയവനലങ്കരിച്ചുററാശു
മുമ്പിൽമരുവുംശകടനോടോതിനാൻ:— 220
"ഇവിടെമരുവുകശകട! ഞാൻവരുവോളംനീ"
ഇത്ഥംപറഞ്ഞുനടന്നാനമാത്യനും 221
അഗ്രസചിവപതിമലയകേതുമരുവിടു-
മാലയംപ്രാപിച്ചുമന്നനെക്കണ്ടപ്പോൾ 222
അകമലരിൽനിറയുമൊരുമോദമൊടവൻ
"ഇരുന്നിരുന്നാലു"മെന്നുചൊല്ലീടിനാൻ 223
മധുരതരനൃപതിഗിരമിങ്ങിനെകേട്ടഥ
മന്ത്രിപ്രവരനിരുന്നിട്ടുമെല്ലവെ 224
അതുപൊഴുതിലവനിപതിരാക്ഷസാമാത്യനോ-
ടാദരവോടിതുചൊല്ലിനാനിങ്ങിനെ:— 225
"അരികളൊടുപൊരുവതിനുപോന്നതില്പിന്നെഞാ-
നാര്യനെക്കണ്ടീലകൂട്ടത്തിലെങ്ങുമെ" 226
അതിനവനരചനൊടുമധുരമൊടുചൊല്ലിനാ-
"നങ്ങുഞാനോരോതരമുള്ളകോപ്പുകൾ 227
പതിചിതമൊടുചിലരെയുമുറപ്പിച്ചുപോന്നഞാൻ
ശ്രീപതേകാണാഞ്ഞതിന്നിതുകാരണം" 228
സചിവനൊടുതദനന്തരവീരനുംചൊല്ലിനാൻ
"സൎവ്വനൃപന്മാരിൽമുൻപനാകുംഭവാൻ 229
ചിലരൊടുപചരിച്ചൊടുപറഞ്ഞുറപ്പിച്ചതും
ചന്തമോടെന്തെന്നുചൊല്ലുസാമാത്യതാം" 230
"മലയപതിമൂപ്പതിവീരരെന്നിൽപോക്കൽ
ഗുരുമിനിപ്പിരിയാതെചുഴലവും 231
കനകമപുരമുടനടനടത്തുകചൊല്ലാംവിധൌ
കാത്തുകൊൾവാൻനിരമേല്പിച്ചുപോന്നഞാൻ 232
സചിവനിതുപറയുമളവിങ്ങിനെക്ലിപ്തം
സംശയമെന്നെക്കവിട്ടകമേനിരൂപിച്ചാൻ— 233

അരികിൽമമ ചുഴലവുമിവർനടക്കുന്നതു
മയ്യോ ചതിപ്പാനതിനില്ലസംശയം— 234
ഇതിമനസികരുതിയഥരാക്ഷസാമാത്യനോ-
ടീർഷ്യ്യ വടിഞ്ഞു ചൊന്നാൻ ശ്ലക്ഷ്ണവാക്യം 235
"ഒരുവനിവരകുസുമപുരിതന്നിൽഗമിച്ചിതോ?
ഓർത്തുകണ്ടാലിതുകാലമേറാമതേ!" 236
"അവനിവര! കുസുമപുരിതന്നിൽഗമിക്കയു-
മിന്നുനിരൂപിക്കിൽ സാദ്ധ്യമല്ലാട്ടമേ,
കുസുമപുരമഴകിനൊടു ചെന്നുവളയുന്നോം 237
കററമില്ലഞ്ഞാറുനാളിലകത്തേടോ" 338
"തവ ചരരിലൊരുവനൊരുലേഖനംകൊണ്ടിപ്പോൾ
തൽപ്പുരത്തിന്നു ഗമിച്ചു വാറില്ലയോ?" 239
'ഒരുവനെയുമൊരുപൊഴുതുമില്ലയച്ചിട്ടതോ-
ന്നോർത്താലൊരുത്തുമെന്തോന്നീവമാനസേ" 240
'ഇവനൊടരുളുചരിചിനൊടുചൊല്ലിക്കസാമ്പ്രതം"
ഇതരാകേട്ടിട്ടമാത്യനാരാക്ഷസൻ 241
സകലജനനടുവിലഥഖേദിച്ചിരുന്നിതക്കനാ
സിദ്ധാർത്ഥകൻതന്നെക്കണ്ടു ചൊല്ലീടിനാൻ 242
"കിമിദമിതി വദ സുമുഖ സിദ്ധാർത്ഥകാ" എന്നു
കല്യാണശീലനാം മന്ത്രി പറഞ്ഞപ്പോൾ 243
നയനജലമധികമഥ വാർത്തുകൊണ്ടവൻ
നീതിമാനാം രാക്ഷസനോടു ചൊല്ലിനാൻ:— 244
"തവ കരുണയൊഴികെ മമ മറ്റൊന്നുമില്ലഞാൻ
താഡനംകൊണ്ടു പൊറുതിയില്ലാഞ്ഞാൽ 245
തവമനസിനിറതരമലം പറഞ്ഞനാം
താന്താങ്കൽ രഹസ്യങ്ങളും വല്ലതല്ലാന്നും" 246
"അയി സുമുഖ മമ മനസി കിന്നു ചിന്തിതം?
ആശു നീയെന്നോടു നേരേ പറഞ്ഞാലും" 247
അവനുമൊരു വിവശതയോടു പിന്നെയും ചൊല്ലിനാൻ
"അമാത്യപുംഗവ മന്നവനെ ചൊല്ലുന്നു? 248

കഠിനതരമടിമുതുകിലേററതുകൊണ്ടു ഞാൻ
കല്പിച്ചിതന്നതും ചൊന്നേൻ കൃപാനിധേ!" 249
എന്നതുപൊഴുതിലഥ മലയകേതുവും ചൊല്ലിനാൻ
ഉത്തമസചിവനെത്തന്നെ വിളിച്ചുടൻ:— 250
"ഇവനധികഭയവുമാതുലജ്ജയുമുണ്ടല്ലോ
ഇങ്ങിനെ ചോദിച്ചാൽ മിണ്ടുകയില്ലെടോ! 251
ഇതിനു സചിവനോടു പറകാര്യം നീ താൻ തന്നെ"
അപ്പോളവനും പറഞ്ഞു തുടങ്ങിനാൻ:— 252
"നയവിശാരദ! പുനരിവനിതു ചൊല്ലുന്ന—
ന്നീതിയേറും ക്ഷമാമന്ത്രിയാം രാക്ഷസൻ 253
പരിചൊടൊരുവനെഴുതി മൌര്യന്നു നൽകുവാൻ
വർത്തമാനങ്ങളൊക്കെപ്പറഞ്ഞുടൻ 254
കുസുമപുരമതിൽ വിരവൊടെന്നെയയച്ചതും
കേൾക്കെയാനിവനിങ്ങിനെ ചൊല്ലുന്നു" 255
ചരനൊടതുപൊഴുതു കുലമന്ത്രിയും ചൊല്ലിനാൻ
"ചൊല്ലു നീ, ചൊന്നതു സത്യമോ ദുർമ്മതേ?" 256
"ഏററമമലസചിവ! മുഴുതാഡനം കൊണ്ടപ്പോ-
ളത്യാകുലിതനായ് ചൊന്നേനഖിലവും" 257
ഉണ്മയിക്കുലസചിവനിങ്ങിനെ കേട്ടപ്പോൾ
"കഷ്ടമസത്യമതെ"ന്നു ചൊല്ലീടിനാൻ 258
ബലമുടയ ഗിരിനൃപതിപുത്രനും ചൊല്ലിനാൻ
വീരനാകുമൊരു ഭാഗുരായണനോടപ്പോൾ 259
"പ്രിയസചിവ! ചരിചിനൊടാമാത്യലേഖനം
ചോരാതെ കാട്ടിക്കൊടുക്കെ"ന്നു കേട്ടവൻ 260
ഉഴറിയതുമഖിലസചിവവരനു കാട്ടിനാൻ
ഉടനവനാം രാക്ഷസൻ വായിച്ചു ചൊല്ലിനാൻ:— 261
"ചാണക്യസൂത്രകപടകൃതപത്രമിദം പ്രഭോ!
ചഞ്ചലമെല്ലുമതിന്നില്ല ഭൂപതേ!" 262
നൃപനതിനവനോടുരചെയ്താ"നൊരു വസ്തു
ന്നതയിൽക്കൂടെക്കൊടുത്തയച്ചിട്ടും 263

ചാണക്യകൃതകപടകൃതമോ?” എന്നതു ചൊല്ലി
ചരനപ്പൊഴുമണിയെ കാട്ടിനാൻ മാലയും 264
കനകമണിലസിതമൊരു മാലയും കണ്ടവൻ
കഷ്ടമെന്നോർത്തു നൃപനോടു ചൊല്ലിനാൻ 265
“അറികനൃപ! പരിചൊടിതു സിദ്ധാർത്ഥകന്നു ഞാൻ
ആമോദമേറിച്ചമഞ്ഞൊരവസരയിൽ 266
അഴകൊടിഹ നിഖിലനൃപവീര! കൊടുത്തതും
ആർക്കുമിതെങ്ങും കൊടുത്തയച്ചില്ല ഞാൻ” 267
അപ്പൊഴുതു സചിവനൊടു സാദരം ചൊല്ലിനാ-
നുദ്യതാഭാഗുരായണമന്ത്രിയും:— 268
“പ്രണയമിയന്നു പതിവരനേറിച്ചമകയാൽ
പ്രീതനായ്പണ്ടുകഴുത്തിന്നഴിച്ചുടൻ 269
അധികൃതവരസചിവവരനെ ചൊല്ലുതറിഞ്ഞാലും
താനതുമെടുത്തണിയാതെ സാമ്പ്രതം 270
ഒരുപുരുഷനിതു സചിവ! നൽകീടുകിൽ പുന-
രൊന്നുകണ്ടാൽ വാങ്ങാത്തതന്താണതും 271
മനസി തവ പെരികെയൊരു സന്തോഷകാരണാൽ
മെത്തുന്നതല്ലോ ഞങ്ങൾക്കതു സാമ്പ്രതം” 272
ഇതി ചാണക്യകൃതകപടവിഹിതമായ് ദ്രുപത
ഇല്ലാതാകില്ലതിനെന്നമാത്യോത്തമം 273
അചലനൃപതനയനതിനുത്തരം ചൊല്ലിനാൻ.
“ആഭരണമെടുത്തിക്കാണുന്നതുമെടോ?” 874
“കപടജനവിഹിതമതിൽ മുദ്രകാണുന്നതും
കൗശലമാകെക്കാണുന്നതകാതെയെത്തും?” 275
സചിവനിതു നൃപതിയൊടു ചൊന്നോരനന്തരം
ശോകാതുരം ഭാഗുരായണൻ ചൊല്ലിനാൻ 276
“സചിവനിഹ സകലമപി ചൊന്നതുനേരെങ്കിൽ
സിദ്ധാർത്ഥക! ചൊല്ലുകിതിയതാരെന്നു?” 277
തദനു പുനരതിനവനുമൊന്നുമേ മിണ്ടാതെ
ദൃഷ്ടിയും കീഴ്പ്പോട്ടുനോക്കിനിന്നീടിനാൻ 278

നൃപസചിവനതുപൊഴുതു കോപിച്ചു ചൊല്ലിനാൻ
"നന്നല്ലെടൊ തല്ലു കൊള്ളുമറിഞ്ഞാലും" 279
പ്രഹരമയമകതളിരിലുണ്ടാകകൊണ്ടവൻ
പേടിച്ചു ചൊന്നാൻ പരമാർത്ഥമിങ്ങിനെ 280
"കുറിയെഴുതിയതു ശകടനെ"ന്നു പറഞ്ഞപ്പോൾ
മന്ത്രിപ്രവരനുമിങ്ങിനെ ചൊല്ലിനാൻ 281
"കുറിയെഴുതിയതു ശകടനെങ്കിൽ ഞാൻ താൻ തന്നെ"
മന്നവനതു കേട്ടു ചൊല്ലീടിനാൻ 282
"ശകടനെയുമിഹ വിരവോടെങ്കിൽ വരുത്തുക
ചാരജനങ്ങളിൽ പോകാതിനാരുള്ളു?" [ൻ
പ്രിയസചിവനതുപൊഴുതു നൃപതിയോടു ചൊല്ലിനാ
"പാർത്താൽ ശകടദാസൻ ലജ്ജകൊണ്ടിപ്പോൾ 284
നമ്മുടെ സചിവനുടെ മുമ്പിൽ നിന്നെങ്ങിനെ
ഞാനിതെഴുതിയതെന്നു പറയുന്നു? 285
അതിനാൽ പുനരൊരു കഴിവു ഞാൻ പറഞ്ഞീടുവൻ
അന്നു ശകടനെഴുതിയ പത്രങ്ങൾ 286
ഇവിടെ ബഹുവിധമറികയുണ്ടതിലൊന്നിപ്പോൾ
ഇങ്ങു കൊണ്ടന്നു കണ്ടാലറിയാമല്ലോ" [ൻ
നൃപനുമഥ തെളിവിനൊടു നിജസചിവനോടു ചൊല്ലിനാ
"നീ ചെന്നതിലൊന്നു കൊണ്ടുവരികെടോ" 288
അവനുമഥ ശകടനെഴുതിയതിലൊരു ലേഖനം
ആദ്രുതം കൊണ്ടന്നു നൃപനു കാട്ടീടിനാൻ 289
അമല നൃപതനയനനുള്ളിലും ത്ര്യരാ-
യശേഷം കണ്ടമാത്യൻ പകച്ചീടിനാൻ 290
നിജമനസി തിരളുമൊരു സന്തോഷമോടു നൽകിനാൻ
നീതിമാൻ രാക്ഷസൻ വാങ്ങിച്ചു നോക്കുമ്പോൾ:— 291
ശകടകൃതലിപികളതിലൊരുമയോടു കണ്ടവൻ
ശങ്കകലർന്നുള്ളിലിങ്ങിനെ ചിന്തിച്ചാൻ— 292
"ശകടകൃതമിതു നിയതമിപ്പോളവൻ താനും
ശത്രുപക്ഷാശ്രയം ചെയ്തിതോ ദൈവമേ?" 293

പലവുമിഹമനസിമമ ചിന്തിച്ചുകാണുമ്പോൾ
പാപംശകടദാസൻചെയ്തുനിർണ്ണയം 294
ശകടനൊരുകരമതിലിഖിതമുദ്രയും
സിദ്ധാർത്ഥകമിത്രമല്ലോശകടനും 295
അപാലഖിതവുമിതിനൊടൊക്കയില്ലാദ്ധ്വം
അയ്യോ ചതിച്ചാൻശകടനമിക്കാലം 296
ചാണകസുതപെട്ടവചനമെന്മനംകൊണ്ടിപ്പോൾ
ശത്രുക്കളൊടുസന്ധിച്ചവനിക്കാലം 297
നിജമരണഭയമധികമുണ്ടാകകൊണ്ടിപ്പോൾ
നിർണ്ണയമിച്ചതിചെയ്തുശിവശിവ:—" 298
നിജമനസിവിവശമിതിചിന്തിച്ചുരാക്ഷസൻ
നിൽക്കുന്നനേരത്തുപാർത്ഥിവപുത്രനും 299
നിജജനകനണിയുമൊരുഭൂഷണംമന്ത്രിതൻ
മെയ്യതിൽകണ്ടു ചൊല്ലീടിനാനിങ്ങനെ:-- 300
"വിവിധമണിഗണഖചിതമാഭരണമിദം
വക്രനാസ!തന്നതാരെന്നുചൊല്ലുകെടോ!" 301
കലുഷചിന്തനത്തെപ്പാർത്തൂഴിപതിയോടുചൊല്ലിനാൻ
"കൊടുത്തതിനിതംവിലയ്ക്കുവാങ്ങിയതാണു" 302
അധികതരരോഷമൊടുമലയകേതുവും
അപ്പൊഴാരാക്ഷസനോടുചൊല്ലീടിനാൻ 303
"മമജനകനഭിമതമാഭരണമിദം
മൌര്യന്റെഹസ്തഗതമായതിക്കാലം 304
വിലയതിനുനൽകീട്ടിതുകൊണ്ടുവന്നതും
ചേതനതാദുഷ്ടതമ!ചൊല്ലുകെടോ 305
അതിനിപുണതരമധികമിത്രമായിരുന്നവ-
മാരെന്നെവിറ്റുപണംമോഹിച്ചതോ! 306
ശാ!കഠിനാത്മ!ചതിപ്പെരികിതവനായോ!
പൊന്നതിനെത്രയുംസമ്പാദിച്ചുകൊണ്ടല്ലോ" 307
അതുപൊഴുതുപസ്ഥിതനാംചന്ദനദാസനെ
അന്ധനായെന്നുചിന്തിച്ചുരാക്ഷസൻ 308

ആ ചലനാവരവിമലഭൂഷണം ചാണക്യ-
നന്ത്രാചരിച്ചുവില്ലിക്കയാലെ ചിത്തത്തും 309
സുകൃതമിഹമമനിഖിലമറ്റിതോ ദൈവമേ!
ആയുധ്യശാസ്ത്രദോഷപ്രയോഗങ്ങളും 310
കപടമൊട്ടലിഖിതകരലേഖയും മുദ്രയും
കണ്ടാചിതെന്റയല്ലേ അവരാരല്ലോ 311
പ്രണയമീഫലകടനമറുത്തുകളഞ്ഞുടൻ
പത്രികയുമെഴുതിക്കൊടുത്തീടിനാൻ 312
അഖിലപ്രപഞ്ചചാണനാം ചന്ദ്രഗുപ്തനും
ആഭരണം വിറ്റതാർക്കു വിശ്വാസമാം. 313
ശിരസി മലഖിതമിത്മെന്നോ പറയാവൂ
ചൊല്ലുവാനുത്തരം കണ്ടീലിതിന്നു ഞാൻ-- 314
അക്രമകിമറ്റുകിലയാത്രരാക്ഷസനിങ്ങിനെ
അന്ധനായ്ക്കിണ്ടാതെനിൽക്കും ദേശാന്തരെ 315
ആവനനാടതിരമനമൊട്ടകശേവശചാനാത്മജൻ
ആജ്ഞയെചൊന്നാൻ "നാഥനോടൊന്നു ചൊല്ലുന്നു" 316
നൃപതിപരനോടതുപൊഴുതു രാക്ഷസൻ ചൊല്ലിനാൻ
"ആളുന്നല്ലാതൊന്നുമാവുന്നതല്ലയും" 317
ക്ഷിതിപതിയുമതിനവനൊടുത്തരം ചൊല്ലിനാൻ
"അല്പമതേ! തവ സ്വാമിപുത്രൻ മൈത്രൻ 318
പിപ്രതനായനാഗികതവ. ഞാനായതുമെടോ
ശാഷമെന്നോക്കറിഞ്ഞ്പൂർവംഭാവമെല്ലോ 319
ഭക്ഷിമതമൊടധികതരവിത്തവും തന്നു ഞാൻ
ആദരാൽമന്ത്രിപദവുംതവനൽകി 320
ബലവുമുമൊരതചതിയിലാശ്രയണകയാൽ
മുറവമനാശ്രനാശ്ചാലൻനിസ്തുഷം" 321
സചിവകലപതിയുമതിനവനൊടിദു ചൊല്ലിനാൻ
"സത്യമേ ഞാൻ ചതിച്ചീടുമോ ഭൂപതേ! 322
അധികമുടെ കസ്തുതികളെ വിശ്വസിച്ചുള്ളവാ-
നെന്തുവിവേകമില്ലാതെ ചമഞ്ഞതും 323

ഗിരിസുതപതിതനയ! വിധിവിലസിതമിതൊക്കവെ
കരുതീടില്ലദോഷംപറയേണമോവൃഥാ?" 324
അതികുപിതനായ്മലയകേതുവുമന്നേര-
മത്യന്തരൂക്ഷനായിങ്ങിനെ ചൊല്ലിനാൻ 325
"അലമലമിതറികവിധിവിലസിതമിതൊക്കവേ
ആൎക്കറിയാനിനിൻറെ ദുൎന്നയരീതികൾ 326
കൊടിയവിഷകന്യയെയുമാശു നിൎമ്മിപ്പിച്ചു
കാന്തിയേറും മമതാതനെരാത്രിയിൽ 327
കുടിലതരഹൃദയ! ശഠ! കൊല്ലിച്ചതില്ലയോ
ക്രൂരനൊന്നിരിക്കുന്നകാലത്തുധൎമ്മതേ 328
ഇതുപൊഴുതിലരികളൊടുചേൎന്നുകൊണ്ടെന്നെയും
ഇല്ലിച്ചിരിക്കുന്നതില്ലയോ കൊല്ലുവാൻ?" 329
കഠിനതരവചനമിതികേട്ടിട്ടുരാക്ഷസൻ
കമ്പാകുലൻ ചിന്തിച്ചു ചൊല്ലീടിനാൻ 330
"കുടുമപുനരതിന്നവസരമൊന്നുമില്ലെന്ന" ഹോ
ക്രൂനിൽക്കരുവെന്നതുപോൽപുനരിതും 331
ഇതിമനസിവിവശമൊടു ചിന്തിച്ചുരാക്ഷസൻ
ഇങ്ങിനെമന്നവൻതന്നോടുരചെയ്താൻ 332
"അറികനൃപതവജനകനെവധിപ്പിച്ചതും
ആഹന്ത ഞാനല്ലവീരശിഖാമണേ!" 333
"സകലഖലകുലവൃഷഭ! നീയല്ലയോ ചൊല്ലു
താതനെവഞ്ചിച്ചുകൊന്നതും ധൎമ്മതേ!?" 334
"നൃപതികുലതിലക! തവവാക്കിന്നുത്തരം വാക്കില്ല
നിത്യനാമീശ്വരനെല്ലാമറിയുന്നു." 335
"ക്ഷപണനൊടുകുലസചിവ! ചൊന്നാലറിഞ്ഞീടാം
ക്ഷുദ്രനാംനിന്നുടെമിത്രമല്ലേയവൻ?" 336
അതുപൊഴുതിചെവിയിണയിലേററമാശു ദ്ദ്രന്ത-
മന്തമില്ലാതൊരു ചിന്തയുംതേടിനാൻ 337
ക്ഷപണകനമിഹ ചണകതനയനുടെ ചാരനോ?
ക്ഷുദ്രൻമഹാപാപിയെന്നെച്ചതിച്ചിതോ? 338

മമ ഹൃദയമപി രിപുജനം കൊണ്ടുപോയിതോ?
മറെറന്തിതില്പരമയ്യോ ശിവശിവ! 339
ഗിരിധരണിപതിതനയനഥ ശിഖരസേനനെ
കോപംമുഴുത്തു വിളിച്ചു ചൊല്ലീടിനാൻ 340
"കലുഷചിവനൊരുമയൊടു സന്തതം വാഴുന്ന
ഘോരരാം ചിത്രവർമ്മാദികളെല്ലാരും
ചതിയൊടതിദുഷ്ടരവർകളെന്നെ വധിച്ചിപ്പോൾ
ചന്ദ്രഗുപ്തൻതന്നെക്കാണ്മാനിരിക്കുന്നു 342
അതിനവരിലധികബലനായരിമിത്രമാ-
മാത്തനീചിത്രവർമ്മാവിനെയും പിന്നെ 343
മലയനൃപനധികതരമിഷ്ടനായ്മേവുന്ന
മന്നനാം സിംഹനാദാഖ്യനെയുമഥ 344
കപടമകതളിരിലുടനേറിമേവീടുന്ന
കാശ്മീരനാം പുഷ്കരാക്ഷനെയുമിപ്പോൾ 345
ധരണിതലമഴകിനൊടു കഴിച്ചതിൽ മുഴുക
ധാത്രിയെക്കാമിച്ചുകൊണ്ടു സാമ്പ്രതം; 346
ശരതിലതിബലമുടയ സിന്ധുഷേണൻതന്നെ
ശഠതനാം പാരസീകേശനാം മേഘവീരം 347
അതികരുത്തികളൊരുകിളെ യാതൊരു മേലാനെയുമായ്
ഹസ്തിവരന്മാർ കാണ്കിലിച്ചതുകൊണ്ടു 348
മദസലിലമൊഴുകിനൊരു ഹസ്തിയെക്കൊണ്ടുടൻ
മന്നരെ മഥിപ്പിച്ചു കൊല്ലിക്ക വൈകാതെ" 349
ധരണിപതിയുടെ കഠിനശാസനം കൈക്കൊണ്ടു
സേനാപതിയാം ശിഖരസേനനന്നേരം 350
അവനിതലമഴകൊടുടനാൾ കഴിപ്പിച്ചു
ഹാഹന്ത ചിത്രവർമ്മാദിയാം മൂവരെ 351
ചതിയൊടവനഥ ഘടിതിയൊന്നു പിടിപെട്ടു
ശസ്ത്രംപിടിച്ചു പറിച്ചു കുഴികളിൽ 352
അപകതൃണമവനഥ പിടിച്ചു തള്ളിക്ഷണാൽ
"അയ്യോ ശിവ! ഞങ്ങളൊന്നും പിഴച്ചില്ല" 353

പലതരവുമതികരുണമവർകൾകരയുംവിധൌ
പ്രാണനോടേതന്നെമൂടികളഞ്ഞതു 354
അവടമതിലധികമവർചീപ്പുമുട്ടിത്തന്നൊ
ആശ്ശുമരിച്ചാർവിധിവശാലിങ്ങിനെ 355
പുനരിതുവരെയുമൊരുമരത്തോടുബന്ധിച്ചു
പപ്പുതാകാരനാംഫേസ്ലിയെക്കൊണ്ടവൻ 356
ഉരമെഥപരിചിനൊടുകത്തിച്ചുകൊല്ലിച്ചു
ഉമയിൽചീന്തച്ചുറ്റിയിച്ചുട്ടവെ 357
അവർകളെയുമുഗ്രശിഖരാസനകനിങ്ങിനെ-
യാശ്ശുവധിച്ചുതുമനാണെക്കേൾപ്പിച്ചാൻ 358
അന്നുപൊഴുതിലധമലയകേസ്സുറപ്രൌഢനാ-
യക്ഷിമണിയുമുരുട്ടിപ്പറഞ്ഞിതു 359
"അറികതവകസൃതികളിലുമുള്ളൊരന്തവ-
മാഫന്തരാക്ഷസ!രാക്ഷസൻതന്നെനീ. 360
ഇവനെയിഹകടകമതിൽനിന്നുപുറത്തുട-
നിക്കണ്ടചങ്കാരവും പറിച്ചങ്ങനാ 361
കളെകപണങ്ങളെമിവനാടെയാത്രാക്രൂടി
കാട്ടുന്നതൻന്നയംകാണാമതേവണ്ടു" 362
നൃപതിയുടെവചനമിതികേട്ടുമിശ്ലാക്ഷനും
നീണ്ടനിവൻനശിഖരസനനന്ത്യാനം 363
രസമൊടുതുടിതിപിടിപ്പെട്ടമാത്രെന്നെ
ത്തുക്ഷതയോടലങ്കാരംപറിച്ചുടൻ 364
കടകളുവിചണമൂടയരാക്ഷസാമാത്യനെ
കഴ്ത്തം പിടിച്ചുപുറത്തുതള്ളീടിനാർ 365
വിവശതരയോടെഥസചിവരാക്ഷസാമാത്യനും
വേവുംമനമൊടൊരുകരവാളുമായ് 366
ഗമനമൊരുടിശിമനസിനിയൊരുക്കാതെ
ക്ലേശിച്ചുപോകുന്നനേരംനിരൂപിച്ചാൻ 367
"അമിതകരുണാമൂടയചിത്രവർമാദിക-
ളെന്ത്യാഗിഹതരായ്തന്നെശിവശിവ!! 368

അഖിലസുഹൃദുരുകുലകം ചെയ്യിച്ചതിന്നതൊ-
ന്നെയ്യുമറിക്കാതിരിക്കുന്നിതീശ്വരാ! 369
കിമപിമയികരുണനഹിദൈവത്തിനമിപ്പോൾ
കഷ്ടമിനിയെന്തുവേണ്ടതു ഞാനഹോ! 370
അടവിതലമഴകിനൊടുപുക്കുതപിക്കയോ?
അനലമൊടുചാമിതിനാൽശമിക്കുമോ? 371
മമധരണിപതികളുടെസഹഗമനമൊന്നല്ലൊ?
മുറവുമരികിലുംജീവിച്ചിരിക്കുമ്പോൾ 372
യുവതിജനചരിതമിദമില്ലാതസംശയം
യുദ്ധംകുനിയൊടുചെയ്തുമരിക്കയോ? 373
അതിക്രമമവിഷമമൊരു ചാണക്യനാസനേ
അന്തരാപാതത്താൽമരിച്ചീടുകതല്ലോ" 374
അഴൽകപെരുകിവിവിധമിതിചിന്തിച്ചുരാക്ഷസ-
നാകുലചിത്തനായ്സ്ലോകംചെയ്യുന്നേരം 375
ചാണക്യസൂതചരനൊരുവനന്നുകാര്യന-
മാത്രമറിയാതമാത്യൻറപിന്നാലെ 376
സചിവവരഗമനമെവിടേക്കെന്നറിവാനായ്
താല്പര്യമുൾക്കൊണ്ടുപോയാനവൻതാനും 377
അഥവിപുലബലമുടയപർവ്വതപുത്രന-
മാത്തുവിളിച്ചനാലംഗപ്പടയോടും 378
കുസുമപുരമഴകിനൊടുചെന്നുവളഞ്ഞിതു
കൌടില്യസൂനൻതാനതുകണ്ടപ്പോൾ 379
അരികൾപുരിവളയുമതിൽമുന്നംപടക്കൂട്ടി
അന്നുചാപാത്രമന്ത്രിതൻമുൾക്കൊണ്ടവൻ 380
കരിതുരഗരഥനികരവിവിധകാലാളുമായ്
കാററിനേക്കാൾവേഗമത്തിയെത്തിയുടൻ 381
ശരനികരംപലവഴിപൊഴിഞ്ഞതന്നേരത്താക്കവെ
ചാത്തുഞ്ഞമൊട്ടുടൻവെട്ടുതുടങ്ങിപ്പോൾ 382
ഗജതുരഗരഥനികരപത്തിപ്രവരന്മാർ
കാലപുരിപുക്കിതെണ്ണമില്ലാതോളം 383

പരവശതയോടുപടകളിളകിമണ്ടിത്തദാ
പർവ്വതപുത്രനുമോടിഭയത്തിനാൽ 384
ബലമുടയമലയപതിചിത്രവർമ്മാദിയാം
വമ്പുള്ളരികളരികെയില്ലാഞ്ഞയാൽ 385
അരികിലൊരുചതികരുതിമരുവുമരിവീരരാ-
മത്യുന്നതരായഭദ്രഭടാദികൾ 386
രണശിരസിശിഖരസുതരോഹണാദികളെയും
രാജസമീപെവധിച്ചുമറുത്തുടൻ 387
കടുമയൊടുനൃപതിയെയുമെത്തിപ്പിടിപെട്ടു
കാലുംകരവുംപിടിച്ചുവരിഞ്ഞവർ 388
ജയപടഹമധികതരഘോഷാലടിച്ചുടൻ
ശേഷിച്ചശത്രുസൈന്യത്തെയുംപാടാക്കി 389
ചണകസുതനുടെവചനമഗൗരവംകൈക്കൊണ്ടവർ
ചാതുര്യമോടുനിലവിളിച്ചാർത്തുടൻ 390
കുസുമപുരമഴകിനൊടുപുക്കവർമൌര്യന്റെ
കാക്കൽവെച്ചീടിനാർപർവ്വതപുത്രനെ 391
ചണകസുതനൊടുതദനുമൌര്യനുംചൊല്ലിനാൻ
"ശത്രുവാമെങ്കിലുമീശ്ശൈലതനയനെ 392
വിരവൊടിനിയൊരുവിപുലകാരാഗൃഹംതന്നിൽ
നിക്ഷേപണംചെയ്തുരക്ഷിക്കയുംവേണം" 393
അവനിസുരവചനമതുകേട്ടുടൻശ്ശൈലജനെ
യാത്രകാരാഗൃഹംതന്നിലാക്കീടിനാൻ 394
വിപുലബലമഹിതനയനിപുണതകലർന്നൊരു
ഭദ്രഭടാദിപ്രധാനജനങ്ങൾക്കും 395
ചതിയിലതി[illegible]ളുടയസിദ്ധാർത്ഥകനായ
ജീവസിദ്ധ്യാഖ്യക്ഷപണകന്നുംതദാ 396
മനസിമതിവരുമളവുചന്ദ്രഗുപ്തൻനൃപൻ
മാനിച്ചുപട്ടുകളാഭരണങ്ങളും 397
കനകമണിഗണമധികൃതാതെനൽകിനാൻ
മറ്റുള്ളചാരജനത്തിനുംനല്കിനാൻ 398

ന്നധികമുദമകതളിരിൽവച്ചുവരൊക്കവെ-
യാത്രചാണക്യനെയുംസ്സേപുൻതന്നെയും 399
പ്രണയഭരഹൃദയമൊടുവന്ദിച്ചുമോദേന
വാഴ്ത്തിസ്തുതിച്ചുസന്തോഷിച്ചുപോയിതേ 400
അഥ ചണകജനഖിലനാഥനാംമൌൎയ്യന-
മാശ്ശുവിജയമരുളിച്ചോരനന്തരം 401
കുസുമപുരമതിൽനിയതമുദ്രഷകൻതന്നെ
കണ്ടുകൊൾവാൻപാൎത്തിരുന്നാരതുകാലം 402
കിളിമകളുമിനിയതുചൊൽവാനിനിക്കിന്നു
കേട്ടതീൎത്താലിനിനാളെയുംചൊല്ലുവൻ 403
അമൃതരസമധുരമൊഴിതാനതുമേവപറ-
ഞ്ഞാരമോദമുൾക്കൊണ്ടിരുന്നാളതുകാലം 404

ഇതി മുദ്രാരാക്ഷസ വ്യാഖ്യാനം ഏഴാംപാദം

സമാപ്തം.

എട്ടാംപാദം

[ൎന്നാൽ
ബാലെപൈങ്കിളിപ്പെണ്ണേതേൻമൊഴിയാളെപാ
കാലത്തെക്കളയാതെചൊല്ലെടോശേഷംകഥാ 1
പാലൊടുപഴംപഞ്ചസാരയുംതേനുംനല്ല
നീലമാംകരിമ്പിന്റെചാറുംതന്നീടുവൻ 2
പൈദാഹംകളഞ്ഞുള്ള തെളിഞ്ഞുമനോരമെ
പൈതലേകഥാശേഷംകഥയകഥയനീ 3
തത്തയുമതുകേട്ടുചിത്തമോദ്യംകല-
ൎന്നുത്തമമായകഥാശേഷവുംചൊന്നാളല്ലോ:— 4
മ്ലേച്ഛനാലുപേക്ഷിതനായൊരമന്ത്രിവരൻ
വാച്ചോരുചരിതാപാൽഖിന്നനായ്പോകുന്നേരം 5
ചാണക്യപ്രണിധിയാംമുദ്രകാൎയ്യജ്ഞൻതാനും
കാണാതെനിന്നിതുപിന്നാലെമറഞ്ഞുതാൻ 6

ചാണക്യൻ വിഷ്ണുഗുപ്താഖ്യനാം പുരുഷരത്നമാത്യനും
ഖിന്നനായ് കുടിപ്പുതച്ചിയന്നു നിരൂപിച്ചാൻ 7
എത്രയും കഷ്ടമോർത്താൽ ക്രൂരനന്ദനൻതന്റെ
ചിത്തത്തിൽ വിവേകമില്ലായ്കയെന്നതുമിപ്പോൾ 8
സ്വാമികുലനാശം വിതച്ചീടിനേനനന്തരം
ഭൂമിയിൽ പരാഭവം വീണ്ടുകൊള്ളുവാനയം 9
പർവ്വതരാജൻതന്നെസ്സേവിച്ചുവരുത്താതെ പക്ഷേ–
ന്നവീരനവൻതാനും മരിച്ചാൻ വിധിവശാൽ 10
തൽപുത്രൻതന്നോടുസ്സേവിച്ചീടിനേൻ പുനരഥാ
നിഷ്ഫലമായ്ത്തീർന്നിതു എൻ സ്വഭാവമിപ്പോൾ 11
ഞാനൊരു പുരുഷൻതാൻ കരളിൽക്കവേതന്നാ
മാനവവീരന്മാരെക്കൊല്ലിച്ചുമെന്തിൻതന്നെ 12
ഒപ്പം ഞാൻ കാണുന്നതു പാർത്ഥാത്മജന്മാരിൽ
തോന്നിയത്താൽ കണ്ടാൽ ദൈവത്തിൻ ബലമത്രേ 13
ദൈവത്താലുപഹതനായവനൊരിക്കലും
കൈവന്നീടുമോ സുഖം ഹാ ഹന്ത! നിരൂപിച്ചാൽ 14
മാനുഷർക്കുള്ള ഗുണദോഷങ്ങളെല്ലാനാളും
കാണുന്നിതെന്നാലോ കാലമോരോരോതരമല്ലോ 15
നന്ദഭൂപതി രാജ്യം വാണുകൊണ്ടിരിക്കുമ്പോൾ
മന്നവൻ തന്റെ മന്ത്രി സത്തമനായീടിനേൻ 16
ഞാൻ സമ്പൂർണ്ണഗൃഹത്തിങ്കൽ ഭൂപന്മാർ കാഴ്ചവശാൽ
കാണ്മാനായ്ക്കാത്തുകെട്ടിക്കിടക്കുന്നവരോടും 17
കൂടി ഞാനൊരുമിച്ചു രാജധാനിക്കു പോം പോൾ
വീഥിയിലുള്ള പൗരന്മാരെല്ലാവരും 18
രാക്ഷസാമാത്യനിതാ പോകുന്നു വന്നു ചൂണ്ടി
പ്രേക്ഷകന്മാർക്കു കാട്ടിക്കൊടുക്കുമല്ലോ പുരാ 19
രാജാവിനോടുള്ള പദവിയോടും കൂടി
രാജാജ്ഞാകരനായി വാണുകൊണ്ടിരുന്ന ഞാൻ 20
അങ്ങോട്ടുകാണാൻ വിധിബലംകൊള്ളുന്നപ്പോലെയിപ്പോൾ
പാളുവേഷ ഗുപ്താഭ്യാനംപുരുഷക്കാളിച്ചിരിക്കുന്നു 21

ഇക്കാലംനിനക്കിതെന്നീശ്വരൻനിയോഗിച്ചാ-
ലക്കാലമെത്തുമന്നമേവിക്കേണ്ടാതെവത്ര 22
ചന്ദനദാസൻതന്റെവൃത്താന്തമറിവാനായ്
മന്ദനായിനിക്കുള്ളിലാഗ്രഹമിനിയുള്ളൂ 23
ഞാനെന്നംപറഞ്ഞതുകേട്ടാക്കനീലയെന്നുള്ളി-
ലുത്തരമൊരുതരമിത്ഥംചിന്തിച്ചുമന്ത്രിശ്രേഷ്ഠൻ 24
ചിത്തത്തിൽനിറഞ്ഞൊരുതാപത്താൽവിഷണ്ണനാ-
യുത്തമൻജീർണ്ണോദ്യാനംതന്നിലങ്ങിരിക്കുമ്പോൾ 25
ഉന്ദുരകാഖ്യനായചാണക്യൻതന്റെചാരൻ
മന്ത്രിതൻവൃത്താന്തങ്ങളെല്ലാമറിഞ്ഞുടൻ 26
പാടലിപുത്രപുരംപുക്കവൻമൌര്യനോടും
കൌടില്യവിപ്രനോടുമീവണ്ണമറിയിച്ചാൻ 27
"രാക്ഷസൻജീർണ്ണോദ്യാനത്തിങ്കലുണ്ടിരിക്കുന്നു
കാംക്ഷിതമാകുന്നതു ചന്ദനദാസൻതന്റെ 28
വൃത്താന്തമറിവാനെന്നിനിക്കുതോന്നുന്നതു-
മുത്തമവിപ്രകുലസത്തമ! ധരിച്ചാലും" 29
എന്നതുകേട്ടുപറഞ്ഞീടിനാൻചാണക്യനും
ഉന്ദുരകാഖ്യനോടുമെല്ലവെചിരിച്ചപ്പോൾ 30
"നീയൊരുകാര്യമുണ്ടുവേണമതെന്നറിഞ്ഞാലും
കായനാശത്തെച്ചെയ്വാൻജീർണ്ണോദ്യാനത്തിൽച്ചെന്നു
രാക്ഷസൻകാണ്കെത്തന്നെകാണാതെവലിയൊരു
വൃക്ഷാഗ്രത്തിന്മേൽകെട്ടിഞാണുചാവതിനായി 32
ഭാവിച്ചീടുകവേണമന്നേരംമന്ത്രിവരൻ
താപത്തോടുനീയെന്തുകാട്ടുന്നതെന്നുചൊല്ലും 33
അന്നേരംചിലവസ്തുപറയേണമതുമിപ്പോൾ
കർണ്ണത്തിലുപദേശിച്ചീടുവൻവരികനീ" 34
അന്നേരമടുത്തുചെന്നീടിനാനവൻതാനും
കർണ്ണത്തിലുപദേശിച്ചയച്ചാൻചാണക്യനും 35
പിന്നെയുംസിദ്ധാർത്ഥകൻതന്നെയുംചണകജൻ
ഉന്നതനായസമൃദ്ധാർത്ഥകനെയുംപിന്നെ 36

തന്നരികത്തു വിളിച്ചിങ്ങിനെ ചൊല്ലീടിനാൻ
"മന്നവാജ്ഞയെയാദരിയാകീർത്തിവേഷത്തെപ്പൂണ്ട 37
ചന്ദനദാസൻതന്നെക്കൊണ്ടുപോയ്ക്കൊന്നീടുവിൻ
ഉന്നതനായമന്ത്രിചന്ദ്രനോടുവിരോധിച്ചാൽ 38
കൊല്ലാതെയത്രനേരംനിങ്ങളിലൊരുവൻതാൻ
മെല്ലവേവന്നിങ്ങറിയിക്ക"യെന്നയച്ചതെ 39
കണ്ടെത്തുന്നവർ ചെട്ടിയെപ്പുറത്താക്കി
കണ്ഠമിഷണ്ടങ്ങളാംവാദ്യകംപറഞ്ഞാറെ 40
പാശവുമെടുത്തുബന്ധിച്ചവർകൂടിതരായ്
വേഷവുംചപലന്മാരെപ്പോലെധരിച്ചഥ 41
ചന്ദനദാസൻതന്നെക്കൊല്ലുവാനായിക്കൊണ്ടു
മന്ദമെന്നിയെകലനിലത്തുകൊണ്ടുപോകുംപോൾ 42
ശ്രേഷ്ഠിതൻകുടുംബിനിതാനുംതൽപുത്രൻതാനും
ഇഷ്ടരായുള്ള നിജഭൃത്യസംഘത്തോടെ 43
ആകുലമുറവിളിച്ചയ്യോപാപമേകൂടെ-
പ്പോകയെന്നുറച്ചവർകൂടവേനടന്നിതു 44
പക്ഷ്മാലയുമണിഞ്ഞുത്തമനാകുംശ്രേഷ്ഠി-
സത്തമൻകലനിലംതന്നിൽപുക്കനന്തരം 45
ഉദ്ധതകൻതാനൊരുപാശവുമെടുത്തഥ
മന്ദമെന്നിയെജീർണ്ണോദ്യാനത്തിലേകവൃക്ഷ 46
രാക്ഷസാമാത്യൻകാണ്മാൻകരഞ്ഞുകരഞ്ഞൊരു
വൃക്ഷശാഖമേൽകെട്ടിത്തൂങ്ങുവാൻതുടങ്ങുമ്പോൾ 47
മന്ത്രിയുമതുകണ്ടുമണ്ടിവന്നവനെച്ചൊല്ലാൻ
"കിമിദംചിന്തിച്ചതെന്തെന്നുനീപറഞ്ഞാലും" 48
എന്നതുകേട്ടുമാറത്തടിച്ചുകരഞ്ഞവൻ
ധന്യനാമമാത്യനോടിങ്ങിനെചൊല്ലീടിനാൻ 49
"എന്തുഞാൻപറയുന്നതയ്യോപാപമേമമ
ബന്ധുനാശത്തെചിന്തിച്ചിങ്ങിനെചെയ്യുന്നുഞാൻ"50
ഇത്തരംകേട്ടുമന്ത്രിസത്തമനവനെച്ചൊല്ലാൻ
ഉത്തമന്മാരിൽവച്ചുത്തമനല്ലോഭവാൻ 51

മിത്രനാശത്താൽനിജശത്രുനാശത്തെ ചെയ്യാ-
നന്തമന്ദാക്ഷപ്പുനരെന്തുമേ ചെന്നറികനീ 52
ബന്ധുനാശത്തിന്നെന്തുകാരണമെന്നുമോ-
ന്നന്തരംക്രൂരതകളെന്നോടു പറയണം" 53
എന്നതു കേട്ടു മന്ത്രിവീരനോടവൻതാനും
ഖിന്നനായുരചെയ്താനെന്തു പറയുന്നു! 54
"ബന്ധുവിനോടു പിരിഞ്ഞിരിപ്പാനരക്ഷണം
ഹന്ത ഞാൻ ശക്തനല്ല സാമ്പ്രതം ചാകുന്നു ഞാൻ 55
എന്നതിൻമൂലമെന്നു ചൊല്ലുവാൻ നിനക്കതു-
മെന്തിനു ചൊല്ലുന്നു ഞാൻ കാലത്തെക്കളവാനോ?"56
മന്ത്രിയുമതുകേട്ടു പിന്നെയും നിർബ്ബന്ധിച്ചാ-
"നെന്നതിൻമൂലമെന്നു ചൊല്ലിയേ മതിയാവൂ" 57
"അതുവല്ലല്ലോ ഭവാനിങ്ങു നിർബ്ബന്ധിച്ചാൽ
ചാവതു കൂടയൊട്ടിൽ ചൊല്ലാമെന്നവൻ ചൊന്നാൻ"
"ചാക ഞാൻ മുടങ്ങുകയില്ലെടോ! ഞാനും കൂടി
ചാകിന്നു കോപ്പിട്ടു ത്രിജീവന്നൊരു ധ്യാനത്തിൽ വന്നു" 59
ഇങ്ങിനെ മന്ത്രിശ്രേഷ്ഠൻ ചൊന്നതു കേട്ടനന്തരം
തിങ്ങിന താപത്തോടെ ചൊല്ലിനാനവൻ താനും. 60
"എന്തിലൊരു സഖ്യം ശത്രുവിങ്കൽ ദാസസാദൃശ്യനിപ്പോൾ
ധനവൃദ്ധിയെല്ലാം വിശ്വസ്തനാം ചെയ്തു 61
ഖിന്നനായ് നഗരത്തിൽനിന്നകന്നുപുറപ്പെട്ടു
അഗ്നിയിൽ ചാടിയിപ്പോൾ മരിപ്പാൻ തുടങ്ങുന്നു 62
എന്റെ സുഹൃത്തിനല്ലയിച്ചുദാസസാദൃശ്യൻ ഉമ
മിത്രനാശത്താൽ ഞാനും പ്രാണനെക്കളയുന്നു" 63
മന്ത്രിയുമതുകേട്ടു സങ്കടത്തോടേ ചൊന്നാൻ
"പുത്ര! നിന്റെ ബന്ധു നാശിതനായിട്ടദ്ദേഹൻ 64
വ്യസനംകൊണ്ടു മരിപ്പാൻ മനസ്സിൽ നിനയ്ക്കുന്നു?
സ്വാതന്ത്ര്യാധികളാൽ ദീനനായ് ചാകയോ? 65
ക്ഷുദ്രനാം മൈത്രൻ തന്റെ ദുർന്നയംനിമിത്തമോ?
ഉത്തമജനങ്ങളെക്കൊന്നു പോകയോ സഖേ!? 66

കാമനതാതകലസ്ത്രീകളെ ഗമിക്കയോ?
മാനത്തിമന്നാതഹാനിസംപ്രാപ്തം വരികയോ?"
എന്നതുകേട്ടനേരം ചൊല്ലിനാനവൻതാനും 67
"ഇപ്പറഞ്ഞതിലൊന്നും ചെയ്തിട്ടില്ലവനിപ്പോൾ
സർവ്വപുരുഷരിൽമുമ്പനാകുന്ന ജിഷ്ണുദാസൻ" 68
രാക്ഷസനതുകേട്ടപിന്നെയും ചോദ്യം ചെയ്താൻ
അക്ഷമനായിത്തീർന്നൊരു കുലവൃദ്ധനായ് 69
"ചൊല്ലുകെടോ സഹോദര നതിനുള്ള കാരണം
നല്ലനെന്നും ജിഷ്ണുദാസനെന്നറിഞ്ഞാലും" 70
എന്നതുപറഞ്ഞിന്നു കാരിയമുണ്ടാകാതെ?
ബന്ധുനാശത്താൽമനം വെന്തുരുകുന്നു മമ 71
കിഞ്ചന പറഞ്ഞീടാമെങ്കിലോ കേൾക്കേണ്ടവൻ:--
"വഞ്ചിതനായുള്ള ചക്രവാതകനിയോഗത്താൽ 72
ചന്ദനദാസൻതന്നെ കൊല്ലുവാൻകൊണ്ടുപോം പോ
ബന്ധുവാംജിഷ്ണുദാസനെന്നുമുള്ളോരെന്നോടേ 73
ചന്ദ്രപൂർവനാകുന്ന പക്ഷിയിത്തരുപോലെ
ചന്ദനദാസൻമമ ബന്ധുവാകുന്നിതഹോ! 74
ബന്ധുനിഗ്രഹം വന്നു ഭവിച്ചതിനാൽ നാം
ചിന്തചെയ്യാതെ തരാതെ താഴെ വെച്ചാലുമതു! 75
നന്ദരാജനുമുള്ള കുമാരന്മാർക്കിപ്പോൾ
നിൻകൃപയൊഴിഞ്ഞെന്തുള്ളതിന്നു പാവിയേ!? 76
ഇത്തരമവൻ ചൊല്ലിയുള്ളതുകേട്ടു രാജ്ഞൻ
സന്താപമനിപ്രാപ്യമതിനാലുള്ളവനോ" 77
രാക്ഷസനതുകേട്ടു കണ്ണുനീരൊട്ടും കൂടി
തൽക്ഷണം സഗദ്ഗദം കിഞ്ചന ചൊല്ലിനാൻ:--
"എത്രയും ചിത്രം ചിത്രം ജിഷ്ണുദാസന്റെ കാര്യം
മിത്രസ്നേഹത്തിൻബലമെന്തിതു പറയാവൂ 79
അർത്ഥകാരണംകൊണ്ടു പുത്രനെക്കൊല്ലും പിതാൻ
പുത്രനും പിതാവിനെ ഒന്നുമേ കൊല്ലുമല്ലോ 80

ബന്ധുക്കൾതമ്മിൽതന്നെകൊന്നുപോമത്ഥാശയാ
അന്തണരെയുംകൊന്നുവിത്തങ്ങളപഹരിച്ചീടും 81
കാന്തനെയുമങ്ങനെപോലെനാരികൾവധിച്ചീടും
കാന്തനുംനിജകാന്തയെനിഗ്രഹംചെയ്യുമല്ലോ 82
അത്ഥമാഹാത്മ്യമിതുപോലെത്രകാണുന്നനേരം
ചിത്രമിജ്ജിഷ്ണുദാസൻമിത്രവാത്സല്യത്താലെ 83
ഒക്കവെയുപേക്ഷിക്കുന്നതുകണ്ടുറച്ചപ്പോൾ
ഇക്കണ്ടജനങ്ങളിലുത്തമൻജിഷ്ണുദാസൻ 84
ഉത്തമമതിനെന്തു ചന്ദ്രഗുപ്തനാം ചൊന്നാ-
ന്നതുമിന്നാവെവ്വസ്ഥചൊല്ലുകമടിയാതെ" 85
അന്നേരമുരചെയ്യുന്നാനുടക്കൻതാനും:--
"മന്നവൻചന്ദ്രഗുപ്തൻപൊന്നുമുടിച്ചാലും:-- 86
അത്ഥാശകൊണ്ടല്ലതാൻ ചന്ദനദാസൻതന്നെ
സത്വരംകോപാഗ്രഹബന്ധിച്ചുവലച്ചതും 87
രാക്ഷസകുടുംബമെതെതന്നുടെഗൃഹത്തിങ്കൽ
സൂക്ഷിച്ചുവെച്ചുകൊണ്ടുരക്ഷിക്കനിമിത്തമവൻ 88
എത്രയുംവളരെനിർബ്ബന്ധിച്ചുപറഞ്ഞിട്ടു-
മൊന്നുമാത്രമേയതുകാട്ടീലാശയവൻ 89
മന്ത്രിതൻകളത്രത്തെക്കാട്ടുകയില്ലെന്നവൻ
ചിന്തിതമാകുന്നതിൻകാരണാൽ ബന്ധിപ്പിച്ചു 90
കൊല്ലുകയൊഴിഞ്ഞൊരുകാഴ്ചയില്ലിനിതവ
നല്ലതിക്കാര്യമറിയാതെയെപ്പൊഴുമാർകേട്ടാൽ 91
ജിഷ്ണുദാസനോടേവം ചന്ദ്രഗുപ്തനാം നൃപൻ
ഉച്ചരിച്ചുപറഞ്ഞതുകേട്ടു വിഷാദത്തോടെ 92
മിത്രത്തെപ്പിരിഞ്ഞുഞാനിരിക്കുന്നീലെന്നോർത്തു
സത്വരമഗ്നിപ്രവേശത്തിനു തുടങ്ങുന്നു 93
മിത്രനാശത്താൽതാനും പ്രാണനെക്കളവാനാ-
യത്രവന്നിതുമന്ത്രിസത്തമ ധരിച്ചാലും 94
ചൊന്നതുതെറ്റിപ്പതിനാളല്ലെന്നിരിക്കിലും
ഇന്നിതുചെയ്യുന്നതൊന്നുഞാനറിഞ്ഞാലും 95

മിത്രമെന്നിവണ്ണംരാക്ഷസരംചമച്ചതി–
നെത്രമാഹാത്മ്യമെന്തു ചൊല്ലാമോ വിരിഞ്ചനും?'' 96
ഇന്ദ്രജകോപത കേട്ടുരാക്ഷസൻ ചൊന്നാനപ്പോൾ
"ചന്ദനദാസൻതന്നെകൊന്നിതോശിവശിവ" 97
ചൊല്ലിനാനതുകേട്ടുമന്ത്രിയോടവനപ്പോൾ
"കൊല്ലുവാനവകാശമില്ലത്രെമഹാമതേ! 98
കാലത്തിൻവിളംബനമാകുന്നതിപ്പോൾതവ
നീലക്കാർകുഴലിയെക്കൊട്ടുവാൻനിർബ്ബന്ധിച്ചു 99
ഭീഷണമായിട്ടുള്ള വാക്കുകൾ പറകയും
ദൂഷണങ്ങളെ തന്നെ പിന്നെയും പറകയും 100
ഇവണ്ണമോരോതരംകാണുമ്പോൾശ്രേഷ്ഠീന്ദ്രനും
കേവലംമരണത്തിന്നാകുന്ന വിളംബനം 101
ധന്യനാംഭവാനുടെബന്ധുതാനിനച്ചവൻ
എന്നുമേതവകുടുംബത്തെനൽകിലനൂനം'' 102
ഇത്തരമവൻപറഞ്ഞീടിനോരനന്തരം
ഉത്തമനായമന്ത്രിസത്തമൻനിരൂപിച്ചാൻ 103
'ചന്ദനദാസൻതന്നോടൊത്തവരാരുമില്ല
നിർണ്ണയമൊരുപുമാനൂഴിയിൽപാർത്തുകണ്ടാൽ 104
ബന്ധുസ്നേഹത്താൽഭവാനെന്തെല്ലാംദണ്ഡങ്ങളെ
എന്തൊക്കെക്ലേശമനുഭവിച്ചതോർക്കുന്നേരം' 105
എന്തിനിവേണമെന്നൊരാവേശംമനക്കാമ്പിൽ
ചിന്തിച്ചുനില്ക്കുന്നേരംജ്വലിച്ചുരോഷാഗ്നിയും 106
കണ്ണിണചുവന്നിളകെയിത്തുപുരികങ്ങളും
മിന്നുന്നകരവാളുംകൈക്കൊണ്ടുപിടിച്ചുടൻ 107
ഉച്ചത്തിലിടിവെട്ടുംപോലെയങ്ങുരചെയ്താൻ
"നിശ്ചയംമരിക്കേണമൊരാളെന്നറിഞ്ഞാലും 108
കൃഷ്ണവർത്മാവിൽപ്രവേശിപ്പതിനൊരുമ്പെട്ട
ജിഷ്ണുദാസനെത്തടുത്തീടുകവൈകാതെപോയ് 109
ചെന്നൊന്നരിപുക്കളെവെട്ടിക്കൊന്നവനുടൻ
ചാണക്യക്രൂരതന്താക്കീടുവനവർകളെ" 110

സന്തോഷിച്ചു വാഴുമ്പോൾമന്ത്രിതൻകാക്കൽവീണു
വന്ദിച്ചുടനെഴുനീറ്റുനിന്നരചൊല്ലീടിനാൻ 111
"ആൎയ്യന്റെകൃപയൊഴിഞ്ഞൊന്നുമില്ലിനിക്കഹോ
വീൎയ്യപൂരുഷന്മാരിൽമുമ്പനല്ലയോഭവാൻ 112
ഞാനൊന്നുപറയുന്നുണ്ടിനിമഹാമതേ!
മാനമേറീടുംഭവാൻവാളുമായടുക്കുമ്പോൾ 113
സത്വരംഭവാനണയുന്നതിൻമുന്നംതന്നെ
വദ്ധ്യനെഘാതകന്മാർകൊന്നുടനൊളിച്ചുപോകും 114
എന്നതുകൊണ്ടുഭവാനായുധംകൂടാതെപോയ്
ചന്ദനദാസൻതന്നെവേർപെടുത്തയച്ചാലും 115
ഞാനിതാജിഷ്ണുദാസനാകുന്നസുഹൃത്തിനെ
മാനമോടഗ്നിപ്രവേശത്തിങ്കന്നൊഴിക്കുന്നേൻ" 116
"പോകനീ"യെന്നുപറഞ്ഞയച്ചാനവനെയു-
മാകുലംകളഞ്ഞമാത്യേന്ദ്രനെഴുന്നീറ്റി- 117
ട്ടായുധംകൂടാതവൻചെന്നാളുപോലെതന്നെ
വായുവേഗനവദ്ധ്യഭൂമിക്കുനടന്നതേ 118
ചന്ദനദാസൻതാനുംഭാൎയ്യയുംപുത്രൻതാനും
കുന്തളങ്ങൾകരങ്ങളിലേന്തിയചണ്ഡാലരും 119
ചെന്നുടൻകലന്നിലംപൂക്കുന്നനേരത്തിങ്കൽ
ഉന്നതന്മാരാംശിവാകീൎത്തികൾചൊല്ലീടിനാർ 120
"ശ്രേഷ്ഠികൾകുലശ്രേഷ്ഠ! കേളെടോഭവാനിപ്പോൾ
നിഷ്ഠുരമായകൊലഭൂമിയിലകപ്പെട്ടു- 121
മന്ത്രിതൻകുടുംബത്തെനൽകുകമടിയാതെ
ചന്ദ്രഗുപ്തനായുള്ള ഭൂപതിതന്നിക്കിപ്പോൾ, 122
ഇന്നുമക്കാൎയ്യംഭവാൻചെയ്യുന്നില്ലെന്നുവന്നാൽ
വന്നുപോംദേഹത്തിന്നാശമെന്നറിഞ്ഞാലും" 123
ഇത്തരമവരുടെവാക്കുകൾകേട്ടിട്ടവ-
നുത്തരമവർകളോടിങ്ങിനെചൊല്ലീടിനാൻ 124
"മിത്രകാൎയ്യത്താൽമരിക്കുന്നതിന്നിനിക്കിപ്പോൾ
ചിത്തത്തില്പരവശമില്ലെന്നുധരിച്ചാലും" 125

കണ്ണുനീരോടുംകൂടിപ്പിന്നെയുംശ്മശാനിക്കാരൻ
തന്നരികത്തുനിന്നുംഭാര്യയോടുരചെയ്തു 126
“വല്ലഭേ!പൊന്മക്കളാംകനീബാലകനോടുംകൂടി
വല്ലതുംവിചാരിച്ചുവെളിച്ചീടരുതല്ലോ 127
ബാലനെപ്പരിപാലിച്ചീടുകഭവതിനീ
കാലദോഷത്താൽവന്നതൊഴിച്ചുകൂടാനാഥേ!” 128
ഭർത്താവിൻവചനങ്ങളിങ്ങിനെകേട്ടിട്ടവൾ
ചിത്തതാപേനകരഞ്ഞീവണ്ണമുരചെയ്താൾ 129
“എന്നുടെഭർത്താവെ!ഞാൻനിന്നോടുപിരിഞ്ഞിട്ടു
മന്നിടത്തിങ്കലിരിക്കുന്നതെങ്ങിനെനാഥ? 130
നിന്നോടുകൂടെപ്പരലോകത്തുപോരുന്നുഞാനും
ധന്യനാംനിന്നെസ്സേവിച്ചീടുകെന്നതേയുള്ളൂ” 131
“ബാലേ!നീകൂടെമരിച്ചീടുകെന്നാകിലിന്നു
ബാലനാമിവനെന്തുശരണംജീവനാഥേ! 132
വാണിഭംചെയ്തുകാലംകഴിച്ചുകൊൾവാനേതും
വാണിഭത്തിങ്കൽപരിചയിച്ചീലല്ലോബാലൻ” 133
“അയ്യോമൽപ്രാണനാഥ!ബാലനെക്കാത്തീടുവാൻ
പൊയ്യല്ലകുലദൈവമുണ്ടെന്നുധരിച്ചാലും 134
ആശ്രയമില്ലാതവർക്കീശ്വരൻതന്നെപുന-
രാശ്രയമാകുന്നതുമെന്നല്ലോപറയുന്നു” 135
അന്നേരംപുത്രൻതാനുംതാതനെവന്ദിച്ചുടൻ
കണ്ണുനീരോടേകരഞ്ഞിങ്ങിനെചൊല്ലീടിനാൻ:— 136
“താതനെപ്പിരിഞ്ഞൊരുനാഴികനേരംപോലും
ചേതസിപാർത്താലറിയുന്നതില്ലശ്ശാന്തിഞാനും 137
പിന്നെഞാനവർകൂടെപ്പോരുന്നുമഹാമതേ!
മുന്നെഞാനറിയുന്നദേശവുമില്ലപാർത്താൽ 138
ആരിനിപ്പരിപാലിച്ചിങ്ങിനെലാളിപ്പാനു-
മാരിനിത്തരിവളമോതിരംതരുവാനും” 139
ഇങ്ങിനെപറഞ്ഞവൻകണ്ണുനീർതൂകിതൂകി
തിങ്ങിനദുഃഖംപൊറാഞ്ഞുമൃത്തിൽകരകയും 140

അപ്പുത്രനവനോടുകണ്ണുനീർവാർത്തു ചൊന്നാൻ—
“നിശ്ചയമിതു ചാണക്യന്നുമില്ലാതൊരു 141
മിക്കതിൽ ചെന്നുവസിച്ചീടുകവത്സ!നീയു—
മിക്കഖലന്മാർനിന്നെക്കൊല്ലുമല്ലായ്കിൽത്തന്നെ” 142
ദണ്ഡപാണിയെപ്പോലെക്രൂരന്മാരാം മന്ത്രിതാൻ.
ചണ്ഡാലന്മാരമിതപ്പുറത്തുനിന്നു ചൊന്നാർ 143
“നാട്ടിയകഴുവിന്മേലേറുവാൻനിന്നെത്തങ്ങൾ—
ക്കൊട്ടേറെ വൈകിച്ചുക്രൂരമായന്നധരിച്ചാലും 144
ഉത്തിയിലിങ്ങനാലംരാറണ്ടുകന്തംകത്തി—
പ്പാതിച്ചീടുവാൻഞങ്ങൾ നിന്നെ കഴുവിന്മേൽ”
“അശ്ശൂരയെന്നുനേരംപുണ്യൻരാമ്യതാതൻ.
ചെയ്യുഴികളുകാന്ത!താത!ചവനാലറിയും” 146
ചന്ദനദാസൻതാനും പത്നിയെക്കൈവിട്ടപ്പോൾ
നന്ദനനോടുംനിജഭാമിനിയോടുംചൊന്നാൻ 147
“എന്തിനുകരഞ്ഞീടുന്നതു കാന്തേ!നീയും.
ഹന്ത നീവത്സ!കരഞ്ഞീടുകവേണ്ടയല്ലോ 148
ആപത്തുവരുന്നേരമീശ്വരൻതുണയുണ്ടാം
താപത്തെക്കെടുപ്പാനെന്നുള്ളതു കേട്ടിട്ടില്ലേ? 149
ബന്ധുനാശംനിമിത്തമുണ്ടാകുന്നതിന്നിളയ്ക്കാമോ?
ചിന്തിച്ചാൽമമമോഹംകൊണ്ടുവന്നതുമല്ല 150
എന്നതുകൊണ്ടുകരഞ്ഞീടുവാനവകാശം
കന്നൽനേർമിഴിയാളേ!പറ്റുകയില്ലല്ലോ” 151
അന്നേരംപിടിപെട്ടാർ ചന്ദനദാസൻതന്നെ.
കണ്ണിന്നുവ്യഥയാ ചണ്ഡാലരിരുവരും 152
ചന്ദനദാസൻതാനും ചൊല്ലിനാനതുനേരം
“നന്ദനൻതന്നെപ്പുണർന്നാശ്വസിപ്പിച്ചീടുവാൻ 153
കിഞ്ചനകാലംതരികെ”ന്നതുകേട്ടനേരം
നെഞ്ചകംകലങ്ങിവൻ കൈവിട്ടാനവനെയും. 154
പുത്രനെപ്പുണർന്നിതുഗാഢമായവൻപിന്നെ
“മിത്രത്തെയുപേക്ഷിച്ചീടായ്ക”യെന്നു ചൊല്ലീടിനാൻ

"ബാല! നീ ചിരകാലം ജീവിക്ക" എന്നാശീർവ്വാദം
കാലവാരിവീഴും കണ്ണുനീരോടെ ചൊല്ലീടിനാൻ 156
തൽക്ഷണത്തിൽ പിടിക്കെന്നു ചൊല്ലിയ ശ്വപചന്മാർ
ചിക്കനെപ്പിടിപെട്ടാർ ശ്രേഷ്ഠിയെയത്തുനേരം 157
തൽപ്പുത്രകളത്രങ്ങളുച്ചത്തിലത്തുനേരം
"അല്ലതേ! താത" യെന്നവാവിട്ടുകരകയും 158
"ആരെങ്ങും പരിപാലിപ്പാ" നെന്നു പറകയും
പാരാതെ "ഞാനെന്ന" ന്നു രാക്ഷസാമാത്യൻതാനും
ഉച്ചത്തിൽ വിളിച്ചുടൻ പറഞ്ഞു വരുന്നതും
ആശ്ചര്യപ്പെട്ടു കണ്ടീടിനാനവർകളും 160
ക്രുദ്ധനായ്ത്തൽസ്ഥലം പുക്കുടനമാത്യനും
സന്താപം ചണ്ഡാലരോടിങ്ങിനെ ചൊല്ലീടിനാൻ:—
"ചന്ദ്രഹാസൻതന്നെക്കൊല്ലുകവേണ്ട നിങ്ങൾ
മന്ദനാമെന്നെത്തന്നെക്കൊല്ലുകയിനിവേണ്ടു 162
സ്വാമിനാശത്തിങ്കൽ ഞാനന്ധനായറിയാതെ
ഭൂമിയിലിരുന്നുള്ള ബന്ധുനാശവും കണ്ടു 163
ശത്രുക്കൾക്കൊരു ചെറ്റും പരാഭവങ്ങൾക്കെല്ലാമൊരു
പാത്രമായ്ത്തീർന്നിടയാതെന്നാണമില്ലാതൊരെന്റെ 164
കണ്ഠത്തിൽ വാളാലെ ബന്ധിച്ചുമടിയാതെ
ചണ്ഡാലന്മാരേ! നിങ്ങൾ കൊല്ലുവിൻ വൈകീടാതെ"
ചന്ദ്രഹാസൻതാനും ഖിന്നനായത്തുനേരം
മന്ദമായ് മന്ത്രികുലവീരനോടുരചെയ്താൻ 166
"എന്തിനിങ്ങനെ ചിന്ത ചെയ്യുന്നതെന്താൻ?
ബന്ധുകാര്യത്തിൻ ഫലം നിഷ്ഫലമാക്കീടാതെ 167
മിത്രത്തെച്ചൊല്ലി മരിച്ചീടുകിലിതിനിപ്പോൾ
മിത്രമായ് വിഷ്ണുപദം പ്രാപിക്കാമല്ലോ നാം ഹൈ!" 168
കണ്ണുനീർവാർത്തു പറഞ്ഞീടിനാനമാത്യനും
"നന്ദനാ! നിന്റെ താതബന്ധുവല്ലയോ ഞാനും 169
നീ ചെയ്ത ബന്ധുകൃത്യത്തിന്നു ശേഷം ചെയ്യാൻ
നീ മഹാമനസനായൊന്നിനിക്കാകുമോയെന്നോ?" 170

എന്നതു കേട്ടു ചണ്ഡാലന്മാരിലേകൻ ശീഘ്രം
ചെന്നു മന്നവനോടും ചാണക്യനോടും ചൊന്നാൻ 171
"ചന്ദനദാസൻ തന്നെ കൊല്ലുവാൻ തുടങ്ങുമ്പോൾ
മന്ത്രി രാക്ഷസൻ വന്നു ഞങ്ങളെ വിരോധിച്ചു" 172
ഇങ്ങിനെ കേട്ടു ചന്ദ്രഗുപ്തനും ചാണക്യനും
തിങ്ങിന മോദം പൂണ്ടു വേഗേന പുറപ്പെട്ടാർ 173
ചെന്നുടൻ കലനിലം പുക്കമാത്യന്റെ പാദം
വന്ദിച്ചു നിന്നാർ ചണകാത്മജമൌര്യന്മാരും 174
മന്ത്രിയോടന്നേരം ചാണക്യമഹീസുരൻ
മന്ദഹാസവും ചെയ്തു മന്ദമായുര ചെയ്താൻ 175
"ചന്ദ്രഗുപ്തനും ഞാനും വന്ദിച്ചു നില്ക്കുന്നേരം
എന്തഹോ ഭവാനൊന്നും മിണ്ടാത്തതെന്നുര ചെയ്ക" 176
പിന്നെയും വിഷ്ണുഗുപ്തമൌര്യന്മാർ ചെന്നു കാൽക്കൽ
വീണുടൻ നമസ്കരിച്ചീടുവാൻ തുടങ്ങുമ്പോൾ 177
കമ്പിതഭാവം പൂണ്ടു ചൊല്ലിനാനമാത്യനും
"ചണ്ഡാലസ്പർശം കൊണ്ടു ദൂഷിതനഹമിപ്പോൾ 178
എന്നതുകൊണ്ടു തൊട്ടുപോകരുതെന്നെ നിങ്ങൾ"
എന്നുര ചെയ്തു വാങ്ങി നിന്നിതു മന്ത്രീന്ദ്രനും 179
കൌടില്യനതു കേട്ടു മന്ദഹാസവും പൂണ്ടു
കേട്ടതിന്നേവം മന്ത്രി രാക്ഷസനോടു ചൊന്നാൻ 180
"ചണ്ഡാലന്മാരല്ലിവർ ചണ്ഡാലാകൃതികളത്രേ
കണ്ടറിവതിന്നവകാശമുണ്ടിവർകളെ 181
പണ്ടിവർ തവ ഭൃത്യന്മാരെന്നു ധരിച്ചാലും
ദണ്ഡാധികാരിയാകും സിദ്ധാർത്ഥനിവനല്ലോ 182
വ്യാജേന ശകടനെക്കൊണ്ടെഴുതിച്ചുണ്ടു
രാജപൂരുഷനെഴുതിച്ചതുമിവനല്ലോ 183
അന്യനെയറിഞ്ഞതില്ലേ ഭവാൻ മഹാമതേ!
ധന്യനാകുന്ന സമിദ്ധാർത്ഥകനറിഞ്ഞാലും 184
വ്യാജങ്ങളെല്ലാം ഭവാനോടു സന്ധി ചെയ്തതിന്നത്രേ
ആചരിച്ചിതു ഞങ്ങൾ സാമ്പ്രതം മഹാമതേ! 185

കിഞ്ചനപോലും ഭേദം നോക്കാതെ വിശേഷത്താൽ
അഞ്ചിതമതത്തെ ഞാൻ ചെയ്തതല്ലറിഞ്ഞാലും 186
ലേഖയും ഭദ്രഭടാദികളും സിദ്ധാർത്ഥനും
ഭദ്രമായ്പോൻകൊണ്ടുഭാഗുരായണരും 187
മിത്രമായരികത്തു വന്നൊരു ക്ഷപണനും
ഇന്നുമാജീർണ്ണോദ്യാനെ വന്നൊരു പുരുഷനും 188
ചന്ദനദാസൻതന്നെ ദണ്ഡിപ്പിച്ചതുമെല്ലാം
ചന്ദ്രഗുപ്തനോടിണക്കീടുവാൻ ഭവാനെ ഞാൻ 189
ചെയ്ത കർമ്മങ്ങളെന്നു കേവലമറിഞ്ഞാലും
എന്നതു ചൊന്നളവിൽ ക്ഷമയോടുകൊണ്ടുള്ളമേ 190
ചന്ദനദാസൻതന്റെ ജീവരക്ഷ വേണമെങ്കിൽ
ചന്ദ്രഗുപ്തന്റെ മന്ത്രിയാകുവാൻ വേണമല്ലോ 191
ഞാനധികാരസ്ഥാനമേറ്റിന്നു ഭരിപ്പാൻ
മാനമുൾക്കൊണ്ടുയത്നിച്ചീടുകനാം ബുദ്ധ്യേ!" 192
രാക്ഷസനതു കേട്ടു വിപ്രനോടുരചെയ്താൻ
"സാക്ഷാൽ ഞാനതിന്നധികാരിയല്ലറിഞ്ഞാലും. 193
യോഗ്യനായുള്ള ഭവാനെടുത്ത ശസ്ത്രമിപ്പോൾ
ഭാഗ്യഹീനന്മാർക്കെട്ടീടുകയതല്ലോ 194
അത്രയും വേണ്ടീലിനി മോഹമില്ലിതിനേതും
മിത്രത്തെ വധത്തിങ്കൽനിന്നു രക്ഷിച്ചീടേണം" 195
വിഷ്ണുഗുപ്തനതു കേട്ടുരചെയ്തീടിനാൻ
ഉഷ്ണിച്ചുമന്ത്രികുലശ്രേഷ്ഠനോ"ടെന്നാലിപ്പോൾ 196
ചന്ദ്രഗുപ്തന്റെ മന്ത്രിയാകയില്ലെന്നാകിൽ
ചന്ദനദാസൻതന്നെ കൊല്ലുകെയുള്ളൂ ഞാനും" 197
മന്ത്രിയതു കേട്ടു വിപ്രനോടുരചെയ്താൻ
"ബന്ധുസ്നേഹത്തെക്കാളില്ലപ്പുറമിനിയേതും 198
കാര്യത്തെ സാധിപ്പിച്ചീടുന്നു ബന്ധുസ്നേഹം
വീർത്തിന്നിതാ നമസ്കാരമെന്നതേ വേണ്ടു" 199
എന്നുരചെയ്തു ശസ്ത്രം വാങ്ങിനാനമാത്യനും
അന്നേരം വിഷ്ണുഗുപ്തനേറവും മോദത്തോടെ 200

മൌൎയ്യനോടുരചെയ്താൻ "രാക്ഷസനിപ്പോഴിതവ
കാൎയ്യസാധകകരനായിതെന്നറിഞ്ഞാലും 201
എന്നുടെ ബുദ്ധിവിലാസങ്ങൾ പിന്നെത്തവ
മന്നവ! വിചിത്രമാം ഭാഗ്യത്തിൻ വിലാസവും 202
രാക്ഷസാമാത്യൻ തന്റെ നീതിയുമിവ മൂന്നും
ഇക്ഷിതിതലത്തിങ്കലൊന്നായിക്കളിക്കുമ്പോൾ 203
ദേവകൾ പോലും മതിയില്ലെന്നുവരുമിപ്പോൾ
കേവലം നൃപനായിവാഴ്ക നീ മഹാമതേ!" 204
മൌൎയ്യനതുകേട്ടു മോദം പൂണ്ടുരചെയ്താൻ
"ആൎയ്യന്മാരുടെ ബലം കേവലമമലം" 205
സന്തോഷിച്ചുള്ളാവതും പിന്നെയപ്പൊഴു പുരംപുക്കു
സന്തതം സന്മാനിച്ചു മന്ത്രിയെ നൃപവരൻ 206
മൌൎയ്യനങ്ങൊരുകാലം കൌടില്യൻ പറകയാൽ
ആൎയ്യനാമമാത്യനോടിങ്ങിനെ ചൊല്ലീടിനാൻ 207
"പൎവ്വതപുത്രൻ തന്നെ ബന്ധിച്ചു കിടക്കുന്നു
സൎവ്വദാ തവ മതമെന്തതു വേണ്ടതാം" 208
ഉത്തമനായ മന്ത്രിസത്തമനതുകേട്ടി-
ട്ടുത്തരം നൃപതിയോടിങ്ങിനെ ചൊല്ലീടിനാൻ 209
"പൎവ്വതപുത്രനായ മലയകേതുവിനെ
സൎവ്വദാ രക്ഷിച്ചു വാഴ്ത്തീടുകവേണമല്ലോ 210
ആശ്രയമവനായിക്കഴിഞ്ഞുവന്നാമന്നാ-
ലാശ്രയഭൃതൻ തന്നെ സന്മാനിച്ചയക്കണം" 211
മൌൎയ്യനമ്മൊഴി കേട്ടിട്ടാൎയ്യന്റെ മുഖം നോക്കി-
"കാൎയ്യമാകുന്നതെ"ന്നു പറഞ്ഞു ചാണക്യനും 212
ബന്ധവുമഴിച്ചു വിട്ടന്നേരം പൎവ്വതക-
നന്ദനന്തനിക്കുള്ള പടയും ഭണ്ഡാരവും 213
പ്രാണനും നഗരവും മോദേന കൊടുത്തഥ
മാനവവീരന്മാനിച്ചയച്ചാനതുകാലം 214
അന്യന്മാരുടെ മനംതെളിഞ്ഞു പുനരഥ
മൌൎയ്യനാം മഹീപതി ചന്ദ്രനാമാവൻ തന്നെ 215

തന്നരികത്തുവിളിച്ചാദരപൂർവ്വംപിന്നെ
മന്നവൻസർവനാഗരശ്രേഷ്ഠർക്കുകൊടുത്തുടൻ 216
മുന്നംതാനടക്കിയഭണ്ഡാരങ്ങളെല്ലാം 217
എണ്ണമോരോന്നേകൊടുത്തീടിനാൻസന്തോഷത്താൽ

ബന്ധിച്ചജനങ്ങളെയൊക്കവെയഴിച്ചുവി-
ട്ടന്തർമ്മോദേനപാർപ്പിച്ചീടിനാനവരെയും 218
ചന്ദ്രഗുപ്തന്റെഗുണവൈഭവങ്ങളെക്കൊണ്ടു
സന്തതംമന്ത്രികൾക്കുള്ളിൽസ്നേഹവുംവളർന്നതു 219
ചാണക്യൻതാൻമുമ്പുചൊല്ലാതോരുഘോരമാംപ്രതിജ്ഞയെ
മാനത്താൽസന്ധിച്ചുകെട്ടീടിനാൻകുഡുംബയും 220


എത്രയുംനിരാശനെന്നാകിലുംചാണക്യനാ
വിത്തവുമനവധിനൽകിനാൻചന്ദ്രഗുപ്തൻ 221
"ഭൂമിനായകകുലമൌലിനായകനല്ലോ!
ഭൂമിയെപാലിച്ചുനീജീവിക്കചിരകാലം" 222

ആശിസ്സുംപലതരമിങ്ങിനെചൊല്ലിച്ചൊല്ലി
ദേശികനായവിഷ്ണുഗുപ്തനാംദ്വിജശ്രേഷ്ഠൻ 223
യാത്രയുംപറഞ്ഞുപോന്നാശ്രമംപുക്കുപിന്നെ
നിത്യവുംതപസ്സുകൾചെയ്തുകൊണ്ടിരുന്നിതേ. 224
പിന്നെയുംവന്നുചന്ദ്രഗുപ്തനെക്കണ്ടുനിജ-
മന്ദിരംപുക്കമരുവീടിനാൻദ്വിജശ്രേഷ്ഠൻ. 225
ഭാഗ്യവാനായിട്ടുള്ളചന്ദ്രഗുപ്തനുംപിന്നെ
യോഗ്യമാസ്സിദ്ധരാജ്യംതന്നുടെപ്രതിക്രിയാ 226
ചിന്തിച്ചുവണ്ണംതന്നെസാധിച്ചുസന്തുഷ്ടനാ-
യ്മന്ത്രിമാരാലിണങ്ങിച്ചേർന്നുകൊണ്ടവനിയെ 227
ധർമ്മത്തിൽപിഴയാതെപാലിച്ചുവഴിപോലെ
ശർമ്മമോദേചൂഡാരത്നംനിരന്തരമമരീടിനാൻ. 228

ഇക്കഥാചാതുരികളിങ്ങനൊക്കവെ പറഞ്ഞുവെ-
ന്നാലക്കരുന്നിങ്കൽമോഹംകലൎന്നകിളിമകൾ 229

ആലസ്യംകളഞ്ഞവൾകീൎത്തനങ്ങളും പാടി
കൊണ്ടുത്തുപറന്നുപോയീടിനാളുത്തുകാലം. 230

ഇതി ദുൎദ്ദശാപ്രസംഗം എട്ടാംപാദം സമാപ്തം.



ശ്രീ.

ചാണക്യസൂത്രം.

കിളിപ്പാട്ട്.

—:0:—

ഒന്നാംപാദം-കേകാവൃത്തം

വ്യാഖ്യാനം.

പാലൊത്ത... എന്നു മുതൽ നീതിപാരായണം എന്നുവരെ കിളിയോടുള്ള ശ്രോതാക്കളുടെ അപേക്ഷ.

1. പാലൊത്ത=പാലിനോടൊത്ത. മാധുര്യം ശുദ്ധി മുതലായ ഗുണങ്ങളെക്കൊണ്ട്. ശാരികത്തരുണി=പെൺതത്ത. സ്ത്രീകളുടെ ശബ്ദത്തിന് സ്വരമാധുര്യമേറി ഉണ്ടാകുന്നതിനാൽ പാട്ടിനു ഗുണമേറുമെന്നുള്ള പ്രസിദ്ധിയെ പുരസ്കരിച്ചുള്ള നിർദ്ദേശമാണിത്. ശാരികത്തരുണി എന്ന് ചന്ദ്രികേ എന്നതുപോലെ മലയാളസന്ധി. മധു=തേൻ. തേൻ, കല്ക്കണ്ടം കരിമ്പ്, മധുരം മുതലായവ കർണ്ണാമൃതത്തിലെ കഷായം തീർത്തു ശബ്ദശുദ്ധി വരുത്തുന്നവയാകുന്നു, അവയെ സ്വാദുകളിലും, മുതലായവകൊണ്ടു സംക്ഷേപിച്ചു.

2. മാൽ, എണ്ണമില്ലാപല വിചാരങ്ങളെക്കൊണ്ടു ജനിപ്പിച്ചതായ. ചാരത്ത്=സമീപത്ത്. മോദത്തോട്=സന്തോഷത്തോടുകൂടി.

5. ബുദ്ധിസാമർത്ഥ്യമില്ല. എന്നു മുതൽ ഇല്ലെന്നു നിർണ്ണയമല്ലോ. എന്നവരെയുള്ള ശ്ലോകംകൊണ്ടു ബുദ്ധിമാന്മാരുടെ മഹത്വത്തെ സാമാന്യരൂപേണ നിർദ്ദേശിച്ചിട്ട് ഉത്തമനായുള്ളോരു... എന്നതു പറയുന്നു. എന്നു വരെയുള്ള ശ്ലോകംകൊണ്ടു ചാണക്യന്റെ ബുദ്ധിസാമർത്ഥ്യത്തെ വിശേഷരൂപേണ ഉപന്യസിക്കുന്നു.

8. ചാണക്യൻ=ചണകന്റെ പുത്രൻ. ചിത്രം=അത്ഭുതം.

11. ശുകകലമാലികമാരെന്നതകളുടെ ശ്രീനിലന്ന് അലങ്കാരം.

12. ഗണനാഥൻ=ഗണപതി. വാണി=സരസ്വതി. ധന്യശീലമാണല്ലോ സംഭാവനത്തോടുകൂടിയവൾ.

14. നീതികൾ=നയങ്ങൾ. ചൊല്ലേണമേ=കേൾപ്പിച്ചാലും. അരമോദം=കഥാനായകന്റെ അല്ലെങ്കിൽ ശ്രോതാക്കളുടെ പേരിൽ ബഹുമാനത്തോടുകൂടി. മോദം, മോദത്തോടു=സന്തോഷത്തോടുകൂടി. അതിനു, ഇവനു,

കലന്നു, പൂണ്ടു, ഉറം, ഉറക്കന്നു. എന്നീ ഇത്യാദി ശബ്ദങ്ങൾ ക്രിയാരൂപങ്ങളാണ്. അവ വിശേഷണവിശേഷ്യങ്ങളെ തമ്മിൽ ചേൎക്കുന്ന ഇടങ്ങളിൽ പൊടിയിട്ടു വിളക്കുന്നപോലെ കവികൾ പ്രയോഗിച്ച നടപ്പായിരിക്കുന്നതിനാൽ അവയ്ക്കു പ്രത്യേകിച്ച് അൎത്ഥം പറയേണ്ടതില്ല. ഏതു കഥാ=കഥാശ്രവണത്തിൽ ശ്രോതാക്കളുടെ ശ്രദ്ധയെ വൎദ്ധിപ്പിക്കുന്നതിന്നായിട്ടിങ്ങിനെ സംബോധനം ചെയ്യുന്നു.

16. മന്ദാകിനി=ഗംഗാനദി. തുംഗം=ഉന്നതം. പാടലിപുത്രം=ഒരു നഗരം. ഇപ്പോൾ 'പാറ്റ്നാ' എന്നു പറയുന്നതുതന്നെ. 'പാടലിപുത്രം' എന്ന പേരിന്റെ കാരണവും ചരിത്രവും 'കഥാസരിത്സാഗരം. കഥാപീഠലംബകം. മൂന്നാം തരംഗത്തിലുണ്ട്'.

17. തൽപുരം=ആപ്പുരം. ചെന്തകിരവൻ=ചെവന്ന കതിരുകൾ=(രശ്മികൾ) ഉള്ളവൻ (സൂൎയ്യൻ)

18. തിങ്കൾ തൻകുലജാതൻ=സോമവംശത്തിലുണ്ടായവൻ. നന്ദനൃപൻ=നന്ദനെന്ന രാജാവ്. ഈ നന്ദൻ എന്ന പേർ സാമാന്യനാമമായിട്ടുവരുന്നതാണെന്നു താഴെ കാണുന്ന പല ഘട്ടങ്ങളിൽനിന്നൂഹിക്കാം. സങ്കടഹീനം=(ക്രി. വി) അല്ലലില്ലാതെ.

19. മംഗലകീൎത്ത്യാ=(മ. സ്ത്രീ. തൃ. ഏ) നല്ലയശസ്സോടുകൂടി. മഹീതലം=(ന. ന. ദ്വി. ഏ) ഭൂമിയെ.

20. സൎവ്വാൎത്ഥസിദ്ധിപ്രദൻ=എല്ലാവൎക്കും സമ്പത്തിനെ ദാനം ചെയ്യുന്നവൻ.

21. രാക്ഷസനല്ല=രാക്ഷസജാതിയിൽ ജനിച്ചവനല്ല. ഉദ്ധത=ക്രൂരത.

22. സുന്ദരാംഗികൾ=സുന്ദരങ്ങളായ അംഗങ്ങളോടുകൂടിയവർ. അനുരാഗികൾ=പ്രിയപ്പെട്ട.

24. ഭദ്രാ=ശോഭന. ക്ഷത്രിയപുത്രി=ക്ഷത്രിയന്റെ പുത്രി (ക്ഷത്രിയസ്ത്രീ)

25. അതിന്നു, സമൻ=തപസ്സുകൊണ്ടു സിദ്ധിച്ചുള്ള തേജസ്സുകൊണ്ട്. വിപ്രൻ=ബ്രാഹ്മണൻ. (വിദ്യകൊണ്ടും തപസ്സിനെക്കൊണ്ടും പൂൎണ്ണനായവൻ എന്നു യോഗാൎത്ഥം) അഗ്ന്യൎക്കേന്ദ്രാദികൾ=അഗ്നി (സൂൎയ്യചന്ദ്രന്മാർ മുതലായവർ) ജലം=(അവൻ കഴിക്കുന്നേടത്തെ വെള്ളം) അതിശുദ്ധമായിക്കൊണ്ടു ചീറ്റിത്തെളിച്ചു പ്രസിദ്ധം.

29. ഭാമിനിമാർ=ഭാൎയ്യമാർ. കന്നൽ നേൎമിഴി=കന്നൽമിഴി=(കറുത്ത കണ്ണുകളുള്ളവൾ). ...ർ=(സ്ത്രീകൾ) അവരുടെ മിഴികളോടുകൂടിയവൾ. (സുന്ദരി)

31. കനിവൊടിടം=ഇളകപ്പെട്ട ദേഹത്തോടുകൂടിയവൾ. മറ്റുള്ള ... ചെന്നിതളിയ മഹർഷിയുടെ പുത്രൻ ... വെള്ളം കസ്തൂരി

കളഭാദി ലേപനങ്ങളെക്കൊണ്ടലംകൃതമായി അതിരമ്യമായ തന്റെ ശരീരത്തിൽ തെറിച്ചു് ഏററവും ഉല്ലാസമായി എന്നുള്ള താല്പര്യത്താൽ അന്നത്തെ ദേഹം കടന്നുവന്ന സ്വരം.

34. ക്ഷുദ്രാ=അന്തസ്സാരമില്ലാത്തവരം. ക്രൂരം=കോപം. തപോനിധി=തപസ്വീ.

35 വന്ന കഴ്ച്ചത്താൽ=വന്ന കഴ്ച്ചത്തെക്കുറിച്ചു്.

36 തന്വംഗി=തന്തുക്കളായ അംഗങ്ങളോടുകൂടിയവരം (ക്ലേശോക്തി) ഉൾക്കാമ്പു=മനസ്സു്. ആര്യപത്നിമാർ പ്രസവിക്കാതിരുന്നാലുണ്ടാകുന്ന് ദുഃഖമായി ഉണ്ടായ ശേഷം മനസ്സിന്നുണ്ടായപ്രയാസമെല്ലാം. ഉത്തമൻ=നല്ല ലക്ഷണങ്ങളുള്ളവൻ.

38. ഭീഷ്മവർ=തേജസ്വീ.ഭീഷ്മൻ=ഗംഗയുടെ പുത്രൻ.

39. പുത്രന വേണ്ടുംകർമ്മം=ജാതകർമ്മം, നാമകരണം, അന്നപ്രാശനം, ചൌളം, കർണ്ണവേധം, വിദ്യാരംഭം മുതലായ ഷോഡശസംസ്കാരങ്ങൾ. ശസ്ത്രശാസ്ത്രങ്ങൾ=ആയുധവിദ്യകൾ.

40. വീര്യം=ശൌര്യം. വിനയം=അറിവു്. നയം=നീതി. അവധി നം=(അവ്യ) ദിവസംതോറും.

43. പ്രേമം=സ്നേഹം. രക്ഷകർ=ശർമകൾ. വൈദ്യൻ ജ്യോതിഷി, മന്ത്രവാദി മുതലായ വരുടെ വിധിയനുസരിച്ചുള്ള മണി മന്ത്രാദികളായി പരിശീലനങ്ങൾ. നിരന്തരം=(അവ്യ) ഇടവിടാതെ.

44. മാംസപിണ്ഡം=മാംസക്കട്ട. (ശർമ രക്ഷകളെല്ലാം വേണ്ടവണ്ണം ചെയ്തിട്ടും മാസം തികഞ്ഞിട്ടും ഒരു ശിശുവിനെയല്ലാ പ്രസവിച്ചത് എന്നുള്ളതാണ രാജാവിന്റെ ദുഃഖകാരണം.

45. തിണ്ണം=ഉച്ചത്തിൽ. ഗാന്ധാരിവാക്ക്=ഗാന്ധാരിയുടെ വാക്ക്. (ആരംഭശൌചിതം)

46 ദ്വൈപായനമുനി ദീപം=വ്യാസമഹർഷി. ഗാന്ധാരിവാക്കു കേട്ടിട്ടും രാജാവിന്റെ ദുഃഖം ശമിക്കാതിരുന്നു്, ഈ നിരവയവമായ മാംസപിണ്ഡത്തിൽനിന്നു് നൂറു പുത്രന്മാരുണ്ടാകുമോ എന്ന വിശ്വാസം വരാതെയുള്ളതുകൊണ്ടും അതു സാധിപ്പാനുള്ള ഉപായം തോന്നായ്കയാലും ആകുന്നു.

43. ഉദാരമാനസൻ=ഉദാരചിത്തൻ. ('ദീർഘദർശിയാസ'നെന്നും ചിലപ്പോഴൊക്കെ സാധാരണമായിരുന്നു) രാക്ഷസൻ്=രാക്ഷസനെന്ന മന്ത്രിക്ക്. ബാഹ്യാർ=മനോവൈകൃത്യം.

49. നെയ്യ് ഖണ്ഡിക്ക=മാംസമായി മുറിക്കുക. ഘൃതകുംഭങ്ങൾ=നെയ്യു നിറച്ച കുടങ്ങൾ. (ഘൃതത്തിന്റെ വികാരം=ഘൃതം. എന്നു് അവയവാർത്ഥം)

51. അനുകമ്പാപൂർവ്വകം=(ക്രി. വി) കരുണയോടുകൂടി. ശിക്ഷിച്ചു. പരിശീലിക്ക=അഭ്യസിച്ചു മനസ്സിലാക്കുക.

52. ശത്രുസംഹാരം=ശത്രുക്കളുടെ വധം.

53. ഉദ്ധതത്വം=ഔദ്ധത്യം (ഉദ്ധതന്റെ ഭാവം=ഔദ്ധത്യം) ദൃപ്തന്മാർ=അഹങ്കാരത്തോടുകൂടിയവർ. നിജപുത്രന്മാർ=നിജശബ്ദത്തോടു ചേർന്ന സംബന്ധിച്ച പുത്രന്മാർ (കർമ്മധാരയം) 'സ്വാത്മനിത്യനിജം ത്രിഷു' എന്ന അമരകോശവചനംകൊണ്ടു നിജശബ്ദം വിശേഷ്യത്തെ അനുസരിച്ചു മൂന്നു ലിംഗത്തിലും വരുന്നതാണ്. അന്തികേ=(അ. ന. സ. ഏ.) സമീപത്തിൽ. കാനനം=തപോവനം. ഗതി=പരലോകസുഖം.

56. കവ്യം=ഇഷ്ടം. അവരുടെ പേരും ദോഷസമയത്തു ഇനിപ്പുവരെ കൊണ്ടു രാമാഗമനത്തെ നടപ്പനുസരിച്ചു ഉപ്പുറ നോക്കുവാൻ തരമില്ലാത്തതിനാലാകുന്നു ഈ ആലോചന വേണ്ടിവന്നതു്.

58. പാത്രം=യോഗ്യൻ. മാന്യകർമ്മം=മാന്യമെന്ന കർമ്മം.

60. താതൻ, ഒരു ചിന്തയുമില്ലാതെ എന്നെ മാന്യകർമ്മത്തിന്നു കല്പിച്ചിരുന്നവൻ മൂലം എന്നെയും കഷ്ടം (ആകുന്നു) നിരൂപിച്ചാൽ കേവലം സ്നേഹം ഇല്ലായ്കതന്നെ (മൂലം ആകുന്നു) എന്നഭിപ്രായം.

62. ശ്രേഷ്ഠത്വം=ജാതികൊണ്ടുള്ള ഉൽകൃഷ്ടത. ജ്യേഷ്ഠൻ=വയസ്സു മൂപ്പുള്ളവൻ. ഹാസ്യം=നിന്ദ്യം.

64. രാജത്വം=രാജാവിന്റെ സ്ഥാനം. നീചത്വം=താഴ്മ. മമ=(അസ്മച്ഛബ്ദം. ഷ. ഏ) എന്റെ.

65. രാജബീജത്വം=രാജാവിന്റെ ബീജത്തോടുകൂടിയവൻ എന്ന അവസ്ഥ.

69. കസ്യചിത്=ഒരുത്തന്റെ (ഏകാണിപ്രയോഗം)

74. ശുകനാസപുത്രൻ=ശുകനാസൻ എന്ന പേരുള്ളവൻ. ശുക്രതുല്യൻ=നീതിശാസ്ത്രപാണ്ഡിത്യംകൊണ്ടു അസുരാചാര്യനായ ശുക്രമഹർഷിക്കു സമൻ.

78. വൃഷലീസുതൻ=ശൂദ്രസ്ത്രീയുടെ പുത്രൻ. അന്തരം=ഛിദ്രം.

79. സാപത്ന്യം=ഒരു പുരുഷന്നു ഒന്നിലധികം ഭാര്യമാരുണ്ടായിരുന്നാൽ അവർ തമ്മിലുള്ള വൈരം. (സമാനനായ പതിയോടുകൂടിയവൾ സപത്നി; സപത്നിയുടെ ഭാവം=സാപത്ന്യം)

80. ദാസീപുത്രൻ=ദാസിയുടെ പുത്രൻ. (ശൂദ്രസ്ത്രീയായ മുരയുടെ പുത്രനായതുകൊണ്ടു പരിഹാസമായിപ്പറഞ്ഞതു്.)

81. ശാസ്ത്രങ്ങൾ=സ്മൃതികൾ. വ്യവസ്ഥകൾ=നിയമങ്ങൾ.

86. ഈശ്വരപരീക്ഷകൾ=ഈശ്വരനെ സാക്ഷീകരിച്ചുള്ള പരീക്ഷകൾ (നാക്കിന്മേൽ തൊടുക മുതലായതു്.) ഈശ്വരദൈവം=ദൈവത്തിന്റെ സങ്കല്പം. (ദൈവവിധി)

89. പാദസേവകൻ=ഭൃത്യൻ.

92. കാനനത്തിന്=കാനനത്തിന്നു (വസ്ത്രലോപം). ചിപ്പ ക്കയി=നല്ലവസ്ത്രം.

94. അന്യോന്യം=പരസ്പരം. (ആമിഷത്തിൽ) ഉപേക്ഷ=കൈ ശ്രുതങ്ങളിൽ അറ്റുവോ.

95. ബഹുനായകം=പല നായകന്മാരുള്ളത് (ബഹുനായകത്വം നാശകാരണമല്ലേ)

101. ലോഭം=അധികാരതൃഷ്ണ.

103. അന്ധൻ=ബുദ്ധിഹീനൻ. സ്വാധികാരങ്ങൾ=ഭൂഷണങ്ങൾ.

106. ഭിക്ഷിക്ക=ഉപായരൂപമായി പറക. മന്ത്രകാരന്മാർ= അപ്പുണ്യലികൾ.

107. നവനന്ദന്മാർ=മഹാപത്മപുത്രന്മാർ.

109. ശ്രീചക്രം=ഭൂമണ്ഡലം. നവനായകം=നവന്മാരായ (പുതിയ) നായകന്മാരോടുകൂടിയത്. അല്ലെങ്കിൽ നവ=(ഒമ്പതു) നായകന്മാരോടുകൂടിയത്. നായകന്മാർ വൃദ്ധരും ബഹുത്വവും കാര്യഹാനികരമാണല്ലോ. ചോനാന്ന=ബംഗിയുടെ അംഗുലക്കൽ നമ്പൂരി.

111. ഭേദിപ്പിക്ക=പിരിപ്പിക്ക. മന്ത്രനിശ്ചയം=ആലോചിച്ചു തീർക്കുക.

113. പ്രാജ്ഞകീർത്തി=വളരെ കീർത്തിയുള്ളവൻ. അർത്ഥികളെ ഭേദിപ്പിക്ക.

115. മന്ത്രികൾക്കവൈരാഗ്യം=മന്ത്രികളുടെ സ്വൈരത്വം.

119. ഉദ്യോഗസ്ഥകർമ്മം=ഉന്നതരുടെ ആധിക്യം.

121. രാജ്യത്തിന്ന്—അധികാരം=ഭരണത്തിൽ മാറ്റം.

123. സേനാധിപത്യം=പടനായകന്റെ സ്ഥാനം. നിത്യതപസ്സ മനോവില്ലായ്മ. മനം=ചിത്തവൃത്തി. (മനോസ്മൃത) പുത്രസ്നേഹത്തിലെ പുത്രസുഖം. കൈതവം=സാമർത്ഥ്യം. നീതികൾ=നയപ്രയോഗങ്ങൾ. ആശയം=മനസ്സ്. ബുദ്ധി=ധൈര്യം (നന്ദപ്രഭൃതി മന്ത്രിമാരും നവനന്ദന്മാരെക്കൊണ്ടു തന്നെ എല്ലാ അവരുടെ പ്രാപ്ത രാജപുത്രനായ തന്നെ അവർ സകലവസ്തുക്കളെ പ്രവർത്തിപ്പാൻ തുടങ്ങിയതുകൊണ്ട് ഞാനും ആശയശുദ്ധികൊണ്ടല്ലെന്നും സാധ്യമാകും).

മൈത്ര്യവധം.

126. അളകങ്ങൾ=രാജ്യം ഒഴിച്ചുള്ള വശങ്ങളായുള്ളവർ ശേഷം അധോഗതിയായ=(ഭൂമി) ആയ ഭരണം (രാജ്യം).

128. ഏണാങ്കതിലകസ്സം ഏന്നുതുടങ്ങി—ലോകത്തിനിഷ്ടയും ഏവരെ രക്ഷസാധികളുടെ നിരൂപണം.

129. ജാരൻ=ഉപപതി (സ്വസ്ഥപുരുഷൻ) വരനാരി=ശ്രേഷ്ഠസ്ത്രീ (ഉപമാലങ്കാരം)

132. പണ്യ=രാജ്യമാരനിയമനകാലത്ത്. വിരോധം=വൈരം. കണ്ടകർ=ഉപദ്രവികൾ.

138. മന്ത്രമണ്ഡപം=കാര്യാലോചനസ്ഥലം. രാജാക്കന്മാർക്ക് മന്ത്രരക്ഷണം അത്യാവശ്യമാകയാൽ ആലോചനാമണ്ഡപം ഏറ്റവും ഗൂഢസ്ഥലത്തായിരിക്കേണ്ടതിനാൽ ഇവിടെ അപായചിന്ത്യാവകാശമില്ലല്ലോ.

139. ദീർഘം=നീളമുള്ളത്. കട്ടു്=വിസ്താരംകുറഞ്ഞതു് (ഇടുങ്ങിയതു്).

145. ഗൃഹാങ്കണം=ഗൃഹങ്ങളുടെ പുറം (മുറ്റമെന്ന സാരം) നിഷ്ഠുരന്മാർ=ക്രൂരന്മാർ. പാഷാണം=കല്ല്. ഗൃഹാന്തരം=ഗൃഹങ്ങളുടെ ഉൾഭാഗം.

152. വസ്ത്രകിരണങ്ങൾ=രത്നക്കല്ലുപതിച്ചവാൽ പ്രകാശിച്ചിരിക്കുന്ന വസ്ത്രങ്ങൾ ആഭരണങ്ങൾ. (കോലാഹല്ലൂറ്, ചന്ദ്രശേഖരം മുതലായതു്).

153. ഭോജനം=ഭക്ഷണം. ഭാജനം=പാത്രം.

155. ആചാരം=നടപടി.

161. ചണ്ഡർ=ക്രൂരന്മാർ. മന്ത്രശാല=ആലോചനാസഭ.

163. ഉന്മാദം=ചതിപ്രയോഗം. ഗൂഢകല്പിതം=ഗൂഢമായിച്ചെയ്ത വിധി.

164. അവലംബിക്ക=ആശ്രയിക്ക. ക്ഷണമാത്രം=കുറച്ചുനേരം.

167. ഈശ്വരമതം=ദൈവനിശ്ചയം (ദൈവവിധി) ജീവിതം=ജീവൻ (പ്രാണൻ).

171. നിരയാഗം=കഷ്ടം. നിർഗ്ഗമിക്ക=പുറത്തുപോവുക.

180. ധൃഷ്ടൻ=ചപലബുദ്ധിയുള്ളവൻ. നൈരാശ്യം=ഖിന്നത.

182. മൈഥിലി=സീത. ആർത്തി=അനാഥത്വം. അരക്ഷിത=രക്ഷിക്കാത്ത.

188. രാജഭീതി=രാജാവിൽനിന്നുള്ള ഭയം. (നാട്ടിൽ അനീതി നടക്കാതെ രക്ഷിക്കേണ്ടുന്ന രാജാക്കന്മാർതന്നെ ഇങ്ങനെയുള്ള അനീതി ചെയ്തുതുടങ്ങിയാൽ ഇനിയെന്തെല്ലാം വന്നുകൂടും എന്നുള്ള വിചാരംതന്നെ ഭയകാരണം).

ചന്ദ്രഗുപ്തമോചനം.

191. ആത്മശ്ലാഘം= (ക്രി. വി.) അഹങ്കാരത്തോടുകൂടി.

194. സംഗരാരംഭം=സംഗ്രാമാരംഭം (യുദ്ധാരംഭം) സന്ദേശഹാരന്മാർ (അറിയിപ്പ്) കൊണ്ടുവരുന്നവർ=രാജാവിന്റെ കിങ്കരന്മാർ.

195. മംഗലകീർത്ത്യം= (ഇ. സ്ത്രീ. ഇ. ഏ.) നല്ല യശസ്സോടുകൂടി

196. പഞ്ജരം=കൂട്. ഒളിയാതെ=ഒളിക്കാതെ. ഒപ്പിക്ക=മടിക്ക. അഞ്ജസാ=(അവ്യ)വേഗത്തിൽ.

198. പഞ്ചാസ്യൻ=സിംഹം. (വിസ്തൃതമായമുഖത്തോടുകൂടിയവൻ എന്നു വ്യുത്പത്ത്യർത്ഥം)

200. ചൊല്ല്+ഇയന്നു=കീർത്തിയുള്ള. വിശിഖാഖ്യൻ=വിശിഖനെന്ന പേരുള്ളവൻ. നല്ലൻ=നല്ലവൻ. ഈ പദം നല്ല എന്ന ഗുണവാചകശബ്ദത്തിൽ അൻ എന്ന പുല്ലിംഗപ്രത്യയം ചേർത്തുണ്ടാക്കിയ രൂപമാകുന്നു. "നല്ലനല്ലാമവൻ" എന്നു രാമായണം കിളിപ്പാട്ടിൽ എഴുത്തച്ഛനും പ്രയോഗിച്ചിട്ടുണ്ട്. "വല്ലതുമിതിനൊരുപായമുണ്ടോ മമ വന്നു" എന്നതിൽ "മമ—ഉപായം" എന്നു പദച്ഛേദം ഗ്രാഹ്യം.

202. ദിവ്യശാസ്ത്രം=സകലശാസ്ത്രവൈദുഷ്യം. കല്പകവൃക്ഷം=ആഗ്രഹിക്കപ്പെടുന്ന വസ്തുക്കളെല്ലാം യഥേഷ്ടം കൊടുക്കുന്ന ഒരു ദിവ്യവൃക്ഷം. കാമധേനു, ചിന്താമണി ഇവയെപ്പോലെ. ഇവയെല്ലാം പാലാഴിമഥനത്തിൽ നിന്നു കിട്ടിയവയാണെന്നു പുരാണപ്രസിദ്ധം. ചന്ദ്രഗുപ്തൻ ദിവ്യശാസ്ത്രത്തിനു കല്പവൃക്ഷമാണെന്നു പറയുന്നതുകൊണ്ടു ദിവ്യശാസ്ത്രസംബന്ധമായ എല്ലാപ്രയോഗങ്ങളും അറിയുന്നവനെന്നു സാരം.

204. ഇരിക്കുന്നില്ലേ?=ഇരിക്കുന്നുണ്ടോ? (ജീവിക്കുന്നുണ്ടോ).

205. പന്നഗാരികൾ=ശിഖികൾ "പന്നഗാശികൾ" എന്നു ചില ഗ്രന്ഥങ്ങളിൽ കാണുന്നു. അതിനു "സുപർണ്ണഃ പന്നഗാശനഃ" എന്ന അമരകോശപ്രകാരം 'ഗരുഡന്മാർ' എന്നർത്ഥം കല്പിക്കണം. എന്നാൽ ഗരുഡൻ അനേകരുള്ളതായി കേട്ടിട്ടില്ലാത്തതിനാൽ ആ അർത്ഥത്തിനു യുക്തി മതിയാകുന്നില്ല. ഇനി കേകാസ്വനന്മാർ (കേകാരവകാരികൾ) മുതലായ ചില കവികൾ 'ശാപ'മെന്നതിനാണെന്നു ചിലേടങ്ങളിൽ പ്രസിദ്ധിയുണ്ട്. അവർ ഇവ ഭക്ഷിക്കുന്നതിനാൽ സംഗതമാണത്. എന്നാൽ അതിനു പ്രസിദ്ധി മതിയാകുന്നില്ല. പാമ്പിനെ പിടിപ്പാൻ ആഗ്രഹിക്കുന്നവർ (പാമ്പാട്ടികൾ) (പാമ്പുപിടിയന്മാർ) എന്നർത്ഥം കല്പിച്ചാൽ വൈഷമ്യമില്ല.

206. ദ്വിഷ്ടൻ=ദ്വേഷിച്ചവൻ. ഹൃഷ്ടർ=സന്തോഷിച്ചവർ. പുഷ്ടകൗതുകം=(ക്രി. വി.) വളരെ സന്തോഷത്തോടെ.

208. മത്സരാദികൾ=വൈരം മുതലായവ.

214. നരേന്ദ്രം=രാജാ.

219. അനുസരിക്ക=അനുയായിക. വിപ്രിയം=വിരോധം.

220 ജന്യാരവം=ജനസംഘാതം

223. മഞ്ജുളം=മനോഹരം, ഗുരുകന്യക=പുത്രിയുടെ ഏതാ [illegible]

225. മഹാവിഗ്രഹം=വലിയ ദേഹത്തോടുകൂടിയത്. കഴലിണ [illegible]

226. ഇഷ്ടം=(സപ്തമി. ന. പു. ഏ) ഇവിട്. ചോദകരേ=പ്രേരികൾ. [illegible]

227. യന്ത്രം=സൂത്രപ്പണി. ശില്പികൾ=കരകൗശലക്കാർ.

228. കല്പിതം=ഉണ്ടാക്കപ്പെട്ടത്. (ഈ സിംഹം ശില്പികല്പിതമാണ്. ദൈവകല്പിതമല്ല)

229. ഭാസുരം=(ക്രി. വി. [illegible]) ഉയിർപ്പിക്കപ്പെട്ടവ. (ഉയിർപ്പിക്ക=[illegible]) ധാവനം=ഓട്ടം (പൂണ്ട്=കൈക്കൊണ്ട്)

230 [illegible] "ഭാസുരം" എന്ന ക്രിയയ്ക്കു [illegible] എന്നർത്ഥമാണെങ്കിൽ ഈ സന്ദർഭത്തിൽ [illegible] ഉണ്ടാകുന്നതല്ല. അതിനാൽ "ഭാസുരം" എന്നതിന് ഉയർക്ക എന്നർത്ഥമാണ് ഇവിടെ വിവക്ഷിച്ചിരിക്കുന്നത്. [illegible]

231. [illegible]=വിസ്മയം. [illegible]

233. [illegible] അപൂർവ്വപ്രയോഗമാണ് [illegible]

235. [illegible] സമ്മാനിക്കപ്പെട്ടവർ. ഒരു രാജാവിന്റെ [illegible] ഒരു കാര്യത്തിന്റെ [illegible] സന്തോഷിപ്പിച്ചു [illegible] പതിവാണ്. [illegible] വിവരമെല്ലാം. [illegible]

236. [illegible] പിതൃകർമ്മം.

239. [illegible] (അന്ത്രാലിലില്ലയില്ല).

240. [illegible]

ശ്യനാണ്. അങ്ങനെ വസ്തുക്കളിലിരിക്കുന്നതു ഒരുതരം വിശേഷമാണ്. (ഗുണദോഷവിവേചനാശക്തിയുണ്ടാവില്ല) എന്നർത്ഥമല്ല. എങ്കിലും ഇതൊക്കെ പുരാണങ്ങളാലെ തെളിയിക്കേണ്ടതാവശ്യമാണ്.

241. അകമഴിക്കിട്ട്—ആധിപത്യം= അല്പനായ ശത്രുവെ കൊടുത്തിരുന്ന മേധാവിത്വം, കൊടുത്താൽ ശത്രുപക്ഷത്തിലുള്ളവരെ ഒഴിപ്പിക്കാനിടവരും.

242. പാത്രം=യോഗ്യൻ. മന്ധം=സങ്കടം.

244. അഗ്രഭോജനം=ഭജിക്കേണ്ടവരുടെ ഭക്ഷണത്തിന്റെ സാക്ഷിയായി ഇരിക്കുന്ന ശ്രേഷ്ഠരായ ബ്രാഹ്മണരുടെ ഭോജനം. ഇവിടെ അഗ്രശബ്ദം ശ്രേഷ്ഠവാചകമാകുന്നു. "പരാർദ്ധ്യാഗ്ര്യപ്രാഗ്ര്യ ഹരാഗ്ര്യാഗ്ര്യാഗ്രീയമഗ്രിയം ശ്രേയാൻ ശ്രേഷ്ഠഃ" എന്നമരം.

246. ചമൂസാ=(സം. നാ. ഉ. ഏ.) സൈന്യമൊത്ത്.

248. തപോധനൻ=തപസ്സുള്ളവൻ. നര=(അഞ്ച്) പര=(പ്രധാനം) ആയിട്ടുള്ളവൻ. അന്തിനം=(അന്ത്യ) ദിവസം. വല്ലഭം=സാമർത്ഥ്യം.

251. ഒന്നുമില്ലെന്നിട്ട്=ഒന്നുമില്ലെന്നു വിചാരിച്ചിട്ട്. (ചാണക്യമതം) നയശാസ്ത്രതന്ത്രമനുസൃത്യം.

ഇന്ദ്രാകേശസംഗ്രഹത്തിനും കാലിദാസനെയും അധികരിച്ച (വിശദീകരിച്ച്) ഉള്ള കൃതി "അതിലഭ്യാന്താഗുണശാലിത്വം"—മുതലായ പ്രയോഗത്തെ പോലെ കണ്ടുകൊൾക.

ഭാഷാചമ്പുക്കൾ—അതിന്റെ ലക്ഷണവും വിവരണവും 'പ്രാചീനമണി'യിൽനിന്ന് ഗ്രഹിക്കേണ്ടതാകുന്നു.

ഒന്നാംപാദം കഴിഞ്ഞു.

രണ്ടാം പാദം

(കാകളീവൃത്തം)

1. "ബാലേ! സുശീലേ" എന്നതുമുതൽ "അനാദമിനിക്കളിൽ" എന്നവരെ തങ്ങളോടുള്ള അപേക്ഷ.

5. "എങ്കിലോ എന്നതുതൽ—ചൊല്ലിച്ചുവാൻ" എന്നവരെ തന്റെയും വാക്യം. കഥാവതരണം. ചാണക്യവചനം—ഉദ്ദേശം="നിവൃത്തങ്ങൾ

ണ്ടു" എന്നു താഴെ പറവാൻപോകുന്ന വാക്യത്തോടുകൂടി അന്വയം. തന്റെ നേരെ പ്രകാശിക്കുന്ന. (തരുന്ന) പാന്ഥമദ്ധ്യ=വഴിയുടെ നടുവിൽ. [illegible]=കോപിച്ചവൻ. [illegible]. [illegible]=കപിതൻ. [illegible] കണ്ടിയിൽ കയറ്റുക. വാങ്ങുക. [illegible] വർണൻ.

10. [illegible]= [illegible] (സംബോധന). [illegible] പ്രകാശിക്കുന്ന [illegible]. [illegible]=[illegible] (നല്ലവണ്ണം). [illegible]= [illegible]. (സപ്തമി) [illegible]=[illegible].

15. "[illegible] കഠിനയാൽ" എന്നു 'നല്ല' എന്ന വാക്യപൂരണം. [illegible]=[illegible].

16. [illegible]=ബ്രാഹ്മണൻ.

17. [illegible]=[illegible] അഗ്നി (രൂപകം). അവൻ= ചന്ദ്രഗുപ്തൻ.

18. [illegible]=[illegible], [illegible]=[illegible]. (അനുപ്രാസം).

20. [illegible]=പുഞ്ചിരി.

21 [illegible]=എന്റെ. [illegible]=സ്വഭാവം. [illegible]=[illegible].

22. [illegible]=[illegible] [illegible]. [illegible]= [illegible]. [illegible]. [illegible]=[illegible] [illegible].

23. [illegible]=[illegible] [illegible] [illegible]. [illegible]=[illegible]. ([illegible] "[illegible], [illegible], [illegible], [illegible]" എന്ന് [illegible]. [illegible]=[illegible].

24. [illegible] (ദ്വന്ദം) [illegible]=[illegible].

25. [illegible]=[illegible] ([illegible]).

26. [illegible] സംബന്ധിച്ചതു (എന്റേതു) [illegible] [illegible] [illegible].

27. [illegible]=[illegible] ([illegible]). [illegible]=[illegible] ([illegible]=[illegible])

28. [illegible]=[illegible] [illegible] [illegible]. ([illegible], [illegible], [illegible], [illegible], [illegible] ഇവ എല്ലാം [illegible] പര്യായങ്ങൾതന്നെ).

29. [illegible]=(സംബോധന). [illegible].

30. അത്ര (അത്യ) ഭാഗത്തിൽ. ശങ്കാഗ്രഹീതം=സംശയമുള്ള മനസ്സ്. (ക്രി. വി) പാരിൽ=ഭൂമിയിൽ. പ്രസിദ്ധൻ=കേൾവിപ്പെട്ടവൻ. ചാണക്യൻ=ചണകന്റെ പുത്രൻ.

32. കൌടില്യൻ=കുടിലമായ (വക്രമായ) സ്വഭാവമുള്ളവൻ.

33. വിഷ്ണുഗുപ്തൻ=വിഷ്ണുവിനാൽ ഗുപ്തൻ (രക്ഷിക്കപ്പെട്ടവൻ).

34. നന്ദനിഗ്രഹണം= നന്ദന്മാരുടെ നിഗ്രഹണം.

35. "ഭൂപാലൻ ....കഴിപ്പാനും" എന്നുള്ള ഭാഗത്തിൽ. പൂർവ്വാപരങ്ങൾക്കു ചേർച്ചയുള്ള പ്രയോഗം മുഴുവനില്ലാത്തതുകൊണ്ടും സമാപ്തിക്രിയയുണ്ട്. ഭാഗ്യവാന്മാർ ആയ നന്ദന്മാർ; വരുന്നവരെ കണ്ടിച്ചീടുവാൻ ഇഷ്ടം ഭാവിച്ചു കഴിപ്പാനും ആകിന്ന്. യോഗ്യനായ ഒരു വൃഷലൻ ആകുന്നുവെങ്കിൽ. അതു കേട്ടിട്ട് എന്നഭിപ്രായം. വൃഷലൻ=ശൂദ്രൻ.

36. ഇനി=ഇപ്പോൾ. അവൻ=ആ വൃഷലൻ.

37. അകീർത്തി=അപമാനം. (അത്രയും എന്നാണ് വേണ്ടത്). അങ്ങിനെയായിരുന്നാൽ പിന്നത്തെ പാദത്തിലെ ക്രിയയുമായി സംബന്ധം ചേരുകയില്ല. അതിനാൽ സംസ്കൃതത്തിലെ തത്സമം മലയാളത്തിലെ തദ്ഭവവും തമ്മിലുള്ള ഭേദത്തെ ഗണിക്കാതെ പ്രയോഗിച്ചതായിരിക്കണം.

39. ശാസ്ത്രമാർഗ്ഗം= അവരുടെ കാലിലെ ചങ്ങലകൾ. ഇതു ബുദ്ധിമാന്മാരുടെ പ്രവൃത്തി.

42. പാതകിനന്ദന്മാർക്ക്=ബന്ധുക്കളായ നന്ദന്മാരെ നേരിട്ട് അനാഥരാക്കുന്നതിന് എന്ന പറഞ്ഞതു കൂടിയതല്ലാതെ വിചാരിച്ചു അതുതന്നെ കുറെ വ്യക്തമായി പറയുന്നു. അല്ലാതെ അവിടെ ചാണക്യന്റെ അഭിപ്രായം.

43. വിദ്വത്തിന്റെ ബലം= ബ്രാഹ്മണരുടെ ശക്തി. ചന്ദ്രഗുപ്തൻ=ചന്ദ്രന്റെ പുത്രൻ.

44. അവതാരം=ജന്മം (ജനനം).

45. സഹായങ്ങൾ=രീതി, ശക്തനായിരുന്നവരെപ്പോലെ ഉള്ളവരായ പുത്രന്മാരുള്ളതുകൊണ്ട്. ഇവൻ ഒരു കാര്യത്തിൽ അവന് മനസ്സു കൊണ്ടു കയ്യിലുള്ളതിനും. ഇങ്ങനെയുള്ളവർ=നാട്ടാർ. (വംശനാശം) രാജാക്കന്മാർ=കന്യക.

47. പക്ഷത്തെ=അവരുടെ പക്ഷത്തെ. ദുഃഖം=വിനാശം. ഭക്തിക്കു കമ്പിട്ട=തന്നെ പാലിക്കുന്ന വലിപ്പം.

50. നിത്യവും=എപ്പോഴും. ഒരു=ഒരുമിച്ച്.

51. ഒന്ന=അതായ ചാരന്മാരുടെ മദം.

52. മൽക്കേളിനികേതനക്ക് = എന്റെ ഗൃഹത്തിലേക്ക്. ഇത് ആക്ഷേപരൂപമായി പറഞ്ഞതാണ്.

53. ആശ്രമം = ഇല്ലം (മഠം) "ആശ്രമോ ബ്രഹ്മചര്യാദൌ വാനപ്രസ്ഥാദി മഠേ വനേ" എന്നഭിധാനം. വിശ്രമിക്ക = ക്ഷീണം തീർക്കുക. ക്ലമം = വ്യസനം.

56. താതവിനാശം = അച്ഛന്റെ നാശം. സോദരനാശം = സഹോദരന്മാരുടെ നാശം. തന്റെ വിനാശം = തനിക്കിപ്പോഴുള്ള അവസ്ഥാഭേദം.

57. മേദിനീപാലകന്മാർ = രാജാക്കന്മാർ. വൃത്തം = ചരിത്രം.

58. ഉൾക്കാമ്പ് = മനസ്സ്. ഊനം വരാതെ = വേണ്ടപോലെ.

59. മഹീസുരാചാര്യൻ = ബ്രാഹ്മണനായ ഉപാധ്യായൻ. സ്നാനാദികർമം = കുളി, ജപം മുതലായ നിത്യാനുഷ്ഠാനങ്ങൾ. ഭോജനാദ്യം = ഊട്ടും.

61. വേഗം കഴപ്പൂ = മന്ദം മന്ദം. (പോകുന്നേരം എന്ന ക്രിയയുടെ വിശേഷണം).

62. ദൈവബലം = വിധിവൈഭവം. മനോരഥം = ആഗ്രഹം. കൈക്കലാക = കയ്യിൽ വരുക. (സിദ്ധിക്കുക) ക്രിയാസമാസം.

63. ഇഷ്ടദ്വിജസുതൻ = ഇഷ്ട ബ്രാഹ്മണൻ. അശ്രയിച്ച് = ആശ്രയിച്ച്. (അകാരലോപം) പ്രതിക്രിയ = പ്രതികാരം (ഇവരോട് ചെയ്ത ദ്രോഹത്തിന്റെ പകവീട്ടൽ) ഉഗ്രൻ = ക്രൂരനായവൻ.

64. അഗ്രാസനം = മാന്യപീഠം (പ്രധാനാസനം) നിജപുരം = തന്റെ ഗൃഹം.

68. ഭിത്തിശാലാന്തരം = (അ. ന. സ. ഏ. വ) = മട്ടുപ്പാവുകളുടെ അകത്ത്. തത്ര = അവിടെ. (അവ്യ) കനിവോട് = ഇവിടെ കനിവെന്നതിന 'ദയ'യെന്ന അർത്ഥം വിവക്ഷിച്ചിട്ടുള്ളൂ. 'ഇനിവോട്' എന്നായിരുന്നെങ്കിൽ ശരിയാകുമായിരുന്നു. ഈ ഗ്രന്ഥത്തിൽ അന്യസ്ഥാനത്തിൽ പലേടത്തും 'കനിവ്' പ്രയോഗിച്ചു കാണുന്നുണ്ട്.

69. തളികകൾ = കിണ്ണങ്ങൾ (ഉണ്ണുന്നതിനുള്ള പാത്രങ്ങൾ).

71. വെള്ളത്തിലെ നക്ഷത്രപാളപോലെ = ഈ ഉപമ പാത്രങ്ങളുടെ സംഖ്യാബാഹുല്യത്തെയും, അവയുടെ തിളക്കത്തെയും നിർണ്ണയിച്ചു ചെയ്യപ്പെടുന്നു. മേനിച്ച് = ആദരിച്ച്. പാചകന്മാർ = വെപ്പുകാർ. സമ്പന്നം = സമ്പന്നംകൊണ്ടുള്ളത് (സപാദ്മമട്ട്).

73. മാന്യസ്ഥലം = പൂജ്യസ്ഥാനം. ഇതം - (അവ്യ) ഇങ്ങനെ.

79. ഭക്തിപൂരിതൻ = കൈതൊഴുന്ന ബ്രാഹ്മണൻ (ഇതു കൃഷ്ണന്റെ ഒരു പേരാകുന്നു).

80. അല്പൻ=ദുഷ്ടൻ. അല്പവയസ്സ്=വയസ്സു കുറവായിട്ടുള്ളവൻ (ചെറുപ്പക്കാരൻ).

82. വടു=ബ്രാഹ്മണകുമാരൻ (നിന്ദയോടുകൂടി പറയുമ്പോഴും ബ്രാഹ്മണനെ വടു, മാണവകൻ എന്നു പറയുന്നതു സാധാരണമാണ്. ധൃഷ്ടത=ലജ്ജയില്ലായ്മ.

84. അനാരൂഢശ്മശ്രു=അനാരൂഢമായ (മുളയ്ക്കാത്ത) ശ്മശ്രു=(മീശ)യോടു കൂടിയവൻ (മീശ കുരുക്കാത്തവൻ). സ. പ്രി.

88. മർക്കടൻ=കുരങ്ങൻ. തസ്കരൻ=കള്ളൻ. മത്സരൻ=എന്നോടു ഈർഷ്യൻ. മത്സരം=ക്രൂരം.

90. നാലുവേദങ്ങൾ=ഋക്, യജുസ്സ്, സാമം, അഥർവ്വം. ആറു അംഗങ്ങൾ=ജ്യോതിഷം, കല്പം, നിരുക്തം, ശിക്ഷ, വ്യാകരണം, ഛന്ദസ്സ്. മാലകൂടാതെ=നിഷ്പ്രയാസമായ് അല്ലെങ്കിൽ മറുകയില്ലാതെ. ഉരുക്കായ്=ഉറപ്പായ്. (സംശയംകൂടാതെ).

92. ഗർവ്വിതന്മാർ=അഹങ്കാരമുള്ളവർ. ശക്രാക്ക്=ശകടം. ശകടം=ശകടാ.

95. രാജഭൃത്യന്മാർ=രാജകിങ്കരന്മാർ.

101. ഘോരം=ഭയങ്കരം. പ്രതിജ്ഞ=ശപഥം. (ആ പ്രതിജ്ഞയുടെ പ്രകാരമാണ പറയുന്നു).

102. മുഖ്യൻ=ശ്രേഷ്ഠൻ. പൂജ്യൻ=മാന്യൻ. ധിക്കൃതൻ=നിന്ദിക്കപ്പെട്ടവൻ.

103. ഉഗ്രകുലനീചർ=രാജവംശത്തിൽവെച്ചു ഹീനന്മാർ (നികൃഷ്ടന്മാർ). വാഴിച്ചിവിടെ=ഇവിടെ വാഴിച്ച്. മൂഢ=കഷ്ടം. കേട്ടന്നുണ്ട്=ഇതു പ്രതിജ്ഞയിൽ ഒരു പ്രത്യക്ഷപ്രയോഗമാണ്. "വഹ്നിയിൽ ചാടി മരിക്കുന്നുണ്ടുഞാൻ" ഇത്യാദി പ്രയോഗങ്ങളും നോക്കുക.

105. ക്ഷത്രിയകശ്മലർ=ക്ഷത്രിയരിൽ അധമന്മാർ.

107. ഖിന്നർ=വിഷണ്ണന്മാർ.

108. കുടുമനോടി=വിടുർത്തുകൊണ്ടുള്ള ശിഖ. വിവശൻ=തന്റെ വശമില്ലാത്തവൻ. ഭാഷിതം=വചനം. കാമം=യഥേഷ്ടം. (ക്രി. വി)

110. മൌര്യഗൃഹം=ചന്ദ്രഗുപ്തന്റെ ഗൃഹം.

116. ചന്ദ്രഗുപ്തൻതാൻ നയിച്ചിരുന്നു="അല്പനെയും മന്ത്രികളെയും ചതിച്ചിരിക്കുന്ന നന്ദനന്മാരെ ഉന്മൂലനാശംചെയ്തു പാർക്കീടണം" എന്നതിന്. അന്തരം=വ്യത്യാസം.

117. തൽപദം=അവന്റെ (ചാണക്യന്റെ) പദം.

118. പാദങ്ങളു്-രക്കം=മേലാൽ ചെയ്യേണ്ട കാര്യങ്ങളെ കുറിച്ചുള്ള നിശ്ചയങ്ങളും. ബുദ്ധിമതി=മഹാബുദ്ധിമാൻ.

122. സബ്രഹ്മചാരി=ഒരുമിച്ചു പഠിച്ചവൻ (സഹപാഠി). ബ്രഹ്മബന്ധു=ഒരു ബ്രാഹ്മണൻ; ബ്രാഹ്മണനോടും ക്ഷത്രിയനോടും പേരുകളോടു കൂടി ശർമ്മാ എന്നും, വർമ്മാ എന്നും ഉപപദങ്ങൾ ചേർക്കുന്ന സമ്പ്രദായം. ഇതുപോലെ വൈശ്യർക്കും ശൂദ്രർക്കും ഗുപ്ത എന്നും ദാസ എന്നും ക്രമവിഭാഗം കൂടാതെ പ്രയോഗിച്ചുവരുന്നു. ദേവശർമ്മാ, രാമവർമ്മാ, ചന്ദ്രഗുപ്ത, കേശവദാസ ഇത്യാദി ഉദാഹരണം.

125. ജ്യോതിഷം=ജ്യോതിസ്സുകളെ സംബന്ധിച്ച ശാസ്ത്രം. ജ്യോതിസ്സുകൾ=ഗ്രഹനക്ഷത്രാദികൾ. പാണ്ഡിത്യം=വൈദഗ്ദ്ധ്യം, നൈപുണ്യം.

126. സാമുദ്രികം=എല്ലാ അവയവങ്ങളുടെയും ലക്ഷണം. ലക്ഷണങ്ങളേയും അവയുടെ സന്ധികളേയും പറ്റിയ ശാസ്ത്രം.

127. ഉപരമം=മനസ്സുറപ്പ്, സ്ഥിരനിശ്ചയം. മുദ്രിതക=മുദ്രയിട്ടവർ. (മുദ്ര=അടയാളം എന്നർത്ഥമാണെങ്കിലും പണ്ടു, ശബരിമല മുതലായ ക്ഷേത്രങ്ങളിലേക്ക പോകുന്നവർ നോൽമ്പിടുക, മുദ്രകെട്ടുക എന്നു പറയാറുണ്ടല്ലോ. അതുപോലെ കണ്ണുകളെ വൈകൃതം നേരിട്ടാലും സംശയിതകാര്യം സമ്മതിച്ചല്ലാതെ മറ്റൊന്നും പ്രവർത്തിക്കയില്ലെന്നുറപ്പുക. പാപകർമ്മം=പാതകം, ലംഘനം കുറ്റം.

128. നിസ്പൃഹൻ=ഒന്നിലും ആഗ്രഹമില്ലാത്തവൻ. യോഗിവന്ദനം=ഒരു മഹാശിവന്റെ വന്ദനം. ഋജുബുദ്ധിത്വം=ഋജുമതം.

131. കാരുണ്യം=അനുഗ്രഹം. ശ്രാവകസത്യം=ശ്രാവക! ഇതി എന്ന പദച്ഛേദം. 'ശ്രാവക' എന്ന സംബോധനയെ വിളിച്ചുകൊണ്ട് ശ്രാവകൻ=കേൾക്കുന്നവൻ. എന്ന അർത്ഥം. പ്രായേണ ശിഷ്യൻ എന്നർത്ഥത്തിലുള്ള സംബോധനയായിട്ടുള്ളതാണ്.

132. ക്ഷപണകൻ=ബൗദ്ധസന്യാസി.

133. കിഞ്ചന—(അവ്യയം) അല്പമെങ്കിലും. വചനസംശയം=വചനത്തിൽ സംശയം. കളിയിലെപ്പോലെ സംശയം. കല്പം=ദിനം. (കൃതയുഗം).

134. വിപ്രനിരാസം=ബ്രാഹ്മണനെ തള്ളിക്കളക. അവൻ=ആ ബ്രാഹ്മണൻ.

135. വിഷമം=കഠിനം (മനസ്സിടിവ്). മന്ത്രിപ്രധാനൻ=മന്ത്രിശ്രേഷ്ഠൻ.

136. നിരാകരിച്ച് കണ്ട്=ഈ വക ദുഷ്ടകർമ്മങ്ങളിൽ നിന്നും പലർക്കും ഉണ്ടായിട്ടുള്ള ദോഷങ്ങളെപ്പറ്റി വിചാരിച്ചാലോചനചെയ്ത്. അതിന്=ആ ബ്രാഹ്മണനിരാസംകൊണ്ടു വരാവുന്ന ദോഷനിവാരണത്തിന്.

137. ഭൂപാലകൻ=ഭൂമിയെ രക്ഷിക്കുന്നവർ (രാജാക്കന്മാർ). ശുദ്ധ!

ഘാതത്താൽ=ദാരണകർമ്മത്താൽ. 'ഹിംസാകർമ്മാഭിചാരസ്സ്യാൽ' എന്നഭിധാനം. ഇതിന്നരുളിപാഠം.

138. നിസ്തരിപ്പാൻ=പരിഹാരംചെയ്തു രക്ഷിപ്പിപ്പാൻ. ഒരേ—എന്നു്=ഒരേ—(ഉണ്ടു്) എന്നു്. മാർഗ്ഗം=നിവൃത്തിക്കുള്ള വഴി.

140. ഉണ്ടുപോൽ=ഉണ്ടു്-ഒരുവൻ-മന്ത്രവാദിയായ്=മന്ത്രവാദിയായ്-ഉണ്ടു്-ഒരുവൻ-ഉണ്ടു്-പോൽ എന്നന്വയം. 'പോൽ' എന്നതു ലോകപ്രസിദ്ധിവാചകം. കണ്ടവർക്കു് ഒക്കെ പ്രവൃത്തിച്ചു്=ഓരോ ആഭിചാരകർമ്മങ്ങൾ ചെയ്തു്. ഉച്ചാടനാദികർമ്മം=ശത്രുക്കളെ ആട്ടിപ്പായിക്കുക മുതലായ പ്രയോഗം.

144. കാലവിളംബനം=കാലതാമസം. ഒരുമയപ്പിച്ചു്=ഒരുമ അയപ്പിച്ചു്. ഇവിടെ ആരും എന്നതു് അലിംഗാർത്ഥകമായതുകൊണ്ടു ദ്വിതീയാപ്രത്യയം പ്രയോഗിച്ചിട്ടില്ല. "ഒരുമയപ്പിച്ചിങ്ങനെയാരുമില്ലയൊന്നില്ല" ഇത്യാദി നോക്കുക. 'അയപ്പിച്ചു്' എന്ന പ്രയോജകപ്രത്യയം ആവശ്യമുണ്ടായിരുന്നില്ല.

146. ഇതരം=ഇതരനെ (അന്യനെ). അമാത്യൻ=മന്ത്രി. രാക്ഷസനെ 'അമാത്യൻ' എന്നും 'അമാത്യരാക്ഷസൻ' എന്നും പറയാറുണ്ടു്. വിനീതൻ=വിനയത്തോടുകൂടിയവൻ. മന്ത്രികൻ=മന്ത്രവാദം അറിയുന്നവൻ.

117. യോഗി=സന്യാസി. കേവലം=മാത്രം. സന്യാസിമാരുടെ ഒക്കെയും ധനം മുതലായ പ്രതിഫലങ്ങളിലിച്ഛയില്ലെന്നു സാരം.

150. കാപാലികൻ=ശൈവസന്യാസി. 'ഋഷിന്ദുകാപാലികനാണനാസ്യാത്രമേവകാപാലി' എന്നഭിധാനം. ഈ കഥയിൽ 'ഇന്ദ്രശർമ്മാവു്' എന്ന ഈ ബ്രാഹ്മണനു് 'കാപാലികൻ, ജീവസിദ്ധി' എന്നീ പേരുകളും പാത്രങ്ങളും പ്രയോഗിച്ചുകാണുന്നു പാത്രഭേദകന്മ. ചിത്തേ=മനസ്സിൽ.

151. ദൈവം=ഭാഗ്യം. പരിഷകൾ=കൂട്ടങ്ങൾ (വർഗ്ഗങ്ങൾ) നിരായിട്ടു് എന്നു ഭാവം. അഥ രാക്ഷസൻ=രാക്ഷസൻ എന്നും (ഇങ്ങനെ) നിശ്ചയിച്ചു=(തീർച്ചയാക്കി) ഉറച്ചു. അഥ=(അനന്തരം) പിന്നെ. അവരോടു പിറ്റേദിവസം കണ്ടപ്പോൾ വിശ്വസിച്ചു് ഉരചെയ്തു (വിശ്വസിച്ചില്ലെങ്കിൽ രഹസ്യങ്ങളെല്ലാം മന്ത്രിമാർ പറയുമായിരുന്നില്ലല്ലോ). പുനഃ=(അനന്തരം) പിന്നെ.

155. ഭാവകാര്യം=ഭാവികാര്യപ്രയോജനങ്ങളെക്കുറിച്ചു ഉൾ വിചാരിച്ചു നോക്കുക. താപം=വ്യസനം. ഭീതി=ഭയം. അന്തണർകുലശ്രേഷ്ഠൻ.

156. എന്തു്? (അവ്യയം) നിപാതപ്രത്യയം. അതുതന്നെ. എന്തു് ബ്രാഹ്മണനായുള്ള നിസ്സാരമായ എന്ന സാരം. അഹോ=(അവ്യയം) ആശ്ചര്യം.

[illegible]

157. [illegible]

159. [illegible]

162. [illegible]

165. [illegible]

167. [illegible]

170. [illegible] (ക്രി. വി). [illegible]

171. [illegible]

172. [illegible]

176. [illegible]

180 [illegible]

181 [illegible]

184. [illegible]

187. [illegible]

188. [illegible] (അവ്യ).

189. അയൽനാട്ടുവാഴി=അടുത്ത നാട്ടിനെ ഭരിക്കുന്നവൻ.

190. വീര്യവാൻ=പരാക്രമമുള്ളവൻ. കിരാതാധിനാഥൻ=കാട്ടാളരാജാവ്.

191. പാവനമാനസൻ=ശുദ്ധമായ മനസ്സോടുകൂടിയവൻ (ബ. വ്രീ). പൈതൃകാൎത്ഥം=പൈതൃകം(അച്ഛന്റേത്) ആയ, അൎത്ഥം(ധനം). മിത്രം=ബന്ധു.

192. വശീകരിക്കുക=സ്വാധീനമാക്കുക. (ഇതു ചന്ദ്രഗുപ്തന്റെ 'സൗജന്യം' എന്ന നീതിസാമൎത്ഥ്യം)

ഇനി ചാണക്യന്റെ കഥയെ തുടരുന്നു.

195. ശത്രുസംഘാധിനാഥൻ=ശത്രുസംഘത്തിലെ നേതാവ്. ("പ്രത്യന്തശത്രുമോക്ഷ്യാൽ") എന്ന് അശോകാംശംകൊണ്ട് മന്ത്രവ്യാപാരത്തിന്റെ പുറത്തുള്ള രഹസ്യമെന്നു വിചാരിക്കാം.

ചാണക്യന്റെ "സന്ധി" എന്ന നയപ്രയോഗം

197. ശത്രുകടകേശ്വരൻ=ശത്രുസൈന്യത്തിലെ നായകൻ. വീരശിഖാമണി=വീരന്മാരിൽ ശ്രേഷ്ഠൻ. സ്വച്ഛമതി=നിൎമ്മലമായ മനസ്സോടുകൂടിയവൻ. (ബ. വ്രീ).

198. നന്ദനാമാങ്കിതന്മാർ=നന്ദന്മാർ എന്ന പേരുള്ളവർ. മന്ദമതികൾ=ബുദ്ധിഹീനന്മാർ.

199. ധിക്കൃതി=അപമാനം. കുപിതൻ=ക്രുദ്ധൻ. അക്കുലം=നന്ദവംശം. ശശിഗുപ്തൻ=ചന്ദ്രഗുപ്തൻ.

202. കമ്പം=ഇളക്കം (ഭയം)

203. നാട്ടരചൊപ്പം=നാട്ടിൽ പകുതി. (സമ്പ്രദായത്തിൽ ഇതിന്റെ പഴയപ്രയോഗം) "പാതിരാജ്യം കൊടുത്തീട്ടു തമ്മിലൊത്തു പൊറുക്കുക" ഇത്യാദി നോക്കുക.

204. സന്ധിപ്പെടുത്തുംമന്നരെയെന്മാക്കവേ—(എന്റെ) എന്ന വാക്യപൂരണം.

205. മാമകം=എനിക്കുള്ളത് (സ്വന്തം)

206. തമ്പി=അനുജൻ.

207. മലയകേതുപ്രമുഖന്മാർ=മലയകേതു മുതലായവർ.

208. ചിത്തം തെളിഞ്ഞ്=മനസ്സു രഞ്ജിച്ച്.

209. നീതിമാൻ=നീതിശാസ്ത്രം അറിയുന്നവൻ.

211. തുച്ഛൻ=നിസ്സാരൻ. മൗര്യപുത്രൻ=ചന്ദ്രഗുപ്തൻ.

212. മന്ത്രിപദം=മന്ത്രിസ്ഥാനം. ശത്രുപതികൾ=ശത്രുരാജാക്കന്മാർ.

213. പശ്ചിമന്നർ=പശ്ചിമപ്രദേശത്തിലെ രാജാക്കന്മാർ.

218. പഞ്ചസേനാധിപന്മാർ=അഞ്ചു പടനായകന്മാർ. സിന്ധുനിവാസികൾ=സിന്ധുദേശത്തിൽ വസിക്കുന്നവർ. ശകന്മാർ=ശാലിവാഹനൻ എന്ന പ്രസിദ്ധനായ രാജാവിന്റെ പരമ്പരയിലുള്ള ഒരു ജാതിക്കാർ.

219. പാരസീകന്മാർ=പാരസീകം (പേർഷ്യ) എന്ന ദേശത്തിലുള്ളവർ (പാഴ്സികൾ). യവനഗണങ്ങൾ=യവനന്മാരുടെ (ഗ്രീക്കരാജ്യത്തിലെ ജനങ്ങളുടെ) കൂട്ടം.

220. ആനകശംഖമൃദംഗാദിവാദ്യം=പെരുമ്പറ, കൊമ്പു, മൃദംഗം മുതലായ വാദ്യം. (പഞ്ചൻ+ബ. ദ്വി). വേഗം=വേഗം. ധരിത്രി=ഭൂമി.

224 ചാണക്യചാരന്മാർ= ചാണക്യന്റെ ചാരന്മാർ. ചാരന്മാർ=ഗൂഢമായി നടന്നു നാട്ടുവൃത്താന്തമറിയുന്ന കിങ്കരന്മാർ

225. നാഗസേനാധിപന്മാർ= നാഗരാജാക്കന്മാരുടെ പടനായകന്മാർ. (ഇതു ഗ്രന്ഥകാരന്റെ 'ഭേദം' എന്ന ഉപായം) രഹസ്യം=ഗൂഢം. പ്രത്യേകം=ഓരോരുത്തരോടായി.

226. ആഷാഢകൃഷ്ണപ്രതിപദിക്ക്=ആഷാഢമാസ (കർക്കടക)ത്തിലെ കറുത്ത പക്ഷത്തിന്റെ ആദ്യത്തെ ദിവസത്തിൽ. ഉഷസ്സിന്=വെളുപ്പിന്. കലവര=[illegible]. (അ. പു. സ. ഗു) ദിവ്യജനം=[illegible].

229. കലശമോക്ഷം=ഗ്രഹപ്പിഴ. ഏതുമേ=[illegible]. (ശത്രുക്കളുടെ തിരിച്ചറിയാതെ).

232. ഖ്യാതകൊള്ളുക=പ്രസിദ്ധമാവുക.

235. ലക്ഷണക്കാരൻ=ലക്ഷണം അറിയുന്നവൻ, (ജ്യോതിഷക്കാരൻ). ഓരോരോകാര്യം ഉണ്ടെന്നു പറഞ്ഞു=മന്ത്രിമാരോടും രാജാവിനോടും പറഞ്ഞ് അവധിവാങ്ങി എന്നു സാരം. [illegible].

240. പൈതൃകം=പിതാവിനെ സംബന്ധിച്ചത്. (ഇതു 'ദാനം' എന്ന ഉപായമാകുന്നു).

244. ആയാൾ=ആകംവിട്ടു.

247. മറ്റെപ്പുറമേ=തെക്കും, പടിഞ്ഞാറും ഗോപുരങ്ങളിൽകൂടി.

249. പ്രയാസന്നന്മാർ=പോരിനൊരുങ്ങിയവർ. മതിവിട്ടും=ബുദ്ധിഭ്രമിച്ചു.

254. അന്തരാ=മനസ്സിൽ, (അവ്യ) ക്രുദ്ധൻ=ക്രൂദ്ധൻ

255. ദക്ഷിണഗോപുരത്തൂടെ=തെക്കെ ഗോപുരത്തിൽകൂടി. കിരാതാധിനാഥൻ=കാട്ടാളരാജാവ്.

257. അസ്ത്രൗഘം=സമൂഹം

258. വീരമകുടമണികൾ=വീരന്മാരുടെ കിരീടത്തിലെ രത്നങ്ങൾ=(മഹാവീരന്മാർ).

259. കുംഭം=മസ്തകം. കരിവരന്മാർ=വലിയ ആനകൾ.

261. തെളിഞ്ഞകടുത്ത ചക്രങ്ങൾ=വാണക്കവല്ലു തിറവും മൂർച്ചയുമുണ്ടാക്കിട്ടുള്ള ചക്രങ്ങൾ. ചാവളം=തേരാളി ചാട്ടകൾ.

262 തോമരം=ഇരിമ്പുപാര. പട്ടസം=തലയ്ക്ക് അടിക്കാൻ നന്നായിട്ടുള്ള ഒരായുധം.

263. ശതഘ്നികൾ=മുൾത്തടികൾ. (ഒരടിക്ക് അനേകംപേരെ കൊല്ലുന്നതായ ഒരായുധം. ഇത് ആനകൾക്ക ധരിക്കുന്ന ഒരായുധമായിട്ടാണ ഭാരതയുദ്ധത്തിലും മറ്റും വർണ്ണിച്ചുകാണുന്നത്.) നിസ്ത്രിംശം=കഠിനം. മുസലം=ഇരിമ്പുലക്ക. ശക്തികൾ=വേലുകൾ.

264 ശസ്ത്രങ്ങൾ=ആയുധങ്ങൾ. സന്നദ്ധർ=ഒരുങ്ങിയവർ

265. ചട്ട=യുദ്ധത്തിൽ ശത്രുക്കളുടെ ആയുധം ഏല്ക്കാതിരിക്കത്തക്കവണ്ണം ഉണ്ടാക്കുന്ന കുപ്പായം. ശൂരർ=ശൂരന്മാർ. പത്തിവരന്മാർ=കാലാൾത്തലവന്മാർ.

268. ഉത്തരഗോപുരം=വടക്കെ കോട്ടവാതിൽ.

270. ബദ്ധസന്നാഹൻ=ബദ്ധം (കെട്ടപ്പെട്ട്) ആയ സന്നാഹം (ചട്ട) തൊട്ടിട്ടുള്ളവൻ "കവചാദ്യശേഷസന്നാഹോ പരികരശ്ച" എന്നമരം.

272. മന്ത്രിശാലാന്തരാളം=മന്ത്രിശാലയുടെ ഉൾഭാഗം.

274. രാജപുത്രത്വം=രാജാവിന്റെ പുത്രൻ എന്ന അവസ്ഥ. രാജ്യൈകദേശം=രാജ്യത്തിന്റെ ഒരു ഭാഗം.

276. ഇത്ഥം=ഇങ്ങനെ (അവ്യ) പാപമതി=ദുർബുദ്ധി.

278. പരുഷങ്ങൾ=ക്രൂരവചനങ്ങൾ.

282. പാർത്ഥനാരായണൈക്യങ്ങൾ= പാർത്ഥന്റെയും നാരായണന്റെയും ഐകമത്യങ്ങൾ.

285. അഭ്യാസം=പഠിപ്പ്. പിൽപ്പാട്=പിന്നാലെ, പിൻപെട്ട=പിൻതുടർന്ന്.

288. കൂടുക=പ്രഹരിക്ക. നാശനം=മരണം. ചാപങ്ങൾ=വില്ലുകൾ. മലച്ചുക=മലപോലെയാവുക (വീർക്ക).

292. തട്ടാക്ക്=തരക്കേട്. പട്ടുകിടക്കുക=പതിഞ്ഞുകിടക്കുക. ക്രവ്യം=ക്രൂരൻ അമ്പ്.

294. "ഘോരതരം പട"=യുദ്ധം ഭയങ്കരം (ആകുന്ന) സംഗരം=യുദ്ധം.

296. അന്തകാവാസം=അന്തകന്റെ ആവാസം (ആലയം)

297. ചീറളുന്ന=പൊള്ളുന്ന. (ചീറ്റം=മനക്കരണ്ടം).

298. നിർവ്വിചാരന്മാർ=ആലോചനയില്ലാത്തവർ.

314. കെട്ട്=തെറ്റ്. ആകലപ്പെടുക=വ്യസനിക്കുക.

317. മൌലകന=(മന്ത്രിയ)മുഖ്യന്മാരുടെ.

318. അന്തഃപുരം=രാജപത്നിയുടെ മന്ദിരം.

327. ചാണക്യശാസനം=ചാണക്യന്റെ കല്പന. ചുഴലം= ചുററം.

329. സൈന്യബലം=സൈന്യത്തിന്റെ ശക്തി.

333. അരാജകം=രാജാവില്ലാത്തത്.

339. ഇങ്ങ്=ഇവിടെ (എനിക്ക് എന്ന സാരം). പൌരജനം= നഗരവാസികൾ.

343. മന്ത്രിക്കുക=ആരും അറിയാതെ ആലോചിക്കുക. മന്ത്രഫലം=ആലോചനയുടെ ഫലം.

348. ഉദയതൃഷ്ണ=ഉദയം പ്രാപിപ്പാനുള്ള ആഗ്രഹം.

349. അപവാദം=അപ്രിയവചനങ്ങളെ പറക.

351. അന്തർമ്മോദം= (ക്രി. വി) സന്തോഷത്തോടുകൂടി

352. അപ്പൊഴുതൊക്കെയോട്=ഉള്ളിൽ വ്യസനത്തോടുകൂടി. ചാണക്യകല്പിതം=ചാണക്യന്റെ കല്പന. ആവശ്യ-ഇല്ല-എന്ന-കല്പിച്ച്=ഒപ്പിക്കാതെ തരമില്ല എന്നാക്കി.

356. ഉർവ്വീദേവകുലോത്തമൻ=ബ്രാഹ്മണശ്രേഷ്ഠൻ (ഉർവ്വി= ഭൂമി).

357. അവൻതന്ത്ര്യകൾ=അവന്റെ ആലോചനകൾ. അഥ=(അവ്യയം) പിന്നെ. "പാർത്താൽ"—എന്നുമുതൽ. 'വന്നിവൻകൈകൾ വീണിടുമല്ലോ ദൃഢം' എന്നുവരെ ചാണക്യന്റെ വിചാരം. ഈ വിചാരത്തിൽനിന്ന് അമാത്യരാക്ഷസന്റെ ബുദ്ധിശക്തി, സ്വാമിഭക്തി, നിതിനൈപുണ്യം മുതലായ ഗുണങ്ങളും, അതുനിമിത്തം ചാണക്യനു രാക്ഷസാമാത്യനെക്കുറിച്ചുള്ള ബഹുമാനവും വ്യക്തമാകുന്നു.

359. പാർത്താൽ=ആലോചിച്ചാൽ, ഇവൻ=പർവ്വതരാജൻ. മഹാബലൻ=വളരെ സൈന്യശക്തിയുള്ളവൻ.

361. ബാധിക്കുക=ഉപദ്രവിക്കുക. നീതിബലംകൊണ്ട്=(സൈന്യബലംകൊണ്ടല്ല.) എന്ന ഭാവം.

362. ഹന്തവ്യൻ=കൊല്ലപ്പെടേണ്ടവൻ. മന്ദം=പതുക്കെ (ക്രമത്തിൽ).

366. മനോഗ്രഹം=അനുഗ്രഹം (രാക്ഷസസാമർത്ഥ്യനെ വധഞ്ഞതാക്കി.) കൊല്ലുക=കൊല്ലുക+എ=കൊല്ലുകതന്നെ.

375 സത്യവ്രതൻ=സത്യനിഷ്ഠയുള്ളവൻ. നിജസത്യം=തന്റെ സത്യം (നവവധുവെ വരിക്കുമെന്ന ചെയ്യുന്നതാണെന്നുള്ള സത്യം.

377. അനുഗ്രഹയാ= (ആ. സ്ത്രീ. ഇ. ഏ. വ.) അനുഗ്രഹത്തോടുകൂടി.

രണ്ടാംപാദംകഴിഞ്ഞു.

മൂന്നാംപാദം.

(കേകാവൃത്തം)

1. ഇത്യാദിയിൽ "പാരമാർത്ഥ ഷണ്മുഖൻ—പാദകന്നി" എന്നവരെ തമ്മിലുള്ള അന്വയം.

8. നിരസന്മാർ=അറിവില്ലാത്തവർ. സരസന്മാർ=അറിവുള്ളവർ.

10. തിരസ്കരിക്കുക=മടിക്കുക.

11. നന്ദരാജൻ=സർവ്വാർത്ഥസിദ്ധി.

13. മന്ത്രമണ്ഡപം=കാര്യവിചാരസ്ഥലം.

14. അവർകളോട്=ചന്ദ്രഗുപ്താദികളോട്.

15. പഞ്ചത്വം=മരണം

18. മാനശോകാദികൾ=മാനം ദുഃഖം മുതലായവ. (ബുല്ല്യളി) മീനൻ=പരവൻ.

24. മോഹം=അറിവില്ലായ്മ.

26. സാക്ഷാൽ= (അവ്യ) പരമാർത്ഥമായിട്ട്.

27. മന്നിടസുരവരൻ=ബ്രാഹ്മണശ്രേഷ്ഠൻ.

28. വ്യാജം=കളവ്.

29. പ്രയോഗം=ഉപായം. ചതിമായ്=ഭംഗിയായ്. അനുസരിച്ച്=സമ്മതിച്ച്. (അനുനയിച്ച്)

32. മനസ്സോടുകൂടി=ആലോചനയോടുകൂടി.

33. ഗാഢതരം=ഉറച്ചുവരം.

34. ഹസ്തിപൻ=ആനക്കാരൻ. ശില്പി=ചിത്രപ്പണിക്കാരൻ. യന്ത്രജ്ഞന്മാർ=യന്ത്രപ്രയോഗം ചെയ്യുന്നവർ.

35. രക്ഷസ്സമ്പ്രയുക്തന്മാർ=രാക്ഷസനാൽ നിയോഗിക്കപ്പെട്ടവർ.

36. ധന്യർ=ഭാഗ്യവന്മാർ.

39. പാപമാനസൻ=ദുർബുദ്ധി. (ബ. വ്രീ.) ബഹിഷ്ഫലം=മാത്സര്യം.

43. അമാത്യൻ=അമാത്യരാക്ഷസൻ.

45. താപസമതം=താപസന്മാരാൽ കൈക്കൊള്ളപ്പെട്ടത്.

46. സിദ്ധിപേടക=മടിശ്ശീല.

47. [illegible]=തന്റെ ചന്ദ്രഗുപ്തന്റെ അഭി[illegible] ഇതു കാവ്യത്തിലെ ഫലത്തിന്റെ സംകേതമാണ്. അഭി[illegible]ന്=സമ്പൂർണ്ണസിദ്ധിയുടെ കാരണത്തിന്.

48. സർവ്വകാംക്ഷിതങ്ങളും=എല്ലാ ആഗ്രഹങ്ങളും (ചന്ദ്രഗുപ്തന്റെ സാമ്രാജ്യസിദ്ധിയെ മുഖ്യമാക്കി വാഴിക്കണമെന്നുള്ള ആഗ്രഹം.)

49. ശ്രമകൻ=ക്ഷീണിച്ചവൻ.

51. പർവ്വതാശയത്തെ=പർവ്വതകരാജാവിന്റെ അഭിപ്രായത്തെ.

53. ചിത്രം=ആശ്ചര്യം. നന്ദരാജാക്കന്മാരെ കൊല്ലുവാൻ ചന്ദ്രഗുപ്തന്റെ സഹായിയായിരുന്ന പർവ്വതകൻ രാക്ഷസന്റെ ശത്രുവാണ്; എങ്കിലും ചന്ദ്രഗുപ്തനോടെന്നപോലെ പർവ്വതകനോടു രാക്ഷസന്നു പൂർവ്വവൈരമില്ലാത്തതിനാൽ ഇപ്രകാരം രാക്ഷസനു പർവ്വതകൻ വളരെ പ്രിയനായി.

56. തൽപുത്രൻ=അവന്റെ പുത്രൻ (മലയകേതു). ഉന്നതൻ=[illegible]. തൽഭ്രാതാവു=പർവ്വതകന്റെ സഹോദരൻ. ഇവിടെ ഒരു ശത്രുവിനെ തോല്പിക്കുവാൻ അയാളുടെ ബന്ധുവായിരുന്ന വേറെ ഒരു പ്രബലനെ സ്വാധീനപ്പെടുത്തി അയാളും തന്നും തമ്മിൽ സന്ധിചെയ്യുന്നതിനാൽ ഭേദമെന്ന ഉപായവും സന്ധിയെന്ന നയവും വ്യക്തമാകുന്നു.

58. [illegible]=നാശത്തിന്. നിഷ്കിഞ്ചനൻ=ഒട്ടുമേയില്ലാത്തവൻ. [illegible]=[illegible] ഒരു [illegible]=(നിന്ദ). '[illegible]' എന്നതു '[illegible]' എന്നതിന്റെ [illegible]; എന്നാൽ '[illegible]' എന്ന പ്രയോഗത്തിനു ഗതി കല്പിക്കുവാൻ വഴി കാണുന്നില്ല. ഈ പ്രയോഗം ഇതിൽ വളരെ അധികം കാണുന്നു.

62. [illegible]=മരണകർമ്മം. [illegible]=[illegible]. [illegible]=[illegible] ഉണ്ടാകുന്നുള്ള കർമ്മം [illegible] കാണുന്നു.

64. [illegible]=[illegible]. [illegible]=[illegible] (ബ. വ്രീ.) [illegible]=[illegible] (ബ. വ്രീ.)

65. [illegible] (ബ. ശ്രീ) [illegible] (ബ. ശ്രീ)

68. [illegible]=സ്ത്രീ[illegible]

69. [illegible]

71 [illegible] (ബ. ശ്രീ)

72 [illegible]

73 [illegible]

74. [illegible] (ബ. ശ്രീ) [illegible]

76. [illegible] (ബ. ശ്രീ)

77. [illegible] (ബ. ശ്രീ)

78. [illegible] സ്ത്രീ.

79 [illegible] (ബ. ശ്രീ) [illegible]

80. [illegible] (ബ. ശ്രീ) [illegible]

81. [illegible]

83. [illegible]

89. [illegible]

90. [illegible]

92. [illegible] (ബ. ശ്രീ.)

94. [illegible]

96 [illegible]

97. വണിക്കൻ=ധനവാൻ (മുതലാളി). കളത്രം=ഭാര്യ.

101. നിസ്സ്വത്വം=പക്ഷെ ദാരിദ്ര്യം.

102. ഹാനി=നാശം.

103. ലോകരഞ്ജനം=ജനങ്ങളുടെ [illegible] എന്നർത്ഥം. ദീപ്പിക്ക=ജ്വലിപ്പിക്കുക.

105. ജീവനം=പ്രാണൻ.

106. കഞ്ചുകം=ശരം. വക്രിമമിഴിയാൾ=വക്രിമം(അഴകുള്ള വളവ്) ഉള്ള മിഴിയോടുകൂടിയവൾ=സ്ത്രീ (ബ. വ്രീ)

107 [illegible]=ഭദ്ര(പവിത്രക)ന്റെ ജനം. പൌരന്മാർ=പട്ടണവാസികൾ.

109. [illegible]=[illegible] (ദുഷ്ടം) [illegible] (കർമ്മം) [illegible]. [illegible] ഇല്ല (വാസ്തവത്തിലില്ലെന്നു സാരം).

110. രാജനിഗ്രഹം=രാജാവിന്റെ (ചന്ദ്രഗുപ്തന്റെ) വധം. മന്ത്രികമനിശ്ചൻ=മന്ത്രിവർഗ്ഗത്തിൽവച്ച് [illegible].

111. ഭടന്മാർ=കിങ്കരന്മാർ.

112. ശൂന്യം=നിർജ്ജനം (ഒഴിഞ്ഞുകിടക്കുന്നത്).

113. [illegible]=[illegible].

114. നയജ്ഞൻ=നീതിശാസ്ത്രജ്ഞൻ. വിഷ്ണുഗുപ്തൻ=ചാണക്യൻ

116. ഉദ്യോഗിക്ക=ഉത്സാഹിക്കുക.

119. സർവതഃ=(അവ്യയം) എല്ലായിടത്തും.

120. ദീപ്പിക്ക=ജ്വലിപ്പിക്ക.

122. ഭാഗധേയം=ഭാഗ്യം. കല്പിച്ചു=നിശ്ചയിച്ചു. സചിവൻ=മന്ത്രി.

124. നിഖിലഗുണനിധി=സകല ഗുണങ്ങളുമുള്ളവൻ.

126. സർവ്വദാ= (അവ്യയം) എപ്പോഴും.

128 പാകം=ഹിതം.

131. ധൂർത്തൻ=ഉദ്ധതൻ.

132. വ്യാജം=കളവ് (ചതി)

133. ഉഗ്രശാസനൻ= ഉഗ്രമായ ശാസനത്തോടുകൂടിയവൻ. (ബ. വ്രീ)

134. വിസ്തരിച്ചുകൊള്ളുക=തുറന്നു പറയുക.

135. [illegible]=ഭയാനകം.

137. കണ്ടകം=അപകടം.

139. അന്തരായങ്ങൾ=വിഘ്നങ്ങൾ.

141 പ്രേതകൃത്യങ്ങൾ=മരിച്ചവരെ ഉദ്ദേശിച്ചുള്ള കർമ്മങ്ങൾ (അസ്ഥിസഞ്ചയം ശേഷക്രിയകൾ എന്ന സാരം। പാതിരാത്രനരം=പാതിരാവരെ സമയം. (രാ=രാവ്. വകാരലോപം) കഴിയാറായെന്ന്.

142. ചാതുര്യം=ശേഷി.

143. മനഃ=അന്തഃകരണം.

147. ശത്രുശേഷം =ശത്രുക്കളുടെ ശേഷം. ശത്രുക്കളിൽ ഏതാനും പേരെ നിഗ്രഹിച്ചിട്ട് ഏതാനും ചിലരെ നിഗ്രഹിക്കാതെ വിട്ടുകളയുന്നതു നീതിശാസ്ത്രവിരുദ്ധമാകുന്നു.

150. പുഷ്പപത്തനം=കുസുമപുരം.

156. മൌര്യനാംപശുവിനെ= നിസ്സത്ത്വതകൊണ്ടു പശുപ്രായനായി ഗണിച്ചു പറഞ്ഞതാകുന്നു.

159. പ്രതിജ്ഞ=ശപഥം.

161. ദ്വീപാന്തരം=ദ്വീപുകൾ. (സമുദ്രമദ്ധ്യത്തിലുള്ള കരകൾ).

162 ശത്രുഭേദം= ശത്രുക്കളായ ചന്ദ്രഗുപ്തചാണക്യന്മാരെ തമ്മിൽ തെറ്റിക്കുക.

163. ശമിപ്പിക്ക=ഒതുക്കുക.

165. നിരാകുലഹൃദയൻ=മനസ്സുറപ്പുള്ളവൻ. (ബ. വ്രീ)

166. ഗ്രഹവൈഗുണ്യം=ഗ്രഹങ്ങൾക്കുള്ള ദോഷം.

169 മാനവകുലശ്രേഷ്ഠൻ= മനുഷ്യവർഗ്ഗത്തിൽ തലവൻ (രാജാവ്.)

170. പുഷ്പമന്ദിരപ്രവേശം=കുസുമപുരത്തിലെ രാജധാനിയിൽ പ്രവേശിക്കുക. ശത്രുനിഗ്രഹം കഴിഞ്ഞാലും ഉടനെ ശത്രുവിന്റെ തലസ്ഥാനത്തിൽ പ്രവേശിക്കുന്നതു് അപകടമാണെന്നു നീതിശാസ്ത്രസിദ്ധാന്തമുള്ളതിനാൽ ചാണക്യൻ ചന്ദ്രഗുപ്തനെ ഇതുവരെ പട്ടണപ്രവേശം ചെയ്യിച്ചിട്ടില്ല. ശില്പികൾ=കരകൌശലക്കാർ. രാജധാനിയുടെ അറ്റകുറ്റങ്ങൾ തീർത്തു് അലങ്കരിക്കുന്നവർ.

171. നന്ദമന്ദിരപ്രവേശം= നന്ദന്മാരുടെ രാജധാനിയിൽ കയറുക.

173. തോരണം=ഗോപുരദ്വാരത്തിന്റെ പുറത്തു കമാനാകൃതിയിൽ ഉണ്ടാക്കുന്ന അലങ്കാരവിശേഷം. "തോരണോഽസ്ത്രീ ബഹിർദ്വാരം" എന്ന് അഭിധാനം. ചാരു=മനോഹരം.

174. ഗോപുരം=കോട്ടപ്പടിവാതിൽ 'പുരദ്വാരന്തു ഗോപുരം' എന്ന് അഭിധാനം. വാപികൾ=കുളങ്ങൾ. കൂപങ്ങൾ=കിണറുകൾ. നിഷ്കണ്ടകം=മുള്ളില്ലാത്തതു്. ശത്രുക്കൾ ജലാശയങ്ങളിൽ വിഷംകലക്കും. അതിനെ പരിഹരിക്കണം.

176. സൂത്രകാരന്മാർ=ശില്പികൾ.

177. [illegible]തോരണം=സപ്തനിലയുമായ തോരണം. [illegible] (സംശയം).

178. വിശ്വകർമ്മകമനോഹരം= ലോകത്തിൽവച്ച് ഏറ്റവും വശ്യമായിട്ടുള്ളത്. വിശ്വകർമ്മാവ് =ദേവശില്പി.

179 താമസം=ശാശ്വതമായുള്ളത്. ജനങ്ങളുടെ [illegible] വിഷയമായിട്ടുള്ളത്. [illegible]= കോവിലകത്തിന്റെ പടികൾ. (അ. ന. സം. ഏ. വ)

180. ശില്പശാസ്ത്രം=തച്ചുശാസ്ത്രം.

184. മരണം=വധം.

186. വേണ്ടതില്ല=കൊള്ളുക (ഒന്നായി) മറ്റെപ്പുറം=എതിർഭാഗം. (അവർക്ക വിപരീതമായിട്ട്).

187. പ്രശംസിക്ക=[illegible]. (അഭിനന്ദിക്കുക).

188. ഉചിതജ്ഞൻ=വേണ്ടത് അറിയുന്നവൻ.

189. സ്വാമി=രാജാവ്. [illegible]=[illegible].

191. ഉഴറോടെ=വേഗത്തിൽ.

192. [illegible]= [illegible] (സന്ധിയിൽ വകാരലോപം) [illegible]=അനന്തരം (അവ്യ).

194. സമ്മാനിക്കുക=സമ്മാനം കൊടുക്കുക.

195. [illegible] പറഞ്ഞതിന് [illegible]=[illegible] [illegible] [illegible] പ്രകൃതി കൊണ്ട് [illegible] [illegible] വരാതിരിപ്പാൻവേണ്ടി.

196. [illegible]=[illegible].

197. [illegible]=[illegible] പ്രകൃതി.

198. [illegible]=[illegible] കൊള്ളിച്ചു [illegible] വിനയം.

201. പട്ടം=കിരീടം വെക്കുന്നതിന്റെ മുമ്പിൽ നെറ്റിമേൽകെട്ടുന്ന ഒരു [illegible].

202. [illegible]=[illegible]. [illegible]=തെളിവ്.

203. മണിമകുടം=രത്നം പതിച്ച കിരീടം. കതിര=[illegible] [illegible] [illegible] ലകാരലോപം [illegible]) [illegible] [illegible]=[illegible]. ([illegible] [illegible]) എന്ന [illegible] പറഞ്ഞിട്ട് പിന്നെ [illegible] [illegible] [illegible] പറഞ്ഞതെന്ന്. [illegible] [illegible] വിചാരിപ്പാനല്ലാതെ [illegible] [illegible]ില്ല.)

204. ഗജവരൻ=വലിയ ആന (ആനപ്പുറത്തു് അമ്പാരികെട്ടി രാജാക്കന്മാർ അതിൽ കയറി സഞ്ചരിക്കുന്നതു പ്രസിദ്ധമാണല്ലോ.

206. സമസ്തർ= എല്ലാവരും. പവിത്രാത്മാവു = പരിശുദ്ധനായ ഈശ്വരൻ (ദൈവദൂതൻ) മന്നൻ=രാജാവ്. കല്പിക്കുക=നിയോഗിക്കുക.

208. വെൺകൊറ്റക്കുട= വെള്ളനിറത്തിലുള്ള രാജചിഹ്നമായ കുട (കർമ്മധാരയൻ) തഴ=പലനിറത്തിലെ പട്ടുകളെക്കൊണ്ടു ഞൊറി പിടിപ്പിച്ചു കുടപോലെ ഒരു വടിമേൽ കെട്ടിയുണ്ടാക്കി ആനപ്പുറത്തും മറ്റും പിടിക്കുന്ന ഒരു അലങ്കാരസാധനം. വെൺചാമരം=വെളുത്ത ചാമരം. ശംഖമദ്ദളഭേരീമൃദംഗവാദ്യങ്ങൾ=ശംഖങ്ങളും, മദ്ദളങ്ങളും, ഭേരികളും, മൃദംഗങ്ങളും (ചെണ്ട) ആയ വാദ്യങ്ങൾ (കർമ്മധാരയൻ). ഭേരി= പെരുമ്പറ. ആയുധപാണികൾ=ആയുധം പാണിയിലുള്ളവർ. (ബ. വ്രീ.)

209. പുഷ്പപുരമുന്നിട്ട്=പുഷ്പപുരത്തിലേക്ക്. യന്ത്രതോരണപ്പാട്=യന്ത്രങ്ങൾകൊണ്ടുള്ള തോരണങ്ങളിന്റെ ചാട്ട്.

212. പൃതനാവ്രാതം=സൈന്യസമൂഹം (അകമ്പടിക്കാരും മറ്റും)

213. ഹസ്തിനി=പിടിയാന.

214 ചന്ദ്രലേഖാരോഹൻ= ചന്ദ്രലേഖയുടെ ആരോഹകൻ (ആനക്കാരൻ) ബന്ധുരവ്യൂഹൻ=ബന്ധുരകൻ എന്ന പേരുള്ളവൻ.

215. താക്കീതാദങ്കം=താക്കീതായ കല്പന (ചന്ദ്രഗുപ്തന്റെ വാക്ക്). ഉറയൂരുക=ഉറയിൽനിന്നു ഊരുക (ക്രിയാസമാസം).

216. ചിക്കെന്ന്=വേഗത്തിൽ.

217. ശക്തിവേഗം=ശക്തിയോടെ വേഗം. (ശക്തി=കരുത്ത്).

218. ഉൾസ്ഥലലക്ഷ്യം= ഉൾസ്ഥലം (ഉൾഭാഗം) ആയ ലക്ഷ്യം (ലാക്ക്=ഉന്നം) തോന്നുകിയതു്. (ബ. വ്രീ) കിരീടംകൊള്ളുന്നതു് എന്ന സമം). പുലർവു്=ശിരസ്സ്.

219. നിസ്സംഗം=ഒരുവനോടുകൂടാത്തതു് (നഞ്, ബ. വ്രീ) ആപാദവിനാശം=തലയുടെ വിനാശം.

220. മുകളേറുക=മുകളിൽ ഏറുക, (ക്രിയാസമാസം സമ്പൂർണ്ണമായതിൽ) പാപപാതനൻ=ദുർബുദ്ധി.

224. പുരോഭൂമി=മുൻപ്രദേശം.

225. അങ്ങേത്താവ്യൂൻ= അങ്ങേത്താൻ എന്ന പേരോടുകൂടിയവൻ (ബ. വ്രീ)

227. വിത്തം=ധനശക്തി. ചൂർണ്ണം=പൊടി.

228. ദോഷകരം=ദോഷപിത്തങ്ങളുടെ ക്ഷോഭം.

229. ഇഷ്ടപ്രയോഗം=ഇഷ്ടപ്രയോഗം. വസ്തു=സ്ഥിരം.

230. വിഷവൃഷ്ടം=വിഷമയമായ ചോറ്.
235. ഘോര (അറപ്പ്യം) ഇവിടെ ഈ വിഷയത്തിൽ (ഭോജ്യത്തിൽ)
236. ആലാപം=നല്ലെ്.
237. വിശേഷകരാഖ്യൻ=ലോകത്തിൽ പ്രധാനവൈദ്യൻ.
239. ശയനാധികാരി=പള്ളിയറവിചാരിപ്പുകാരൻ.
240. രാക്ഷസപ്രയുക്തൻ=രാക്ഷസനാൽ നിയോഗിക്കപ്പെട്ടവൻ. അക്ഷീണചാപൻ=വലിയ ധനുസ്സുള്ളവൻ.
241. നിർദ്ദിഷ്ടം=പറഞ്ഞയപ്പാള്.
244. ധനാഗമം=ധനമുണ്ടാകുന്ന വഴി.
245. അന്യോന്യമായ്=പരസ്പരവിരുദ്ധമായി.
246. ഹരിക്കുക=അപഹരിക്കുക.
249. യഷ്ടി=മുള്.
250. സ്വരം=സ്ഥാനം (നിലവാരം). ഉയർത്തി താഴ്ത്തിയതിൽ തരം വരുന്ന സമയം.
252. സൂചിതങ്ങൾ=ലക്ഷണങ്ങൾ.
253. ഇരവിൻപാത്രം=ഇരയിൻകൂട്ടം.
256. മംഗലദ്രവ്യങ്ങൾ=കുറവില്ലാത്ത ലക്ഷണങ്ങൾ.
257. അഭിനന്ദം=തിറമായി (അവ്യ). സ്വരാന്തരം=നിലവറയുടെ ഉള്ളിൽ (അ. ന. സം. ഏ. വ)
258. ശലാകം=ശലാക്യം.
259. ചോദിപ്പിക്കുക=പറവിക്കയാവുക. ധൂമം=പുക.
560. അനലിമപാലകൾ=തീയിന്റെ നാളങ്ങൾ. ചൊരിയുക=ഒഴിക്കുക.
261 സമൈക്യം=ഏറ്റവും (അവ്യ). സാവധാനം=മനസ്സിരുത്തൽ.
272. അഞ്ജസാ=വേഗത്തിൽ (അവ്യ). വശീകരിപ്പിക്കുക=വശീകരിക്കുക. നീതി=നയം. അനവരതം=നിരന്തരം (അവ്യ).
263. പ്രധാനപുരുഷന്മാർ=പ്രധാന ഉദ്യോഗസ്ഥന്മാർ. സേനാധികൾ=സേനാധിപൻ മുതലായവർ.
264. മൈത്രപുത്രൻ=ചന്ദ്രഗുപ്തൻ. കൈതവം=കളവ്.
265. പക്ഷപാതികൾ=ബാന്ധവർ. മന്ത്രിവീരന്മാർ=മന്ത്രിശ്രേഷ്ഠന്മാർ.
266. ശീലന്മാർ=നല്ല സ്വഭാവമുള്ളവർ. വിക്രമന്മാർ=പരാക്രമികൾ (ശൌര്യമുള്ളവർ).

267. അയത്ന്ന്=ഒവുണ്ട്, ഇടക്കെട്ട്. (ഇതൊരുപൂർവ്വപ്രയോഗമാണെന്നു തോന്നുന്നു.) പ്രയത്നം=ഉത്സാഹം (വേല).

268 പാർത്ഥപുത്രൻ=മലയജൻ.

270. ഉദാരകൗതുകം=സന്തോഷത്തോടെ. (ക്രി. വി)

272. വൃന്ദമേന=കൂട്ടമായി (അ. പു. തൃ. ഏ. വ)

273. ഒട്ടൊരു ആതങ്കം=അസന്തോഷം തന്നെ.

277. അനാൽ=ആലസ്യം.

മൂന്നാം പാദം കഴിഞ്ഞു.



നാലാം പാദം.

(മിശ്രകാകളിവൃത്തം)

1. ശുകതരുണി!=പെൺതത്ത. സുശീലഗുണമാധുര്യം=സൽസ്വഭാവം കൊണ്ടു ശോഭിച്ചുള്ള്. തവ=നിന്റെ. മധുരഭാഷണം=മധുരമായ വാക്ക്. ഹൃദയസുഖപൂരണം=മനസ്സിനു രസം വർദ്ധിപ്പിക്കുന്നത്.

2. മഹിതനയമോഹനം=വിശേഷമായ നീതിശാസ്ത്രത്തിന്റെ സമ്പൂർണമായിട്ടുള്ളത്. സകലജനമോഹനം=എല്ലാ ജനങ്ങളെയും രസിപ്പിക്കുന്നത്. സർവ്വതോഷാവഹം=എല്ലാവർക്കും സന്തോഷമുണ്ടാക്കുന്നത്. സർവ്വദോഷാപഹം=എല്ലാ ദോഷങ്ങളെയും കളയുന്നത്.

3. ചിത്രം=ഭംഗി.

4. ഫലമധുസിതാദി=പഴം, തേൻ, പഞ്ചസാര മുതലായത്. ഉപാസ്വാദ്യതാം=ഭക്ഷിക്കപ്പെട്ടാലും. (ലോട്. ആത്മനേപദം പ്ര. പു. ഏ. വ. കർമ്മണി).

5. കഥയ കഥയ=പറക പറക. (കേൾക്കാനുള്ള ഔത്സുക്യാതിശയത്തെ കാണിക്കുന്നതായ ദ്വിരുക്തി) (ലോട്. പരസ്മൈപദം മ. പു. ഏ. വ).

10. യമപടം=യമന്റെ ചിത്രം. വേഷം തിരിയുക=വേഷം മാറുക. അമിതയമഭക്തി=അന്തകനിൽ വളരെ ഭക്തി.

11. അതിനിപുണൻ=വളരെ മിടുക്കൻ. ഉഴറി=ബദ്ധപ്പെട്ട്.

13. അയിസുമുഖ=സുമുഖ, ഏ, ഇത്യാദികം മുതലായികളോട് അന്യരെ സ്വാമിപ്രീതിസൂചകമായി ചെയ്യുന്ന സംബോധനയാകുന്നു. അഖിലജനവൃത്തം=സകലജനങ്ങളുടെ സ്വഭാവം.

15. അഖില.........മകുടമണി=സകല രാജാക്കന്മാരിൽ ശ്രേഷ്ഠൻ

18. ശൌര്യം=പരാക്രമം. വീര്യം=മഹിമ. ശ്രീ=ഐശ്വര്യം. പ്രതാപം=തേജസ്സ്. കീർത്തി=യശസ്സ്.

20. തരസാ=അതിവേഗം. (അവ്യ)

22. നയനിപുണ!=നീതിശാസ്ത്രജ്ഞ! ഗുണസദന!= ഗുണങ്ങളുടെ ഇരിപ്പിടമേ! (രണ്ടും നിപുണകസംബോധനം).

29. രോഷേണ=(അ. പു. തൃ. ഏ. വ) കോപത്തോടുകൂടി; (ശത്രുനാമശ്രവണംതന്നെ കോപകാരണം).

36. മിത്രം=സ്നേഹിതൻ.

39. ഹൃദയം=മനസ്സ് (തന്റെ ഹൃദയത്തെപ്പോലെ വിശ്വാസഭാജനമെന്ന സാരം)

40. പുഷ്പകചത്വരം= പുഷ്പകം എന്ന തെരുവ്. മണികാരശ്രേഷ്ഠൻ=രത്നവ്യാപാരി.

41. നിന്ദ=പുച്ഛം.

44 കുടുംബങ്ങൾ=ഭാര്യാപുത്രാദികൾ.

45. ഇതി=ഇങ്ങനെ. (അവ്യ)

54. സഃ=(തച്ഛബ്ദം പു. പ്ര. ഏ. വ) അവൻ. ഖലു (അവ്യ) പുനഃ (അവ്യ). സഃ ഖലു പുനഃ=അവനാകട്ടെ പിന്നെ.

55. അംഗുലിമുദ്ര=മുദ്രമോതിരം.

56. ശിക്ഷയിൽ=നല്ലവണ്ണം. (ഇതൊരു നാടോടിഭാഷയാണ്).

59. അംഗുലീയാഗമം=മോതിരം കിട്ടിയ വിവരം.

60. അതിനിപുണമായി=വളരെ വ്യക്തമായി (വെടിപ്പായി)

63. കപടവേഷൻ=വേഷം മാറിയവൻ (ബ. വ്രീ)

64 നഗരമണികാരൻ= നഗരത്തിലെ രത്നക്കച്ചവടക്കാരൻ.

66. അർഭകൻ=കുട്ടി. മോഹനൻ=സുന്ദരൻ.

67. കോലാഹലം=ശബ്ദം.

69. മന്ദം=പതുക്കെ. (ക്രി. വി).

70. സുന്ദരാംഗി=സുന്ദരി. (ബ. വ്രീ)

71: കോമളം=മനോഹരം. ദാമം=മുരുക.

72. നിചവിലോചനാ=കറുപ്പുള്ള കണ്ണുകളോടു കൂടിയവൾ (സുന്ദരി). (ബ. വ്രീ)

73 പുത്രൻവിരല്=പുത്രന്റെ വിരലിന്. ശില്പം=മാതിരി.

74 കന്നൽമിഴി=കന്നൽ (കരിങ്കുവളപ്പൂവ്)പോലെയുള്ള മിഴി (കണ്ണു)കളോടുകൂടിയവൾ (ബ. വ്രീ). അതായത് സുന്ദരി.

75. പാദത്തിനോളം=കാൽക്കൽവരെ. ബലാൽ=യദൃച്ഛയായി.

76 ഊനം=കുറവ്.

77. അക്ഷരങ്ങൾ=എഴുത്തുകൾ (ലിപികൾ) വിസ്മയിക്ക=അത്ഭുതപ്പെടുക. (രാക്ഷസൻ കുടുംബത്തോടുകൂടി വളരെനാൾക്കു മുമ്പേതന്നെ നാടുവിട്ടു പോയിരിക്കുന്നുവെന്നു പ്രസിദ്ധമായിരിക്കയാൽ ഈ രത്നവ്യാപാരിയുടെ ഗൃഹത്തിൽ ഉള്ള ഒരു സ്ത്രീയുടെ കയ്യിൽനിന്ന്, രാക്ഷസനാമാങ്കിതമായ ഈ അംഗുലീമുദ്ര ഊരിവീഴുവാൻ കാരണമെന്തെന്നുള്ള വിചാരംതന്നെ വിസ്മയകാരണം).

78. മാനം=അഭിമാനം (ചാരന് ഒരു ഗൂഢവർത്തമാനം കിട്ടുന്നത് അഭിമാനകരമാണല്ലോ).

80. ചാരനിപുണകോക്തികൾ=ചാരനായ നിപുണകന്റെ വാക്കുകൾ.

82. കാതില=ഇതു കർണ്ണാഭരണമെന്നു സാമാന്യമായി സങ്കല്പിച്ചു 'കടുക്കൻ' എന്ന അർത്ഥത്തിൽ ഉപയോഗിച്ചിരിക്കയാണെന്നു തോന്നുന്നു. എന്നാൽ ഇതു സ്ത്രീകൾ കാതിൽ അണിയുന്ന ഒരുതരം ആഭരണത്തിനു മാത്രമേ പറയാവൂ. തെങ്ങ്, പന, കൈത ഇവയുടെ ഇളയ ഓല ഒരേ വീതിയിൽ കീറി മഞ്ഞൾ മുതലായവ ചേർത്തു പുഴുങ്ങിയുണക്കി തെറുത്തും സംസ്കരിച്ചും, രത്നം പതിച്ചും ഇങ്ങനെയെല്ലാം ഇതു ഉണ്ടാക്കപ്പെടുന്നതിനാലത്രേ ഇതിന് 'കാതില' 'കാതിലോല', 'ഓല' എന്ന പേരുകൾ ഉണ്ടായത്. 'കർണ്ണികാ താലപത്രം സ്യാത്' എന്ന് അമരകോശം ഇതിനെ സ്പഷ്ടമാക്കുന്നുമുണ്ട്.

85. സർവ്വതഃ=മുഴുവൻ (തസിൽ പ്രത്യയാന്തം, അവ്യയം)

86. നിരൂപിച്ചുകല്പിച്ചു=ആലോചിച്ചുറച്ചു.

89. ഇക്കഥ ചാണക്യചന്ദ്രഗുപ്തന്മാർ കണ്ടതാണെന്നുള്ള സംഗതി.

91. ലാഘവം=വേഗം.

93. കുമാരൻ=രാജകുമാരൻ. ശൈലേന്ദ്രരാജൻ=മലയകേതു.

94. സേനാധിനായകർ=സേനാപതികൾ.

95. കൗലൂതരാജൻ=കുലൂതരാജ്യത്തിലെ രാജാവ്. മലയനൃപൻ=മലയം എന്ന രാജ്യത്തിലെ രാജാവ്.

96. ശത്രുവിധ്വംസനൻ=ശത്രുക്കളെ നശിപ്പിക്കുന്നവൻ.

97. സിംഹസമാനൻ=സിംഹ(സിംഹമെന്ന മൃഗ)ത്തിനോടു തുല്യൻ. സിംഹത്തിൽ അത്യുഗ്രങ്ങളായ നീണ്ട സടകൾ ഉണ്ടായിരിക്കുന്നതും കാട്ടിലെ ജന്തുക്കൾ ഭയപ്പെടുന്നതും പ്രസിദ്ധമാണല്ലോ?

[illegible] ശത്രുക്കളെ നശിപ്പിക്കുന്നവരെന്നു സാരം. പ്രതിയോഗികൾ=ശത്രുക്കൾ. കശ്മീരൻ=കശ്മീരരാജ്യത്തെ രാജാവു്.

98 സിന്ധുവാസി=സിന്ധുരാജ്യത്തിൽ വസിക്കുന്നവൻ. [illegible]=[illegible]രാഷ്ട്രത്തിലെ രാജാവു്. സിന്ധുഷേണാഖ്യൻ=സിന്ധുഷേണൻ എന്നു് ആഖ്യയുള്ളവൻ (ബ. വ്രീ.)

99. പാരസീകന്മാർ=പേർഷ്യാരാജ്യവാസികൾ.

101. വ്യാജം=കള്ളവു്. കറി=കറിമാനം. പത്രം=എഴുത്തു്. രാജപ്രവരർ=രാജശ്രേഷ്ഠന്മാർ. ചിത്രവർമ്മാദി മുൻപറഞ്ഞ പഞ്ചരാജാക്കന്മാർ.

102. മുദ്രനാൽ= മുദ്രയോടുകൂടിയ മലയകേതുവിനെക്കൊണ്ടു്. [illegible]=[illegible] (എന്തെല്ലാം വ. പ്ര. ഏ. വ) ഇതു ഞാൻ (വ്യാജമായ കറി എഴുതിച്ചു ചാർത്തിച്ചു മുദ്രയിട്ടുകൊണ്ടു് അമാത്യനെ [illegible] കളയിപ്പൻ എന്നഭിപ്രായം.)

103. ശകടദാസൻപക്കൽ=ശകടദാസന്റെ അധീനത്തിൽ.

104. രാജപുത്രൻ=രാജകുമാരൻ.

106. ധന്യമതേ!=സൽബുദ്ധേ! ഗുണവാരിധേ!=വളരെ ഗുണമുള്ളവനേ! ബുദ്ധിവിലാസങ്ങൾ=ബുദ്ധിചാതുര്യങ്ങൾ.

107. സ്വഗതം!=മിത്രമേ!

108. കന്യംവരാതെ=തെററുവരാതെ.

109. ലേഖം=എഴുത്തു്. ഇന്നേ=നിർദ്ദേശ്യമായ പ്രകാരത്തെക്കുറിക്കുന്ന സർവ്വനാമം. വാചകം=വാക്യം. (പദസമൂഹം)

110. അതാണം= ഒരാൾ (ഞാൻ) എന്തോ ഒന്നു= ഒരു സംബന്ധം (ഈ സംബന്ധം) ഉണ്ടു്=(കൊടുത്തയച്ചുവിട്ടിട്ടു്+ഉണ്ടു്) എന്ന വാക്യത്തിനു ഉദ്ദേശ്യം ഒരുത്തൻ=ഒരാൾക്കു് (നിങ്ങൾക്കു്).

111 മന്ത്രം=ആലോചിച്ചറിയത്തക്കതു്. സ്വയം=താൻതന്നെ. (അവ്യ) വാച്യം=പറയേണ്ടതു്. ബാഹ്യനന്ദന്മാർ=സാക്ഷാൽ "സംബന്ധകൻ (പ്രത്യക്ഷപ്പെടുന്നവർ എന്നു സാരം) ഇതിന്റെ താൽപര്യം ഒന്നുകൂടി വിശദമാക്കാം "ഞാൻ നിങ്ങൾക്കു് ഈ സംബന്ധം കൊടുത്തയക്കുന്നു. എനിക്കു പറവാനുള്ള സംഗതി നിങ്ങൾതന്നെ ആലോചിച്ചറിയുമല്ലോ" എന്നെഴുതാവു. ആരു് എഴുതുന്നുവോ അയാളുടെയും, ആർക്കു് എഴുതുന്നുവോ അയാളുടെയും, ഏതു സംബന്ധം കൊടുത്തയക്കുന്നുവോ ആ സംബന്ധത്തിന്റെയും സംജ്ഞകൾ വേർ എഴുതരുതു്. എന്നർത്ഥം. അതെല്ലാമെ കാര്യം വ്യക്തമായി പറഞ്ഞാൽ അമാത്യരാക്ഷസന്റെ വിശ്വസ്തമിത്രമായ ശകടദാസൻ ഇതു ചാണക്യന്റെ പ്രയോഗമാണെന്നും സിദ്ധാർത്ഥൻ ചാണക്യചാരനാണെന്നും മനസ്സിലാക്കാതിരിക്കുന്നതാണല്ലോ.

112. ഇത്തരം അക്ഷരങ്ങളെ=ഇതു വക പലതും. സാദൃശ്യം=ഇച്ഛാനുരൂപം. ദൃശ്യം=സ്പഷ്ടം

115. വാ (ക്രി. മ. പു. ഏ. വ). അപത്യപ്രത്യയാന്തം പറയുന്ന വിധയപ്രകാരം വരിക എന്നർത്ഥം.

117. കായസ്ഥൻ=ഗുമസ്ഥൻ (അമാത്യരാക്ഷസന്റെ) ഉപായം=കൗശലം. പത്രം=എഴുത്ത്.

118. വാചികപത്രിക=സന്ദേശപ്പത്രമുള്ള എഴുത്ത്.

120. മുദ്ര=എഴുത്തടയാളം (എപ്പോഴും യഥാർത്ഥ വ്യത്യാസം വരാതെ തന്റെ കൈയെഴുത്തുംകൊണ്ട് അടയാളപ്പെടുത്തുന്നതിനാൽ ഇത് അനാവശ്യമായതെന്നു, തിരുവിതാംകൂർ മഹാരാജാവിന്റെ മുദ്ര ഉപയോഗം മാത്രമേ എന്നു പറയാറുണ്ട്. അതിൽനിന്ന് ഈ അർത്ഥം വ്യക്തമാകുന്നു.

122. കൂടാഹിതപത്രം= കളവായി ഉണ്ടാക്കിയ എഴുത്ത്.

123. സുവിനയമോടെ=നല്ല വിനയ(അടക്ക)ത്തോടുകൂടി. സാദരം=ബഹുമാനപുരസ്സരം.

126. മുദ്രയാൽ (ആ. സ്ത്രീ. തൃ. ഏ. വ) മുദ്രകൊണ്ട്. മുദ്രിതം= അടയാളപ്പെടുത്തപ്പെട്ടത്. (പത്രം എന്നതിന്റെ വിശേഷണം) ഓ=മിട്ടേ! (സംബോധന)

127. ഉന്നം=മുഖീന (ഉള്ളം).

128. ഘാതുകന്മാർ=കൊല്ലുന്നവർ. (ആരാച്ചാരന്മാർ) എന്ന നാടകേ ഭാഷ.

129. ക്രൂരൻ=ദുഷ്ടൻ.

130. വ്യാജേന=കളവായി (അ. പു. തൃ. ഏ. വ)

131. കലിതമുദം= സന്തോഷത്തോടുകൂടിയവനായ ശകടദാസനെ എന്നതിന്റെ വിശേഷണം (ര. പു. ദ്വി. ഏ. വ)

132. മന്ത്രിപ്രവരൻ=അമാത്യരാക്ഷസൻ.

133. മൃഷ്ടാന്നം=പ്രസാദം.

135. ദുകൂലം=നല്ലവസ്ത്രം.

138. സാചിവ്യം=മന്ത്രിത്വം.

139. നിർമ്മലചിത്തൻ=കളങ്കമില്ലാത്ത മനസ്സോടുകൂടിയവൻ.

141. അതിചതുരൻ=വളരെ സമർത്ഥൻ.

142. തുഷ്ടി=അനുഗ്രഹം

143. ചാണക്യചരണവന്ദനം= ചാണക്യന്റെ പാദങ്ങളെ വന്ദിക്കുക.

144. നയനിപുണമതി=നയ(നീതിശാസ്ത്ര)ത്തിൽ നിപുണം (നല്ല അറിവുള്ള) ആയ ബുദ്ധിയോടുകൂടിയവൻ.

145. നിജനികടഭുവി=തന്റെ സമീപത്തിൽ.

146. ഭേദംവരുത്തുക=അകറ്റുക.

147. കാലപാശികൻ, ദണ്ഡപാശികൻ=ഇവർ രണ്ടുപേരും വധശിക്ഷ വിധിച്ചവരെ കൊല്ലുവാനുള്ള ഉദ്യോഗസ്ഥന്മാരാകുന്നു.

150. ദുർമ്മന്ത്രി=ദുഷ്ടനായ മന്ത്രിവരൻ. ഒളിചാരന്മാരെന്നാലിതാ ചെയ്യുന്നവൻ.

151. ഝടിതി=(അവ്യ) വേഗത്തിൽ. പുനരപി=പുനഃ അപി=പിന്നെ. ചാപല്യം=ഒരു ദുസ്സ്വഭാവം. അതിനെ സംസർഗ്ഗമുള്ളതിനാൽ വിശദീകരിച്ചുവരുന്നു. ഇവിടെ 'ചാപല്യരഹിതകഴിവിനാലെരുവിനു' എന്നോ 'ചാപല്യരഹിതകഴിവിനാലെരുവിൻ' എന്നോ മൂലം എന്നു സംശയമുണ്ട്; കഴിവിന്റെ വിശേഷണമാണെങ്കിൽ ചാണക്യന്റെ ദേഹത്തിൽ താരകനായ സാമർത്ഥ്യത്തിൽ മാത്രമായിരിക്കും. വിശദീകൃതനായ ശല്യം താപ്പാൻ ഉണ്ടാകുന്ന ഉത്സാഹമായ വേദന അവനെ അനുഭവിപ്പിക്കാനായിരിക്കാം അങ്ങനെ ചെയ്യുന്നത്. ചാണക്യനെയാണ് ചാപല്യം തേടുന്നതെങ്കിൽ ചാണികരുടെ കണ്ണിനെ അവന്റെ നേരെ ആകർഷിക്കേണ്ടതാണെന്ന വൈരാഗ്യം വരുത്തേണ്ടതാണെന്നു ഇവിടെ ഉദ്ദേശ്യംകൂടി ഉണ്ടായിരിക്കും.

155. അതികുപിതർ=വളരെ കോപിച്ചവർ.

156. തദനു=(അവ്യ) അതിനുശേഷം.

157. അതുലബലപൌരുഷർ=(അ. പു. ബ. ബ. വ) അതി ബലവാന്മാരെ പൌരുഷന്മാരെ.

158. രാക്ഷസം=(അ. പു. ദ്വി. ഏ. വ) രാക്ഷസനെ വീക്ഷി ത്തും=(അവ്യ) കാണ്മാൻ.

160. മന്ദമല്ലാത്തവേഗത്തിൽ.

161. മലിനംകറ്റുന്നം, ശ്രേഷ്ഠകർമ്മങ്ങളെവരുത്തുന്നവൻ= ശ്രേഷ്ഠമായ കർമ്മ(സ്വാമികാര്യങ്ങൾ)ത്തിനു മുതലായ ഉത്തമൻ ശ്രേഷ്ഠൻ (ചാണക്യൻ) ശാസനാൽ=കല്പന നിമിത്തമായിട്ട് (അ. ന. പ. ഏ. വ)

193. ശ്രേഷ്ഠിപ്രവര!=ചെട്ടിശ്രേഷ്ഠ! ഹന്ത പാപ!= കഷ്ടമെ!

166. കല്പിച്ചിരിക്കുന്നു=നിശ്ചയിച്ചിരിക്കുന്നു.

168. കൃപ=ദയ. ശൌരി=കള്ളൻ.

169. ഉത്തരം=ഭയം.

170. അപായം=ആപത്ത്. പ്രാകൃതി=മന്ത്രത്തിരിക്കാൻ താരം.

171. അമാത്യകൃത്യം=രാക്ഷസന്റെ ജോലി. വഞ്ചിക്കുക=മറ്റൊരാൾ ധരിപ്പിക്കുക (ശ്ലോ. മ.)-

176. വിരഹസഹായ്യവിശ്വസിച്ചിട്ടു ചതിക്ക.

177. മരംചങ്ങാർ (മൃതരല) പുത്രകളത്രാദികൾ=മക്കൾ, ഭാര്യ മുതലായവർ.

181. തോറ്റ്=വശത്തിൽ.

182. ആളെ=ദേശ

183 സുവർണ്ണങ്ങൾ=പൊന്നുകൾ,

184. ഭൂപാലമന്ദിരഗോപുരം= കോവിലകത്തിൻെറ ഗോപുരങ്ങൾ, (അ. ന സ, ഏ. വ)

185. വിടകൊണ്ട്=വന്ന്. (ആചാരപദം)

187. ചോദ്യമവനോടു ചെയ്യേണ്ടതല്ല ഭവനാത്യം=അവനോട്, ആദ്യം ചോദ്യം ചെയ്യേണ്ടത്, ഭവാൻ (ഭൂകന)എന്ന് അഭിപ്രായം. മറ്റെന്തിനിക്ക്=ഇനിക്ക് മറ്റ് ആര്? (ഉണ്ട്?) എന്നഭിപ്രായം.

188. രാജനിയോഗം=രാജാവിൻെറ കല്പന. രാജപുരുഷന്മാർ=രാജകിങ്കരന്മാർ.

190. വിനീതൻ=വണക്കത്തോടുകൂടിയവൻ.

191. അവനിസുരവരനെ=ബ്രാഹ്മണശ്രേഷ്ഠനെ (ചാണക്യനെ) കമ്പിട്ട്=വന്ദിച്ച്. ആചാരം=ഉപചാരം. വാങ്ങി=പിന്നോക്കം മാറി,

192. ഉചിതം=യോഗ്യം. അതിന്=ചന്ദനദാസൻെറ ഉപചാരത്തിന്. അഥ=പിന്നെ. സ ഖലു ചണകസുതൻ=സഃ ഖലു ചണകസുതൻ=ആ ചാണക്യനാകട്ടെ.

195. സമ്മാനവാക്കുകൾ=സല്ക്കാരവചനങ്ങൾ. വചഃ=ആചാരം 'യദ്ഗൃഹേ പുണ്യയാത്ര മസ്പദമേവ ചാരുസമ്പാദ്യ' എന്നിത്യാദി

196 അനുചിതം=യോഗ്യമല്ലാത്തത്. സമ്മാനം=സൽക്കാരം. ഇപ്പരിഷക്ക്=എൻെറ തരക്കാർക്ക്.

199 വൈശിഷ്ട്യം=മഹത്വം. ഔചിത്യം=യോഗ്യത.

202. കശ്മലൻ=ദുഷ്ടൻ.

204. ശ്രേഷ്ഠിപ്രവര=ചെട്ടികളിൽ പ്രധാനിയായവനേ!

205. വാണിജങ്ങൾ=വ്യാപാരങ്ങൾ. വാണിജ്യം എന്ന സംസ്കൃതപദം നാട്ടുഭാഷയിൽ വാണിഭമായതാണെന്നു തോന്നുന്നു. സന്തതം=എപ്പോഴും. താണിയം=തടപ്പ്. (കച്ചവടത്തിൻെറ)

206. ആര്യൻ= യോഗ്യൻ (ഉത്തമമന്ത്രി) കഷ്ടങ്ങൾ=ദുഃഖങ്ങൾ.

207. നരപാലകൻ=ജനങ്ങളെ രക്ഷിക്കുന്നവൻ (രാജാവ്)

208. ധനഹരം=ദ്രവ്യാപഹരണം. പീഡ=ഉപദ്രവം. മേദിനി=ഭൂമി.

209. കർണ്ണങ്ങൾ=ചെവികൾ.

210. കൌതുകം=സന്തോഷം.

211. പൌർണ്ണമാസി=വെളുത്തവാവ്. പൂർണ്ണം=പൂർണ്ണം (തികഞ്ഞത്) ആയ ഗുണം (രാജധർമ്മം)

213. രാജഗുണം=രാജാവിന്റെ ഗുണം. ആശയം=മനസ്സ്.

219. അർത്ഥം=ധനം.

220. സാമ്രാജ്യം=സമ്രാട്ടിന്റെ രാജ്യം. (നാനാരാജ്യങ്ങൾ [illegible] കൂടിച്ചേർന്നുള്ള രാജ്യം എന്ന സാരം)

221. അനുഗ്രഹം=ദയയോടുകൂടിയ അനുഗ്രഹം.

222. ഉദ്ധതമില്ലാ=അത്യന്തം [illegible]. [illegible] (ഉ. [illegible] എന്ന [illegible] പുത്രിയായ [illegible]) [illegible] പുത്രൻ.

223. [illegible]=സ്വയം. പ്രിയം=ഇഷ്ടം.

224. മഹാശയൻ=മഹാൻ (ഉദാരൻ) ആയ [illegible]. [illegible] എന്ന നാമത്തെ യഥാർത്ഥമാക്കുന്നവനെന്നർത്ഥം. [illegible]=നിശ്ചയം.

225. [illegible] (അസ്ത്രശസ്ത്രം [illegible])

227. വിപരീതം=വിരോധം. [illegible]=[illegible] എന്നർത്ഥം.

230. അയ്യോ! ശിവ! ശിവ!!=അയ്യോ വിസ്മയമായിരിക്കുന്ന [illegible]. [illegible]=അസത്യംതന്നെ (പൊളി)—[illegible] എന്ന [illegible]. [illegible]=വിലർ—എന്ന ചെറിയ വാക്യപൂരണം. [illegible]=അസത്യം [illegible].

231. [illegible]=പുല്ലുകടം. (ഇവിടെ [illegible] [illegible] എന്നായിരിക്കും വിവക്ഷിതം) [illegible]=[illegible] ([illegible] തിന്നൊട്ട പിണങ്ങിയാൽ [illegible] [illegible] മഹാരാജാവിന് അപ്രിയം ചെയ്യുക എനിക്ക് വരുമെന്നോ? എന്ന സിദ്ധാന്തം).

232. പുരികം=പുരാതൻ. അശ്രു=പുല്ല തിന്നിട്ടൊട്ട പിണങ്ങുന്ന രീതി.

233. [illegible]=വിരോധം. അമാത്യൻ=അമാത്യശ്രേഷ്ഠൻ.

234. [illegible]=[illegible]—(അ. ന. സ. ഏ. [illegible])

235. പൊളി=അസത്യം. [illegible]=[illegible]—[illegible]=സത്യമായിട്ട്.

236. [illegible]=രാജകാര്യത്തിന്. [illegible]=[illegible] ഉണ്ടാകുന്ന [illegible] മറവും.

237. പൌരജനം=പുരവാസികളായവർ.

243. മുമ്പിൽ പറഞ്ഞ നിയില്ലേ—"അമാത്യന്റെ പുത്രകളത്രാദികളെയും നീ തന്നെ വെച്ചു രക്ഷിക്കുന്നില്ലയോ" എന്ന

ചോദിച്ചപ്പോഴും നീ ഇല്ല എന്നു പറഞ്ഞു. പിന്നെപ്പറഞ്ഞതില്ല. ഇതെങ്ങനെ അറിഞ്ഞതെന്തെന്നോ? ഇതിൽ ഏതാണ് വിശ്വസിക്കേണ്ടതു്?

244. ഒരിക്കൽ പറഞ്ഞാൽ മടങ്ങുകയില്ല=ഞാൻ ചോദ്യം മതിയാക്കുകയില്ല.

245. നിരപ്പ്=സമമാവുകയുള്ളൂ. ദൈവത്തിന്നവർക്കു ശരിയാണെന്നു തോന്നുകയുള്ളൂ. ('ദൈവത്തിനു നിരക്കാത്ത വാക്ക്') ഇത്യാദി പ്രയോഗം ഓർക്കുക.

251. അന്ന്യാ ത്രൈലോക്യരക്ഷാസമർത്ഥ ശക്രാദിവന്ദ്യം. കലശൽ=തിക്കം (തിരക്ക്.)

254. മന്ദഹാസം=പുഞ്ചിരി. (പരിഹാസസൂചകം)

256. ചേതസി=മനസ്സിൽ. (സം. നാ. സ. ഏ. വ)

259. അനുരോധം=അനുഗ്രഹം.

260. നയവിപുലബലം=നയ (നീതി)വും വിപുലം (വലുതു്) ആയ ബലവും (ശക്തി). നക്രനാസൻ=നന്ദരാജമന്ത്രികളിൽ ഒരു പ്രധാനി.

261. ലക്ഷ്മി=മഹാലക്ഷ്മി (ഐശ്വര്യം).

264. രുധിര..............ശോണാഭ=രുധിരവദനന്മാർ (ശവാശനന്മാർ) ഇടെ രുധിര(ചോര)ത്തിന്റെ കണങ്ങൾ (തുള്ളികൾ) ഇടെ ദാനം (പുരട്ടുക)കൊണ്ടു ശോണാഭയെ (ചുവന്ന) ആഭ (ശോഭ)യെക്കൊണ്ടു്. ശോണാഭ=ചുവന്നതു്.

265. ശിശിര..................കലാ=ശിശിരകര(ചന്ദ്ര)ന്റെ മഹിത(പൂജ്യ)യായ കല. സിംഹവദനം=സിംഹത്തിന്റെ വായ്. ദംഷ്ട്രം=കോമ്പല്ല്. ഇവിടെ ചാണക്യൻ, 'തന്നാൽ സുരക്ഷിതനായ ചന്ദ്രഗുപ്തനെ വധിക്കുവാൻ (അല്ലെങ്കിൽ രാജ്യഭ്രഷ്ടനാക്കുവാൻ) രാക്ഷസാമാത്യനാൽ സാദ്ധ്യമല്ല എന്നു പറയുന്നതിനു പകരം 'സിംഹത്തിന്റെ വായിൽനിന്നു ദംഷ്ട്രയെ പറിച്ചെടുപ്പാൻ ആർക്കു സാധിക്കും?' എന്ന് അപ്രസ്തുതപ്രശംസയായ വാക്യത്തെ പ്രയോഗിക്കുന്നതുകൊണ്ടു് 'അപ്രസ്തുതപ്രശംസ' എന്ന അലങ്കാരം സംഭവിച്ചിരിക്കുന്നു.

267. വിവിധം=പലപ്രകാരത്തിൽ. ഇതി=(അവ്യ) ഇങ്ങനെ. വിശങ്കം=(ക്രി. വി) ശങ്കകൂടാതെ.

268. വിരുതു്=സാമർത്ഥ്യം (ശൈലി).

269. അഗ്രജകുലതിലകൻ= അഗ്രജകുല(ബ്രാഹ്മണജാതി)ത്തിൽ ഉത്തമൻ (ബ്രാഹ്മണശ്രേഷ്ഠൻ) ഉഗ്രം=ഭയങ്കരം.

270. ഉന്മാദം=ഭ്രാന്തിവശം. അനുഭവം=ഫലം.

273. ലൗകികകർമ്മങ്ങൾ=വാശിയോടുകൂടിയുള്ള പ്രവൃത്തികൾ.

274. കല്പാന്തകല്പം ഭയാനകം=ഭീകരം.

276. കാൽക്ഷണം ഒഴികാതെ=ഒട്ടും താമസിക്കാതെ. രാജ്ഞയും=രാമഭദ്രന്റെ കല്പനപ്രകാരം (ആ സ്ത്രീ. ഇ. ഏ. വ)

277. ചിത്രം= വിശേഷമായിട്ടുള്ളത്. രാജപ്രസാദം= രാജസന്മാനം.

281. ആവിർഭവിക്ക=തോന്നുക. ചിത്തത്തിൽ=മനസ്സിൽ.

282 ഭീഷണം=ഭയപ്പെടുത്തുന്നത്. രോഷവിഹീനൻ=രോഷമില്ലാത്തവൻ.

283. സത്യം=(ക്രി. വി) വാസ്തവമായിട്ട് (രക്ഷിച്ചുകൊള്ളുന്നു).

285. ഉത=അതായതു. വിശ്വാസം=സമ്മതം.

286. [illegible]=[illegible].

288. സാമദാനാദികൾ=സാമം, ദാനം മുതലായതു്. 'ശ്രേഷ്ഠിപ്രവര! ധനപതേ!' എന്നിത്യാദി സാമത്തിനും 'രാക്ഷസന്റെ കളത്രത്തെയും നൽകി ചിരകാലമുള്ള രാജപ്രസാദത്തെയും എത്രയും നന്നായനുഭവിച്ചീടെടോ!' എന്നിത്യാദി ദാനത്തിനും. ശ്രേഷ്ഠികുലശ്രേഷ്ഠ.................. നി ചൊല്ലുന്ന ഉൾക്കാമ്പുകൾക്കുണ്ടാമോ ഭേദം ഭൂപാലകൻ.............. ധാത്രീനാഥനെ പേടിയാതെ' എന്നിത്യാദി ഭേദത്തിനും. 'പിന്നെ രാക്ഷസൻ.................. ക്ഷോണീന്ദ്ര കോപമതു്.................. ദണ്ഡം ഭവിക്കുമല്ലോ' എന്നിത്യാദി ദണ്ഡത്തിനും. ചിത്തമിളകാതെ കണ്ടു്= ഇളകാതിരിക്കുന്നതു കണ്ടു്. ചിത്രം ഇവൻതന്നിൽ=ഇവന്റെ സ്വഭാവം ആശ്ചര്യം.

290. നിഷ്ഠുരം=കഠോരം.

292. അസിലതാഭാസം (ലതപോലെയുള്ള അസി; കനകാഭരണങ്ങൾ ലതയോടു സാദൃശ്യം).

293. ശൂലതലം=കഴുത്തു് ചന്ദ്രഗുപ്തനെയാണ ചന്ദ്രഗുപ്തരാജാവിന്റെ കല്പനപ്രകാരം.

294. ബലവാന്മാരേ!= കള്ളകാപട്യവാദികളേ! ദുരാത്മാ!=ദുർബുദ്ധേ.

297. മമ=എന്റെ. ചമ്മട്ടിയേറു്=ശിക്ഷയായി. (ആയതു് നാടകാന്തത്തിൽ കൊണ്ടു ശിക്ഷയിൽ വെളിവാകുന്ന പരിഹാസസൂചകം. അതിനെ തന്നെ അനന്തരവാക്യങ്ങളാൽ വ്യക്തമാക്കുന്നു.)

300 തടിച്ചു്=മുതലായവ കറച്ചു്.

301. ഉൾക്കാമ്പു്=മനസ്സ്. ചിളുമ്പുക=ഇളകുക. മൂർഖൻ=മൂഢൻ (കൊള്ളുകൊള്ളുവിവേകമില്ലാത്തവൻ)

303. ഏതിർപ്പിടിക്കുക=എതിർത്തുപിടിക്കുക.

304. അസമൻ=കുലമില്ലാത്തവൻ.

306. അന്ധതാമിസ്രസമാനം=അന്ധതാമിസ്രമെന്ന നരകത്തിനു തുല്യം.

307. ബന്ധനം=കെട്ടിയിടപ്പെടുതൽ.

309. കഷ്ടമേ കഷ്ടം (കഷ്ടം) അന്തരേ=മനസ്സിൽ. (അവ്യ)

310. സ്വാമിനി=(ഭ. പു. സ. ഏ. വ) സ്വാമിതന്നിൽ. സർവ്വസംഹാനി=എല്ലാ മുതലും നശിക്കുക.

313. കാലാന്തകോപമന്മാർ=കാലനോടും അന്തകനോടും തുല്യന്മാർ (ഇവിടെ കാലശബ്ദവും അന്തകശബ്ദവും, ഏകപര്യായങ്ങളാകകൊണ്ടു കാലപാശികളെന്നു പറയപ്പെടുന്നവരാം നാമരൂപങ്ങളിൽ മാത്രം ഭേദമുണ്ടെങ്കിലും കർമ്മഭേദമില്ലെന്നു സൂചിപ്പിക്കപ്പെട്ടിരിക്കുന്നു. അല്ലെങ്കിൽ കാലാന്തകൻ=ശിവൻ. സംഹാരതുല്യന്മാർ എന്നു കല്പിക്കാം.)

316. കണ്ടകപാഷാണസങ്കീർണ്ണം= കണ്ടക(മുള്ള്) പാഷാണ(കല്ല്)ങ്ങളാൽ സങ്കീർണ്ണം (നിറയപ്പെട്ടതു്).

317. വിധിബലം=ദൈവശക്തി (ഭാഗ്യം).

318. ചേതസി=(സ. ന. സ. ഏ. വ) മനസ്സിൽ. ആർത്തന്മാർ=ദുഃഖിതന്മാർ.

320. നിധികം=നിക്ഷേപണം.

321. വൈശിഷ്ട്യം=നന്മ.

322. ഗുണാകരങ്ങൾ=വിശേഷമായ കരങ്ങൾ (ഗുണംപതിച്ച കരങ്ങൾ) അഖിലഗുണങ്ങൾ=പലഗുണങ്ങൾ.

323 കണ്ടിക്കണക്കിൽ=ഇതു ഇടങ്ങഴികണക്കും അളവുകണക്കും രണ്ടുവിധത്തിലാവാം. ഇടങ്ങഴികണക്കാണെങ്കിൽ അറുനൂറ്റിനാല്പതു ഒരു കണ്ടി, അളവുകണക്കാണെങ്കിൽ ഒരേകാൽ സമചതുരം ഒരു കണ്ടി; സഹസ്രാദിലാഭങ്ങളൊക്കെ ഇങ്ങിനെയായിട്ടാണു് കണക്കാക്കുന്നതു്.

324 കാലപ്പെട്ടി=വസ്ത്രങ്ങളുടെയും മറ്റും ആധാരങ്ങളായ രേഖകളെ സൂക്ഷിക്കുന്ന പെട്ടി; പുരാതനകാലങ്ങളിൽ രേഖകളെല്ലാം പനയോലയിലായിരുന്നതിനാൽ ഈ പേർ അന്വർത്ഥമാകുന്നു.

325. കത്തിടാവഴികൾ=പൂട്ടുകളും വാതിലുകളും മറ്റും കത്തിച്ചു എന്നു് അപഹരിക്കുക. കൊണ്ടന്നു=കൊണ്ടുവന്നു (വകഭേദം)

326. അർത്ഥം=ധനം. എപ്പുറം=എല്ലാം.

327. അന്തഃകരണം=മനസ്സു്.

328. രാക്ഷസസാമർത്ഥ്യനേരുള്ളി=രാക്ഷസസാമർത്ഥ്യമാകുന്ന വള്ളി, നിങ്ങടെതാണല്ലോ - ജീവിതം തഴിവന്.

329. സാരസമൂഹത്തു്=രാക്ഷസസമൂഹം.

332. മിത്രബലം=നല്ലബലം.

333. കമ്പം=കൂസൽ.
337. അടൽ=യുദ്ധം.
338. നിദേശം=കല്പന. ധൃഷ്ടൻ=സമർത്ഥൻ. ഔഗ്രായണമന്ത്രി=ഔഗ്രായണൻ എന്ന മന്ത്രി.
340. ഔചിത്യം=യോഗ്യം. പാർത്ത്=ആലോചിച്ച്.
341. വരസചിവൻ=ഉത്തമമന്ത്രി. രുമ=ശോഭ,
342. പ്രിയസചിവനയവചനനിശമനരസാന്തരേ=പ്രിയസചിവ(ഉഗ്രമന്ത്രി)ന്റെ നയവചന(നീതിയായ വാക്ക്)ത്തെ നിശമനരസത്തോടെ (കേൾപ്പാൻ). പദ്മഭവപുത്രൻ=പദ്മഭവന്റെ പുത്രൻ (മലയകേതു) രാജസാമ്രാജ്യത്തെ ചൊല്ലിവിട്ടിരുവതരതി= (അതിനെ പറഞ്ഞയച്ച് രാജസാമ്രാജ്യത്തെ വരുത്തി) എന്ന് അന്വയം.
344. കേളിപ്പുകൾ=വസ്ത്രങ്ങൾ ആഭരണങ്ങൾ.
345. സ്വാമിവിനാശം=നാഥന്റെ വിനാശം. കമ്പം=ഇളക്കം.
346. ഭൂഷണം=ആഭരണം. അലങ്കരിക്ക=അണിയുക.
347. ഇനകം=(അസ്തു) ഇങ്ങനെ.
349. സ്വകുമാര!=സ്വന്തം! വിരാജിതമഹാ!=വീരന്മാരുടെ ശിഖയിൽ (ശിരസ്സിൽ) ഉള്ള രത്നമേ! (മഹാവീര!)
352. വീര്യം=പ്രതിയോഗികളെ ജയിപ്പാനുള്ള സാമർത്ഥ്യം. തേജസ്സ്=പ്രതിയോഗികൾ ചെയ്യുന്ന അപരാധങ്ങളെ സഹിക്കാത്ത മനഃസ്ഥൈര്യം. നാശനം=പ്രതിയോഗികളുടെ തേജസ്സിനെ അടക്കുന്ന മനോബലം (ബലം) രോഷം=തനിക്കു തന്റെ പക്ഷക്കാർക്കും നാശം വരുന്നതിനാലുണ്ടാകുന്ന മനോധൈര്യം. ശൌര്യം=വീര്യംതന്നെ. (ഗ്രന്ഥന്റെ കർമ്മം)
354. എഴുനിലമാടം=ഏഴുനിലയിലുള്ള കൊട്ടാരം (മാളിക) വീര്യം=പ്രഭാവം (തേജസ്സ്) 'വീര്യംതാനേവ ച തേജസ്സാമർത്ഥ്യയോരപി' എന്ന് അമരകോശം. സിംഹാസനം=രാജാസനം. ചെറ്റ്=ചെറുത്. (കുറച്ച്).
359. കനകവർണ്ണം=ഇഷ്ടംപോലെ, അനുഷ്ഠിക്കുക=ചെയ്യുക.
360. ദിവ്യം=വിശേഷമായ. പൊന്മണിമാല=സ്വർണ്ണംകൊണ്ടുള്ള വിശേഷമായ മാല.
361. ജയകേതു=ജയമുള്ളവനായ രാജകുമാരി.
364. ശിരസ്കം=കിരീടം. അഹിതജനാധിപവേഷം=അഹിതജനാധിപ(ശത്രുരാജാ)ന്റെ വേഷം (ആകൃതി).
365. പാമ്പിൻകുടക്കുടം=പാമ്പിനെ സൂക്ഷിക്കുന്ന കുടകം (അര, ഇരുമ്പ്, മുള മുതലായവ കൊണ്ടു ഉണ്ടാക്കുന്ന ഒരുതരം പാത്രത്തിന്, 'കൂട' എന്നാണ സാധാരണ മലയാളികൾ പറയുന്ന പേർ. എന്നാൽ ഇവിടെ 'കുടം' എന്നുള്ളതു കവിയുടെ ഒരു വികൃതിയെന്നേ പറയാൻ തരമുള്ളൂ. ഭാഷാഭൂഷണകാരന്മാരായ കവികളെല്ലാം).

367 ചിന്താകുലതയാ = മനോവ്യസനത്തോടുകൂടി. (അ. സ്ത്രീ. തൃ. ഏ. വ)

369 ഉണ്മയതില്ല = മനസ്സിലായില്ല.

370. ധന്യൻ = സമർത്ഥൻ.

372. കണ്ണുനീർ ഓരോധാരയായി. (തനിക്കുവേണ്ടി തന്റെ സ്നേഹിതന്മാർ അനുഭവിക്കുന്ന ക്ലേശങ്ങളെ ഓർത്തുള്ള അനുതാപംതന്നെ ദുഃഖകാരണം.)

373. പശ്ചിമസീമനി = (ന. ന. സ. ഏ. വ) അതിരിന്മേൽ.

374. മീനൻ = പരവൻ. കറവൻ = പായാളി (കരിയിൽ കറുത്തവൻ എന്ന അർത്ഥത്തിൽ ഈ പേർ വന്നതായിരിക്കാം.)

375. അയ്യോ! = ഏതുമാത്രം.

376. മംഗലരൂപൻ = നല്ല രൂപത്തോടുകൂടിയവൻ. ഈശ്വര! = ദൈവമേ! (അനന്തരപാദ്യാന്തകവാക്യം)

377. ഭൂപാലവീരൻ = രാജശ്രേഷ്ഠൻ. ദേവൻ = സ്വാമി.

378. ആപാദചൂഡം = (അവ്യ) അടിമുതൽ മുടിവരെ (അവ്യയീഭാവസമാസം). പദവീമുൽകൃഷ്ടസമിതി (തന്റെ സ്വാമിയായിരുന്ന 'സർവ്വാർത്ഥസിദ്ധി' ജന്മഭവനായിരിക്കുന്ന കാലമായിരുന്നെങ്കിൽ ഞാൻ അദ്ദേഹത്തെക്കൊണ്ടു സർവ്വാഭരണങ്ങളും സമർപ്പിച്ച് ആപാദചൂഡം നിന്നെ അലങ്കരിപ്പിക്കുമായിരുന്നു എന്നു സാരം.)

379. വിധിവിഹിതം = ദൈവകല്പിതം. ഇദം = ഇത്. (ഇദം ശബ്ദം ന. പ്ര. ഏ. വ)

380. ചിത്തവിഷാദാൽ = മനോദുഃഖത്താൽ.

381. സശോകം = (ക്രി. വി) വളരെ ദുഃഖത്തോടുകൂടി.

383. അലം അലം ഇത് = (ഗദ്യ) മതി മതി. (അവ്യ) ആശു = (അവ്യ) വേഗത്തിൽ.

384. കാലാന്തരം = കാലക്രമം.

385. ആതുരൻ = ദുഃഖിതൻ. വൃഷ്ണികുലം = യാദവവംശം.

387. മുനിശാപാൽ = മഹർഷിമാരുടെ ശാപത്താൽ. ഇക്കഥ ഭാഗവതം ഏകാദശസ്കന്ധത്തിലും ഭാരതം മൗസലപർവ്വത്തിലും പറഞ്ഞിട്ടുണ്ട്. 'ഭൃഗു, ഭരദ്വാജ, വസിഷ്ഠ, കണ്വാദി മഹർഷിമാർ ശ്രീകൃഷ്ണഭഗവാനെ കാണ്മാനായി ദ്വാരകയിലേക്ക് വന്നപ്പോൾ 'യാദവപുത്രന്മാർ പൃഥക്ത്വമെന്നില്ല', ആ മഹർഷിമാരെ പരിഹസിപ്പാനായി സാംബനെ ഒരു ഗർഭിണീവേഷം കെട്ടിച്ച്, 'ഇവൾ പെറുന്നതു പുരുഷനോ പെണ്ണോ? ദിവ്യന്മാരായ നിങ്ങൾ പറഞ്ഞുതരണം' എന്ന് അപഹാസ്യമായി ചോദിച്ചു. അവർ അന്യോന്യം ആലോചിച്ചപ്പോൾ കുലത്തെ മുടിപ്പാൻ പോകില്ല; ഇവർക്ക് നാശകരമായൊരു

ഭിക്കുന്നു എന്നു മനസ്സിലാക്കി; ഇവൾക്കു പ്രസവം അടുത്തിരിക്കുന്നു; ഇവൾ ഒരു ഉത്തമപുത്രനെ പ്രസവിക്കും; 'അതിനാലേ കഷ്ടം മുടിയും തീർന്നുകൊള്ളും'' എന്നു വിധിച്ച് ആ ദിവ്യന്മാർ എഴുന്നള്ളുകയും അപ്രകാരമെല്ലാം സംഭവിക്കയും ചെയ്തു. എന്നാണതിന്റെ സംക്ഷേപം.

388. മന്ദൻ=നിസ്സാരൻ. അവകാശം=സംഗതി.

390. മാനുഷ്യത്തി=മനുഷ്യന്റെ ചാപല്യം. പ്രാണവിനാശഭയം=മരിച്ചുപോകുന്നതിലുള്ള ഭയം.

391. നിത്യം=എല്ലായ്പോഴും. പാരവശ്യം=അന്യന്മാരുടെ അനുവൃത്തി.

392. സ്വർഗ്ഗേ=സ്വർഗ്ഗത്തിൽ; പരലോകത്തിൽ (അ. പു. സ. ഏ. വ) മമ നൃപതിശ്ച്=എന്റെ സ്വാമിയായ രാജാവിന്ന്. അരിസംഘം=ശത്രുക്കളുടെ കൂട്ടം. അശേഷം=മുഴുവൻ. (ശേഷത്തോടുകൂടാതെ. നഞ്. ബ. വ്രീ)

393. സന്തതം=എപ്പോഴും.

394. നിഷ്ഫലം=വ്യർത്ഥം (നഞ്. ബ. വ്രീ)

395. ഭിത്തിയില്ലെങ്കിലേ ചിത്രമുള്ളൂ=ചിത്രത്തിന്നാധാരം ഭിത്തിയാകകൊണ്ട് ആധാരമായ ഭിത്തി നശിച്ചാൽ ആധേയമായ ചിത്രവും നശിക്കുന്നു. അതുപോലെ രാജാവുള്ളപ്പോഴേ നീതിപ്രയോഗം ചെയ്യേണ്ടുന്ന മന്ത്രിയായ ഞാൻ രാജാവു നശിച്ചിട്ടു പിന്നെയും നീതിപ്രയോഗം ചെയ്യുന്നതു നിഷ്ഫലംതന്നെ എന്നു സാരം. കിം ഫലം=ഫലമെന്തുള്ളൂ?

396. സ്വാമിവിനാശം=സ്വാമി(രാജാവ്)യുടെ നാശം, കാമം=ആഗ്രഹം.

399. നരപതി=നന്ദരാജാവ്. അത്ഭുതമാണ്. അന്നു ഇങ്ങനെ ഉപേക്ഷിച്ചുവല്ലോ. എന്നു പറഞ്ഞുകൊണ്ട് അദ്ദേഹം തന്നെക്കുറിച്ച് ഏതെല്ലാം ചെയ്യേണ്ടവനെന്നു പറയുന്നു.

400. ഒട്ടും=ഒരു സംഗതിയിലും. കാൽക്ഷണം=അല്പസമയം പോലും.

401. മാനസേ=ഉള്ളിൽ.

404. അന്യജനാന്തരേണാപ്യം=അന്യജനങ്ങളെക്കൊണ്ട് മനസ്സറിഞ്ഞു (രാക്ഷസൻ ചന്ദ്രഗുപ്തനെ നശിപ്പിച്ചു എന്നും സ്വാമിഭക്തനെന്നും ഇറച്ച്) തീക്ഷ്ണൻ=ക്രൂരൻ.

405 തീക്ഷ്ണരസദായികൾ=തീക്ഷ്ണന്മാർ (ക്രൂരന്മാർ) ആയ രസദായികൾ (വിഷപ്രയോഗിക്കുന്നവർ). കല്പിക്ക=നിയോഗിക്ക.

406. രക്ഷകം=ആഹാരദായികളെ ശ്രദ്ധിച്ചു രക്ഷിക്കുക. അനുദിനം=ദിവസേന (അവ്യ).

407. അരാതിവ്യാപാരം=ശത്രുവിന്റെ പ്രവൃത്തി.

403. കിം ഇഹ ഫലം=അങ്ങനെയൊക്കെ ചെയ്തിട്ട് ഇവിടെ എന്തു ഫലമാണ്?

410. ശാർദ്ദൂലപോതങ്ങൾ=പുലിക്കുട്ടികൾ. (പുലിക്കുട്ടികളെ വളർത്തിയാൽ അവ വലുതാകുമ്പോൾ വളർത്തിയവനെത്തന്നെ കൊന്നു തിന്നുന്നതുപോലെയാണ് ചന്ദ്രഗുപ്തന്റെ പ്രവൃത്തി എന്നു സാരം.)

413. ദൈവം=ഈശ്വരൻ (വിധി) വർമ്മം=ചട്ട (കവചം എന്നു സാരം)

414. കഥയ കഥയ തത്ത്വം=വാസ്തവത്തിൽ പറക പറക. ([illegible])

415. ആകർണ്യ=ശ്രവണം ചെയ്ത് കേട്ടിട്ട്.

418. പുരപ്രവേശാദി=പട്ടണപ്രവേശം മുതലായത്. [illegible]

420. [illegible]=[illegible]. [illegible]=[illegible].

421. [illegible]=(ചന്ദ്രഗുപ്തചാണക്യന്മാരെ അവരുടെ [illegible]) മന്ദസ്മിതം=പുഞ്ചിരി.

424. യന്ത്രപ്രയോഗങ്ങൾ=യന്ത്രങ്ങൾകൊണ്ടുള്ള പ്രയോഗങ്ങൾ. വൈരോധകൻ=പർവ്വതേശ്വരന്റെ സഹോദരൻ.

423. ഘാതുകർ=വൈരോധകന്റെ ആളുകൾ.

428. ഭിഷക്=വൈദ്യൻ. ഔഷധചൂർണ്ണം=മരുന്നുകളുടെ പൊടി.

429. ധനവാൻ=പണക്കാരൻ. പ്രമോദകൻ=പള്ളിയറവിചാരിപ്പുകാരനായ ഒരുവൻ.

430. [illegible]. ബീഭത്സകാദികൾ=ചന്ദ്രഗുപ്തന്റെ ശയനഗൃഹത്തിന്റെ കീഴിൽ തുരങ്കമുണ്ടാക്കി അതിൽ ഇരുന്ന കൊല്ലുവാൻ ശ്രമിച്ചവർ.

431. ബന്ധുവൃത്താന്തങ്ങൾ=ബന്ധുക്കളുടെ കഥകൾ.

432. ദൈവസാനുകൂല്യങ്ങൾ=ഈശ്വരസഹായങ്ങൾ. പുര്യാം=നഗരിയിൽ.

433. സർവ്വമനോഹാരി=എല്ലാവരുടെയും മനസ്സിനെ വശീകരിക്കുന്നവൻ.

434. ബലാൽ=സാമർത്ഥ്യത്താൽ.

435. [illegible]= പക്ഷപാതിത്വം (നന്ദവംശത്തിനു സഹായിച്ചാൽ പക്ഷപാതിത്വം കൊണ്ടുമാത്രമായിരുന്നു [illegible] ചന്ദ്രഗുപ്തനെക്കൊണ്ടു ചാണക്യൻ [illegible] ചെയ്യിച്ചതാണ്.) [illegible]

436. പുരാ (അവ്യ) പണ്ട്. മഹാഭാരതസംഗ്രാമവൃത്താന്ത ഭാരതയുദ്ധത്തിൽ. വിജ്ഞാവർമ്മാഹൻ=മഹേന്ദ്രൻ.

437. ഉഗ്രചാപവില്ലാളി=ഉഗ്രചാപം (വലിയ വില്ല്) ആയ വില്ല്(ഗാണ്ഡീവം)തൊടുക്കുന്നവൻ (അ. വ്രീ) വംശംമൊഴിയാതെ വസിക്കുമാറായി. തൻ മഹിമാവംകൊണ്ട്=തന്റെ മഹത്വംകൊണ്ട്.

438. ജിഷ്ണു=അർജ്ജുനൻ (ജയിക്കശീലമായിട്ടുള്ളവൻ) ഏലാതെ=ഏൽക്കാതെ. (കൊള്ളാതെ)

439. എന്നുടെ പേരുടയോൻ=ഭീമസുതൻ (ഘടോൽകചൻ ഭീമസേനനാണല്ലോ) എന്നപോലെ=കർണ്ണനെന്നപോലെ.

440. കന്യാചിഹ്നംകൊണ്ട്=കന്യകയുടെ ആകൃതിയിലുള്ള ഒരു ചിഹ്നപ്രയോഗംകൊണ്ട്. ("കന്യാവിലാസംകൊണ്ട്" എന്നും പാഠാന്തരമുണ്ട്.)

441. കല്പിച്ചത്=ഭാവിച്ചത്. ചാണക്യൻ നയംകൊണ്ട്=നീതികൊണ്ട്.

443. ലാക്ക്=ലക്ഷ്യം (കുറി), കർണ്ണന്റെ വേലിന്റെ കഥ ഭാരതത്തിൽ സൂക്ഷ്മമായി പ്രതിപാദിച്ചിട്ടുണ്ട്; അതിന്റെ ചുരുക്കം-കർണ്ണനു സഹജമായിട്ട് ഒരു കവചം (ചട്ട) ഉണ്ടായിരുന്നു. അതുള്ളപ്പോൾ ശത്രുക്കളുടെ ആയുധം അവന്റെ ദേഹത്തിൽ ഏൽക്കുകയില്ല. സ്വപുത്രനായ അർജ്ജുനൻ കർണ്ണനെ കൊന്നുകാണണമെന്ന് ആഗ്രഹം ചെയ്തിട്ടുള്ള സംഭവമാകേണമെന്നു വിചാരിച്ച് ഒരുദിവസം ദേവേന്ദ്രൻ ഒരു ബ്രാഹ്മണവേഷം ധരിച്ചു കർണ്ണനോട് അയാളുടെ കവചം യാചിച്ചു. ദാനശീലന്മാരിൽ മുമ്പനായ കർണ്ണൻ യാചകന്മാർക്കു തന്റെ പ്രാണനെപ്പോലും ദാനംചെയ്യാൻ മടിക്കുകയില്ല. അതിനാൽ കർണ്ണൻ തന്റെ ശരീരത്തോടുകൂടിയുള്ള ആ കവചത്തെ ഉടനെ പൊളിച്ചെടുത്ത് ബ്രാഹ്മണരൂപനായ ഇന്ദ്രനു കൊടുക്കുകയും ചെയ്തു. ദേവേന്ദ്രനായ ഇന്ദ്രനാകട്ടെ കർണ്ണന്റെ ഔദാര്യം കണ്ടു വിസ്മിതനായിട്ട് അമോഘവും ദിവ്യവുമായ ഒരു വേൽ കൊടുത്തു. ഇതു പ്രയോഗിച്ചാൽ പരനെ കൊല്ലാം. എന്നാൽ പിഴ വരികയില്ല. പിന്നെ ഒരിക്കലും പ്രയോഗിപ്പാൻ സാധിക്കയുമില്ല. എന്നു പറഞ്ഞിട്ടു മറകയും ചെയ്തു. കർണ്ണൻ ആ വേല അർജ്ജുനവധത്തിനായി കരുതി സൂക്ഷിച്ചിരുന്നു; ഭാരതയുദ്ധത്തിൽ പാർത്ഥസാരഥിയായ ഭഗവാൻ ശ്രീകൃഷ്ണൻ കർണ്ണന്റെ വേൽ പോകുന്നതുവരെ അർജ്ജുനനെ കർണ്ണനോടു എതിരിടുവാനിടവരാതെ കഴിച്ചുകൂട്ടി. പതിന്നാലാം ദിവസം യുദ്ധാവസാനത്തിൽ ഉണ്ടായ രാത്രിയുദ്ധത്തിൽ ഭീമപുത്രനായ ഘടോൽകചൻ എന്ന രാക്ഷസനും കർണ്ണനും തമ്മിൽ ഏറ്റവും പൊരുതിക്കൊണ്ടിരിക്കെ കർണ്ണനു ഘടോൽകചന്റെ ബലപരാക്രമങ്ങൾ സഹിപ്പാൻ വഹിയാതെയായിട്ടു കർണ്ണൻ തന്റെ വേൽതന്നെയെടുത്തു പ്രയോഗിക്കയും, അതുകൊണ്ടു ഘടോൽകചൻ മരിക്കയും വേൽ നശിക്കയും ചെയ്തു.

444 വിഷ്ണുഗുപ്തൻ ....കൃഷ്ണൻതിരുവടിക്കൊത്തവൻ നിശ്ചയം=ശ്രീകൃഷ്ണൻ ദിവ്യപ്രഭാവാദിമഹാഗുണങ്ങളെയെല്ലാം നിഗൂഹിപ്പിച്ചു് മനുഷ്യ ഭാവേന നിഷ്കാമം ശിഷ്ടപരിപാലനാർത്ഥം ലോകത്തിൽ സ്ഥാപിച്ചതുപോലെ ചാണക്യനും നന്ദവംശവിനാശം വരുത്തി മൌര്യനായ ചന്ദ്രഗുപ്തനെ രാജ്യത്തിൽ പ്രതിഷ്ഠിക്കാനായി അവതരിച്ച ഒരു മഹാത്മാവാണു്; എന്നുതന്നെ പരമാർത്ഥം.

447. നിർവ്വാസിപ്പിക്ക=പുറത്താക്കുക.

448. ദാരാപത്യാദിപരിപാലനം=ഭാര്യാമക്കൾ മുതലായവരെ രക്ഷിക്കുക.

449. കൊന്നു................അനന്തരം=ശൂലത്തിന്മേലിട്ടു കൊന്നതിനുശേഷം.

455. കളത്രം=ഭാര്യ. ഉണർന്നിട്ട്=ഉണർന്ന് എഴുന്നേറ്റ്. അന്ധകാരമയമായ=അന്ധകാരം (ഇരുട്ട്) ഉള്ള [illegible].

457. മോഹം=തെറ്റ് (ചന്ദ്രഗുപ്തനെ വധിക്കാമെന്ന്) ഹാ! ഹാ!=കഷ്ടം! കഷ്ടം!!

458. നിശ്ശേഷനാശം=നിശ്ശേഷം (സകലം) ആയ നാശം.

459. ശൂലാധിരോഹം=കഴുവിന്മേൽ കയറ്റം. ശീലഗുണം=സദ്വൃത്തം.

462. ഉണ്ടു വരുന്നു ശകടദാസൻ=ശകടദാസൻ വരുന്നുണ്ട്.

463. ഹർഷാകുലത്വം=സന്തോഷംകൊണ്ടുള്ള പാരവശ്യം.

466 ഉഴറി=ബദ്ധപ്പെട്ട് (പരിഭ്രമിച്ച്)

468. അതിചിരായം=വളരെ വൈകം.

469. അതികൗതുകം=വളരെ സന്തോഷം. ഗാഢാലിംഗനം=മുറുകെ കെട്ടിപ്പിടിക്ക.

471. അയി! ശകട!=ഹേ ശകടദാസ!

472. മരണഭയം=മരണത്തിൽനിന്നുള്ള ഭയം. പ്രിയസുഹൃൽ!=പ്രിയമിത്രമേ!

473. സചിവവരവചനം=മന്ത്രിശ്രേഷ്ഠന്റെ വാക്ക്. ഇതി=ഇങ്ങനെ.

474. കലനിലം അതേനിന്നു ഞാൻ അഹോ!=ഞാൻ കലനിലയിൽ ഇതുവരെ ചെന്നതാണ്. പിന്നത്തെ കഥ തുടർച്ചതന്നെ. പ്രിയതമസുഹൃത്ത്.=ഏറ്റവും പ്രിയനായ ബന്ധു.

476. ശകടശിരം=(ശിരഃസ്ഥാനം, സ്ത്രീ. പി. ഏ. വ) ശകടദാസന്റെ ശിരസ്സിനെ. വഴികെ=തുടരുക. (കവിയുക)

477. സല്ലാപം=അന്യോന്യമായിട്ടുള്ള സംഭാഷണം.

478. സിദ്ധാർത്ഥൻ=സിദ്ധം (സാധിച്ചത്) ആയ അർത്ഥം (കാര്യം) തോടുകൂടിയവൻ. ഞാനും=എന്നതിലെ 'ഉം' എന്ന അവ്യയത്തിന്റെ സാമർത്ഥ്യംകൊണ്ട്, താൻ സ്വന്തം പേരുകൊണ്ടുതന്നെ ,സിദ്ധാർത്ഥനാണല്ലോ. ഇപ്രകാരം തന്റെ സഹായംകൊണ്ടു ഞാനും സിദ്ധാർത്ഥനായി എന്നർത്ഥം സിദ്ധിക്കുന്നു. താൻ എനിക്ക് ഒരു വലിയ കാര്യം സാധിച്ചുതന്നു എന്നു സാരം.

480. തരുവൻ ഇതു തവ=ഞാൻ ഇതു തരുന്നു. പുനഃ=പിന്നെ.

482. ബഹുമാനസാരം=സൽക്കാരപൂർവ്വം.

485. കാരുണ്യം=കൃപ.

486. ഭൂഷണം=ആഭരണം.

487. അംഗുലീയം=മോതിരം. അടയാളം=മുദ്ര. [illegible]=[illegible]. (ഈ 'മഞ്ജു' എന്ന സംജ്ഞ ചിറവൂത്, പാലക്കാട്ട് മുതലായ ദിക്കുകളിലാണ് അധികം പ്രയോഗിച്ചുകേട്ടിട്ടുള്ളത്. ഈ ഗ്രന്ഥകാരനെ അന്വേഷിച്ചറിയുന്നതിനു ഉപകരണമായിരിക്കും)

488. ആവശ്യം=പ്രയോജനം.

489. നിയോഗംതൻ=കല്പനപ്രകാരം (അ. പു. പ. ഏ. വ)

490. അമാത്യനാമാങ്കം=അമാത്യന്റെ നാമം (പേർ) ആകുന്ന അങ്കം (അടയാളം) അതോടുകൂടിയത്. ('രാക്ഷസൻ' എന്ന പേർ കൊത്തിയത്).

491 ഓതിനാൻ=പറഞ്ഞു.

493. വണ്ടാർതഴക്കുഴലാൾ=വണ്ടിൻകൂട്ടംപോലെ (കറുത്ത) തഴച്ചുള്ള (തിങ്ങിയ) ആയ കുഴൽ (തലമുടി) ഓടുകൂടിയവൾ (സുന്ദരി) കാന്ത=പത്നി (ഭാര്യ)

494. ഉണ്മയെ=എന്നോടു പിരിയുന്നതുകൊണ്ടുണ്ടായ. ശോകം=ദുഃഖം. പൊറാത്തതു=സഹിക്കാൻ വയ്യാത്തതു. ഉന്നതനാർവിനോദാർത്ഥം=മനസ്സിനെ വിനോദിപ്പിപ്പാൻവേണ്ടി.

495. അഴിച്ചുകൊണ്ടാലും=, അഴിച്ചുതാ- (നായികാനായകന്മാർ പരസ്പരമൊന്നിച്ചില്ലെങ്കിലും സ്ഥാനമാറ്റത്തോടുകൂടിയ ഭൂഷണം കണ്ടിട്ടെങ്കിലും സങ്കല്പസുഖം അനുഭവിക്കുന്നതിനായി പരസ്പരം ഭൂഷണങ്ങൾ കൈമാറുന്നതു പതിവാണല്ലോ. ഏവം=ഇങ്ങനെ.

498. കുസുമപുരവാസി=കുസുമപുരത്തിൽ വസിക്കുന്നവൻ.

499. ഗൃഹനികടഭൂമി=വീടിന്റെ സമീപസ്ഥലം.

500. ഒക്കെ ഒക്കെ=എല്ലാം ശരിതന്നെ. ഇക്കണക്കെ=ഇപ്രകാരം. വസ്തു=പദാർത്ഥം.

501. വണിക്കുകൾ=കച്ചവടക്കാർ.

502. തിരക്കുക=അന്വേഷിക്കുക.

503. മന്ത്രിനാമാങ്കിതം= മന്ത്രി(രാക്ഷസ)യുടെ പേർ കൊത്തിയത്.

504. മതി=ബുദ്ധി. (മനസ്സ്) മതി=തൃപ്തി. വരും അതുവരെ=വരുന്നതുവരെയും. അസ്തം=യത്നം. മാനിച്ച്=സന്തോഷിച്ച്.

505. വികടം അകമേ കരുതേണ്ടതു=ചതിക്കുന്നതിനു യാതൊരു വിചാരവുമില്ല.

506. കിള്ള്=സംശയം. ചേതസ്സ്=മനസ്സ്. പ്രസാദം=സന്തോഷം.

507. ചൊറവ്=മട്ടം.

503. അംഗുലീമുദ്ര=മോതിരം. ഉത്തമാമാത്യപ്രവരൻ= ശ്രേഷ്ഠനായ മന്ത്രി.

511. ചാണക്യപ്രതിവിപ്രിയം=ചാണക്യന്റെ വിരോധം.

512. ആതങ്കം=സംശയം (വ്യസനം)

513. ശുശ്രൂഷ=പരിചരണം.

514. ആശയം= വിചാരം. നിരൂപണം=നിന്റെ അഭിപ്രായം.

515. കമ്പം=ഇളക്കം (ഭയം)

516. ഇഷ്ടസേവകൻ=ഇഷ്ടനായ സേവകൻ. (പരിചാരകൻ)

517. ലേഖകൻ=എഴുത്തുകാരൻ (ഗുമസ്തൻ)

518. അന്യൂനാദരം=(ക്രി. വി.) അൽപ്പവും കുറയാതെ.

519. ഇവർ= ശകടദാസസിദ്ധാർത്ഥകന്മാർ. മദ്ധ്യേ=ഇടയിൽ (സംഭാഷണമദ്ധ്യത്തിൽ) വൃത്താന്തശേഷം=വൃത്താന്ത (വർത്തമാന)ത്തിന്റെ ശേഷം.

521. ഖേദം=വ്യസനം. മോദം=സന്തോഷം. [illegible]=[illegible]ളിൽ നിറഞ്ഞത്.

522. ഇഹ പോരും=നമ്മുടെ [illegible]. പൊരുതിപ്പെട്ട്=പൊരുപ്പാൻ ഉപക്രമം.

523. മലയകേതുപ്രധാനപുത്രന്മാർ=ഭദ്രഭടൻ മുതലായ പ്രധാന ജനങ്ങൾ. ഛലിച്ച്=ഇടഞ്ഞുപിരിഞ്ഞത്.

524. പർവ്വതകാത്മജൻ= പർവ്വതകരാജാവിന്റെ പുത്രൻ (മലയകേതു) അനന്തരം=[illegible].

525. ഉന്നിച്ചില്ല=[illegible]. ഭാവം=വിചാരം.

526. കല്പനാശാലിത്വം= ആലോചനയുടെ ശക്തി[illegible].

527. നിർബ്ബന്ധം=നിശ്ചയം.

528. ചാണക്യനുമായുള്ള വൈരാനുബന്ധം = ചാണക്യനോടു

(ചാണക്യ)ന്റെയും മൌര്യ(ചന്ദ്രഗുപ്ത)ന്റെയും ഭേദ (ഭിന്നത)ത്തിന്റെ അങ്കുര(മുള)ത്തിന്റെ സ്ഥാനം (ഉത്ഭവം.) ഉദ്യാനാദിപ്രവാസം=ഉദ്യാനാദികളിലെ പ്രവാസം (പുറത്തു കളയുക)

529. ശരവൻ=വിരാധഗുപ്തൻ. മാനിക=സമ്മാനം മുതലായ ഈ കൊടുത്ത സമ്മാനങ്ങൾ.

530. വൈതാളികർ=സ്തുതിപാഠകർ.

532. ഭോജനം=തടസ്സങ്ങൾ.

533. വിഭവം=മഹിമകൾ.

535. കുസുമപുരവൃത്താന്തം=കുസുമപുരത്തിലെ വർത്തമാനം.

537. ബില്വം=കൂവളത്തിന്.

538. അസൂയം=ശത്രുക്കളെ.

539. കൈകഴുകേണ്ടവാന്=വരുത്തേണ്ടത്.

542. ആജ്ഞാത്രയം=മൂന്ന് ആജ്ഞാലംഘനം.

545. മന്ത്രിവൈഭവം=എന്റെ ബുദ്ധിസാമർത്ഥ്യം.

546. ധിക്കാരം=അപമാനം (ചന്ദ്രഗുപ്തനെക്കുറിച്ചു പറഞ്ഞതു)

547. ആധിപത്യം=യജമാനത്വം. ഏകൻ=ഒരുത്തനു (ചന്ദ്രഗുപ്തൻ) മറ്റ പ്രതിജ്ഞ=എന്റെ ശപഥം (നന്ദവംശനാശം വരുത്തുമെന്നുള്ള പ്രതിജ്ഞ). ഏകൻ=ഒരുത്തൻ (ചാണക്യൻ)

548. അന്യോന്യം=പരസ്പരം. വിഗ്രഹം=മത്സരം.

551. ഭേദം=വിള്ളല്.

ഇങ്ങനെ മുദ്രാരാക്ഷസത്തിൽ 'രാക്ഷസവിലാപനം' എന്ന നാലാം പാഠം സമാപ്തം.

അഞ്ചാം പാഠം.

(കാകളിവൃത്തം)

1. ഭോഗികൾമൌലിമാല=പാമ്പുകളിൽ ഉത്തമം. മനോജ്ഞ=മനസ്സിനെ സുഖിപ്പിക്കുന്നവൻ.

4. മധു=തേൻ. ആകർന്ന്=ആസ്വദിച്ച്. മനം അകലും പരിപ്പ്=മനസ്സിന്റെ ഉള്ളിലുള്ള തീരാത്തവേദന.

5. ചാരുതരം=അതിഭംഗിയായി.

6. വൃത്തം=ചരിതം.

7. വൈക്ലബ്യം=പ്രയാസം.

---

11. വ്യാജം ഉൾക്കൊണ്ട്=കള്ളമായിട്ട്. അഭിനയിച്ച്=നടിച്ച്.
12. ഉഗ്രം=ഭയങ്കരം.
15 ഉറച്ച് ഒന്ന്=ദൃഢമായി ആലോചിച്ച്.
16. ഇടഞ്ഞ്=തെറ്റി,(തമ്മിൽ പിണങ്ങി) ഘോരം=ഭയങ്കരം.

17. ചന്ദ്രമഹോത്സവം=ചന്ദ്രോത്സവം. ഇതു വസന്തർത്തുവിൽ ചൈത്രമാസത്തിലെ വെളുത്ത വാവുന്നാൾ അവസാനിക്കത്തക്കവണ്ണം നടത്തുന്ന ഒരു ഉത്സവമാണ്. ഇതിന് "കൌമുദീമഹോത്സവം" എന്നും പറയാറുണ്ട്. ഘോഷിപ്പിക്കുക=നാട്ടിലൊക്കെ പ്രസിദ്ധമാകത്തക്കവണ്ണം വിളംബരം ചെയ്യുക.

20. ദോഷരഹിതൻ=ദോഷമില്ലാത്തവൻ.
23. സമം=അതുപോലെ ഒക്കുകി (ക്രി. വി)
24 സുകുമാരൻ=സുന്ദരൻ.
25. ആശി=അനുഗ്രഹം.
26. ദേശികൻ=ആചാര്യൻ (ഉപദേഷ്ടാവ്).
27. നിർവ്യാജമുള്ളം=ആരുടെയും തന്മനസ്സ്. (കാര്യക്കാരൻ ആർക്കും അനുവാദ്യവസ്തുമായ).
28. ശത്രുപ്രയോഗങ്ങൾ=ശത്രുക്കളുടെ പ്രവൃത്തികൾ.
31. പാരിടം=ഭൂമി. അധിനായകൻ=അധിപതി.
32. ധർമ്മചര്യപൻ=ധർമ്മശീലൻ. ആശിഷം=അനുഗ്രഹം.
34. പ്രശ്രയം=വിനയം.
35. കാര്യചിന്തകൻ=കാര്യസ്ഥൻ (മന്ത്രി)
37. പാടവം=പടുത്വം (സാമർത്ഥ്യം)
38. കിമേന=(അവ്യ) കഷ്ട്.
39. നിന്ദ=എന്നെക്കുറിച്ചുള്ള പുച്ഛം (ധിക്കാരം)
40. ദ്വിജചന്ദ്രൻ=ബ്രാഹ്മണശ്രേഷ്ഠൻ.
41. പക്ഷം=നിശ്ചയം (മുഖ്). സത്വരം= അടിയന്തരമായി.
42. ഇങ്ങനെ പക്ഷം പറയായ്ക=പക്ഷം പറഞ്ഞിട്ടാണ
43. ചൊല്ലും=ചൊല്ലണ്ട്.
44. ശിഷ്യൻ=ശാസിക്കപ്പെടുവാൻ യോഗ്യൻ.

45. സത്യം ബ്രാഹ്മണ=അങ്ങുന്ന പറഞ്ഞതു വാസ്തവംതന്നെ, ശിഷ്യൻ അല്ല എന്ന് പറയിക്ക ഇല്ല=ശിഷ്യനാണ് എന്നുതന്നെ ഞാൻ വിചാരിക്കുന്നു. എന്നുമാത്രമല്ല ഭൃത്യൻ അല്ലീ? എന്ന് സംശയം ഉണ്ടെങ്കിൽ ഉണ്ട്=ഞാൻ അങ്ങയുടെ ഭൃത്യൻ (ദാസൻ അന്നവസ്ത്രാദികൾ തന്നു രക്ഷി

ട്ടപ്പെടുന്നവർ) അല്ലേ? എന്നുകൂടി എനിക്കു സംശയം തോന്നുന്നു. (അങ്ങ് എന്റെ നേരെ അധികാരം നടിക്കുന്നതു എന്തുകൊണ്ട് എന്ന സൂചനം)

46. ഞാൻ കാര്യമറിയാത്തവനാകുന്നു, അതുകൊണ്ട് കാര്യം അറിയാതെ കല്പിക്കയില്ലെന്നു പറഞ്ഞുവല്ലോ. എന്നാൽ കാര്യം അറിയാത്തവർ ചോദിച്ചാൽ കാര്യം അറിയുന്നവർ ആ കാര്യത്തെ വിവരിച്ചു പറയേണ്ടതല്ലേ? എന്നു ചാണക്യനെ കളിയാക്കുന്നു.

49. സ്വായത്തസിദ്ധികൾ=സ്വ (തനിക്ക്) ആയത്തം (അധീനം) ആയ സിദ്ധി (കാര്യപ്രാപ്തി)യോടുകൂടിയവർ. (താൻതന്നെ കാര്യം നടത്തുന്നവർ. ബ. വ്രീ) സചിവായത്തസിദ്ധികൾ= സചിവന് (മന്ത്രിക്ക്) ആയത്തമായ സിദ്ധിയോടുകൂടിയവർ ബ. വ്രീ) (മന്ത്രിയുടെ ഇഷ്ടംപോലെ കാര്യം നടത്തുന്നവർ)

50. രണ്ടും സമങ്ങളായി=രാജാവും മന്ത്രിയുംകൂടി കാര്യം നടത്തുന്നവർ. (ഉഭയായത്തസിദ്ധികൾ)

52. അന്തരം (അപ്പു)പുക്ക്=ഇടയിൽ കടന്ന്. കയർക്കുക=കലശലുകൂട്ടുക (ഇടയുക).

53. ഗൗരവം=പൂജ്യതയെ.

54. ഉരിയാടുക=പറയുക. ('ഉര'ധാതുവിന്റെ രൂപം 'ഉരയാടുക' അല്ലാതെ 'ഉരി'യാകുമോ? എന്ന് ശബ്ദശാസ്ത്രപണ്ഡിതന്മാർ ആലോചിക്കേണ്ടതാണ്)

55. ഭേദകം=ഭേദം. വിശേഷം=ഭേദം.

56. മന്ത്രിപ്രവരൻ= രാക്ഷസൻ. വൈതാളികൻ= സ്തുതിപാഠകൻ.

57. വാണിപ്രവരൻ=(മുമ്പിലത്തെ അർത്ഥം)

58. ജയ! ജയ! ശ്രീയ (ലോട്ട്. പരസ്മൈ. മ. പു. ഏ. വ) ജയിക്കട്ടെ. (ജയിപ്പൂതാക)

59. ദുരാത്മ്=ദുശ്ശീലൻ (കെട്ടതുചെയ്യുന്നവൻ) വൈഭവം=മഹത്വം. ചോദ്യമാത്രം=നാമമാത്രം. (വിസ്മയകരം)

60. കരാമലി=ഉയർന്നവന്.

61. ... പെരിപ്പ്=ഒപ്പിച്ച്. വീണുപോകുന്നത്= ഇടിഞ്ഞു പോകുന്നത്.

62. മത്തഗജം=മദിച്ച ആന. ചോദകൻ=മടൻ.

63. കണ്ണ് കൊള്ളുന്നത്= കൊള്ളുന്നതിനിടവരുമ്പോൾ. ഒഴിച്ചു...

64. നവം വയം=ഇളയതായ വയസ്സ് (കണ്ണുകൊള്ളാനിടവരികം) ഇ= ...

65. വാരിധി=സമുദ്രം.

66. സത്യലോകം=ബ്രഹ്മലോകം. ചിത്രം=ആശ്ചര്യം. ഇക്കഥയിൽ=ചാണക്യൻ ചെയ്തപോലെയുള്ള പ്രവൃത്തി (ആത്മത്യാഗം) ആരുമനുഷ്ഠിക്കില്ല.

67. ആചരിയാതവർ=ഒരുകാലത്തും ചെയ്യാത്തവർ. മഹീതലേ=ഭൂമിയിൽ.

68. സർവ്വാഭരണം=എല്ലാ അലങ്കാരം. (കിരീടകങ്കണാദികൾ)

69. പ്രാജ്ഞൻ=ബുദ്ധിമാൻ.

70. ഉത്തമം രക്ഷണം=ആത്മരക്ഷാദികളായ രക്ഷണം. ഭൂപൻ=ഭൂമിയെ പാലിക്കുന്നവൻ.

71. ആശീർവ്വചനങ്ങൾ=പ്രശംസകൾ എന്ന സാരം.

72. അന്തരം=അവസരം.

73. കോപപ്രവർദ്ധനം=വൈരാഗ്യം വളർത്തുക.

74. രാക്ഷസന്റെ പ്രാമാണ്യം (രാക്ഷസ എന്ന പേരിന് അനുയായിക്കണം) സൂക്ഷ്മം=അറിവാൻ പ്രയാസമുള്ളത്.

76. നാമദ്വൃന്ദത്തിന്റെ കിങ്കരൻ. അത്ര=(അവ്യ) അവിടെ.

80. ബന്ധ്യ=ഇരുട്ടുവായ് പൂർത്തൽ

82. സമനത്ത്=ഭവനങ്ങൾക്കിടയിൽ. വ്യജനം=ചാമരവ്യജനം. സ്ഥാനവ്യതിക്രമം=സ്ഥാനം തെറ്റി പ്രവർത്തിക്കുക.

84. പ്രാജ്ഞൻ=സമർത്ഥൻ (ബുദ്ധിമാൻ).

85. മന്ദധീ=ബുദ്ധികെട്ട്.

87. ത്രൈമാസ്യം=മൂന്നുമാസക്കാലം.

88. വെച്ചു ഞാൻ ഇന്ന്. അധികാരം=ഞാൻ ഇന്ന് എന്റെ അധികാരം ഒഴിഞ്ഞിരിക്കുന്നു.

89. ആസനം=സിംഹാസനം. അരികേ=അടുക്കൽ. ഭൃത്യൻ=ദാസൻ.

51. ചന്ദ്രഗുപ്തനായമൗര്യനുള്ള ഭാഗ്യോദയം=ചാരുത്വദയം.

93. ഉദ്ധരിച്ചു=ഭേദിപ്പിച്ചു (കോപംകൊണ്ടു ഒരു തെന്നുന്നു സ്വഭാവികമാണല്ലൊ).

94. ക്ഷമിച്ചത് ഏറ്റു=നീ അനുഗ്രഹിപ്പാൻ കാരണമെന്തു?

95. അജ്ഞാനി=അറിവില്ലാത്തവൻ. (അല്ലാതെ എന്റെ ആളുകൾ തെറ്റും ചെയ്യുമെന്ന് അറിയാത്തവൻ)

96. വന്ദിക്ക=അനുഗ്രഹിക്ക.

98 പ്രീതൻ=സന്തോഷം. പ്രൗഢി=മഹിമ (വലിപ്പം)

99. വൈരൂപ്യം=ഭിന്നത. (ഭാഗ്യങ്ങളുടെ സുഖദുഃഖങ്ങളിൽ ഉള്ള സാരൂപ്യം.) മുഖ്യാധികാരജനം=മന്ത്രികൾ മുതലായ പ്രധാന ഉദ്യോഗസ്ഥന്മാർ.

100. ത്രുത്തിം=കഠിനം. അപരാധം=കുററം. ധാരണാദ്ധ്യക്ഷർ=ധാരണ(ഓർമ്മ)കളുടെ അദ്ധ്യക്ഷൻ (വിചാരിപ്പുകാരൻ)

102. അരപ്പരകൻ=കതിരവിചാരിപ്പുകാരൻ.

103. ഹൃദ്യമാർ=സുന്ദരിമാർ.

105. മനോമലങ്ങൾ=മാനവും മദവും.

106 ധിക്കാരങ്ങൾ=തോന്നിയവാസങ്ങൾ. ജീവിതം=ശമ്പളം. പ്രവൃത്തി=ഉദ്യോഗം (അധികാരം) വിരമിക്ക=തടയുക.

108 രാജഭോഗങ്ങൾ=രാജാവിന്റെ ധനങ്ങൾ. തവ സേവകൻ=അങ്ങയുടെ വലിയ സേവകൻ.

109 മോഷണം=കളവ്.

111. ഉത്സാഹം വിട്ട്=ധൈര്യം വിട്ട്.

112. ബഹുശ്രുതപ്രാപ്തിരാഹിതന്മാർ=ബഹുശ്രുതത്വം പഠിക്കാത്തവർ.

113. ലോഭം=ദുരാഗ്രഹം. പോരാസ്ഥയെന്നിട്ട്=പോരായെന്ന വിചാരിച്ചിട്ട്.

115. പല്ലവസേവകൻ=പല്ലവരാജാവിന്റെ സേവകൻ.

116. തൽപുത്രൻ=അവന്റെ (പല്ലവകന്റെ) പുത്രൻ. ഭവൽപിതാമഹൻ=നിന്റെ അപ്പൂപ്പനെ.

117. തന്നിടം=തന്റെ സ്ഥലം,

118. നിറ=(പുഷ്പം) നിറഞ്ഞതായിച്ച് ഉണ്ട്; ആയതുമൂലം (എന്ന പാഠഭേദം.)

119. ധനം=മിക്ക അകപ്പെട്ടും എന്ന ഭാവപ്പെട്ട്. ധനവാന്മാരെ പലനല്ലവരാകിലും സേവിക്കാതെ എന്ന് സാരം. കശ്മലൻ=വികൃതൻ.

120. പല്ലവപുത്രൻ=പല്ലവകന്റെ.

121. തദാ=(അപ്പോൾ) അപ്പോൾ (തന്നെ വന്നതിന്റെയുമപ്പോൾ)

124. പുത്രരത്നങ്ങൾ=രണ്ടു പുത്രന്മാർ. വെറുപ്പിക്കുക=ദ്രോഹിക്കുക.

128. ശ്രേഷ്ഠർ=വിദ്വാന്മാർ (വായിച്ചുള്ളവർ)

129. പണ്ടില്ല ചെയ്യുമാറില്ല=ഇത് സദാചാരം. (അല്ലെങ്കിൽ സൽപുത്രർ രക്ഷിച്ച രാജാവിനോടൊന്നിച്ച് ആ രാജാവിന്റെ മന്ത്രിയെ സേവിക്കുവാൻ പോവുക)

131. പണ്ടകാരന്മാരോടൊത്ത പണ്ഡിതന്റെ വാക്ക്.

133. വീര്യപുത്രന്മാർ=വീര്യം (ശക്തി, ധൈര്യം) ഉള്ള പുത്രന്മാർ,

134. പിച്ചം=സ്ത്രീത്വം (കളി)

135. ...=അപരാധികളെ വെളിപ്പെടുത്തി എന്നർത്ഥം.

137. കൗശലം=സാമർത്ഥ്യം. വാശി=നിശ്ചയം.

139. രാഗം=സ്നേഹം (രഞ്ജിപ്പ്)

140. പ്രതിവിധാനം=പ്രതിവിധി (മറുകയ്യ്). അനുഗ്രഹം=സമ്മാനങ്ങളെക്കൊണ്ടു സന്തോഷിപ്പിക്കുക, നിഗ്രഹം=ദണ്ഡങ്ങളെ പ്രയോഗിച്ച് ശിക്ഷിക്കുക.

141. ക്ഷുദ്രമതികരം=ദുർബുദ്ധികരം.

142. സപ്തവ്യസനങ്ങൾ=സപ്ത (ഏഴ്) വ്യസന(ആപൽകാരണ)ങ്ങൾ. (അവ—സ്ത്രീസേവ, ചൂതുകളി, നായാട്ട്, മദ്യപാനം, വാക്പാരുഷ്യം, ദണ്ഡപാരുഷ്യം, അർത്ഥദൂഷണം ഇവയാകുന്നു. ഇവയിൽ ആദ്യത്തെ നാലും കാമജങ്ങളും മറ്റേവ മൂന്നും കോപജങ്ങളുമാകുന്നു. എന്നു വിവേകം). പ്രമത്തർ=അവരവരുടെ കൃത്യങ്ങളിൽ മനസ്സിരുത്താത്തവർ. "പ്രമാദോഽനവധാനതാ" എന്നഭിധാനം. ക്ഷിപ്താധികാരികൾ=അധികാരം വെപ്പിക്കപ്പെട്ടോർ (ഉദ്യോഗത്തിൽനിന്നു പിരിക്കപ്പെട്ടവർ)

143. അനർത്ഥങ്ങൾ=ദോഷങ്ങൾ.

145. ഏവം=അനുഗ്രഹം ആകുന്നു. ഇതും=ഇങ്ങനെയുള്ള ഇതും (ഉദ്യോഗത്തിൽനിന്നു പിരിക്കുക) അനുഗ്രഹമാകുന്നു. ശിക്ഷിക്കേണ്ടവരെ ശിക്ഷയൊന്നും ചെയ്യാതെ ഉദ്യോഗത്തിൽനിന്നു പിരിക്കുകമാത്രം ചെയ്താൽ അതു് അനുഗ്രഹമാണല്ലോ എന്നു താൽപര്യം.) കേവലം ദോഷം അല്ലാതെ ഇല്ല എന്നോ=ഇതിനു ദോഷമില്ലേ? എന്നു ശങ്കിക്കുന്നുവെങ്കിൽ അശേഷം ദോഷമില്ലാതെ ഒന്നുമില്ല. എന്നാൽ പിന്നെ ഉള്ളതിൽ ദോഷം കുറഞ്ഞതു ചെയ്യുകയേ നിവൃത്തിയുള്ളുവെന്നു വിചാരിച്ചുകൊണ്ട് ഇങ്ങനെ ചെയ്യണം.

147. ലുബ്ധപ്രകൃതികൾ=കിട്ടിയതൊന്നും പോരാ എന്നു വിചാരിക്കുന്ന സചിവന്മാർ.

149. ധനമാനപ്രാണനാശഭയം=രാജാവിങ്കൽനിന്നു ധനവും പ്രാണനും നശിക്കുമെന്നുള്ള ഭയം.

150. പരവശപ്പെട്ടവർ=പരന്നു് അധീനപ്പെട്ടവർ.

151. സാഹസകാരികൾ=സാഹസം (വിവേകവിചാരമില്ലാത്ത പ്രവൃത്തി) ചെയ്യുന്നവർ.

153. ഉഭയപക്ഷം=അനുഗ്രഹവും നിഗ്രഹവും (ഇവിടെ ക്രമവിവക്ഷയുണ്ട്). മുന്നത്=ആദ്യത്തേതു് (അനുഗ്രഹം)

154. പിന്നത്തെപക്ഷം=നിഗ്രഹം. വൈഷമ്യം=ദോഷം (അപകടം) ആ ദോഷങ്ങളെ താഴെ വിവരിക്കുന്നു.

156. പ്രധാനജനങ്ങൾ=മുഖ്യന്മാർ. ദണ്ഡം=ശിക്ഷ. പോൽ=ലോകപ്രസിദ്ധിവാചകം (അവ്യയം)

157. വിശ്വാസം=ദോഷം വരികയില്ല എന്നുള്ള ഉറപ്പ്.

160. ആദരപൂർവ്വകം=ആദരവോടുകൂടി.

162. ബഹുരോഷം=കോപത്തോടുകൂടി.

163. ഉത്സാഹം=അവനവന്റെ കാര്യത്തിൽ ഉനിവ്.

164. അസ്ത്രശസ്ത്രാഭ്യാസം=ആയുധങ്ങളെക്കൊണ്ടുള്ള പയററൽ

167. പാടവം=കാര്യസാമർത്ഥ്യം.

171. പൂർവ്വം=പണ്ട്. (നയവാദത്തിനനുസരിച്ചു കുഴഞ്ഞു) പ്രതിശ്രുതം=കരാറ ചെയ്യപ്പെട്ടത്. നയവാദത്തിനു സഹായിച്ചാൽ പകുതി രാജ്യം കൊടുക്കാമെന്ന കരാറ ചെയ്തിട്ടുള്ളത്).

174. കൃതഘ്നർ=ഉപകാരം ചെയ്തവരെ നിഗ്രഹിച്ചവർ. സാണയം=കേളി. (അപവാദം)

178. അന്തർന്നഗരത്തിൽ=നഗരത്തിനുള്ളിൽ.

179. എന്താന്ന കണ്ടിട്ട്=എന്തുപായം കരുതിട്ട്. ഉപേക്ഷിക്കുക=കൈവിട്ടുകളയുക.

180. വല്ലായ്മ=വിരോധം.

181. ഉള്ളിൽ കിടന്നാൽ=നഗരത്തിൽ ഇരുന്നാൽ.

186. ഏററം ഉപായങ്ങളും=വളരെ തന്ത്രങ്ങളും.

187. ഉള്ളിൽ=മനസ്സിനകത്ത്. ഇളകാതെ=ഉറച്ച്. ശല്യം=അമ്പിന്റെ മുന, തോക്കിന്റെ ഉണ്ട മുതലായ വേദനയുണ്ടാക്കുന്ന സാധനം.

188. വിളംബം=താമസം.

189. വിക്രമം=പരാക്രമം (യുദ്ധം) പാട്ടിലാക്കുക= സ്വാധീനമാക്കുക.

191. പ്രാണൻ കളയുക=മരിക്കുക.

192. അശുഭം= നല്ലതല്ല. കണ്ടുകളക=ഉപേക്ഷിച്ചു കൈവിടുക.

193. കററം=ദോഷം. ഗുണജ്ഞൻ=ഗുണങ്ങളെ അറിയുന്നവൻ (വിദ്വാൻ) മന്ത്രിസത്തമൻ=മന്ത്രിമാരിൽ അതിശ്രേഷ്ഠൻ. (അത്ര യോഗ്യനായ ഒരാളെ നശിപ്പിക്കുന്നതു വലിയ നഷ്ടമാണെന്ന സാരം)

194. കാട്ടിൽ കിടക്കുന്ന കാട്ടാനയെപ്പോലെ=കാട്ടാനയെ പിടിപ്പാൻ ആളും ആയുധവും കൂട്ടിച്ചെന്ന നേരിട്ടാൽ അതു നമ്മെ നിശ്ശേഷം നശിപ്പിച്ചു കളയും. അല്ലെങ്കിൽ നാം പ്രയോഗിക്കുന്ന ആയുധങ്ങളേറ്റ് അതു മരിച്ചുപോയെന്നും വരാം. അതിനാൽ ചതിയായി വാരിക്കുഴിയിലോ കൊപ്പത്തിലോ അകപ്പെടുത്തി, അതിന്റെ ഇഷ്ടംപോലെയുള്ള ഭക്ഷണാദികൾ കൊടുത്തു വശീകരിച്ചു നല്ല മർമ്മജ്ഞന്മാർ അതിനെ നയത്തിൽ മെരുക്കിയാൽ ഇതരന്മാർക്ക് ദുഷ്കരങ്ങളായ അനേകം കാര്യങ്ങളും അതിനെക്കൊണ്ടു സാധിക്കാമല്ലൊ. അതുകൊണ്ട് ഇങ്ങിനെയത്രെ പി

ണങ്ങിയാലും 'മഹാസത്വത'കൊണ്ട് അമാത്യരാക്ഷസൻ തന്നെ ആനയെപ്പോലെയാണെന്നു സാരം. വീട്ടിൽ വരുത്തുക=സ്വാധീനമാക്കുക.

195. അരുള്ളൻ-പറഞ്ഞാൽ-മടക്കുവാൻ ഞാനല്ല- (ഞാൻ) എന്നു ചേർത്ത് അന്വയിക്കണം.

197. അതിശയം=ഗുണാധിക്യം.

198. ഭൂതധാത്രീദേവ!=ബ്രാഹ്മണ! "ഭൂതധാത്ര്യാദ്ധിദേവകാഃ" എന്ന് അമരം.

199. നരേന്ദ്രചാരികർ=നാലരാജാക്കന്മാർ. നിത്യമായി=പതിവായി. മന്ദിരം=ഗൃഹം (രാജധാനി) നിനച്ചുകാലം=വിചാരിച്ച സമയത്തു്.

200. നിജവാസിതം=തന്റെ വാസം ('വസനം' എന്ന അർത്ഥത്തിൽ 'വാസിതം' എന്നുള്ളതിന്റെ സാധുതാ ചിന്ത്യം) വന്നിതന്നില്ല=വന്നില്ല. മനസീ=(സ-ന-സ-ഏ-വ) മനസ്സിൽ. മേ=എന്റെ.

201. കല്പിതം=നിശ്ചയിച്ച സംഗതി. സാധിപ്പതിനറിയാതെ=സാധിപ്പാനുള്ള മാർഗ്ഗം ഇന്നതെന്നു മനസ്സിലാവാതെ. കല്പാന്തം=പ്രളയം വരെ ദീർഘകാലം എന്നു താൽപര്യം. വസിച്ചീടുക=കാത്തിരിക്കുക. യോഗ്യം=ചേർന്നതു് (യുക്തം).

202. അല്ല ഭൂപ=വളരെക്കാലം കാത്തിരിക്കുന്നതു യോഗ്യമല്ലെന്നുള്ള കാരണത്താൽ. വാണാൻ=രാജധാനിയിൽ പ്രവേശിച്ചു. അനുരാഗം=ഇണക്കം (രമിപ്പ്)

203. അതിസൂരം=വളരെ ശേഷിയുള്ളതു് (സ്ഥൂലം) ക്രി-വി.

204. ഏകത്ര=(അവ്യ) ഒരേടത്തു്.

206. അർത്ഥപുരുഷാരം=അർത്ഥ (ധന)വും, പുരുഷാരം=പുരുഷകാരം (ആൾബലം) ഒട്ടും അർത്ഥവും എന്നു താൽപര്യം. നിജബുദ്ധിവിലാസം=തന്റെ ബുദ്ധിസാമർത്ഥ്യം.

208. ചിത്തം ഉറപ്പിച്ചു്=മനസ്സുറപ്പിച്ചു്.

209. ഒന്ന്=ഒരു സംഗതി (ഒരു വിചാരം) സാക്ഷാൽ=(അവ്യ) സ്പഷ്ടമായിട്ട് ആ വിചാരമെന്തെന്നു പറയുന്നു.

210. നരേന്ദ്രപാദമേ— എന്നു തുടങ്ങി— പുഷ്കരനെ വാഴിപ്പതിനു ശേഷമൊക്കലെ ചെയ്യ്—എന്നുവരെ.

213. പട്ടാങ്ങ്=പരമാർത്ഥം.

215. ഗന്ധം=പരിഹാസം. അഹങ്കാരം=ഞാനെന്ന ഭാവം (ഗർവ്വ്).

216. ദൈവം=വിധി "ദൈവം, ദിഷ്ടം, ഭാഗധേയം, ഭാഗ്യം, സ്ത്രീ നിയതിർവ്വിധിഃ" എന്നമരം.

218. ദൈവം—ദൈവമേ (അ-നം-ഭി-ഏ-വ) പ്രമാണിക

ശിക്കുക=സ്വീകൽതാരോന്നു വിചാരിക്കുക. "ലോകത്തിൽ നടക്കുന്ന സംഗതികളെല്ലാം വിധിവിഹിതമാണ്. മററാർക്കും അതിൽ കർത്തൃത്വമില്ല" എന്നു വിചാരിക്കുക. കേവലം മൂഢർ=ബുദ്ധിയോടെ കഥയില്ലാത്തവർ.

219. വന്മ്=തന്റെ വലിപ്പം (ആത്മപ്രശംസ). ശ്ലാഘി=ഉദാരം. വിപ്രകുലാപസദ!=ബ്രാഹ്മണാധമ!-ബ്രാഹ്മണർ വിശേഷിച്ചും ആത്മപ്രശംസ ചെയ്യുകയില്ല എന്ന് അഭിപ്രായം.

221. ശസ്ത്രം=ആയുധം. മൂടപ്പെടുക=മൂടപ്പിക്കുക. (ശസ്ത്രം വിടാതെ കണ്ണു മൂടുകയും കെട്ടപാടിയാണ്)

222. ഭോഗം=മതി. പറഞ്ഞുപോകാതെയുള്ള പാരായണം. ദുരാത്മാവേ!=ദുർബ്ബുദ്ധേ!

223. ജളപ്രഷ്ഠ=കഥയില്ലാത്തവരിൽ മുമ്പൻ.

224. വൃഷലൻ=ശൂദ്രൻ.

225. നന്ദവധം= നന്ദന്മാരുടെ വധം. മന്യുമാൻ=കോപശാലി.

226. ഉജ്ജ്വലിപ്പിക്ക=കത്തിക്കുക.

228. വെക്കം=വേഗം. വാൾ= മന്ത്രിസ്ഥാനചിഹ്നമായ വാൾ. ആയുധം അല്ല ഞാൻ ഇതാ താഴെവെക്ക്=നിന്റെ ഈ വക അധിക്ഷേപവാക്കുകൾ കേൾക്കുന്നതിനും, സ്വാതന്ത്ര്യാധികാരങ്ങൾ കണ്ടു സഹിപ്പാനും ഞാൻ പാത്രമല്ല.

230. തന്നിടം=തന്റെ വാസസ്ഥലം.

231. സൂക്ഷ്മതരം=അതിസൂക്ഷ്മം.

234. തൽഫലം=അതിന്റെ ഫലം (ചാണക്യചന്ദ്രഗുപ്തന്മാരെ 'കലഹം' എന്ന ഉപായംകൊണ്ടു തമ്മിൽ തെറ്റിച്ചു ജയിക്കാമെന്നുള്ള വിചാരത്തിന്റെ ഫലം) ഇതു രാക്ഷസനോടു നേരിട്ടു പറയുന്നപോലെയുള്ള വിചാരമാണ്.

237. കാര്യം=വാസ്തവമായിട്ടുള്ളത്.

238 ഭാവം= മനോവികാരസൂചകമായ ചിഹ്നങ്ങൾ. ഭാവിക്കുന്നടിക്ക

239. വല്ലായ്മ=അലക്കേട്. (അപകടം)

241. വൈരം=വിരോധം.

243. യശസ്സുകൊള്ളുക=പ്രസിദ്ധമാവുക.

244. സ്വച്ഛൻ=നിർമ്മലൻ (കപടപ്രയോഗങ്ങളില്ലാത്തവൻ)

245. തത്വം=പരമാർത്ഥം.

247. ചാതുര്യം=ഭംഗി.

248. നുകരുക=ആസ്വദിക്കുക.

ആറാം അങ്കം കഴിഞ്ഞു.

ആറാം പാദം.

(അന്നനടവൃത്തം)

1. അരിയ=(ന. വി) നല്ലവളായ.

3. മെല്ലിക=യോജിപ്പിക്ക.

4. ഇളമധു=ഇളന്തേൻ (തേൻ മൂത്താൽ കയ്പുരസം വരുന്നതുകൊണ്ടു് ആ ദോഷമില്ലാത്തതെന്നു സാരം.) മോഹവുമിളച്ചു്=മോഹം തീർന്നു്.

5. വിചിലും=കോഴിയുമൊക്കു്.

6. അതിപ്രവരൻ=അതിസമർത്ഥൻ. മതിപ്രാഗത്ഭ്യം=ബുദ്ധിസാമർത്ഥ്യം. അമാത്യൻ=അമാത്യരാക്ഷസൻ.

7. പ്രൗഢതരാം=ബലവത്തായ മത്സരം.

9. മൊഴിഞ്ഞു=പറഞ്ഞു.

11. പറകെന്തവനം=പായാത്ത തരമില്ലെന്ന വനം. (നിങ്ങളുടെ നിഗ്രഹംചെയ്കാനെന്ന സാരം) വചസി=(സം. ന. സ. ഏ. വ) വാക്കിൽ.

13. ഭദ്രഭടാദികൾ=ഭദ്രഭടൻ പുരുഷദത്തൻ മുതലായവർ.

14. അഭിമതം=സമ്മതം. (ഭദ്രഭടാദികളുടെ പ്രവേശത്തെ വിവരിക്കുന്നു.)

19. വിരഞ്ഞു്=തിടുക്കപ്പെട്ടു്.

21. അതിനായിട്ടു്=പകരം. (ആന, കുതിര മുതലായവയുടെ ആധിപത്യം)

22. (ഭദ്രഭടാദികൾ ഗൂഢമായറിയിച്ച സംഗതി വിവരിക്കുന്നു)

24. ഒരവസ്ഥ=ഒരു സംഗതി.

26. അവസരം=സമയം (തക്കം).

30. അതു സമസ്തവും=രാക്ഷസാമാത്യൻ ചന്ദ്രഗുപ്തനോടു യോജിക്കാൻ തരം നോക്കിയിരിക്കയാണെന്നും, അതുകൊണ്ടു മലയകേതുവിനെയും അദ്ദേഹത്തെ സഹായിക്കാൻ ഒരുങ്ങിയിരിക്കുന്ന തങ്ങളേയും അമാത്യരാക്ഷസൻ ചതിക്കുമെന്നും, ഭദ്രഭടാദികൾ പറഞ്ഞ സംഗതികളെല്ലാം.

32. നൃപതിയെ സ്നേഹം പെരികെയുള്ളൊരാനെ=സേനാപതിയായ ശിഖരസേനനെ.

34. അതുകേട്ടു്=ശിഖരസേനൻ വിശ്വസ്തനാണു് എന്നും രാക്ഷസാമാത്യൻ ചതിയനാണു് എന്നും ഭദ്രഭടാദികൾ വിചാരിച്ചതു ശരിയാണെന്നു ഭാഗുരായണൻ പറഞ്ഞതു കേട്ടു്.

36. ചിരിച്ചു ഭാഗുരായണൻ = ചിരിക്കുകാരണം, മലയകേതുവിന്റെ ഈ അഭിപ്രായം മാറി രാക്ഷസാമാത്യനെ വിശ്വാസമില്ലാതെയാക്കുവാൻ താൻ വഴി കണ്ടിട്ടുണ്ടെന്നുള്ള കരുതൽ തന്നെ.

37. അതിനെന്തുമൊരാവികല്പമില്ല="അമാത്യനെപ്പോലെ പെരികെ സ്നേഹമുള്ളവർ കളുമായമില്ല" എന്ന് അങ്ങനെ പറഞ്ഞതിനു യാതൊരു സംശയവുമില്ല. അമാത്യരാക്ഷസനെപ്പോലെ സ്വാമിഭക്തി മറ്റാർക്കുമില്ല എന്ന് എനിക്കും സമ്മതമാണ്. പക്ഷേ അതു് അങ്ങയുടെ പേരിലല്ല, ചന്ദ്രഗുപ്തന്റെ പേരിലായിരുന്നാണ് ഞങ്ങൾ വിചാരിക്കുന്നതു്. അതിനു ചില കാരണങ്ങളെ പറയാം എന്നഭിപ്രായം.

38. 'ചാണക്യപുത്രനോട്'—പിണക്കമുണ്ടെങ്കിലും, ചന്ദ്രഗുപ്തനോടു പിണക്കമില്ലെന്നല്ലാ ഏറ്റവും ഇണക്കമുണ്ട്; അതുകൊണ്ട് വക്രബുദ്ധിയായ ചാണക്യന്റെ ക്രൗര്യം കണ്ടുകണ്ടു സഹിക്കാതെ ചന്ദ്രഗുപ്തൻ അദ്ദേഹത്തിന്റെ മന്ത്രിസ്ഥാനത്തെ ഒഴിപ്പിച്ചാൽ അപ്പോൾ അമാത്യരാക്ഷസൻ ചന്ദ്രഗുപ്തനോടു ചേർന്ന് അദ്ദേഹത്തിന്റെ മന്ത്രിയായിരിക്കയും ചെയ്യും. അപ്പോൾ അങ്ങക്ക മറ്റേടാടികളോട് അവിശ്വാസം തോന്നാനിടവരും. അങ്ങനെ വരരുതെന്നു കരുതീട്ടാണ് അവർ ഇപ്പോൾതന്നെ ശിബിരസേനയെ ഒരുക്കിയിട്ട് അങ്ങയെ കാണാൻ വന്നതു്.

49. നിരന്നിട്ട=യോജിച്ച.

50. കടുമകൂപ്പം (ക്രൗര്യം)

52. മമത=സ്നേഹം.

55. പിതൃഹന്താവ്=അച്ഛനെക്കൊന്നവൻ.

57. ജലക്രിയ=ഉദകക്രിയ.

60. ശിരസി=(സ. നാ. സ. ഏ. വ.) തലയിൽ.

61. മുഴറി=തിടുക്കത്തിൽ.

62. പരക്കെവേണ്ട=പരിവാരങ്ങളും മറ്റും വേണ്ട.

65. വസുസമൻ=വസുക്കളോടു (ദേവവിശേഷം) തുല്യൻ. അതിമാന്യൻ എന്നു താൽപര്യം

66. പഥികവേഷമായ്=വഴിയാത്രക്കാരന്റെ വേഷത്തിൽ. പുരീം=പുരത്തെ (രണ്ടാം സ്ത്രീ. ദ്വി. ഏ. വ.)

68. പ്രവിഷ്ടൻ=കടന്നുവന്നവൻ.

69. പെരികെ നന്നു എടോ വരിക അരികിൽ=സ്വാഗതം അരുളുവത്.

70. രഹസ്യം= ഗൂഢം. പുറത്തിരുന്നു സംസാരിച്ചാൽ മറ്റുള്ളവർ അറിയാനിടവന്നേക്കുമെന്നു ശങ്കിച്ചു മുറിക്കുള്ളു് ഇരുന്നു പറയണമെന്നു നിശ്ചയിച്ചു.

72. അതിഗുണനയം=വളരെ ഗുണങ്ങളും നയവും.

74. മലയകേതുവും സചിവനും= മലയകേതുവും മന്ത്രിയായ ഞാനും.

75. അറയിലെന്നുകേട്ട് = അമാത്യരാക്ഷസൻ മുറിക്കകത്താണെന്ന് അവിടെയുള്ളവർ പറഞ്ഞുകേട്ട്.

76. ഇറപൊന്ന്=ഒളിച്ച്. (ഇതൊരു ദേശ്യപ്രയോഗമാണെന്നു തോന്നുന്നു)

77. കുളകേന=താൻചാർത്തതോടുകൂടി (അ. ന. തൃ. ഏ. വ)

78. അരിപുരം=ശത്രുവിന്റെ പട്ടണം.

82. ബാഹ്യതാം=പുറമെ അറിയാത്തവണ്ണം.

83. മറവുകൾ=ഒളിവുകൾ (രഹസ്യങ്ങൾ)

85. അതിവിദഗ്ദ്ധൻ=അധികം സമർത്ഥൻ.

88. പാർവതകപുത്രൻ=പർവ്വതകപുത്രൻ (പാർവ്വതി=പാറ എന്ന പോലെ തദ്ധിതരൂപം)

89. തിരിയുന്നില്ല=മനസ്സിലാകുന്നില്ല.

90. നൃപ............നമോ!=രാജശ്രേഷ്ഠ! കപടമന്ത്രികൾ= കളവുള്ള മന്ത്രികൾ.

91. പരക്ഷയോദയം=ശത്രുക്ഷയോദയം.

94. അരാതിവേഷം=പിച്ചക്കാരന്റെ വടിവ്.

96. 'ചണകപുത്രനോട്'—എന്നുമുതൽ 'രജനീശൻതന്നെ സൂക്ഷിക്കേണം' എന്നുവരെ മന്ത്രി പറഞ്ഞതായിട്ടുള്ളപ്രകാരം.

99. മനംകെട്ട് = മനസ്സ് ഇടിഞ്ഞ്. നന്ദനിധനചിന്തയാ= (ആ. സ്ത്രീ. തൃ. ഏ. വ) നന്ദവധം ഓർത്ത്.

100. നിരുത്സാഹേന=(അ. പു. തൃ. ഏ. വ) ഉത്സാഹക്കുറവോടുകൂടി.

102. ഉദ്യോഗം=ഉത്സാഹം.

103. ഉറന്ന=ഉയറിയ.

104. കുമുദബാന്ധവൻ=ചന്ദ്രൻ. മനോസന്നിഭൻ= കാമനോടു തുല്യൻ.

105. മണികലശം=രത്നകുംഭം.

106. നിറക്കുക=ശോഭിക്കുക (നിറമുള്ളതായിത്തീരുക)

108. പരവശം=പാരവശ്യം (കെടുതി).

109. നിവിർത്തുക=എഴുന്നീല്പിച്ചു നിറുത്തുക. നിവൃത്തി=ശാന്തി.

115. ആജ്ഞാലംഘനം=കല്പനകൾ തടസ്സം.

117. ചാരൻ=കരമകൻ.

118. വിരുത്=സാമർത്ഥ്യം.

119. മേളം=മേളാപഥം. (തമ്മിലിടയിൽക്കുക). 'ശിഷ്ടരുള്ളം' എന്നുമുതൽ 'മനസി സന്തതം' എന്നുവരെയുള്ള ഭാഗംകൊണ്ട് സൂതനകളുടെ ദുരഭിപ്രായത്തിന്റെ പ്രയോജനത്തെ വിവരിക്കുന്നു.

122. അവർ=കരഭകഭാസുരകന്മാർ.

123. ഗുണപ്രശംസചെയ്യുമമാത്യന്റെമെയ്യിൻ=മെയ്യിൻ അമാത്യന്റെ ഗുണപ്രശംസചെയ്യ് കേട്ടില്ലെ എന്ന് അന്വയം. ഗുണപ്രശംസ=ഗുണങ്ങളെ പുകഴ്ത്തുക.

124. ഇണക്കം=യോജിപ്പ്. "രാക്ഷസാമാത്യൻ ചന്ദ്രഗുപ്തനോടു ചേരുവാൻ ശ്രമിക്കും. ചാണക്യനോടു മാത്രമേ അദ്ദേഹത്തിന്നു വിരോധമുള്ളു" എന്നു ഭാഗുരായണൻ മുമ്പു പറഞ്ഞതിന്ന് ഇണക്കമുണ്ടെന്നു സാരം. അതിനെത്തന്നെ മലയകേതു ഉറപ്പിപ്പാനായിട്ടു ഭാഗുരായണൻ പറയുന്നു. "ഇതിൽപരമെന്തന്നറിവതിനൊന്ന്".

130. സചിവൻ=ഭാഗുരായണൻ.

131. മൂലത്തിലൊന്നറിഞ്ഞിട്ട=കാര്യമൊന്നറിഞ്ഞിട്ട്. ചന്ദ്രഗുപ്തൻ ചാണക്യനോടു പിണങ്ങുവാനുള്ള കാരണം ചന്ദ്രോത്സവം മുടക്കിയതു മാത്രമാണോ? പിന്നെയും വല്ലതുമുണ്ടോ? എന്ന ചോദ്യം കലർന്നതാണല്ലോ.

135. അധികാരത്തിങ്കന്ന്=അധികാരത്തിൽനിന്ന്.

143. ഗൃഹജനം=ഭാര്യാപുത്രാദികൾ.

145. ചലച്ചിത്തൻ=ഇളകിയ മനസ്സോടുകൂടിയവൻ.

147. നിരക്കുക=ഇണങ്ങുക.

149. കപടം=ചതിവ്.

150. വെടിഞ്ഞമാത്യനെ നൃപതിവിരോധാൽ=മന്ത്രിയെ ഉപേക്ഷിച്ച രാജാവിനോട്. ഉടമതേടുവാൻ=യോജിപ്പാൻ (ആധിപത്യം സമ്പാദിപ്പാൻ.

151. ഗുരുസമൻ=ബൃഹസ്പതിതുല്യൻ. (നീതിശാസ്ത്രത്തിൽ)

152. വടു=ബ്രഹ്മചാരി (വടു ബ്രാഹ്മണനാധു, ഇവ അധിക്ഷേപാർത്ഥത്തിൽ പ്രയോഗിക്കപ്പെടുന്നു) ക്വ=എവിടെ (അവ്യ)

154. അടവി=കാട്.

157. പ്രതിജ്ഞ=ശപഥം.

158. വികല്പം=സംശയം.

160. പിഴകി=തെറ്റി.

161. വൃഷലീപുത്രൻ=ശൂദ്രസ്ത്രീയുടെ പുത്രൻ. വസുമതി=ഭൂമി.

162. അഹമ്മതി=ഗർവ്വ്. ധിക്കാരം=നിന്ദ.

173. ശാലീന...............കലം=സകലരാജസമൂഹം.

174. നരപതികളിലധിപതി= ചക്രവർത്തി. അടിപണിയുന്ന എന്നുമുതൽ മൂന്നു മെയ്യിന്റെ വിശേഷണം.

175. ഭംഗം=തടസ്സം.

176. കുടിലൻ=വക്രബുദ്ധി. കടുമ=ക്രൂരത.

178. വിധിബലം=ദൈവസഹായം.

180. പറഞ്ഞതൊക്കെ നീ- എന്ന ചോദ്യശകാരം.

181. തരിവാള=ഉള്ളിൽ തരിയിട്ട (മിന്നുന്ന) വാള.

183. മതിഭ്രമം=മനസ്സിലെ സംശയം.

184. പരിഭവം=തിരസ്കാരം.

190. പരിതോഷം=സന്തോഷം, പരിയങ്കം=(പര്യങ്കം) ശയനം.

192. ഉഴറി=ബദ്ധപ്പെട്ട്. വസിക്കണം=ഇരിക്കണം.

194. ശിരസി=(സ. ന. സ. ഏ) തലയിൽ, പട്ടം=(കിരീടത്തിന്റെ താഴെയുള്ള) ഉഷ്ണീഷം. ശിരസി+വേഷ്ടനം=തലവേഷ്ടനം. അത് ശത്രുവധത്തിനുള്ള ഉപായങ്ങൾ ആലോചിക്കുന്നതിനുള്ള കാര്യങ്ങളായിട്ടുള്ളതാണെന്ന സാരം.

195. അതിനെ=പട്ടം കെട്ടുന്നതിന്.

197. പഴുത്=ഛിദ്രം (അവസരം)

203. ഏതും ഉചിതം ഇല്ല=നല്ല ഗുണമൊന്നുമില്ല.

204. സചിവവിപ്രിയം=മന്ത്രിവിരോധം.

206. ഇഹ=ഇവിടെ (മന്ത്രിവിരോധത്തിൽ) ഫലം=ഹാനി (തകരാറ്) ഏക പാഠം, ഫലം എന്ന സംസ്കൃതത്തിന്റെ തത്ഭവം.

208. പ്രകൃതി=വകുപ്പുനിർവ്വാഹകന്മാരായ ഉദ്യോഗസ്ഥന്മാരും പുരവാസികളുമായ ജനങ്ങളുടെ സമൂഹം. "അമാത്യാദ്യാഃ പൗരശ്രേണ്യശ്ച സമ്മിളിതാഃ പ്രകൃതയഃ സ്യുരമീ" എന്ന കോശം. പ്രകൃതിക്ഷോഭം=സ്വാമിദ്വേഷം. അന്തരംഗം=രഹസ്യം (സ്വാമിഭക്തി)

209. അവൻ=ചാണക്യൻ. നിരാകൃതൻ=അധികാരത്തിൽനിന്ന തള്ളപ്പെട്ടവൻ.

213. മറവത്ത്=ഒളിവിടത്ത്.

215. [illegible]

216. നവനന്ദാരാതികൾ=നവനന്ദന്മാരെ കൊല്ലിച്ച ശത്രുക്കൾ.

217. വിദ്വേഷം=വൈരം.

219. അഭിയോഗം=ശത്രൂദ്യോഗം

220. അവമതനെ=ശത്രുഭയത്തിനു അസഹിക്കുന്നവനെ (കണ്ട് ആശ്രയിച്ച് ഇരിക്കും) എന്ന വാക്യയോജന.

221. അവസ്ഥ=കാര്യത്തിന്റെ സ്ഥിതി.

222. ഉരത്ത്=ശക്തിയോടുകൂടി. (ബുദ്ധി കാണിച്ച് സ്വാമിപ്രേമം സ്ഥാപിച്ച് എന്ന സാരം).

227. നിജനയം=തന്റെ നീതി.

228. പ്രയത്നം=ഉത്സാഹം. തനിയ്ക്കും=മതിയാകും (പ്രാപ്തനാകും)

229. തനിക്കുതാൻപോന്ന=സ്വായത്തസിദ്ധികളായ.

230 സചിവായത്തൻ=മന്ത്രികളധീനൻ. (രാജ്യകാര്യങ്ങളും മന്ത്രിയുടെ സാമർത്ഥ്യംകൊണ്ടു നടത്തുന്നവൻ). "സ്വായത്തസിദ്ധികൾ" "സചിവായത്തസിദ്ധികൾ," 'ഉഭയായത്തസിദ്ധികൾ' എന്ന മൂന്നുതരക്കാരാണ് രാജാക്കന്മാരെന്നു നീതിശാസ്ത്രനിപുണന്മാർ പറയുന്നു.

231. പൊരികണ്ണൻ=പൊരിഞ്ഞ കണ്ണോടുകൂടിയവൻ(കരടൻ)

232. സ്കന്ധസ്ഥർ=മുതുകടിച്ചു പിടിക്കുന്നവർ. രണം=യുദ്ധം.

236. വികല്പം=വ്യത്യാസം.

237 പലവസ്തു=പല സംഗതി

239. പ്രതിപക്ഷം= എതിർഭാഗം. മരുന്ന്=ഉപായം. യുദ്ധത്തിൽ പ്രതിപക്ഷത്തിലെ ആളുകളെ സ്വാധീനത്തിൽ വരുത്തുന്നതു ശത്രുക്കളുടെ ഭേദനത്തിനു അത്യാവശ്യമാണല്ലോ. അതിനാൽ അതും ഒരു ബലമായി ഗണിക്കുന്നു.

241. സവർണ്ണപരിചയം=പ്രതിയോഗികളെപ്പറ്റിയുള്ള അവസ്ഥ കളെല്ലാം അവരുടെ പ്രകൃതികളും പ്രകൃതിയുടെ ഭേദവും പരസ്പരം അറിഞ്ഞു പരിചയിച്ചിരിക്കയാലുള്ള.

243. ഇവയെല്ലാം ഏവം വരികകൊണ്ട്=മുമ്പറഞ്ഞ ആറു സംഗതികളും ഇങ്ങനെയിരിക്കകൊണ്ട്. ഇവിടെ ചന്ദ്രഗുപ്തനോടും ശപഥം ചെയ്തവന്റെ ബലം ഏറെയില്ലാത്തതിന് ആറു സംഗതികളുണ്ടെന്നു രാക്ഷസമന്ത്രി പറയുന്നത്. ൧. ബലമുള്ള പക്ഷമാണ്, ൨. അതിന് ഏകനായകത്വം, ൩. പ്രതിപക്ഷത്തിൽനിന്നിളകിപ്പോന്ന് സ്വപക്ഷത്തിൽ ചേർന്നവരുടെ സഹായവും. ഇവ മൂന്നും സ്വപക്ഷത്തിലെ ഗുണങ്ങളാകുന്നു. ഇതുപോലെ പരപക്ഷത്തിലെ ദോഷങ്ങളും. ൧. മന്ത്രിവിപ്ലവം, ൨. യത്നപ്രയോഗംകൊണ്ടു പ്രയോജനം വരായ്ക, ൩. പ്രയോഗം പൂർവ്വമനോരഥം ഫലമാകാൻ കാലപ്പഴക്കം വരായ്ക. ഇവയെല്ലാം ഇങ്ങനെയിരിക്കകൊണ്ട്. കരതലഗതം=കയ്യിൽ കിട്ടിയിരിക്കുന്നത്.

245. പടപുറപ്പാടുക=പടയ്ക്കു പുറപ്പെടുക.

246. അഭ്യുത്ഥാനം=(ശേഷം ഗ്രാമം) പുറം പുറപ്പെടുക.

248. ശിശിരപാദുകൻ=പച്ചകുപ്പായം.

